# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 14 ലക്കം - 1 ധനു- 1197 ജനുവരി 2022




97-ാമത് എറണാകുളം കരയോഗം സ്ഥാപകദിനത്തോടനുബന്ധിച്ച് വിഘ്നേശ്വരക്ഷേത്രത്തിൽ നടത്തിയ വിശേഷാൽ പൂജകളും തുടർന്ന് 2021 ലെ കരയോഗ കുടുംബസംഗമത്തിൽ നടത്തപ്പെട്ട പരിപാടികളും

















2021 തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് മകയീരം നാളിൽ നടത്തപ്പെട്ട തിരുവാതിര ആഘോഷം



# ഉള്ളടക്കം

വാല്യം 1 | ലക്കം 14 | ജനുവരി 2022

എഡിറ്റോറിയൽ....3
സെക്രട്ടറിയുടെ പംക്തി....5
ബാലലോകം....8
വാസ്തു....11
ക്ഷേത്രങ്ങളിലൂടെ....13
ശ്രീമഹാഭാഗവതം....17
ശ്രീ ചട്ടമ്പിസ്വാമികൾ....20
തിരുവാതിര....25
ചൈനയുടെ ശാസ്ത്രസംഭാവന....28
ജീവന്റെ പരമാനന്ദസത്യം....30
പ്രോസ്റ്റേറ്റ് (ഗ്രന്ഥി)....39
ചാനൽ ചർച്ചകൾ ചായ് വ് ചർച്ചകൾ....42
ചുട്ടുപഴുക്കുന്ന ഭൂമി, മാറുന്ന കാലാവസ്ഥ അതിജീവിക്കുമോ മനുഷ്യൻ....45
പൂർണ്ണമദ: പൂർണ്ണമിദം....50
പാതഞ്ജലയോഗദർശനം....55
കാഞ്ചനമെന്നത് ഞാനറിയും....57
മറുനാട്ടിൽ രണ്ടു വൃദ്ധരുടെ വികാരവായ്പ്....59
പുരുഷാർത്ഥങ്ങൾ....61
മാസഫലം....62
മാട്രിമോണിയൽ....63

## എഡിറ്റോറിയൽ

# സ്ത്രീ ശാക്തീകരണവും ലിംഗസമത്വവും

അതങ്ങനെയാണ്. ചില കാര്യങ്ങളിൽ ചിലരുടെ നിലപാട് നമുക്ക് നേരത്തെ അറിയാൻ കഴിയും. അതുപോലെ ചിലരുടെ പ്രവർത്തനശൈലിയും. അവരുടെ ഉദ്ദേശവും നമുക്ക് മുൻകൂട്ടി തന്നെ അനുമാനിക്കാൻ കഴിയും. ഒരു വിഷയത്തെ അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി വിലയിരുത്താതെ, അത് അവതരിപ്പിക്കുന്ന ആളിനെ, രാഷ്ട്രീയ കക്ഷിയെ നോക്കി എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്ന ഉത്തരവാദിത്വരഹിതമായ തരംതാണ രാഷ്ട്രീയ പ്രവർത്തനത്തിലേയ്ക്ക് ചില നേതാക്കളും പാർട്ടികളും അധപ്പതിക്കുന്നത് കാണുമ്പോൾ ശരിക്കും നിരാശയാണ് അനുഭവപ്പെടുക.

പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടിൽ നിന്നും ഇരുപത്തൊന്നായി ഉയർത്താനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെയാണ് ചില രാഷ്ട്രീയ പാർട്ടിക്കാർ എതിർപ്പുമായി രംഗത്ത് എത്തിയിരിക്കുന്നത്. ഭാരതത്തിലെ ഇന്നത്തെ സാഹചര്യത്തിൽ വളരെയേറെ അത്യാവശ്യമായ ഒരു നിയമമാണിത്. സ്ത്രീശാക്തീകരണവും ലിംഗസമത്വവും, രണ്ടും ഈ ഒരു നിയമംകൊണ്ട് ഒരു പരിധിവരെയെങ്കിലും നേടിയെടുക്കുവാൻ കഴിയും. 18 വയസ്സ് എന്ന് പറയുമ്പോൾ പെൺകുട്ടികൾ സാധാരണ ഗതിയിൽ ഡിഗ്രി പഠനം നടത്തുന്ന സമയമാണ്. അത് കഴിഞ്ഞ് ഒരു പി. ജി. യോ മറ്റേതെങ്കിലും ജോലി സാധ്യത

## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ (മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ

യുള്ള കോഴ്സോ ചെയ്ത്, ഒരു ജോലി സമ്പാദിച്ച്, സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തയായ ശേഷം വേണം വിവാഹ ജീവിതത്തിലേയ്ക്ക് കാലുകുത്താൻ എന്ന ഉദ്ദേശത്തോടെയാണ് ഈ നിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നത്. സ്ത്രീ ശാക്തീകരണത്തെ മുൻ നിർത്തി വിവാഹപ്രായം കൂട്ടണമോ വേണ്ടയോ എന്ന് പഠിക്കാൻ കേന്ദ്രസർക്കാർ നിയോഗിച്ച ജയ ജെയ്റ്റ്ലി കമ്മീഷന്റെ നിർദ്ദേശാനുസരണമാണു താനും കേന്ദ്രസർക്കാർ ഇത്തരം ഒരു തീരുമാനമെടുത്തത്.

ഈ ബില്ല് പാർലമെന്റ് പാസ്സാക്കി നിയമമാകുന്നതോടെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിവാഹപ്രായം ഒരു പോലെ 21 ആയി മാറുകയാണ്. ഒപ്പം ജോലി നേടുന്നതിനുള്ള അവസരവും രണ്ടു കൂട്ടർക്കും തുല്യമായി ലഭിക്കുകയും ചെയ്യും. ഇത് ലിംഗസമത്വം കൊണ്ടു വരുന്നതിനും ഏറെ ഗുണം ചെയ്യും.

18 വയസ്സിൽ വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്ന ഒരു പെൺകുട്ടിയെ ഒന്നു പരിശോധിച്ചാൽ ആർക്കും ബോധ്യമാവും അവൾ മാനസികമായി ഒരു ഭാര്യയോ അമ്മയോ ആകാനുള്ള പക്വത നേടിയിട്ടില്ല എന്ന്. അച്ഛനമ്മമാർക്കും കൂട്ടുകാർക്കുമൊപ്പം കളിച്ച് ചിരിച്ച് നടക്കുന്ന പ്രാ യമാണത്. ആ സമയത്ത് പിടിച്ച് ജീവിതഭാരം തലയിലോട്ട് വെച്ചു കൊടുത്താൽ അതോടെ അവളുടെ വിദ്യാഭ്യാസവും ജോലി എന്ന സ്വ പ്നവും എല്ലാം തകർത്തെറിയപ്പെടുകയാണ്. ഇങ്ങനെ ചെറുപ്രായത്തിലെ വിവാഹം കഴിച്ചയക്കുന്ന പെൺകുട്ടികളുടെ ശാരീരികാരോഗ്യവും പലപ്പോഴും മോശമാകാറുണ്ട്. അതുപോലെ ഇതുതന്നെയാണ് മാതൃമരണനിരക്കും ശിശുമരണനിരക്കും നമ്മുടെ നാട്ടിൽ കൂടുവാനുള്ള കാരണവും.

ഒരു ജോലി ലഭിച്ച് സാമ്പത്തീക ഭദ്രത കൈവന്നാൽ പിന്നെ പെൺകുട്ടിക്ക് മറ്റൊരാളെ ആശ്രയിക്കേണ്ട ആവശ്യമില്ല-അവളുടെ കാര്യങ്ങൾക്ക് മറ്റൊരാളിന്റെ കനിവിനായി കാത്ത് നില്ക്കേണ്ടതുമില്ല. അങ്ങനെ വരുമ്പോൾ തുല്യതാബോധവും പരസ്പരബഹുമാനത്തിലധിഷ്ഠിതമായ സ്നേഹവും സംജാതമാകും. അവിടെ അങ്ങനെയുള്ള കുടുംബങ്ങളിൽ സുഖവും ശാന്തിയും സന്തോഷവും കളിയാടും.

ഇനി ഏറെ രസാവഹമായ കാര്യം ഈ ബില്ലിനെ എതിർക്കുന്നവരിൽ ഭൂരിപക്ഷം പേരും പുരുഷന്മാരാണെന്നുള്ളതാണ്. സ്ത്രീ സമൂഹം പൊതുവേ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയും അഭിനന്ദിക്കുകയുമാണ് ചെയ്യുന്നത്-തങ്ങളിൽ പലർക്കും ഉണ്ടായ ദുര്യോഗം തങ്ങളുടെ കുട്ടികൾക്കെങ്കിലും ഉണ്ടാകരുതേയെന്ന ആഗ്രഹത്തോടെ. പെൺകുട്ടികളാണെങ്കിൽ ഏറെ ആശ്വാസത്തോടെയും ആഹ്ളാദത്തോടെയും പ്രതീക്ഷയോടെയുമാണ് ഈ ബില്ലിനെ കാണുന്നത്.

സ്ത്രീയെ പ്രസവിക്കാനുള്ള ഒരു യന്ത്രമായി മാത്രം കാണുന്ന ഒരു സമൂഹമുണ്ട്. അവർ ഇതിനെ എതിർക്കും. സ്വഭാവികമാണ്. പക്ഷെ നാല് വോട്ടിനു വേണ്ടി വെറും തൊടുന്യായങ്ങൾ പറഞ്ഞുകൊണ്ട് അവരെ പിന്തുണക്കുന്ന വിപ്ലവപ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഒക്കെയുള്ള പിന്തിരിപ്പൻ നിലപാട് കാണുമ്പോൾ ഹാ കഷ്ടം എന്നല്ലാതെ എന്തു പറയാൻ.

കാലങ്ങൾക്ക് മുമ്പ് ശൈശവവിവാഹം നിലനിന്നിരുന്ന ഒരു സമൂഹമാണ് നമ്മുടേത്. ഉൽപതിഷ്ണുക്കളായിരുന്ന നമ്മുടെ പൂർവ്വികർ പലപ്പോഴായി നടപ്പാക്കിയ പുരോഗമനപരമായ മാറ്റങ്ങളിലൂടെയാണ് നാം ഇന്നത്തെ നിലയിലെത്തിയത്. കാലം മാറുന്നതനുസരിച്ചുള്ള അനിവാര്യമായ മാറ്റങ്ങൾക്കെതിരെ മുഖം തിരിച്ച് നില്ക്കുന്നവരെ പിന്തിരിപ്പന്മാരെന്നേ നമുക്ക് സംബോധന ചെയ്യുവാൻ സാധിക്കുകയുള്ളൂ. കാലം അവർക്ക് മാപ്പ് കൊടുക്കില്ല. പൊതുസമൂഹം അവരെ അംഗീകരിക്കില്ല എന്നു മാത്രമല്ല ദുഷ്ടന്മാർ എന്ന് മുദ്രകുത്തുകയും ചെയ്യും.

ഭാരതത്തിൽ ഇന്ന നിലവിലുള്ള വിവിധ രീതികളിലുള്ള വിവിധ വിവാഹനിയമങ്ങളെ ഏകസ്വഭാവത്തിലേയ്ക്ക് മാറ്റുക എന്നുള്ളത് എല്ലാ പൗരന്മാരെയും തുല്യമായി കാണുന്ന ഒരു ജനാധിപത്യ സർക്കാരിന്റെ കടമയാണ്. അതുകൊണ്ടുതന്നെ എല്ലാ വിഭാഗത്തിലുമുള്ള സ്ത്രീപുരുഷന്മാരുടെ വിവാഹപ്രായം ഒന്നാക്കുക എന്നുള്ളത്. അഭിലാഷണീയമാണ് – അഭിനന്ദനാർഹമാണ്. ഇതാണ് യഥാർത്ഥ സ്ത്രീശാക്തീകരണം-രണ്ടുകയ്യും നീട്ടി നമുക്കിതിനെ സ്വാഗതം ചെയ്യാം.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

**എ**റണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ സാധാരണ നിലയിലേക്ക് കൊണ്ടു വരുവാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് നാം. കരയോഗത്തിന്റെ സാമ്പത്തിക വർഷം 2022 മാർച്ച് 31-ാം തീയതി അവസാനിക്കുമ്പോൾ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനവും ബാലൻസ് ഷീറ്റും പൂർണ്ണസംതൃപ്തി തരുന്നതല്ല എന്ന് പറയുന്നതിൽ അതിയായ ഖേദമുണ്ട്. ജനങ്ങൾ സാധാരണ ജീവിതത്തിലേക്ക് ഭയം കൂടാതെയും സജീവമായും ഇറങ്ങി ചെല്ലുമ്പോഴാണ് സമൂഹം ഉണർന്നു പ്രവർത്തിക്കുക. അപ്പോൾ മാത്രമാണ് സാമൂഹികവും സാംസ്കാരികവും കലാപരവുമായ എല്ലാ കൂട്ടായ്മകളും ഉണ്ടാവുകയും ചെയ്യുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളോളം നാം ഇതൊന്നുമില്ലാതെ സാമൂഹികമായ അകലം പാലിച്ച് സ്വഗൃഹങ്ങളിൽ കഴിഞ്ഞു കൂടുകയായിരുന്നു. മാനസികമായി അതിൽ നിന്നും ഒരു മോചനം വളരെ അത്യാവശ്യമാണ്.

എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ 2022 ജനുവരി മുതൽ സാധാരണ നിലയിലേക്ക് കൊണ്ടു വരികയാണ്. നിയന്ത്രണങ്ങൾക്കു വിധേയമായി പ്രതിവാര/ പ്രതിമാസ പരിപാടികളായ സത്സംഗങ്ങൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ, ആദ്ധ്യാത്മിക പഠനശിബിരങ്ങൾ. ശ്രീമദ് നാരായണീയം എന്നിവയും, ശ്രീമദ് ഭാഗവത സപ്താഹവും ടി.ഡി. എം ഹാളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളും അവരവരുടെ സുരക്ഷാ മുൻകരുതലുകൾ സ്വയം സ്വീകരിച്ച് പരിപാടികളിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓൺലൈൻ മീറ്റിംഗ്, വെബിനാറുകൾ, എന്നിവയിലൂടെ മാത്രം കഴിഞ്ഞ കുറച്ചു കാലം യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ള മുതിർന്നവർ, ആ മാനസിക നിലയിൽ നിന്നും മാറി, മുൻകാലങ്ങളിലെപ്പോലെ നേരിട്ട് പങ്കെടുക്കുവാനുള്ള ഒരു ശ്രമം നിങ്ങളോരോരുത്തരുടെയും ഭാഗത്തുനിന്നുണ്ടാവണം. കുറെക്കാലം ഗൃഹത്തിൽ നിന്നു പുറത്തിറങ്ങാതെ ശീലിച്ചു പോയ വളരെ ചുരുക്കം പേർക്ക് പല പല വൈഷമ്യങ്ങളും ഉണ്ടായേക്കാം. അതിൽ നിന്നും ഒരു മോചനം അനിവാര്യമാണ്. ഏതായാലും എറണാകുളം കരയോഗം 2022 മുതൽ ആവുന്നത്ര സജീവമായി പ്രവർത്തിക്കുവാനും ടി.ഡി. എം ഹാളിൽ പരിപാടികൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ മാസവും ടി.ഡി. എം ഹാളിൽ എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടികളെ സംബന്ധിച്ച് കരയോഗത്തിന്റെ വാട്സ് ആപ്പ് ഗ്രൂപ്പിലൂടെയും, ഫെയ്സ് ബുക്കിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതായിരിക്കും. എറണാകുളം കരയോഗത്തിന്റെ ഔദ്യോഗികമായ വാട്സ് ആപ്പ് ഗ്രൂപ്പിൽ ചേർന്നിട്ടില്ലാത്ത അംഗങ്ങൾ കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സംബന്ധിച്ചും പരിപാടികളെ സംബന്ധിച്ചും ഉള്ള അറിയിപ്പുകൾ കൃത്യമായി ലഭിക്കുന്നതിന് എറണാകുളം കരയോഗത്തിന്റെ വാട്സ് ആപ്പ് ഗ്രൂപ്പിൽ അംഗമാകുവാൻ അഭ്യർത്ഥിക്കുന്നു. Link of Whats App group : https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

2021 ഡിസംബർ 13-ാം തീയതി നാരായണീയ ദിനത്തോടനുബന്ധിച്ച് സമ്പൂർണ്ണ നാരായണീയ പാരായണം, 19-ാം തീയതി തിരുവാതിര ആഘോഷം, 21 ന് ബീമിന്റെ ആഭിമുഖ്യത്തിൽ സംഗീത സായാഹ്നം, 25-ാം തീയതി 97-ാ മത് സ്ഥാപക ദിനം, 2021 ലെ കുടുംബസംഗമം എന്നിവയെല്ലാം വളരെ ഭംഗിയായി നടത്തപ്പെട്ടു. അംഗങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് പരിപാടികൾ പൂർണ്ണ വിജയമായിരുന്നു എന്നറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

2022 ൽ കരയോഗത്തിൽ നടക്കുന്ന പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ സൗഹൃദം മാഗസിനിൽ പേജ് നമ്പർ 7 ൽ വിശദമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി.ഡി. എം. ഹാളിൽ നടക്കുന്ന എല്ലാ പരിപാടികളിലും നിങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ടി.ഡി. എം കൃഷ്ണ ഹാളിൽ പ്രവർത്തിച്ചു വരുന്ന ആയുഷ്യം പോളിക്ലിനിക് കൂടുതൽ സേവനം ലക്ഷ്യമാക്കിക്കൊണ്ട് ടി. മേഖലയിൽ പ്രവർത്തിക്കുന്ന **'ദി ഡോക്ടേഴ്സ് ലാബ്'** എന്ന സ്ഥാപനവുമായി സഹകരിച്ച് Out Source രീതിയിൽ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട് . ഹോം സർവ്വീസിനും മറ്റ് സേവനങ്ങൾക്കുമായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു. ഫോൺ : **8589098585, 9846656627, 0484-2366160.**

ടി.ഡി. എം. കൃഷ്ണ ഹാളിന്റെ ഒരു ഭാഗം സുഗന്ധദ്രവ്യങ്ങൾ, ഭക്ഷ്യധാന്യങ്ങൾ, മസാലകൾ കൂടാതെ വിവിധതരം ഓയിലുകൾ തുടങ്ങിയവ ശുദ്ധമായി തയ്യാറാക്കി കൊടുക്കുന്ന **'ദി മില്ലർ'** പവന ഹൗസ്, കെ.പി. വള്ളോൻ റോഡ്, കടവന്ത്ര, കൊച്ചി-682020 എന്ന സ്ഥാപനവുമായി സഹകരിച്ച് കരയോഗം അംഗങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഒരു റീട്ടെയിൽ ഷോപ്പ് ആരംഭിക്കുന്നതായിരിക്കും.

എറണാകുളം കരയോഗം മൂന്നു പതിറ്റാണ്ടുകൾക്കുമുമ്പ് തിരുവോണത്തിനോടും, വിഷുവിനോടും അനുബന്ധിച്ച് നടത്തി വരാറുള്ള പ്രഥമനുകൾ, ഉപ്പേരികൾ, കൂട്ടാനുകൾ എന്നിവയുടെ വിപണനമേളകൾ ഒരു വർഷത്തിൽ ആകെ ഇരുപതോ, മുപ്പതോ ദിവസം മാത്രമേ നടത്തി വന്നിരുന്നുള്ളൂ. എന്നാൽ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഭക്ഷണ പദാർത്ഥങ്ങളുടെ ആവശ്യകത ദൈനംദിനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എറണാകുളം കരയോഗത്തിന്റെ തനിമയോടെ, സ്ഥിരമായി 365 ദിവസവും മേൽപ്പറഞ്ഞ പാചകം ചെയ്ത ഭക്ഷ്യോല്പന്നങ്ങൾ ലഭ്യമാക്കുന്ന ഒരു സംവിധാനം ടി.ഡി. എം ഹാളിൽ ആരംഭിക്കുവാൻ ഭരണസമിതി തീരുമാനിച്ച വിവരം എല്ലാവരെയും അറിയിച്ചുകൊള്ളുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കും, സേവനങ്ങൾക്കുമുള്ള ഫോൺ നമ്പരും മറ്റും തുടർ ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതായിരിക്കും.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

*ജനറൽ സെക്രട്ടറി*

# കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***



# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

# ജനുവരി 2022

| | | | |
|---|---|---|---|
| 1 | 01-01-2022 ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 2 | 05-01-2022 ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m .- 4.30 p.m. |
| 3 | 06-01-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 4 | 08-01-2022 ശനി | വേദാന്ത പഠന ക്ലാസ്സ് – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10 a.m. - 11.30 a.m. |
| 5 | 12-01-2022 ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m. - 4.30 p.m. |
| | | വിമൻസ് ഫോറം | 4.00 p.m. - 5.30 p.m. |
| 6 | 13-01-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 7 | 15-01-2022 ശനി | വേദാന്ത പഠന ക്ലാസ്സ് – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10 a.m. - 11.30 a.m. |
| 8 | 19-01-2022 ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m. - 4.30 p.m. |
| 9 | 20-01-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 10 | 22-01-2022 ശനി | വേദാന്ത പഠന ക്ലാസ്സ് – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 11 | 23-01-2022 ഞായർ | സാംസ്കാരിക വേദി – സംഗീതം | 5.00 p.m. - 7.00 p.m. |
| 12 | 25-01-2022 ചൊവ്വ | കഥകളി – അർജ്ജുന വിഷാദവൃത്തം | 6.30 p.m- 8.30 p.m. |
| 13 | 26-01-2022 ബുധൻ | റിപ്പബ്ലിക് ദിനം | 8.30 a.m |
| | | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m. - 4.30 p.m. |
| 14 | 27-01-2022 വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 15 | 27-01-2022 വ്യാഴം | ബീം – സോപാന സംഗീതം & മോഹിനിയാട്ടം നീലംപേരൂർ സുരേഷ് കുമാർ & അനുപമാ മേനോൻ | 6.15 p.m - 8.30 pm |
| 16 | 29-01-2022 ശനി | വേദാന്ത പഠന ക്ലാസ്സ് – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |

**സർക്കാരിന്റെ നിയന്ത്രണങ്ങൾ അനുസരിച്ച് മാത്രമായിരിക്കും പരിപാടികൾ സംഘടിപ്പിക്കുക.**



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## നല്ലവഴി

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

ഭീതിയിലും ആശങ്കയിലുമായിരുന്നു നമ്മുടെ രാജ്യം. ദിവസം തോറും, മണിക്കൂറുകൾക്കിടെ മരണത്തിനു കീഴടങ്ങുന്ന മനുഷ്യരുടെ എണ്ണം പെരുകിക്കൊണ്ടിരുന്നു. ശരീരവും മനസ്സും മരവിച്ചു പോകുന്ന വാർത്തകൾ ഉള്ളിൽ പകപ്പും കിതപ്പും കൊറോണ കൊണ്ടുപോകുന്ന പലരിൽ പെട്ടു പോകുമോ എന്ന പരിഭ്രാന്തി പല മുഖങ്ങളിലും വിഷാദമായും നിസ്സഹായാവസ്ഥയായും നിഴലിച്ചു നിന്നിരുന്നു. നിശബ്ദമായി ഉള്ളിൽ തളരുമ്പോഴും തകർന്നു പോകാതെ തലപ്പൊക്കം വീണ്ടെടുത്ത് ഉറ്റുനോക്കുന്ന മനുഷ്യജന്മങ്ങൾ എങ്ങും.!

പല സങ്കടാവസ്ഥകളും നിസ്സഹായതകളും അതിജീവിച്ച നമ്മൾ ഈയൊരു മഹാമാരികാലഘട്ടവും അതിജീവിക്കുമെന്നു തന്നെ നാം ഉറച്ചു വിശ്വസിച്ചു. കണ്ട കാഴ്ചകളെക്കാൾ കേമമായ കാഴ്ചകൾ വീണ്ടും കാണാനാവുമെന്നും കൊണ്ട സുഖാവസ്ഥകളേക്കാൾ മേന്മയേറിയ കാലം വീണ്ടും വരുമെന്നും നാം ഉറപ്പിച്ചു. അതിനായി മനസ്സിനെ പറഞ്ഞു നിർത്തി. ധൈര്യം കൊടുത്തു.

ഒടുവിൽ നാം അതിജീവിച്ചു. 'കൊറോണ' യോടും പൊരുത്തപ്പെട്ടു. ഇനിയങ്ങോട്ട് അതിനെയും തോൾ ചേർത്തേ മുന്നോട്ടുപോകാനാവൂ എന്നു കണ്ട് അതിനൊത്ത് നാം പാദങ്ങൾ വെച്ചു.

സ്കൂളിലും കോളേജിലുമൊന്നും പോകാനാവാതെ വീടുകളിൽ അടച്ചിരുന്ന കുട്ടികളുടെ കടുത്ത മാനസിക പിരിമുറുക്കം അയഞ്ഞു. സ്കൂളുകൾ തുറക്കുന്നുവെന്ന വാർത്ത വന്നു. സഹപാഠികളുമായി ചേരാനും പ്രശ്നങ്ങൾ വങ്കുവയ്ക്കാനും കുട്ടികൾക്ക് തിടുക്കമായി. അവരുടെ മുഖം തെളിഞ്ഞു. മനസ്സിലെ ആശങ്കകൾക്ക് ഒരറുതി വന്നു. ആശ്വാസത്തിന്റെ നാളുകളായി പിന്നെ.

സ്കൂളുകൾ പഴയതു പോലെ കുട്ടികളെ സ്വീകരിക്കാൻ തുറന്നു വരുന്നു. വീണ്ടും നാം നല്ല കാലങ്ങൾ കാണാൻ പിച്ചവെയ്ക്കുന്നു. കുട്ടികൾ പഠനവുമായി മുന്നേറാൻ തുടങ്ങുന്നു. അത്രയും ആശ്വാസം.

പഠനത്തിന് ഒരു ക്രമമുണ്ടായിരിക്കുന്നത് നന്ന്. അതുമായി ബന്ധപ്പെട്ടുള്ള ഒരു കാര്യം ഒറ്റവാക്കിൽ പറയാം;- അടുക്കും ചിട്ടയും.

ചിലയിടങ്ങളിൽ ചെന്നാൽ, ചിലരെ കണ്ടുമുട്ടിയാൽ അടുക്കും ചിട്ടയും നമുക്ക് വ്യക്തമായി മനസ്സിലാവും. ചില വീടുകളിൽ, പണിയിടങ്ങളിൽ, പരിചിതരായ ചിലരുടെ ഇടപെടലുകളിലെല്ലാം അടുക്കും ചിട്ടയും നമുക്ക് നോക്കികാണാനാവും.

ചില വീടുകളിൽ കസേരകൾ നിരത്തിയിട്ടിരിക്കുന്ന രീതി, കിടപ്പുമുറിയിലെ കട്ടിലുകളുടെ സ്ഥാനം, വിരിച്ചിട്ടിരിക്കുന്ന രീതി, വസ്ത്രങ്ങൾ ഇസ്തിരിയിട്ട് വൃത്തിയായി അടുക്കിവെച്ചിരിക്കുന്ന ക്രമം-ഇതൊക്കെ കാണുമ്പോൾ തന്നെ ആ കുടുംബത്തെക്കുറിച്ച്, അവിടെയുള്ളവരെക്കുറിച്ചെല്ലാം നമുക്ക് വ്യക്തമായ ഒരു ധാരണ കൈവരും. നമ്മുടെ മനസ്സിൽ അവരെക്കുറിച്ച് ഒരു മതിപ്പ് തോന്നുക തന്നെ ചെയ്യും.

ക്രമം പാലിക്കാനുള്ള നിയമം മാത്രമേയുള്ളു ഇതിനായി കണ്ടെത്തേണ്ടത്.

ഓരോന്നിനും ഓരോ സ്ഥലമുണ്ടായിരിക്കുക, ഓരോന്നും എടുത്താൽ എടുത്തിടത്തു വെക്കുക, സൗകര്യപ്രദമായ രീതിയിൽ എല്ലാം ക്രമീകരിക്കുക. ക്രമീകരിച്ചു കഴിഞ്ഞാൽ പിന്നെ എടുക്കുമ്പോൾ അതേ സ്ഥലത്തു തന്നെ അവ തിരിച്ചുവെക്കാൻ ശ്രദ്ധിക്കുക. ഇവയെല്ലാം പ്രധാനമാണ്.

കുട്ടികളായിരിക്കുമ്പോൾ തന്നെ ഈ അടുക്കും ചിട്ടയും കൈവളർത്താൻ ശ്രമിക്കണം നമ്മൾ.

രാവിലെ എഴുന്നേറ്റു വരുമ്പോൾ കിടക്കയും അതിലെ വിരിയും ക്രമീകരിക്കുക, പഠിക്കാൻ ഇരിക്കുന്നയിടം വൃത്തിയോടെ സൂക്ഷിക്കുക. ആവശ്യമില്ലാതെ സാധാനങ്ങൾ അങ്ങുമിങ്ങും വാരിവലിച്ച് ഉപേക്ഷിക്കാതിരിക്കുക എന്നിവ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. അതുപോലെ തന്നെയാണ് ഉപയോഗമില്ലാത്ത, പാഴ് വസ്തുക്കൾ സൂക്ഷിച്ചുവെക്കുന്നത്. നാമറിയാതെ അവ അൽപ്പകാലംകൊണ്ട് കുന്നുകൂടും. സ്ഥലം കളയും. പിന്നീട് അവ എങ്ങനെ കൈയൊഴിയണമെന്നതാവും പ്രധാനപ്രശ്നം.

മുഷിഞ്ഞ വസ്ത്രങ്ങൾ ഒരിടത്തുമാത്രം ഒതുക്കി വെയ്ക്കുക. സമയാനുസൃതമായി മുറതെറ്റാതെ അവ അലക്കി ഉണക്കിയെടുത്ത് ഇസ്തിരിയിട്ട് അലമാരയിൽ വൃത്തിയായി അടുക്കി വെക്കുക. പഠനമേശയുടെ അകവും പുറവും എപ്പോഴും വൃത്തിയോടെ വേണം സൂക്ഷിക്കുക. പുസ്തകങ്ങളും പഠനവസ്തുക്കളും വാരിവലിച്ചിടാതെ അടുക്കിപെറുക്കിവെക്കാൻ ശീലിക്കണം. ഇതൊക്കെ ചെറുപ്പത്തിലേ പരിശീലിക്കാവുന്നതാണ്.

ഇതിന്റെ ഒരു ഗുണം സമയലാഭം എന്നതാണ്. സാധനങ്ങൾ അന്വേഷിച്ചു തിരഞ്ഞ് നാം നടക്കേണ്ടിവരില്ല.

പഠനത്തിനും വേണം ഒരടുക്കും ചിട്ടയും. അന്നന്നു പഠിക്കാനുള്ളത് അന്നന്നുതന്നെ പഠിക്കണം. അടുത്ത ദിവസത്തേക്കു മാറ്റിവെച്ചാൽ പൊല്ലാപ്പാകും. അടുത്ത ദിവസത്തെ പഠനം അതിനടുത്തദിവസത്തേക്കു മാറ്റിവെക്കാമെന്നാകും. അങ്ങനെ പഠനവും പതിയെ പതിയെ കുന്നുകൂടും. അന്നന്നത്തെ വിഷയങ്ങൾ അന്നുതന്നെ പഠിച്ചു മനസ്സിലാക്കി പോയാൽ പരീക്ഷാകാലത്ത് പേടികൂടാതെ മൊത്തം ഓർത്തെടുക്കാനും പരീക്ഷകൾ അഭിമുഖീകരിക്കാനും കഴിയും.

ചെറുപ്പത്തിലേ കുട്ടികൾ അടുക്കും ചിട്ടയും വളർത്തിയെടുക്കണം.

വിദ്യാർത്ഥി ജീവിതത്തിന്റെ പ്രത്യേകത വിദ്യാർത്ഥിക്ക് എന്തോ ചിലതു ചെയ്യാനുണ്ട് എന്ന ലക്ഷ്യബോധമാണ്. ആ ലക്ഷ്യബോധം അലസനാകാതിരിക്കാൻ വിദ്യാർത്ഥികളെ സഹായിക്കും. മാത്രമല്ല നന്നേ ചെറുപ്പത്തിൽ ത്തന്നെ ജീവിതക്രമീകരണത്തിന് അടിത്തറ പാകുകയും ചെയ്യും.

“അലസന്റെ മനസ്സു ചെകുത്താന്റെ പണിപ്പുരയാണ്” എന്ന ചൊല്ലു കേട്ടിട്ടില്ലേ? നമ്മുടെ കഴിവുകൾ നന്മയ്ക്കാവുന്നില്ലെങ്കിൽ അവ തിന്മയ്ക്കു കാരണമാകും. നമ്മിലെ അക്രമാസക്തി തിരിച്ചുവിട്ടാൽ നല്ല കൃഷിയിടങ്ങളും പൂന്തോട്ടങ്ങളും സൃഷ്ടിക്കാൻ പറ്റും. അന്യനോടു കാണിക്കുന്ന മല്ല് ഭൂമിയിൽ അദ്ധ്വാനമാക്കി മാറ്റാൻ കഴിഞ്ഞാൽ ഭൂമി പ്രത്യുപകാരമെന്നോണം വിളവെന്ന മഹാനിധി തരും.

വിദ്യാർത്ഥി ജീവിതം അലസതയിലേക്കു വഴുതിവീണാൽ പരീക്ഷയിൽ തോൽക്കുമെന്നതുമാത്രമല്ല പ്രശ്നം. ജീവിതത്തിൽ തന്നെ നാം തോറ്റുപോകും. എങ്ങും ദയനീയ പരാജയം ഏറ്റുവാങ്ങേണ്ടി വരും. ജീവിതമെന്ന മഹാപഠനത്തിനു നാം എഴുതി നൽകുന്ന ഉത്തരത്തിന് ലഭിക്കുന്ന മാർക്ക്/സ്കോർ വളരെ കുറഞ്ഞു പോകും.

അലസത, മക്കളെ ഒരു പകർച്ച വ്യാധി പോലെയാണ്. ക്ലാസിൽ സാമാന്യം എല്ലാവരും പഠിക്കാൻ ശ്രമിക്കുകയാണെങ്കിൽ പഠനകാര്യത്തിൽ ആരോഗ്യകരമായ ഒരു മാത്സര്യം തന്നെയുണ്ടാകും. മറിച്ച് ഉഴപ്പന്മാരുള്ള ക്ലാസ്സാണെങ്കിൽ ഉഴപ്പുന്നതിലും വിഡ്ഢിത്തരം വിളമ്പുന്നതിലും മാത്രമായിരിക്കും മത്സരം നടക്കുക. ഒരാൾ കാണിക്കുന്ന അലസത അന്യരെയും സ്വാധീനിക്കും.

അലസതയുടെ ഏറ്റവും വലിയ ദുരന്തങ്ങളാണ് മദ്യത്തിനും ലഹരിസാധനങ്ങൾക്കും അടിമപ്പെട്ടവർ. ലഹരി കഴിക്കുന്നതിൽ മിടുക്കന്മാർ വിദ്യാർത്ഥികൾ തന്നെയെന്നാണ് പുതിയ കണ്ടുപിടുത്തം. സ്കൂൾ വിദ്യാർത്ഥികൾ ബീഡിയിൽ തുടങ്ങുന്നു. കോളേജിൽ എത്തുമ്പോഴേക്കും അതു മദ്യത്തിലും കഞ്ചാവുമുതലായവയിലേക്കും വ്യാപിക്കുന്നു.

വലിയവരാകാനുള്ള വഴി ലഹരി സാധനങ്ങളല്ല. മാന്യമായ ജീവിതമാണ്. ആ മാന്യമായ ജീവിതത്തിന്റെ അപ്രധാനമല്ലാത്തെ നിയമമാണ് അലസതയെ അകറ്റുകയെന്നത്. ജീവിതത്തിൽ അടുക്കും ചിട്ടയും ചേർത്തുവെക്കുക എന്നത്.

എല്ലാ കൂട്ടുകാർക്കും നന്മകൾ നേരുന്നു.!

ഒപ്പം പുതുവത്സരാശംസകളും.!

## അറിവ് എന്ന വിവേകം

ഒരു രാജാവുണ്ടായിരുന്നു. ധർമ്മം അനുസരിച്ച് രാജ്യം ഭരിച്ചിരുന്ന ഒരു രാജാവ്. പ്രജകളെല്ലാം അദ്ദേഹത്തിന് സ്വന്തം മക്കളെപ്പോലെയായിരുന്നു. അവർക്കെല്ലാം അദ്ദേഹം സ്നേഹം വാരിക്കോരി കൊടുത്തു. അവരെയെല്ലാം ഒരു പോലെ കണ്ട് സംരക്ഷിക്കുകയും ചെയ്തു.

പ്രജകൾക്ക് രാജാവ് ഈശ്വരതുല്യനായിരുന്നു. സദ്ഗുണസമ്പന്നനായ അദ്ദേഹത്തെ അവർ അത്യന്തം സ്നേഹിക്കുകയും അത്രകണ്ട് ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.

രാജാവിന്റെ കീർത്തി സകലദിക്കുകളിലും ചെന്നെത്തി. അയൽരാജ്യങ്ങളിലെ രാജാക്കന്മാർ അദ്ദേഹത്തെപ്പറ്റി കേട്ടറിഞ്ഞ് അസൂയാലുക്കളായി. സദാ സന്തുഷ്ടനായി കാണപ്പെട്ടിരുന്ന രാജാവിനെ എങ്ങനെയും ദുഷ്ക്കീർത്തിക്കിരയാക്കാൻ അവർ തക്കം പാർത്തു. പല പദ്ധതികളും ആലോചിച്ച് ആസൂത്രണം ചെയ്തു. പക്ഷേ അത്തരം പദ്ധതികൾകൊണ്ടൊന്നും രാജാവിനെ അപകീർത്തിപ്പെടുത്താൻ അവർക്ക് ആയില്ല.

ഒടുവിൽ അവർ രാജാവിന്റെ മന്ത്രിയെ പാട്ടിലാക്കാൻ തീരുമാനിച്ചു. പലതും പറഞ്ഞ് അടുത്തുകൂടിയെങ്കിലും മന്ത്രി ഒന്നിനും നിൽക്കാതെ അകന്നുമാറി. അയൽരാജാക്കന്മാരും അവരുടെ മന്ത്രിമാരും ഒത്തൊരുമിച്ച് മന്ത്രിയെ പക്ഷം ചേർക്കാൻ പിന്നെയും വഴികൾ നോക്കി.

പണം കൊടുത്തും സ്ഥാനമാനങ്ങൾ നൽകിയും ഒടുവിൽ അവർ മന്ത്രിയെ സ്വാധീനിച്ചു വശത്താക്കി.

പെട്ടെന്നൊരു നാൾ, മന്ത്രിയുടെ സഹായത്തോടെ അവർ രാജാവിന്റെ ക്ഷേമരാജ്യം ആക്രമിച്ച് കീഴ്പ്പെടുത്തി. രാജാവിനെ അവർ സ്ഥാനഭ്രഷ്ടനാക്കി തുറുങ്കിലടച്ചു. ഒരു പരിഗണനയും നൽകാതെ, വെറും തടവുപുള്ളിയെപ്പോലെ പാർപ്പിച്ചു. കഴിക്കാൻ നല്ല ഭക്ഷണമോ ഉടുത്തുമാറാൻ നല്ല വസ്ത്രങ്ങളോ അവർ അദ്ദേഹത്തിനു നൽകിയില്ല. എന്തിനേറെ, കാണുമ്പോൾ ഒരു നല്ല വാക്കോ, പുഞ്ചിരിയോകൊണ്ടുപോലും അവരാരും അദ്ദേഹത്തോടു കനിവു കാട്ടിയില്ല. കാണുന്ന മാത്രയിൽ അവജ്ഞയോടെ, പുച്ഛരസത്തിൽ പിറുപിറുക്കുക മാത്രം ചെയ്തു.

രാജാവിനെ മാനസികമായി തകർക്കുക എന്നതായിരുന്നു അവർക്കെല്ലാമുണ്ടായിരുന്ന ഗൂഢലക്ഷ്യം.

എങ്കിലും രാജാവ് യാതൊരു മനഃപ്രയാസവുമില്ലാതെ സദാ സുഖിയായും സന്തോഷവാനായും തന്നെ കാണപ്പെട്ടു.

ശത്രുരാജാക്കന്മാർക്ക് ഇതുകണ്ട് നിരാശയായി. രാജാവിന്റെ കൂസലില്ലാത്ത പ്രകൃതം കണ്ട് അവർക്ക് അത്ഭുതവും തോന്നാതിരുന്നില്ല

അവർ അദ്ദേഹത്തോടു ചോദിച്ചു.

“അധികാരവും സമ്പത്തും സുഖലോലുപതയും നഷ്ടമായിട്ടും, തടവിൽ കിടന്നിട്ടും അതൊന്നും നിങ്ങളെ അൽപം പോലും ബാധിക്കാത്തതെന്താണ്?”

രാജാവ് ചിരിച്ചുകൊണ്ട് പറഞ്ഞു.

‘യുദ്ധത്തിൽ തോൽപ്പിക്കാനും, തടവിലാക്കാനും സമ്പത്തും മറ്റുമൊക്കെ കൈവശപ്പെടുത്താനുമേ നിങ്ങൾക്കാവൂ. എന്നാൽ എന്റെ മനഃസന്തോഷം ഇല്ലാതാക്കാൻ നിങ്ങൾക്ക് കഴിയില്ല. ഞാൻ ദുഃഖം പൂണ്ടിരിക്കണോ സന്തോഷിച്ചിരിക്കണോ എന്നത് എന്റെ തീരുമാനം പോലെയാണ്. എന്റെ സ്വാതന്ത്ര്യമാണത്. അതിൽ നിങ്ങൾക്കൊന്നും ചെയ്യാനാവില്ല.’.

ശത്രു രാജാക്കന്മാർ തങ്ങളുടെ ഉദ്യമം പരാജയമായിരുന്നു എന്ന് തിരിച്ചറിഞ്ഞ് ആ രാജാവിനു മുന്നിൽ തലകുനിച്ചു.

എല്ലാ ദുഃഖങ്ങളേയും നിസ്സാരമാക്കാൻ സഹായിക്കുന്ന ഉത്തമമായ അറിവ് നേടിയ ഒരാളെ മാനസികമായി തോൽപ്പിക്കാൻ ഒരു ശത്രുപക്ഷത്തിനും കഴിയില്ല. അയാൾ തന്റെ യഥാർത്ഥ സ്വരൂപം എന്തെന്നും ലോകത്തിന്റെ സ്വഭാവമെന്തെന്നും അറിവു നേടിയിട്ടുള്ളവനാകുന്നു.

*****

വാസ്തു

# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## വാസ്തുവിലെ അന്ധവിശ്വാസം

വാസ്തു കൈകാര്യം ചെയ്യുന്നവർ ചിലപ്പോൾ ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നു എന്നത് വളരെ വിഷമത്തോടെ പറയേണ്ടി വരുന്നു. അടുത്തകാലത്ത് ഞാൻ പരിശോധിച്ച ഒരു വീട്ടിൽ Master Bed Room തെക്ക് കിഴക്കെ മൂലയിലാണ്. അവിടെ നിന്നാൽ വീട്ടിലേക്ക് ഗേറ്റ് കടന്നു വരുന്നവരെയും പോകുന്നവരെയും, റോഡിൽക്കൂടി പോകുന്നവരെയും ശ്രദ്ധിക്കുവാൻ പററും. മുറിയുടെ തെക്കും, കിഴക്കും വിശാലമായ ജനലുകളുണ്ട്. തെക്കു പടിഞ്ഞാറൻ കാറ്റ് തെക്കെ ജനലുവഴികടന്ന് കിഴക്കോട്ടുപോകും. കിഴക്കെ ജനൽ വഴി രാവിലെ ഉദയവും, തെക്കെ ജനൽ വഴി പോക്കുവെയിലും മുറിയിലേയ്ക്കു വരുന്നുണ്ട്. ഇത്രയും ആരോഗ്യപ്രദമായ മുറി മാറ്റേണ്ടതില്ല എന്നു പറഞ്ഞു. പലരും വിചാരിച്ചിരിക്കുന്നത് Master Bed Room തെക്കു പടിഞ്ഞാറെ മൂലയിൽത്തന്നെ വേണമെന്നാണ്. തെക്കു പടിഞ്ഞാറൻ കാറ്റ് കടന്നു പോകുന്ന ഏതു മുറിയും സൗകര്യപ്രദമാണ്. തെക്കുകിഴക്കും, തെക്കു പടിഞ്ഞാറും വടക്കു പടിഞ്ഞാറും മുറികൾ പോക്കുവെയിൽ കിട്ടാൻ പാകത്തിന് ശരിയാക്കിയാൽ Master Bed Room ആയിട്ട് ഉപയോഗിക്കാം.

മറ്റൊരു വീട്ടിലെ പ്രധാനപ്രശ്നം വീടിന്റെ മുഖവും, പ്രധാന വാതിലും തെക്കോട്ടാണ് എന്നതാണ്. വരുന്നവരെല്ലാം തെക്കോട്ടുള്ള വാതിൽ മാറ്റി കിഴക്കോട്ടാക്കണമെന്നു പറഞ്ഞു. പണ്ടെല്ലാം കിഴക്കോട്ടുമാത്രമാണ് വീടിന്റെ മുഖവും, പ്രധാനവാതിലും കിഴക്കെ ഭാഗത്ത് വരാന്തയുമായിട്ടാണ് വീടു പണിഞ്ഞിരുന്നത്. അക്കാലത്ത് കൃഷിയെ മാത്രം ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. വീടിന്റെ കിഴക്കും, വടക്കും

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**


ധാരാളം കൃഷി സ്ഥലങ്ങൾ ഉണ്ടായിരുന്നു. വീട്ടിലിരുന്നാൽ കൃഷിസ്ഥലങ്ങൾ കാണാമായിരുന്നു. കൊയ്ത്തുകഴിഞ്ഞാൽ കിഴക്കുവശത്ത് മുറ്റത്ത് കൊണ്ടുവന്നാണ് നെല്ലുണക്കുന്നതും മറ്റുള്ള ജോലികളും ചെയ്തിരുന്നത്. പ്രകൃതിയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്നതുകൊണ്ട് രാവിലെ തന്നെ നെല്ലുണക്കണമെങ്കിൽ വീടിന്റെ മുഖം കിഴക്കോട്ടോ, വടക്കോട്ടോ ആയിരിക്കണം. പണ്ടൊന്നും റോഡിന് അത്ര പ്രാധാന്യം കൊടുത്തിരുന്നില്ല. സൈക്കിൾ വരെ അപൂർവ്വമായിരുന്നു.

ഇന്നത്തെക്കാലത്ത് വീടുപണിയാൻ സ്ഥലം വാങ്ങുന്നതുതന്നെ കാറും, ലോറിയും വരുന്ന സ്ഥലം മാത്രമാണ്. എവിടെ വീടുപണിയുകയാണെങ്കിലും റോഡിന് അഭിമുഖമായി പ്രധാന വാതിൽ റോഡിൽ നിന്ന് കാണാൻ പാകത്തിന് ക്രമീകരിക്കുന്നതാണ് നല്ലത്. ഞാൻ പരിശോധിച്ച വീട്ടിൽ തെക്കോട്ടുമുഖമാണെങ്കിലും പ്രധാനവാതിൽ തെക്കോട്ട്, പ്രധാന ഹാളിന്റെ തെക്കു കിഴക്കാണ്. തെക്കു പടിഞ്ഞാറ് വരാതെ നോക്കണം. പടിഞ്ഞാറോട്ടാണ് വീടിന്റെ മുഖമെങ്കിൽ പ്രധാന വാതിൽ വീടിന്റെ പടിഞ്ഞാറ് മദ്ധ്യത്തിന്റെ വടക്കായിരിക്കണം. ഏത് മുറിയിലേക്കാണ് പ്രവേശിക്കുന്നതെങ്കിൽ ആ മുറിയുടെ പടിഞ്ഞാറു വടക്കായിരിക്കണം പ്രധാനവാതിൽ.

മറ്റൊരു വീട്ടിലെ പ്രശ്നം അവിടെ ടോയ്‌ലറ്റ് വന്നിരിക്കുന്നത് മദ്ധ്യസൂത്രത്തിലാണെന്നും അതുകൊണ്ട് പൊളിച്ചു കളഞ്ഞ് മാറ്റണമെന്നും ആരോ പറഞ്ഞു. അന്നു മുതൽ അവരുടെ ഉറക്കം നഷ്ടപ്പെട്ടു.

മഹാഭാരതകാലം മുതൽ കൊട്ടാരങ്ങളും അമ്പലങ്ങളും പണിഞ്ഞിരുന്നത് ഉയർന്നസ്ഥലങ്ങളിലും, നദികളുടെ തെക്കൊ, പടിഞ്ഞാറൊ ഭാഗത്തായിരുന്നു. കാശി വിശ്വനാഥ ടെമ്പിൾ ഗംഗാ നദിയുടെ പടിഞ്ഞാറെ കരയിലാണ്. അതിന്റെ പ്രധാനകാരണം അമ്പലത്തിലേക്കുള്ള ഉദയം മറ്റുകെട്ടിടങ്ങൾ മുൻവശത്ത് വന്ന് തടസങ്ങൾ വരില്ല. ശബരിമലയും തിരുപ്പതിയും ശ്രദ്ധിച്ചാൽ തെക്കും പടിഞ്ഞാറും മലയും, കിഴക്കും, വടക്ക് കിഴക്കും വെള്ളമാണ്. പണ്ടുകാലത്ത് ഒരു വീട്ടിലും ടോയ്‌ലറ്റ് ഉണ്ടായിരുന്നില്ല. ഒരു വാസ്തുഗ്രന്ഥങ്ങളിലും ടോയ്‌ലറ്റിനെപ്പറ്റി പറയുന്നില്ല. ടോയ്‌ലറ്റ് വീടിനകത്ത് പണിഞ്ഞുതുടങ്ങിയിട്ട് ഉദ്ദേശം നൂറുകൊല്ലമെ ആയിട്ടുള്ളൂ. എങ്ങനെയാണ് വാസ്തു നോക്കുന്നവർ ടോയ്‌ലറ്റിനെപ്പറ്റി പറയുന്നതെന്നറിയില്ല. ടോയ്‌ലറ്റിന് വലിയ പ്രധാന്യമൊന്നും കൊടുക്കണ്ട. ടോയ്‌ലറ്റ് എവിടെയാണെങ്കിലും, വീടായാലും, സ്ഥലമായാലും വടക്കോട്ടും, കിഴക്കോട്ടും ചരിവുള്ള ഭൂമിയാണ് നല്ലത്.

അതുകൊണ്ട് തെക്കുപടിഞ്ഞാറുഭാഗത്ത് ടോയ്‌ലറ്റ് ഉണ്ടെങ്കിൽ നിലം (floor) 6cm ഉയർത്തിയും, വടക്കുകിഴക്ക് ടോയ്‌ലറ്റ് ഉണ്ടെങ്കിൽ 6cm നിലം (floor) താഴ്ന്നിരുന്നാൽ മതി. വീടിന്റെ മദ്ധ്യത്തിൽ ടോയ്‌ലറ്റ് വരുന്നതു കൊണ്ട് യാതൊരു അപാകതയുമില്ല. ഇതിനോടൊന്നിച്ച് ചേർത്തിരിക്കുന്ന sketch ഞാൻ ആദ്യം പോയ വീടാണ്. അതിൽ മൂന്നു കിടപ്പുമുറികളാണുള്ളത്. അതിൽ ഏതു വേണമെങ്കിലും Master Bed Room ആയി ഉപയോഗിക്കാം.




*****

ക്ഷേത്രങ്ങളിലൂടെ



# പഴയന്നൂർ ശ്രീ ഭഗവതിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892

ഭഗവതി അമ്പലം ശിവന്റെ അമ്പലം ഗണപതി അമ്പലം ശ്രീകൃഷ്ണന്റെ അമ്പലം എന്നെല്ലാം നാം സാധാരണമായി കേൾക്കാറുണ്ട്. എന്നാൽ കോഴിയമ്പലം എന്നറിയപ്പെടുന്ന ഒരമ്പലവും നമ്മുടെ നാട്ടിലുണ്ട്. ഇത് ഒരു അപൂർവ്വക്ഷേത്രമാണ്. ഭക്തർക്ക് ഈശ്വരനോടുള്ള അതിരില്ലാത്ത ഭക്തിയുടേയും വിശ്വാസങ്ങളുടേയും കഥ പറയുന്ന നിരവധിക്ഷേത്രങ്ങളുണ്ട്. ഒരു ഭക്തനെ സംബന്ധിച്ച് ഭഗവാനാണ് സർവ്വവും- സ്വയം ഭഗവാനിൽ തന്നെ അർപ്പിച്ചു ജീവിക്കുന്നു. പ്രപഞ്ചമാതാവായ ആദിപരാശക്തിയെ ഭക്തിപൂർവ്വം പ്രാർത്ഥിച്ച് അനുഗ്രഹം നേടിയ ഒരു ഭക്തന്റെ കഥയാണ് കോഴിയമ്പലം എന്ന് അറിയപ്പെടുന്ന ക്ഷേത്രത്തിന്റെ ഐതിഹ്യം. ഈ ക്ഷേത്രത്തിൽ ദർശനം നടത്തിയാൽ, ഭക്തിപൂർവ്വം ഇവിടുത്തെ അമ്മയെ പ്രാർത്ഥിച്ചാൽ മനക്ലേശം ഇല്ലാതെയാകും എന്നൊരു വിശ്വാസവുമുണ്ട്. മനക്ലേശം മാറ്റിത്തരണേ, തന്റെ കുലദേവതയായി തന്റെ നാട്ടിൽ വന്നു കുടികൊള്ളേണമേ, തട്ടകത്തമ്മയായി വാഴേണമേ എന്നു പ്രാർത്ഥിച്ച ഭക്തനോടൊപ്പം കോഴിയുടെ രൂപത്തിലെത്തിയ ദേവിയാണ് ക്ഷേത്രത്തിലെ ഭഗവതി. ആദിപരാശക്തിയായ അമ്മ അന്നപൂർണ്ണേശ്വരിയായി ഭക്തനോടൊപ്പം വന്നു കുടികൊള്ളുന്ന ക്ഷേത്രമാണ് പഴയന്നൂർ ഭഗവതി ക്ഷേത്രം.

പഴയകാലരാജാക്കന്മാരിൽ പലരും ദേവീഭക്തരും ദേവീ ഉപാസകരുമായിരുന്നു. ആയോധനകലകളിലും ഭരണകാര്യനൈപുണ്യത്തിനും സാമ്പത്തിക ഉന്നമത്തിനും രാജ്യത്തിന്റെ ഐശ്വര്യത്തിനും വിജയത്തിനും വേണ്ടി രാജരാജേശ്വരിയായ ലോകമാതാവിന്റെ വിവിധ ഭാവചൈതന്യങ്ങളെ കുടിയിരുത്തി ആരാധിച്ചിരുന്നു. പെരുമ്പടപ്പുസ്വരൂപത്തിലെ ഒരു രാജാവ് തന്റെ മനക്ലേശം മാറ്റിത്തരേണമേ എന്ന് ഭഗവതിയോടു പ്രാർത്ഥിച്ചിരുന്നു. അദ്ദേഹം കാശിയിലെത്തി ദേവിയെപ്രാർത്ഥിച്ച് അവിടെ ഭജനമിരുന്നു. രാജാവു കാശിയിൽ നിന്നും മടങ്ങുമ്പോൾ ദൈവീചൈതന്യവും അദ്ദേഹത്തോടൊപ്പം വന്നു എന്നു വിശ്വസിക്കുന്നു. തന്റെ തട്ടകത്തിൽ മടങ്ങിയെത്തിയ അദ്ദേഹത്തോടൊപ്പം പൂവൻകോഴിയുടെ രൂപത്തിൽ ക്ഷേത്രാങ്കണത്തിലെ പടുകൂറ്റൻ ആൽത്തറയിൽ ദേവി ഇരുന്നു എന്നാണ് ഐതിഹ്യം. അതിനുശേഷം ദേവി വിഷ്ണു ക്ഷേത്രത്തിലെ തിടപ്പള്ളിയിലെത്തി തനിക്ക് ഭക്ഷണം വേണം എന്നു പറയുകയും ചെയ്തു. ഇന്ന് പഴയന്നൂർ ഭഗവതി ക്ഷേത്രം എന്നു അറിയപ്പെടുന്ന ഈ ക്ഷേത്രം പള്ളിപ്പുറത്തുകാവ്





എന്നാണ് അറിയപ്പെട്ടിരുന്നത്. വിഷ്ണുക്ഷേത്രമായിരുന്നതിനാൽ പള്ളിപ്പുറത്തപ്പൻ എന്നാണ് ദേവൻ അറിയപ്പെട്ടിരുന്നത്. ദേവി കൈയ്യിൽ ഒരു പാത്രവും കരണ്ടിയുമായി ചെറിയ പെൺകുട്ടിയുടെ രൂപത്തിൽ വിഷ്ണുക്ഷേത്രത്തിന്റെ തിടപ്പള്ളിയിൽ കയറി ചമ്രം പടിഞ്ഞിരുന്ന് ഭക്ഷണം ചോദിച്ചു. പള്ളിപ്പുറത്തപ്പന്റെ നിവേദ്യസമയത്തായിരുന്നു, എനിക്കു നിവേദ്യച്ചോറു തരുമോ എന്നു ചോദിച്ചു ദേവി വന്നത്. ദേവിക്ക് ചോറു കൊടുത്തു, ഭക്ഷണശേഷം പെൺകുട്ടി അപ്രത്യക്ഷയാകുകയും ചെയ്തു. പിന്നീട് ഭഗവതിയാണ് വന്ന് നിവേദ്യം ഭക്ഷിച്ചു പോയതെന്ന് മനസ്സിലാകുകയും വിഷ്ണുക്ഷേത്രത്തിന്റെ തിടപ്പള്ളിയിൽ ദേവി ഇരുന്നു ഭക്ഷണം കഴിച്ച് സ്ഥലത്തു തന്നെ ദേവിയെ പ്രതിഷ്ഠിച്ചു. ദേവീപ്രതിഷ്ഠ നടത്തിയതിനുശേഷം പള്ളിപ്പുറത്തുകാവ് എന്നറിയപ്പെട്ടിരുന്ന മഹാവിഷ്ണുക്ഷേത്രം പഴയന്നൂർ ഭഗവതി ക്ഷേത്രം എന്നറിയപ്പെട്ടു. അഗ്നികോണിൽ ദേവി കുടികൊള്ളുന്ന ക്ഷേത്രം എന്ന പ്രത്യേകതയും ഈ ക്ഷേത്രത്തിനുണ്ട്. പരശുരാമപ്രതിഷ്ഠിതമായ 108 ഭഗവതിക്ഷേത്രങ്ങളിലൊന്നാണ് പഴയന്നൂർ ഭഗവതി ക്ഷേത്രം. തിടപ്പള്ളിയിലിരുന്നു ഭക്ഷണം കഴിക്കുന്ന അതേ ഭാവത്തിൽ കയ്യിൽ പാത്രവും കരണ്ടിയുമായി ചമ്രം പടിഞ്ഞിരിക്കുന്ന രൂപത്തിൽ തന്നെയാണ് ദേവീപ്രതിഷ്ഠ കാണപ്പെടുന്നത്. തിടപ്പള്ളിയിലെ ചെറിയ സ്ഥലത്തു ശ്രീകോവിൽ നിർമ്മിച്ച് ദേവിയെ പ്രതിഷ്ഠിച്ചതിനാൽ ദേവിയുടെ ശ്രീകോവിൽ വളരെ ചെറുതായാണ് കാണുന്നത്.

എന്നാൽ ദേവിയെ ദർശിക്കുമ്പോൾ കാണുന്ന പ്രഭാചൈതന്യം ഏതൊരു വലിയ ശ്രീകോവിലിലും ഉള്ളതിനേക്കാൾ പ്രോജ്ജ്വലിക്കുന്നതായാണ് നമുക്കനുഭവപ്പെടുന്നത്. അത്ര മനോഹരമാണ് ദീപപ്രഭയിൽ ആ ദേവീരൂപം കാണാൻ. ശ്രീകോവിലിനു മുന്നിൽ ദേവീവാഹനമായ സിംഹത്തേയും ശിരസ്സിലേറ്റിനില്ക്കുന്ന വലിയ സ്വർണ്ണ കൊടിമരവും കാണാം. ദേവി ഇവിടെ അന്നപൂർണ്ണേശ്വരിയായി വിരാജിക്കുന്നു.

പെരുമ്പടപ്പു സ്വരൂപത്തിന്റെ പരദേവതാ ക്ഷേത്രമായിരുന്നു പഴയന്നൂർ ഭഗവതിക്ഷേത്രം. കാലപ്പഴക്കത്താൽ ജീർണ്ണിച്ചും ആരും സംരക്ഷിക്കാതെയും കിടന്നതിനാൽ ക്ഷേത്രത്തിനു ചുറ്റിലുമുള്ള കൊട്ടാരത്തിന്റെ ചില അവശിഷ്ടങ്ങൾ മാത്രമാണ് ഇന്നു കാണപ്പെടുന്നത്. ചിലത് പൊളിച്ചു മാറ്റുകയും ചെയ്തു. അതിവിശാലമായ രണ്ടു കുളങ്ങളാണ് ഈ ക്ഷേത്രത്തിനോട് ചേർന്നുള്ളത്. 2009-ൽ ഈ ക്ഷേത്രത്തിൽ ഒരു അഗ്നിബാധയുണ്ടാകുകയും ക്ഷേത്രത്തിലെ നാലമ്പലത്തിലെ പഴയകാല നിർമ്മിതികളിൽ മുക്കാൽ ഭാഗവും കത്തി നശിക്കുകയും ചെയ്തു. പിന്നീടു പുനർനിർമ്മാണം നടത്തിയതാണ് ഇന്നു കാണുന്ന ക്ഷേത്ര നിർമ്മിതികൾ.

തൃശ്ശൂർ ജില്ലയുടെ വടക്കുകിഴക്കെ അറ്റത്ത് പഴയന്നൂർ ഗ്രാമത്തിലാണ് പഴയന്നൂർ ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കിഴക്കോട്ടു ദർശനമായി സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിൽ ശംഖ്ചക്രഗദാപത്മധാരിയായ വിഷ്ണു ഭഗവാനാണ് പ്രധാന പ്രതിഷ്ഠ. നാലടി ഉയരമുള്ള കൃഷ്ണശിലാവിഗ്രഹമാണ് കരിങ്കല്ലിൽ തീർത്ത് ചെമ്പുമേഞ്ഞ മേൽക്കൂരയുള്ള വട്ട ശ്രീകോവിലിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. ചതുർബാഹുവിഗ്രഹമാണെങ്കിലും ശ്രീകൃഷ്ണനായാണ് ഭഗവാൻ അറിയപ്പെടുന്നത്. നരസിംഹ സാന്നിദ്ധ്യവുമുണ്ട്. ഹിരണ്യകശിപുവിനെ നിഗ്രഹിച്ച ശേഷം പ്രഹ്ലാദസ്തുതിയിൽ പ്രീതനായ ശാന്ത നരസിംഹസാന്നിദ്ധ്യമാണ് ഇവിടുത്തേത്. വിഷ്ണു ഭഗവാന്റെ ദർശനം കുളത്തിലേക്കാണ് ഭഗവാന്റെ തിരുനടയ്ക്കു നേരെ ബലിക്കല്ലും സ്വർണ്ണകൊടിമരവും നമസ്ക്കാരമണ്ഡപവും കാണാം. ദേവിയുടെ ശ്രീകോവിലിനു മുന്നിൽ കൊടിമരമുണ്ടെങ്കിലും ബലിക്കല്ലില്ല. ദേവിയുടെ ശ്രീകോവിൽ ചതുരാകൃതിയിലാണ് കാണപ്പെടുന്നത്. വിഷ്ണുഭഗവാൻ പള്ളിപ്പുറത്തപ്പനായി കുടികൊണ്ടിരുന്ന ഈ ക്ഷേത്രത്തിൽ ദേവീസാന്നിദ്ധ്യമുണ്ടായതിനു ശേഷം ദേവിക്കായി കൂടുതൽ പ്രാധാന്യം. അങ്ങനെ വിഷ്ണുക്ഷേത്രം ഭഗവതിക്ഷേത്രമായി പ്രസിദ്ധി നേടുകയും സ്ഥലനാമം പുരാണപുരി എന്നറിയപ്പെടുകയും ചെയ്തു. പുരാണപുരിയെന്ന നാമം പിന്നീട് പഴയന്നൂർ എന്നായി മാറി എന്നുമാണ് പറയപ്പെടുന്നത്.

ക്ഷേത്രത്തിലേക്കുള്ള പ്രവേശനകവാടം വളരെ ആകർഷകമാണ്. ഉയരമുള്ള തട്ടുകളായി നിർമ്മിച്ചിരിക്കുന്ന പ്രവേശനകവാടത്തിന്റെ ഇരുവശങ്ങളിലുമായി രണ്ടു കോഴികളുടെ രൂപം

കാണാം. പ്രധാനപാതയിലൂടെ സഞ്ചരിക്കുന്ന വരുടെ ശ്രദ്ധ പതിയത്തക്കവിധം ഉയരമുള്ള സ്തൂപത്തിന്റെ മുകളിലാണ് രണ്ടു കോഴികളുടെ രൂപവും പ്രവേശനകവാടത്തിന്റെ ഇരുവശത്തുമായി സ്ഥാപിച്ചിരിക്കുന്നത്. പ്രവേശനകവാടം കടന്ന് അകത്തേക്കു കടന്നാൽ ഒരു പടുകൂറ്റൻ ആൽവൃക്ഷമാണ് കാണുന്നത്. ഇത് ഉണ്ണിയാൽ എന്നാണ് അറിയപ്പെടുന്നത്. ഈ ആൽത്തറയിലാണ് ദേവി പൂവൻകോഴിയുടെ രൂപത്തിൽ ആദ്യം വന്ന് ഇരുന്നത്. അതിനാൽ ഈ ആൽത്തറയെ ദേവിയുടെ മൂലസ്ഥാനമായി കണക്കാക്കുന്നു. മൂലസ്ഥാനം വന്ദിച്ച ശേഷം മുന്നോട്ടു ഒരു നൂറുമീറ്റർ ദൂരെയാണ് ക്ഷേത്രത്തിന്റെ ഗോപുരം കാണപ്പെടുന്നത്. മൂന്നു നിലകളുള്ള ഓടുമേഞ്ഞ ഈ ഗോപുരത്തിന് വലിയ ആന വാതിലുകളുമുണ്ട്. ഗോപുരത്തിന്റെ പടിഞ്ഞാറു ഭാഗത്ത് ഒരു ശിവക്ഷേത്രവുമുണ്ട്. ഇത് ഇരവി മംഗലം ശിവക്ഷേത്രം എന്നറിയപ്പെടുന്നു. ഈ ശിവക്ഷേത്രം ഭഗവതി ക്ഷേത്രത്തിന്റെ ഒരു ഉപ ദേവക്ഷേത്രമായി കണക്കാക്കുന്നു. പരശുരാമ പ്രതിഷ്ഠിതമായ 108 ശിവാലയങ്ങളിലൊന്നാണ് ഇരവിമംഗലം ശിവക്ഷേത്രം. ഈ ക്ഷേത്രത്തിന്റെ ദർശനം കിഴക്കോട്ടാണ്. ഗണപതി നാഗരാജാവ് എന്നീ ഉപദേവസ്ഥാനങ്ങളുമുണ്ട്. ക്ഷേത്രവളപ്പിന്റെ പടിഞ്ഞാരുഭാഗത്ത് മുല്ലത്തറയും നാഗപ്രതിഷ്ഠയും കാണാം. നാഗരാജാവായ അനന്തനും നാഗയക്ഷിയും നാഗചാമുണ്ഡിയും നാഗകന്യകയും ചിത്രകൂടവും പരിവാരങ്ങളും അടങ്ങുന്നതാണ് ഈ നാഗപ്രതിഷ്ഠാസ്ഥാനം. ഈ ശിവക്ഷേത്രത്തിലും ദർശനം നടത്തിയാലേ ഭഗവതിക്ഷേത്രദർശനഫലം പൂർത്തിയാവുകയുള്ളൂ എന്നാണ് വിശ്വാസം.

ഭഗവതിയുടെ ശ്രീകോവിലിന്റെ വാതിലിന്റെ ഇരുവശങ്ങളിലുമായി വാളേന്തി നില്ക്കുന്ന ദ്വാരപാലികമാരാണ് ഉള്ളത്. ഇവിടെ വിഷ്ണു ഭഗവാന്റെ ശിവേലി ബിംബമേന്തി വലം വയ്ക്കുമ്പോൾ ദേവിയേയും കൂടി വലംവയ്ക്കുന്നു. തിടപ്പള്ളിയിൽ ദേവികുടികൊള്ളുന്നതിനാൽ ദേവിയെ മാത്രമായി പ്രദക്ഷിണം വയ്ക്കുവാൻ സാധിക്കില്ല. വിഷ്ണുഭഗവാന്റെ ശ്രീകോവിൽച്ചുമരുകളിൽ യാതൊരു വിധ അലങ്കാരപ്പണികളും കാണുന്നില്ല. അഗ്നിബാധയിൽപ്പെട്ടശേഷം പുതുക്കിപ്പണിഞ്ഞതായതിനാലാകാം അലങ്കാരപ്പണികളോ ചുമർച്ചിത്രങ്ങളോ ഒന്നും തന്നെയില്ലാത്തത്.

വിഷ്ണുവിഗ്രഹമാണെങ്കിലും ശ്രീകൃഷ്ണ സങ്കൽപത്തിലും ആരാധിക്കപ്പെടുന്ന ഭഗവാന് പാൽപ്പായസം പ്രധാനവഴിപാടാണ്. ദേവിക്ക് കോഴിയെ പറപ്പിക്കലാണ് പ്രധാനം. പൂവൻകോഴിയെ കൊണ്ടുവന്ന് കൊക്കും കാലും കഴുകിച്ച ശേഷം അമ്മയെ പ്രാർത്ഥിച്ച് തിരുനടയിൽ പറപ്പിക്കുന്നു. ഇങ്ങന കോഴിയെ പറപ്പിക്കുമ്പോൾ ഭക്തന്റെ മനസ്സിലെ ക്ലേശങ്ങളും പറന്നു പോകും എന്നാണ് വിശ്വാസം, അന്നം നൽകി അനുഗ്രഹിക്കുന്ന അന്നപൂർണ്ണേശ്വരിയായ അമ്മക്ക് അന്നദാനവും പ്രധാനവഴിപാടാണ്. പഴയന്നൂർ ഭഗവതിക്ഷേത്രസമീപത്തെ പാതയിലൂടെ യാത്ര ചെയ്യുന്നവർ കോഴിയുടെ രൂപം പെട്ടന്നു ശ്രദ്ധിക്കുകയും ആൽത്തറയിലേക്കെങ്കിലും നോക്കി ഒന്നു വണങ്ങാതെ ഇതു വഴി കടന്നു പോകാറില്ല. പഴയന്നൂർ ഗ്രാമത്തെ അന്നം നൽകി അനുഗ്രഹിക്കുന്ന അന്നപൂർണ്ണേശ്വരിയായ അമ്മയുടെ മൂലസ്ഥാനമായ ആൽത്തറയെ ഭക്തർ വലം വച്ചുവണങ്ങുന്നു.

പഴയന്നൂരായി പരിണമിച്ച പുരാണപുരിയിലെ ഭഗവതിയുടെ തിരുമുറ്റം നിറയെ കോഴികളുണ്ട്. ഇവയ്ക്ക് അരിയും നെല്ലും നൽകുന്നതും അമ്മയുടെ പ്രിയവഴിപാടാണ്. മീനമാസത്തിലെ തിരുവോണനാളിൽ ആറാട്ടുവരും വിധമാണ് പഴയന്നൂർ ക്ഷേത്രോത്സവം നടക്കുന്നത്. വൈഷ്ണവ പ്രാധാന്യവും കൂടി സൂചിപ്പിക്കുന്ന ഉത്സവമാണിത്. രണ്ടു കൊടിമരങ്ങളിലും കൊടിയേറ്റുണ്ട്. തുലാമാസത്തിലെ അവസാന വെള്ളിയാഴ്ച നടത്തുന്ന നിറമാലയും വിളക്കും ഈ ക്ഷേത്രത്തിലെ അതിവിപുലമായ മറ്റൊരു ആഘോഷമാണ്. ഉത്സവത്തോടനുബന്ധിച്ച് കൂത്ത് അരങ്ങേറാറുണ്ട്. നങ്ങ്യാർകൂത്താണ് നടക്കുക. പഴയന്നൂർ തട്ടകത്തിൽ നിന്നും ആരും കൊടുങ്ങല്ലൂരിൽ ദർശനം നടത്താൻ പാടില്ല എന്നൊരു വിലക്കുണ്ട്. കൊടുങ്ങല്ലൂർ രാജവംശം കൊടുങ്ങല്ലൂരമ്മയെ ഉപാസനാമൂർത്തിയായി സ്വീകരിച്ചപ്പോൾ പഴയന്നൂർ രാജവംശം പഴയന്നൂരമ്മയെ ഉപാസിച്ചു. കൊടുങ്ങല്ലൂരിൽ ശൈവശാക്തേയപൂജകൾ നടത്തുമ്പോൾ പഴയന്നൂരിൽ വൈഷ്ണവപൂജകളും ദുർഗ്ഗാപൂജകളും നടക്കുന്നു. ഒരിടത്തു ശിവനും ഭദ്രകാളിയുമാണെങ്കിൽ ഒരിടത്ത് വിഷ്ണുവും ദുർഗ്ഗയും. ഒരിടത്തു കോഴിവെട്ടലാണ് . ഒരിടത്ത് കോഴിവളർത്തലാണ്. രാജവംശങ്ങൾ

തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയാകാം ഇങ്ങനെയൊരു വിലക്കുവരാൻ കാരണം.

രാജഭരണം നിലച്ചു, രാജകൊട്ടാരങ്ങളും പൊളിഞ്ഞു നിലംപൊത്തി. എങ്കിലും പഴയന്നൂർ ഭഗവതി ക്ഷേത്രത്തിലെത്തിയാൽ ഒരു രാജകീയപ്രൗഢിയുടെ നിഴലുകൾ നിലനില്ക്കുന്നതായി ഇന്നും കാണാം. അഗ്നിക്കിരയായശേഷം പുതുക്കിനിർമ്മിച്ച ഈ ക്ഷേത്രത്തിൽ പഴമയുടെ പല സ്മൃതികളും കാഴ്ചകളും ബാക്കിനില്ക്കുന്നു. പഴയന്നൂരമ്മയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ച് കോഴികൾക്ക് അരിയും എറിഞ്ഞ് വിഷ്ണുഭഗവാന്റെ തിരുനടയിലെത്തി ശ്രീകൃഷ്ണസാന്നിദ്ധ്യവും നരസിംഹസാന്നിദ്ധ്യവും നിറഞ്ഞ ശ്രീലകത്ത് കത്തുന്ന നെയ്ത്തിരി ദീപ പ്രഭയിൽ തിളങ്ങുന്ന ഭഗവാനെ തൊഴുത് മടങ്ങുമ്പോൾ മനക്ലേശത്തിന്റെ ഭാരം കുറയാൻ അന്നപൂർണ്ണേശ്വരിയായ പഴയന്നൂരമ്മയും വിഷ്ണുഭഗവാനും എല്ലാവരേയും അനുഗ്രഹിക്കട്ടെ. എല്ലാഭക്തജനങ്ങൾക്കും ഭഗവാന്റെയും ദേവിയുടേയും ദർശനസൗഭാഗ്യത്തിനവസരമുണ്ടാകട്ടെ.

*****

മിനിക്കഥ

# ചിലർ

**ഉണ്ണിവാരിയത്ത്**

പരീക്ഷണ ഘട്ടങ്ങളിൽ ചിലർ ദൈവത്തോട് പരാതി പറയും. :

"എനിക്കുമാത്രം എന്താ ഇങ്ങനെ?"

പക്ഷേ, സൗഭാഗ്യകാലങ്ങളിൽ അവർ അങ്ങനെ പറയില്ല.

അതുപോലെ, അയൽപക്കക്കാരുടെ സന്തോഷത്തിൽ ചിലർ അസൂയയോടെ പുലമ്പും.

"അവർക്കുമാത്രം എന്താ ഇങ്ങനെ?"

പക്ഷേ അയൽപക്കക്കാരുടെ ദുഃഖത്തിൽ അവർ അങ്ങനെ പറയില്ല.

ചിലർ കൂടിക്കൂടി പലരാകാതിരുന്നാൽ മതിയായിരുന്നു!


## THOTTEKKATT DIWAN'S MEMMORIAL HALL

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com


## 28-ാം ചരമവാർഷികം
## 21.01.2022



മേലങ്ങത്ത് ഗോവിന്ദൻകുട്ടി മേനോൻ
മേലങ്ങത്ത്, ആലപ്പാട്ട് റോഡ്
രവിപുരം, കൊച്ചി - 682016
സന്തപ്ത കുടുംബാംഗങ്ങൾ



# ശ്രീമഹാഭാഗവതം

## ഭാഗവത ദർശനം.

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ഭാഗവതം ചതുർസ്കന്ധത്തിൽ അദ്ധ്യായം 13 മുതൽ 23 വരെ കാമപ്രകരണമാണെന്ന് പറഞ്ഞുവല്ലോ. മൈത്രേയന്റെ വാക്കുകൾ കേട്ടവരുടെയെല്ലാം മനസ്സ് ഭക്തിരസത്തിൽ സന്തുഷ്ടമായി. ഇനി ധ്രുവന്റെ പിൻഗാമികൾക്കെന്തു സംഭവിച്ചുവെന്നു നോക്കാം. ധ്രുവന്റെ പുത്രനായ ഉൽക്കലൻ ഈ പ്രപഞ്ചത്തിലുള്ള എല്ലാത്തിലും അന്തര്യാമിയായി ഭഗവാൻ കുടികൊള്ളുന്നുവെന്നു തിരിച്ചറിഞ്ഞു. ബ്രഹ്മമല്ലാതെ മറ്റൊന്നില്ലായെന്നും വിശ്വസിച്ചു. അതുകൊണ്ട് രാജ്യഭരണത്തിൽ തൽപരനായിരുന്നില്ല. വത്സരൻ എന്ന മകൻ രാജാവായി ആ തലമുറ ഭരണം നടത്തിവന്നു. തലമുറ കഴിഞ്ഞപ്പോൾ അംഗൻ എന്ന രാജാവു ഭരിച്ചു. അദ്ദേഹം അശ്വമേധയാഗം നടത്തി. പക്ഷെ ഹവിസ് സ്വീകരിക്കാൻ ദേവന്മാർ വന്നില്ല. കാരണം അംഗന് മക്കളില്ലായിരുന്നു. അദ്ദേഹം സന്തതിക്കായി യാഗം നടത്തി. യഥാസമയം ഒരു പുത്രനുണ്ടായി. അവൻ അധർമ്മിയായിരുന്നു. വേനൻ എന്നായിരുന്നു പേര്. അക്രമം ചെയ്യുന്ന അയാളെ എല്ലാവരും ഭയന്നു. എല്ലാവരേയും കൊല്ലും. അങ്ങനെ പുത്രന്റെ ദുഷ്പ്രവർത്തികൾ മൂലം അംഗൻ നാടുവിട്ടു. അവസാനം വേനൻ രാജാവായി. ജന്മനാ ദുഷ്പ്രവർത്തി ചെയ്തിരുന്ന വേനൻ രാജാവായപ്പോൾ ദുഷ്ടതകൾ കൂടി. മുനിമാരേയും മറ്റും ഉപദ്രവിച്ചിരുന്ന വേനനെ ഉപദേശിക്കാൻ പുറപ്പെട്ട മഹർഷിമാരെ വേനൻ രൂക്ഷമായ ഭാഷയിൽ ആക്ഷേപിച്ചു. തന്നെ ഭജിക്കുന്നതിനായി ആവശ്യപ്പെട്ടു.

എന്നെയല്ലാതെ മറ്റാരെയും കണ്ടിനി
വന്ദിച്ചു പൂജിക്കരുതൊരു ഭൂതരും.
ഞാനൊഴിഞ്ഞില്ലൊരു നാഥനുലകിതിൽ
നൂനമെന്നേബ്ജിക്കണമെല്ലാവരും
നാരായണനേയുമീശനേയുമ
ങ്ങാരും വണങ്ങരുതെന്തവരാൽ ഫലം

ജനങ്ങളെ ഇവനിൽ നിന്നും എങ്ങനെ മോചിപ്പിക്കും എന്ന ചിന്തയായി മുനിമാർക്കും. അങ്ങനെ അവസാനം മഹർഷിമാരുടെ ഹൂംകാരത്താൽ വേനൻ വധിക്കപ്പെട്ടു.

കോപം മുഴുത്തു ഋഷിമാർ മഹാപാപിയെ
ത്താപേന ഹൂങ്കാരംകൊണ്ടു വധം
ചെയ്താർ

വേനന് കുട്ടികളില്ലായിരുന്നു. ബുദ്ധിമതിയായ അമ്മ സുനീഥ ഈ ശരീരം സൂക്ഷിച്ചുവെച്ചു. കാലം കഴിഞ്ഞപ്പോൾ രാജ്യം അനാഥമായി. രാജാവില്ല. അവസാനം മുനിമാർ വേനന്റെ മൃതശരീരം പുറത്തെടുത്തു. തപശക്തിയാൽ വേനന്റെ ശരീരത്തിൽനിന്നും ചുവന്ന കണ്ണുകളും ചെമ്പിച്ച മുടിയും ഉയരക്കുറവുമുള്ള ഒരു മുണ്ടനുണ്ടായി. പിന്നീട് മുനിമാർ രണ്ടു കൈകളും കടഞ്ഞു. ഒരു കയ്യിൽ നിന്നും പുരുഷനും മറ്റേ കയ്യിൽനിന്നും സ്ത്രീയും ഉണ്ടായി. അങ്ങനെ പൃഥു എന്ന രാജാവും അർച്ചിസ് എന്ന പൃഥുവിന്റെ ഭാര്യയും ഉണ്ടായി. ഇവിടെ കഥകൾ എന്ന രൂപേണ ഭക്തിമാർഗ്ഗത്തിൽ വ്യാസൻ വിവരിച്ചിരിക്കുന്ന സത്യമാണ് ആധുനികയുഗത്തിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കിയ പല ഇൻഫ്രെട്ടിലിറ്റി ചികിത്സാരീതികളും മറ്റും. ഈ അടുത്ത കാല

ത്ത്, മരിച്ചുപോയ ഭർത്താവിന്റെ ബീജത്തിൽ നിന്നും കുഞ്ഞുങ്ങൾ ജനിച്ചത് വാർത്തയായിരുല്ലോ. അന്നും ഇതിനേക്കുറിച്ച് ധാരണയുണ്ടായിരുന്നുവെന്നും ശാസ്ത്രം ഭക്തിമാർഗ്ഗത്തിലൂടെ പറഞ്ഞുവെന്നും മാത്രമല്ലേ എന്നു സംശയിക്കുന്നതിൽ തെറ്റില്ല. ഏറ്റവും വലിയ ഭിഷഗ്വരന്മാർ അന്നത്തെ ജ്ഞാനധർമ്മിഷ്ഠരായ മുനിവര്യന്മാരായിരുന്നു.

പൃഥുരാജാവ് നന്മയുടെ നിറകുടമായിരുന്നു. തന്നെ സ്തുതിച്ച സ്തുതിപാഠകരോട് അദ്ദേഹം പറഞ്ഞു, താൻ വലിയ കാര്യങ്ങളൊന്നും ചെയ്തിട്ടില്ല,

നിങ്ങളെന്തിനിവിടെ ഗുണങ്ങളൊന്നുമി
ല്ലാത്തവനെ സ്തുതിച്ചീടുന്നു.

അവർ മറുപടി പറഞ്ഞു, അങ്ങ് ശ്രീഹരിയുടെ അവതാരമാണ്, ധർമ്മിഷ്ഠനാണ്, ക്ഷമാബലമുള്ളയാളാണ്, അഗ്നിക്കു തുല്ല്യനാണ്. അങ്ങ് ചക്രവർത്തിയാണ്.

നാദണ്ഡ്യം ദണ്ഡയത്യേഷ സുതമാത്മ ദ്വിഷാമപി
ദണ്ഡയത്യാത്മജമപി ദണ്ഡ്യം ധർമ്മപഥേ സ്ഥിതഃ

കുറ്റവാളി മകനായാൽ പോലും ശിക്ഷിക്കും. എന്നാൽ നിരപരാധിയെ ശിക്ഷിക്കുകയില്ല. ശരണാഗതരെ രക്ഷിക്കും. ഇങ്ങനെ പൃഥുവിന്റെ ഗുണങ്ങൾ വീണ്ടും വീണ്ടും പറഞ്ഞു.

ഇവിടെ ഒരു കഥയും വർണ്ണനയുമുണ്ട്. പൃഥു രാജ്യഭാരം ഏറ്റെടുത്തപ്പോൾ ജനങ്ങൾ ധർമ്മസങ്കടത്തിലായിരുന്നു. ദേഷ്യം വന്ന രാജാവ് വില്ലും അമ്പുമായി പുറപ്പെട്ടു. ഭൂമിദേവി ഒരു പശുവിന്റെ രൂപത്തിൽ ഓടിയെന്നും പിന്തുടർന്നുവന്ന രാജാവിനോട് തന്നെ കൊല്ലാൻ കാരണമെന്താണെന്നു പശു ചോദിച്ചു. പൃഥു കാരണം പറഞ്ഞു. ജനങ്ങൾ ദാരിദ്ര്യത്തിൽ വലയുന്നു. പൃഥുവിന് കാരണം ഭൂമിദേവിയിൽ നിന്നും മനസ്സിലായി. സ്വയംഭൂവായ മനുവിനെ സ്മരിക്കുകയും ഭൂമി പുഷ്പിണിയാവുകയും ചെയ്തു. അവിടമെല്ലാം ഉപയോഗപ്രദമാവുകയും ചെയ്തു.

കുന്നും മലയും കുഴിയും മുഴകളും
ഒന്നുപോലെ നിരത്തി ചമച്ചീടുവാൻ
തന്നുടെ വില്ലു ധരിച്ചുകൊണ്ടെങ്ങുമേ
മന്നവനാഹന്ത! നീളേ നടന്നുടൻ
ചെമ്മേ ഗിരികൂടവൃന്ദങ്ങളൊക്കെയും
അമ്മാനവേന്ദ്രൻ ധനുഷ്പദാഗ്രേണ താൻ
കുത്തി തകർത്തു പൊടിച്ചു നിരത്തിനാൻ
ഒന്നൊരുമിച്ചു നിരന്നിതു ധാത്രിയും
മിക്കതുമന്നതു കണ്ടു മുതിർന്നാ
നൊക്കെ കൊടുത്താനവർക്കായ് മുദാ
സസ്യസംപൂർണ്ണയായ് വന്നിതു ധാത്രിയും

ഒരു നല്ല ഭരണകർത്താവ് വിചാരിച്ചാൽ രാജ്യം എത്ര മാത്രം തളിർക്കും, പൂക്കും, ജനങ്ങൾ സന്തോഷിക്കുമെന്നുള്ള ഈ വിവരണം ഈ കാലഘട്ടത്തിന്റെ പ്രധാന പാഠമല്ലേ? ഭൂമിയേയും അതിൽ വസിക്കുന്ന ജീവജാലങ്ങളേയും വേണ്ടവിധം പരിപാലിച്ചാൽ ഭൂമി സ്വർഗ്ഗമാകും. വേനനേപ്പോലുള്ള ഒരു ഭരണാധികാരി മതി ലോകം നശിക്കാൻ.

ഭാഗവതം ഭക്തിപ്രാധാന്യം കൊടുക്കുന്നുവെന്നു പറയുന്നു. പക്ഷെ ഇന്നത്തെ ഭരണാധികാരികളും ജനങ്ങളും ഒത്തുപിടിച്ചാൽ ഭൂമിയുടെ ഈ സന്തുലിതാവസ്ഥ നിലനിർത്താനും മഹാമാരിക്കും ഭൂകമ്പത്തിനും സുനാമിക്കും ഒക്കെ ഒരു പരിധിവരെ തടയിടാനും കഴിയുമെന്നും ആണ് വ്യാസൻ തന്റേതായ ശൈലിയിൽ വ്യാഖ്യാനിക്കുന്നത്.

രാജ്യം സമ്പൽ സമൃദ്ധമാകുമ്പോൾ അയൽ രാജ്യങ്ങൾ അസൂയാലുക്കളാകുമെന്ന തത്ത്വമാണിനി പൃഥുവിന്റെ കാര്യത്തിലും സംഭവിക്കുന്നത്. മിക്ക പുരാണങ്ങളിലും അസൂയയും ഭയവും പ്രകടിപ്പിക്കുന്നത് ഇന്ദ്രിയങ്ങളിലൂടെയാണ്. ഇവിടെയും അതുതന്നെ. തന്റെ നൂറാമത്തെ യജ്ഞം രാജാവ് പൂർത്തിയാക്കിയാൽ ഇന്ദ്രപദം നഷ്ടപ്പെടുമെന്നു ഭയന്ന് ഇന്ദ്രൻ വേണ്ടതെല്ലാം ചെയ്തു. കോപാകുലനായ രാജാവ് ഇന്ദ്രനെ വധിക്കാനൊരുങ്ങിയപ്പോൾ ബ്രഹ്മാവ് തടഞ്ഞു. ഇന്ദ്രപദവി ആഗ്രഹിക്കാത്ത രാജൻ എന്തിന് നൂറാമത്തെ യജ്ഞം പൂർത്തിയാക്കണം. രാജാവിന് കാര്യം മനസിലായി. ഈ സമയം നാരായണൻ ഇന്ദ്രനെ രാജസമക്ഷം കൊണ്ടുവന്നുപറഞ്ഞു, നിന്റെ നൂറാമത്തെ യജ്ഞം പൂർത്തിയായില്ല. പക്ഷെ ഭഗവാൻ പ്രത്യക്ഷപ്പെട്ടതുകൊണ്ട് പൂർണ്ണമായി എന്നു പറയാം. ഇവിടെയും ആധുനിക കാലഘട്ടമാണ് പഠനവിഷയം. സ്ഥാനമാനങ്ങൾക്കുവേണ്ടി എന്തും ചെയ്യുന്ന ഭരണകൂടവും അവരെ ചുമക്കുന്ന ജനങ്ങളും. സ്വന്തം കാര്യസാദ്ധ്യവും പേരും പ്രശസ്തിയും ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യാസൻ വിവരിക്കുന്നു. പൃഥു എന്താണ് ആവശ്യപ്പെട്ടത്.

ന കാമയേ നാഥ തദപ്യഹം ക്വചിൻ
ന യത്ര യുഷ്മച്ചരണാംബുജാസവഃ
മഹത്തമാന്തർ ഹൃദയാന്മുഖച്യുതോ
വിധത്സ്വ കർണ്ണായുതമേഷ മേ വരഃ

എനിക്കൊന്നും വേണ്ട. കോടി കർണ്ണങ്ങൾ വേണം അങ്ങയുടെ കീർത്തനങ്ങൾ കേൾക്കാൻ. ഒരു ജോഡി ചെവി പോരാ. എല്ലായ്പ്പോഴും ഭഗവദ്നാമം കേട്ടുകൊണ്ടേയിരിക്കണം. ഒരു പിതാവ് മക്കളേ നോക്കുന്നതുപോലെ അങ്ങു ഞങ്ങളെ രക്ഷിക്കണം. അപ്പോൾ ഭഗവാൻ ഭക്തിരസം നൽകി അനുഗ്രഹിച്ചു.

നന്നു നന്നിതു നിന്നുടെ ഭക്തിക
ണ്ടെന്നുള്ളമേറ്റം തെളിഞ്ഞിതു ഭൂപതേ
മന്നവ ചിന്തിച്ചതെന്തു നീയൊക്കെയും
വന്നുകൂടും നിനക്കെന്നതു നിർണ്ണയം

രാജാവിന്റെ ധർമ്മമെന്ത്. പൃഥുവിന്റെ വാക്കുകളായി വ്യാസൻ വിവരിക്കുന്നുണ്ട്.

അഹം ദണ്ഡധരോ രാജാ പ്രജാനാമിഹ യോജിതഃ

രാജാവിന് 4 ധർമ്മം. ഒന്നാമത് രക്ഷിതാവ്. പിന്നെ വൃത്തിദഃ അതായത് നിത്യവൃത്തിക്കുള്ള വക നൽകുക. മൂന്നാമത് ധർമ്മം. നീതി പാലിക്കുക. അവസാനമായി ധർമ്മം ചെയ്യുന്നുണ്ടോയെന്നു പരിശോധിക്കുക. തുടർന്ന് പറഞ്ഞു, എന്നെ രാജാവാക്കിയത് ഭഗവാൻ. ഭഗവാൻ യജ്ഞപതിയാണ്.

തമേവ യൂയം ഭജതാത്മ വൃത്തിഭി
ർമ്മനോവചഃ കായഗുണൈഃ സ്വകർമ്മഭിഃ
അമായിനഃ കാമദുഘാംഘ്രിപങ്കജം
യഥാധികാരാവസിതാർത്ഥസിദ്ധയഃ

ഞാൻ എന്റെ കർമ്മം കൊണ്ട് ഭഗവാനെ പൂജിക്കും. ഭഗവദ്പൂജയോടൊപ്പം ഭഗവാനെ സേവിക്കണം. ഇങ്ങനെയുള്ള മഹദ്വചനങ്ങൾ അദ്ദേഹം ജനങ്ങളോടു പറഞ്ഞു.

ധർമ്മം അർത്ഥം കാമം മോക്ഷം ഇവയെല്ലാം കൊടുക്കുന്നതു ഭഗവാനാണ്. അതുകൊണ്ട് അദ്ദേഹത്തെ ഭജിക്കണം. മറ്റുള്ളവർ നമുക്കു ചെയ്യുന്ന ഉപകാരത്തെ സ്മരിച്ചും ഗുരുജനങ്ങളേയും മാതാപിതാക്കളേയും വന്ദിച്ചും ജീവിക്കുന്നയാൾക്ക് നാലു പുരുഷാർത്ഥങ്ങളും ലഭിക്കും. പുത്രൻ സദ്കർമ്മങ്ങൾ ചെയ്താൽ പിതാവിന് പുണ്യം കിട്ടും. അങ്ങ് രാജാവായതിനാൽ ഞങ്ങൾക്കും പുണ്യം ലഭിച്ചുവെന്നു ജനങ്ങൾ അദ്ദേഹത്തോടു പറഞ്ഞു.

ഇവിടെയാണ് സനകന്റേയും മറ്റും ജ്ഞാനോപദേശം. ഇവിടെയും വ്യാസന്റെ വിവരണം ശ്രദ്ധേയമാണ്. വന്ദ്യവയോധികരായ ഗുരുജനങ്ങൾ നമ്മുടെ വീട്ടിലേക്കു വരുമ്പോൾ യുവാക്കൾ എന്തു ചെയ്യണം. ഇവിടെ രാജാവും സദസ്യരും ചാടിയെഴുന്നേറ്റ് പൂജിച്ചാദരിച്ച് ഇരിപ്പിടങ്ങളിൽ ഇരുത്തുകയാണ് ചെയ്യുന്നത്. വൃദ്ധന്മാരെ കണ്ടാൽ ചെറുപ്പക്കാരുടെ പ്രാണൻ അവരുടെയടുത്തു പോകും. എന്നാൽ എഴുന്നേറ്റു നിന്ന് ആദരിച്ചാൽ പ്രാണൻ സ്വസ്ഥനാകും എന്നൊരു പറച്ചിൽ പണ്ടേയുണ്ട്. സത്സംഗത്തിന്റെ ഗുണമാണിവിടെ പറയുന്നത്. അവിടെ അന്തഃകരണ ശുദ്ധിയാണുണ്ടാകുന്നത്. ഈ ലോകത്തിൽനിന്നും മുക്തി നേടാൻ ഉള്ള മാർഗ്ഗം പരമാത്മാവിൽ ഭക്തിയുണ്ടാകണം. ശാസ്ത്രവും ആചാര്യനും പറയുന്നതനുസരിക്കണം. ഹിംസ, അത്യാഗ്രഹം തുടങ്ങിയ മാർഗ്ഗങ്ങളിൽ നിന്ന് അകലം പാലിക്കണം. നിത്യകർമ്മങ്ങളനുഷ്ഠിക്കണം. വിരക്തിയുണ്ടാകുമ്പോൾ ഭക്തിയുണ്ടാകും. ഭഗവദ് നാമങ്ങൾ കേട്ടാൽ ഭക്തിയുണ്ടാകും. ബ്രഹ്മനിഷ്ഠയിലേക്ക് നീങ്ങണം. ഞാൻ, എന്റേത് എന്ന ഭാവം മാറ്റണം. ധർമ്മവും അർത്ഥവും കാമവും നശ്വരവും, ഉത്കൃഷ്ടമായ പുരുഷാർത്ഥം മോക്ഷവുമാണ്. ഭഗവാനിൽ ഭക്തിയുണ്ടാകുമ്പോൾ അന്തകരണം ശുദ്ധമാകും. ഇങ്ങനെയൊക്കെ പറഞ്ഞു രാജാവിനെ അനുഗ്രഹിച്ചു മുനിമാർ മടങ്ങിപ്പോയി. രാജാവ് പിന്നീട് കർമ്മങ്ങളെല്ലാം ബ്രഹ്മാർപ്പിതമായി ചെയ്തു. പ്രായം ഏറിയപ്പോൾ രാജ്യം പുത്രന്മാർക്കു കൊടുത്തു തപസ്സിനായി പോയി. കഠിനതപസ്സിൽ രാജാവ് ക്ഷീണിതനായി മോക്ഷപ്രാപ്തി നേടി. ഇതറിഞ്ഞ ഭാര്യ അഗ്നിയിൽ പ്രവേശിച്ചു. ഇങ്ങനെ അവർ വൈകുണ്ഠലോകം പ്രാപിച്ചു.

കേവലം തൻ പരിചാരന്മാരുമാ
യാവോളമുള്ളഴിഞ്ഞാശുസംസ്കാരവും
ചെയ്തു താൻ കൂടെ ദഹിച്ചാൾ ചിതയതിൽ
കൈതവമെന്നിയെ ഭർത്തൃ പ്രവത്സലാ
നാരിമാരിങ്ങനെ മറ്റുലകിങ്കലി
ല്ലാരുണ്ടർച്ചിസിനൊത്തവർ നിർണ്ണയം.

*****

# ശ്രീ ചട്ടമ്പിസ്വാമികൾ- ജീവിച്ച നാളുകൾ ഒരു സ്മരണ

കാരോട്ടുമഠം ശ്രീകണ്ഠൻ നായർ ഫോൺ - 9447991258

തിരുവനന്തപുരത്ത കണ്ണമ്മൂലക്കടുത്ത് കൊല്ലൂർ 1853 ആഗസ്റ്റ് 25ന് (കൊല്ലവർഷം1029 ചിങ്ങം 11) സ്വാമി ജനിച്ചു. ഉണ്ടൂർക്കോട്ട് വീട്ടിൽ തങ്ങമ്മപ്പിള്ളയുടെയും വാസുദേവശർമ്മയുടെയും മകന് അയ്യപ്പൻ എന്നു പേരിട്ടെങ്കിലും കുഞ്ഞൻ എന്നു വിളിച്ചുവന്നു. ഇളയരായി നാണി എന്നും വേലുക്കുട്ടി എന്നും രണ്ടു സഹോദരങ്ങൾ. കൊല്ലൂരിലെ സമ്പൽസമൃദ്ധമായ ഗൃഹമാണ് കൊല്ലൂർ മഠം. അമ്മ മഠത്തിലെ പരിചാരികയായും വാസുദേവശർമ്മ, മഠം വക ഭഗവതിക്ഷേത്രത്തിലെ ശാന്തിക്കാരനും ആയിരുന്നു. യാതനാനിർഭരം ആയിരുന്നു സ്വാമിയുടെ ബാല്യകാലം. ദാരിദ്ര്യം കാരണം സ്കൂളിൽ ചേർന്നു പഠിക്കാൻ കഴിഞ്ഞില്ല പിതാവിൽ നിന്ന് ആദ്യാക്ഷരം പഠിച്ചു. മൂത്തമകൻ എന്നനിലയിൽ കുടുംബഭാരം കുട്ടിക്കാലത്തേ കുഞ്ഞന്റെ ചുമലിൽ വന്നു. ഭഗവതിക്ഷേത്രത്തിലേക്ക് മാലകെട്ടിക്കൊടുക്കുന്ന ജോലിക്ക് പ്രതിഫലം ആയി കിട്ടുന്ന നിവേദ്യചോറായിരുന്നു ഉപജീവന മാർഗ്ഗം.

കൊല്ലൂർ ക്ഷേത്രത്തിൽ വച്ച് കാഷായവസ്ത്രധാരിയായ ഒരു സന്യാസിയെ കണ്ട് കുഞ്ഞൻ അടുത്തുകൂടി കുട്ടിയുടെ ഭാവി ദീർഘദർശനം ചെയ്ത ആ മഹാത്മാവ് ബാലസുബ്രമണ്യമന്ത്രം ഉപദേശിച്ചു കൊടുത്തു. ഇത് സിദ്ധിവരുത്തുക നിനക്ക് വേണ്ടതെല്ലാം ഇതിലുണ്ട് എന്നു പറഞ്ഞ് ചൂണ്ടുവിരൽ നെറുകയിൽ തൊട്ട് അനുഗ്രഹിച്ചു. സുബ്രമണ്യോപാസന കൊണ്ടാണ് പിൽക്കാലത്ത് ഷൺമുഖ ദാസൻ എന്ന് അദ്ദേഹം അറിയപ്പെട്ടത്.

കുറച്ചു മുതിർന്നപ്പോൾ കണ്ണൻമൂലക്ക് അടുത്ത് പേട്ടയിൽ രാമൻപിള്ള ആശാൻ നടത്തിയിരുന്ന പാഠശാലയിൽ കുഞ്ഞൻ ചേർന്നു. അത് ഗുരുകുലം ആയിരുന്നു. അവിടെ പഠിക്കവേ പല രാത്രിയിലും കുഞ്ഞനെ കാണാതായി. അന്വേഷണത്തിൽ പാഠശാലയ്ക്ക് അടുത്തുള്ള ക്ഷേത്രത്തിൽ ഏകാന്ത ഭജനം നടത്തുന്ന കുഞ്ഞനെ കണ്ടെത്തി. പഠനത്തിലും മറ്റെല്ലാകാര്യത്തിലും മികവുപുലർത്തിയ കുഞ്ഞനെ ക്ലാസിലെ ലീഡർ ആക്കി. അന്ന് ലീഡർമാരെ ചട്ടമ്പി എന്നാണ് വിളിച്ചിരുന്നത്. അതാണ് കുഞ്ഞൻ പിള്ള ചട്ടമ്പിയായി അറിയപ്പെട്ടത് വൃത്തി, ശുദ്ധി, സസ്യഭക്ഷണം ക്ഷേത്രദർശനം പ്രാർത്ഥന, ജപം അനുകമ്പ, ഗ്രന്ഥപാരായണം ഇതൊക്കെ കുട്ടിക്കാലത്തു തന്നെ കുഞ്ഞൻ ശീലങ്ങളാക്കി. കുഞ്ഞൻ രാമായണം വായിക്കുമ്പോൾ ശ്രോതാക്കൾക്ക് ഒരു ഗന്ധർവ സാന്നിദ്ധ്യം അനുഭവപ്പെട്ടിരുന്നു.

ഒരിക്കൽ ഉടുക്കാൻ മാതൃസഹോദരീപുത്രൻ വാങ്ങി കൊടുത്ത മുണ്ടും തോർത്തും ധരിച്ച് ഒരു വേദാന്തഗ്രന്ഥം ആരുടെയോ കൈയിൽ നിന്ന് വാങ്ങാനുണ്ടെന്നു പറഞ്ഞു പുറത്തു പോയി തിരിച്ചുവന്നത് ഒരു മുഷിഞ്ഞ വസ്ത്രവുമായി തിരിച്ചു വന്നുപറഞ്ഞത് പുതുവസ്ത്രം ഒരു പാവപ്പെട്ടവന് കൊടുത്തു എന്നായിരുന്നു.

പതിനാറാമത്തെ വയസിൽ രാമൻ പിള്ള ആശാന്റെ പാഠശാല പഠനം അവസാനിപ്പിച്ചു. കുടുംബംനോക്കാൻ വേണ്ടി കൂലിപ്പണി ചെയ്യാൻ പട്ടണത്തിലെത്തിയപ്പോൾ അവിടെ സെക്രട്ടറിയേറ്റ് കെട്ടിടത്തിന്റെ പണിനടക്കുന്നു. സ്വാമിയും പണിക്കാരൻ ആയി കൂടി. പിൽക്കാലത്ത് സെക്രട്ടറിയേറ്റ് കെട്ടിടത്തെ നോക്കി പറഞ്ഞിട്ടുണ്ട്. “ഈ പുത്തൻ കച്ചേരി കെട്ടിടത്തിനുവേണ്ടി കുറെ കല്ലു ചുമന്നതാ”. കൊല്ലൂർ അമ്മാവന്റെ കൂടെ നെയ്യാറ്റിൻകരയിൽ Sub registrar officeൽ ആധാരമെഴുത്ത്, വക്കീൽ ഗുമസ്ഥപണി, സെക്രട്ടറിയേറ്റിൽ കുറച്ചുകാലം അക്കൗണ്ടന്റിന്റെ ഉദ്യോഗം അങ്ങനെ പലപടവുകൾ. ഇരുപതുവയസ്സായപ്പോഴേക്കും അഗാധമായ ഗ്രന്ഥപരിചയം നേടി. അപൂർവ്വങ്ങളായ

ഗ്രന്ഥങ്ങൾക്കും ജ്ഞാനാർജ്ജനത്തിനുംവേണ്ടി ഉഴറി നടന്നു. ഇതിനിടയിൽ സ്വാമി തന്റെ ജീവിത ലക്ഷ്യം നിശ്ചയിച്ച് ഉറപ്പിച്ചിട്ടുണ്ടാവണം - സന്യാസം.

ഇതിനുപിന്നിൽ കുടുംബപാരമ്പര്യത്തിന്റെ ഒരു ബോധതലപ്രേരണയും (un consciouns impact) ഉണ്ടെന്നുപറയാം. അദ്ദേഹത്തിന്റെ പൂർവ്വികരായി ശ്രീ ഈശ്വരപിള്ള, നാരായണ മൗനി, ഉമ്മിണിപ്പിള്ള എന്നീ യോഗിവര്യൻമാർ ഉണ്ടായിരുന്നു.

അടുത്തതായി ഒരു ദക്ഷിണേന്ത്യൻ പര്യടനം ആയിരുന്നു. സഞ്ചരിക്കാത്തവൻ അപൂർണൻ ആണെന്നുള്ളത് ആപ്തവാക്യം st.അഗസ്ത്യൻ പറഞ്ഞിട്ടുള്ളത് ലോകം ഒരു മഹത്തായ ഗ്രന്ഥം ആണ് എന്നാണ്. പുറത്തു സഞ്ചരിക്കാത്തവർക്ക് ഗ്രന്ഥത്തിന്റെ ഒരു പുറം മാത്രമേ വായിക്കാൻ കഴിയൂ. യാത്രയിൽ അനവധി ശ്രേഷ്ഠവ്യക്തികളെ പരിചയപ്പെട്ടു. ഒരു തങ്ങളിൽ നിന്ന് ഖുറാനും, ക്രിസ്തീയ പുരോഹിതന്മാരിൽ നിന്ന് ബൈബിളും പഠിച്ചു. കുമാരവേലു എന്ന സിദ്ധനിൽ നിന്ന് മർമ്മശാസ്ത്രവും വശമാക്കി.

സ്വാമിയുടെ സന്യാസഗുരു ആരാണെന്ന് പേരെടുത്തു പറയാൻ കഴിയില്ല. നാഗർകോവിലിനടുത്ത് വടിവീശ്വരം എന്ന സ്ഥലത്തു വച്ച് എച്ചിലിലയിൽ നിന്ന് ആഹാരം കഴിച്ച് ജീവിച്ച അതിപ്രാകൃതനായ ഒരവധൂതസന്യാസിയെ സ്വാമി ദർശിച്ചു. അദ്ദേഹത്തിൽ നിന്ന് മന്ത്രരൂപത്തിലുള്ള കൃപാവരം ലഭിച്ചതോടെ സ്വാമികൾ ജീവമുക്തനായി.

മരുത്വാമലയിലെ ഗുഹയിൽ തപസും യോഗാനുഷ്ഠാനങ്ങളും കഴിഞ്ഞ് തിരുവനന്തപുരത്ത് മടങ്ങിയെത്തി. പോയത് കുഞ്ഞൻപിള്ള തിരിച്ചുവന്നത് ചട്ടമ്പിസ്വാമി. (നരേന്ദ്രൻ-വിവേകാനന്ദൻ എന്ന രീതിയിൽ).

സ്വാമി അകന്ന ബന്ധുഗൃഹമായ തമ്പാനൂരിലെ കല്ലുവീട്ടിൽ താമസമായി. അവിടത്തെ ഗൃഹനായികയുടെ അപസ്മാരവും ഉദരരോഗവും മാറ്റി. സ്വാമി പല മാന്യവ്യക്തികളുടെ പ്രശ്നങ്ങളും, രോഗങ്ങളും നിഷ്പ്രയാസം പരിഹരിച്ച് പ്രശസ്തനാകാൻ തുടങ്ങി.

സാമൂഹിക നവോത്ഥാനം ജീവിതവൃതമാക്കി സ്വാമികൾ കർമ്മ രംഗത്തിറങ്ങി. അയിത്താചാരത്തെ ധിക്കരിച്ചുകൊണ്ട് അദ്ദേഹം ഈഴവഗൃഹങ്ങളിൽ സന്ദർശനം നടത്തി. പേട്ടയിൽ പരമേശ്വരൻ, ശ്രീനാരായണ ഗുരുവിന്റെ സഹപാഠികളായ വെളുത്തേരി കേശവൻവൈദ്യൻ, വെരുന്നെല്ലി കൃഷ്ണൻവൈദ്യൻ എന്നിവരുടെ വീടുകൾ എടുത്തുപറയേണ്ടവയാണ്.

ഈഴവരുടെ അഭ്യുന്നതിയിൽ സ്വാമി പ്രത്യേകം ഔത്സുക്യം കാണിച്ചു. ഈഴവർ ഉദ്ധരിക്കുമ്പോൾ മറ്റ് അധഃസ്ഥിത സമുദായങ്ങളും ഉന്നമനം നേടുമെന്ന് സ്വാമി വിശ്വസിച്ചു. "വർഷപാതം കൃഷിക്ക് മാത്രമല്ലല്ലോ"- ഗുണം.

യാത്രക്കിടയിൽ ഏറ്റുമാനൂരിൽവച്ച് അമ്മയുടെ രോഗാധിക്യത്തെക്കുറിച്ച് സ്വാമിക്ക് ഉൾവിളിയുണ്ടായി. തിരിച്ചു വീട്ടിലെത്തി അമ്മയെ ശുശ്രൂഷിച്ചു. മാതാവിന്റെ സംസ്ക്കാരാനന്തരം ഇനി ഈ പുരപ്പുറം കാണുകയില്ല എന്ന് ശപഥം ചെയ്ത് വീടുവിട്ടിറങ്ങി. അന്ന് സ്വാമിക്ക് 25 വയസു മാത്രം.

ശേഷം മാവേലിക്കര, വൈക്കം, മൂവാറ്റുപുഴ, പെരുമ്പാവൂർ, പറവൂർ, എറണാകുളം, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര. അന്നത്തെ ഉദ്യോഗസ്ഥപ്രമുഖരും, സാധാരണക്കാരും ഉൾപ്പെടുന്നവർ സ്വാമിയുമായി ബന്ധംപുലർത്തി.

കുടുംബസദസ്സുകളിൽ സ്വാമി തന്റെ ചിന്താധാര പകർന്നു. വിചാരവിപ്ലവം നടത്തി. അതിൽ ഒരു ദിവസം ഒരു കുടുംബിനിക്ക് നൽകിയ ഉപദേശം. "ചിലർ വിലയ്ക്ക് മന്ത്രം വിൽക്കാൻ നടക്കുന്നുണ്ടത്രേ, കഷ്ഠം" കല്യാണി അമ്മ അവരോട് വാങ്ങേണ്ട, ഒരു നല്ല വിളക്കുകൊളുത്തി സുഗന്ധപുഷ്പങ്ങളെ അതിന്റെ മുൻപിൽ ഭഗവതിക്കായി വച്ച് വീണയുടെ തന്ത്രികളെ പതുക്കെ മീട്ടി ലളിതാസഹസ്രനാമം ഇങ്ങനെ പാരായണം ചെയ്താൽ സർവ്വാഭീഷ്ടങ്ങളും സുലഭമായി കിട്ടും. ഈ ഉപദേശത്തിന് ഒരു ഭക്തി ഗീതത്തിന്റെ പ്രസാദാത്മകത്വം ഉണ്ട്.

ശ്രീ നീലകണ്ഠതീർത്ഥപാദരും, ശ്രീ തീർത്ഥപാദപരമഹംസരും ശ്രീ ചട്ടമ്പിസ്വാമികളുടെ ശിഷ്യപ്രമുഖരാണ്.

പൂർവ്വാശ്രമത്തിൽ ഇവർ യഥാക്രമം മൂവാററുപുഴ വാളാനിക്കോട്ട് കൊച്ചുനീലകണ്ഠപിള്ളയും പറവൂർ വടക്കേ മഠത്തിൽ നാണുക്കുറുപ്പുമായിരുന്നു.

ചെമ്പഴന്തിക്കടുത്തുള്ള അതിയൂർ ക്ഷേത്രപരിസരത്ത് വച്ചാണ് ചട്ടമ്പിസ്വാമി ശ്രീനാരായണ ഗുരുവിനെ കണ്ടുമുട്ടിയത് ഇവർ തമ്മിലുള്ള ബന്ധം ഒറ്റ വാക്യത്തിലെഴുതി തീർക്കാവുന്ന ഒന്നല്ല.

വെളുത്തേരി കേശവൻ വൈദ്യൻ, പെരുന്നെല്ലി കൃഷ്ണൻ വൈദ്യൻ ഏറണാകുളം കൃഷ്ണനാശാൻ, നമ്പ്യാരുവീട്ടിൽ പരമേശ്വരൻ പിള്ള, കുമ്പളത്തുശങ്കുപ്പിള്ള, പന്നിശ്ശേരി നാണുപിള്ള, പറമ്പാത്തു രാമൻപിള്ള, ടി.കെ. കൃഷ്ണമേനോൻ, ഒ.എൻ. കൃഷ്ണക്കുറുപ്പ്, ഒ.എൻ.വിയുടെ അച്ഛൻ വിളാകാത്ത് ഗോവിന്ദപിള്ള എന്നിവർ സ്വാമിയുടെ ഗൃഹസ്ഥ ശിഷ്യരിൽ ചിലർ മാത്രം.

തിരുവനന്തപുരത്ത് ചാഞ്ഞാംവീട്, നന്ത്യാർവീട്, ചിറ്റിലപ്പള്ളി, പുളിയടിവിളാകത്ത്, ശ്രീരാഗം, മാവേലിക്കരയിൽ ഒററപ്പുരക്കൽ കായംകുളത്ത് വിരളശ്ശേരിൽ, കൊല്ലത്ത് തോട്ടുവയലിൽ, കരുനാഗപ്പള്ളിയിൽ നാഗത്തോട്ടത്ത്, ശ്രീവർദ്ധനത്ത്, പെരുമ്പാവൂരിൽ തണങ്ങാട്ട്, പല്ലക്കുടത്ത് തുടങ്ങി പലവീടുകളും സ്വാമി താമസിച്ചിട്ടുള്ളവയാണ്.

അദ്വൈതചിന്താപദ്ധതി, ക്രിസ്തുമതനിരൂപണം, ക്രിസ്തുമത ഛേദനം, ജീവകാരുണ്യനിരൂപണം, നിജാനന്ദവിലാസം, പ്രാചീനമലയാളം വേദാധികാരനിരൂപണം, ശ്രീചക്രപൂജാസങ്കൽപം, തുടങ്ങിയ കൃതികളും നിരവധി പ്രബന്ധങ്ങളും സ്വാമി രചിച്ചിട്ടുണ്ട്.

സ്തോത്രങ്ങളും, ഒറ്റശ്ലോകങ്ങളും, നിമിഷകവിതകളും, കവിതക്കത്തുകളും, സ്വാമിയുടെ എഴുതിയിട്ടുണ്ട്. ഗ്രന്ഥരൂപത്തിലുള്ള കവിതകൾ നഷ്ടമായിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ അടങ്ങിയ ഒരു പെട്ടി അഗ്നിബാധയിൽ നശിച്ചു പോയിരുന്നു. ആയതിനാൽ പലതും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല.

സ്വാമികളുടെ കാലത്തെ ശ്രേഷ്ഠകവികളായിരുന്നു വെളുത്തേരി കേശവൻ വൈദ്യരും, പെരുന്നെല്ലി കൃഷ്ണൻ വൈദ്യനും. അവരെ കവികളാക്കാൻ വേണ്ടിയാണ് താൻ കവിത എഴുതിയതെന്ന് സ്വാമി പറഞ്ഞിട്ടുണ്ട്. കിട്ടനും കേശവനും എന്റെ രണ്ടു ചിറകുകൾ ആയിരുന്നു. ആ ചിറകുകൾ നഷ്ടപ്പെട്ടതിൽ പിന്നെ ഞാൻ കവി വേഷം അഴിച്ചുവച്ചു. എന്നിങ്ങനെ ശിഷ്യരുടെ അകാലത്തിലുള്ള മരണം ഓർത്തു സ്വാമി ഖേദിച്ചിരുന്നു.

കേശവൻ കിട്ടനെന്നു രണ്ടു പക്ഷങ്ങൾ പോയ അവസരം തൊട്ടു കവിവേഷം ഞാൻ കെട്ടഴിച്ചു". എന്ന് തന്നോട് പറഞ്ഞതായി മൂലൂർ പത്മനാഭപണിക്കർ പറഞ്ഞിട്ടുണ്ട്.

1924 മെയ് 5ന് ചട്ടമ്പിസ്വാമി പന്മനയിൽ സമാധിയായി. പിച്ചകസുരഭിയായി ഇളംകാറ്റുപോലെ സഞ്ചരിച്ച സ്വാമികളുടെ മൊഴിയും, പൊരുളും നവോത്ഥാന കേരളത്തിന്റെ ആത്മരേഖയാണ്.

പേട്ടയിൽ രാമൻപിള്ളആശാൻ നടത്തിയിരുന്ന "ജ്ഞാനജാഗരം" എന്ന സദസിൽ സന്ദർശകൻ ആയിരുന്നു സ്വാമിജി. അങ്ങിനെയാണ് ഇദ്ദേഹം ഹൈന്ദവദർശനങ്ങളിൽ ആകൃഷ്ടനായത് വേദങ്ങളിലും ഉപനിഷത്തുകളിലും തർക്കശാസ്ത്രത്തിലും മറ്റ് ആധ്യാത്മിക ഗ്രന്ഥങ്ങളിലും പ്രാവീണ്യം നേടി.

താൻ നേടിയ ആധ്യാത്മിക ജ്ഞാനത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം അന്നത്തെ സാമൂഹികവ്യവസ്ഥിതി വിലയിരുത്തി ഹൈന്ദവദർശനങ്ങളിൽ എവിടെയും പരാമർശിച്ചിട്ടില്ലാത്ത അയിത്താചാരം മറ്റ് അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അദ്ദേഹത്തിന്റെ ഉറക്കം കെടുത്തി സ്വന്തം സമുദായം ആയ നായർ സമുദായത്തിൽ നിന്നു തന്നെ നവീകരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കണമെന്ന് അദ്ദേഹം തീരുമാനിച്ച്, കൂട്ടുകുടുംബ വ്യവസ്ഥക്കെതിരെയും ആളോഹരി സമ്പ്രദായത്തിനും, സംബന്ധമുറക്കെതിരെയും, നിയമശിഷ്ഠിത വിവാഹവ്യവസ്ഥക്കും മരുമക്കത്തായത്തിനും എതിരെ മക്കത്തായത്തിനു വേണ്ടിയുള്ള പ്രക്ഷോപണത്തിന് പിന്തുണ നൽകി.

മതപരമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും നിലനിന്നിരുന്ന ബ്രാഹ്മണ മേധാവിത്വത്തെ എതിർത്തു. ആസൂത്രിതമായി നടക്കുന്ന മതപരിവർത്തന ശ്രമങ്ങളെ വിമർശിച്ച് പുസ്തകങ്ങൾ എഴുതി ബൈബിളിലെ സിദ്ധാന്തങ്ങളെ വിമർശിച്ച് ക്രിസ്തുമതച്ഛേദനം എന്ന പുസ്തകത്തിലൂടെ തെറ്റുകൾ ചൂണ്ടിക്കാട്ടി.

കാവിവസ്ത്രവും കമണ്ഡലുവും ഇല്ലാത്ത സന്യാസി ആയിരുന്നു ശ്രീ ചട്ടമ്പിസ്വാമികൾ. വളരെ ലളിതമായ ജീവിത രീതി ആയിരുന്നു

അദ്ദേഹത്തിന്റെ. ഒരു വെള്ള മുണ്ടും ഒരു തോർത്തും ആയിരുന്നു വേഷം പണം ഒരിക്കലും അദ്ദേഹം കൈയ്യിൽ വക്കാറില്ലായിരുന്നു. സ്വന്തം ആയി ആശ്രമം സ്ഥാപിച്ചിരുന്നില്ല.

പരിശുദ്ധസ്നേഹത്തോടെ ജീവിച്ചാൽ മനുഷ്യേതരജീവികളും സഹോദരനിർവിശേഷം സഹകരിക്കും എന്ന തന്റെ ആദർശത്തിന്റെ പ്രകടനം ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതം

പക്ഷികളേയും മൃഗങ്ങളേയും, പാമ്പുകളേയും അദ്ദേഹം അടുത്തുവിളിച്ച് നിറുത്തുമായിരുന്നു. ശ്രീ. ഭട്ടാകരൻ, വിദ്യാധിരാജൻ എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെട്ടിരുന്നു.

ആധ്യാത്മിക സാഹിത്യത്തിന് മുതൽക്കൂട്ടായി ധാരാളം അധ്യാത്മിക ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ബ്രാഹ്മണർ അല്ലാത്തവർക്കും വേദം പഠിക്കാം എന്നു സ്ഥാപിക്കുന്നതാണ് അദ്ദേഹത്തിന്റെ വേദാധികാര നിരൂപണം എന്ന കൃതി.

വളരെ സ്നേഹബഹുമാനങ്ങൾ നിറഞ്ഞ ഒരു ബന്ധമാണ് സ്വാമിയും ശ്രീനാരായണ ഗുരുവും തമ്മിൽ പുലർത്തിയിരുന്നത് അയിത്തം കൊടികുത്തിവാണിരുന്ന കാലത്ത് സവർണരുടെ ഏതിർപ്പുകൾ അവഗണിച്ചുകൊണ്ട് ശ്രീനാരായണഗുരുവിനേയും കൂട്ടി അദ്ദേഹം പല സവർണ്ണഗൃഹങ്ങളും സന്ദർശിക്കാറുണ്ടായിരുന്നു. ജാതിക്കും അയിത്തത്തിനും എതിരെ ഉള്ള ജീവിതം ജീവിച്ചുകാണിക്കലായിരുന്നു. ഇതുവഴി അദ്ദേഹം ചെയ്തിരുന്നത്.

കേരളീയ നവോത്ഥാനത്തിന്റെ കന്നിമൂലക്കല്ല് എന്നാണ് ഡോ. എസ്. ഗുപ്തൻനായർ ചട്ടമ്പിസ്വാമികളെ വിശേഷിപ്പിച്ചിട്ടുള്ളത്.

ജ്ഞാനപ്രജാഗരം ആ പേരിനു തന്നെ എന്തൊരഗാധതയാണ്. ജ്ഞാനത്താൽ ജാഗരമാകുക. ഉറങ്ങുന്നവനെ ജ്ഞാനസ്നാനംചെയ്ത് ഉണർത്തുന്ന സഭ. പാശ്ചാത്യവും പൗരസ്ത്യവും ആയ തത്ത്വചിന്തകൾ യോഗാനുഷ്ഠാനങ്ങൾ ഇവയിലൊക്കെ ഉപരി ജ്ഞാനം നേടിയ കലാശാലാധ്യാപകൻ ഉൾപ്പെടെയുള്ള സമുന്നത വ്യക്തികളെ ക്ഷണിച്ചു കൊണ്ടുവന്ന് ഇവിടെ പ്രഭാഷണങ്ങൾ നടത്തുമായിരുന്നു. ഈ സഭയിലെ സ്ഥിരം ശ്രോതാവായിരുന്നു സ്വാമികൾ പ്രൊഫസർ സുന്ദരപ്പിള്ള, തൈക്കാട്ട് അയ്യാവ് സുബ്ബജടാപാഠികൾ, സ്വാമിനാഥദേശിയർ വടിവിശ്വരത്ത് വേലുപ്പിള്ള തുടങ്ങിയ അക്കാലത്തെ പ്രഗൽഭരായ പ്രഭാഷകർ ഇവരോടെല്ലാം സ്വകാര്യസംഭാഷണം സ്വാമിക്കുണ്ടായിരുന്നു.

അക്കാലത്ത് പണ്ഡിതഗുരുവായ സുബ്ബജാപാഠികളുടെ തമിഴ്നാട്ടിലെ വീട്ടിൽ അദ്ദേഹത്തോടൊപ്പം 4 വർഷം താമസിച്ച് പല ശാസ്ത്രങ്ങളും വശമാക്കി. (തമിഴിലും സംസ്കൃതത്തിലും) തൈക്കാട്ട് അയ്യാവിൽ നിന്ന് ശരീരനിയന്ത്രണത്തിനുള്ള പാഠയോഗം അഭ്യസിച്ചു. അദ്ദേഹത്തിൽ നിന്ന് വേദോപനിഷത്തുകളും നിരവധി ശാസ്ത്രങ്ങളും ഹൃദിസ്ഥമാക്കി.

തിരുവനന്തപുരത്ത് കൂപക്കര പോറ്റിമാരുടെ മഠത്തിൽ മന്ത്രതന്ത്ര സംബന്ധമായ നൂറുകണക്കിന് താളിയോലഗ്രന്ഥങ്ങൾ ഉണ്ടെന്നറിഞ്ഞ് സ്വാമി അവിടെ എത്തി. ഊണും ഉറക്കവും ഉപേക്ഷിച്ച് മൂന്നു ദിനരാത്രങ്ങൾ ആ അക്ഷരപ്പുരയിൽ താമസിച്ചു ജ്ഞാനസമ്പത്ത് മുഴുവൻ പകർത്തി മനസിൽ താന്ത്രികവിധികളുമായി ബന്ധപ്പെട്ട് ഉന്നയിച്ച ചോദ്യങ്ങൾക്ക് അർത്ഥശങ്കക്കിടയില്ലാതെ സ്വാമി മറുപടി നൽകിയപ്പോൾ ആരിത് വിദ്യാധിരാജനോ എന്ന് മഠാധിപതി അത്ഭുതപ്പെട്ടു. അതോടെ സ്വാമിക്കു പേരിനോട് ചേർത്ത് വിദ്യാധിരാജ എന്ന വിശേഷണവും ഉറച്ചു. സന്യാസിവര്യൻമാരിൽ നിന്നും ലഭിച്ച മന്ത്രോപദേശങ്ങളും തപസ്സും യോഗപരിശീലനങ്ങളും സ്വാമിയുടെ ആത്മാന്വേഷണത്തിന് ബലം പകർന്നു.

കവിത, സംഗീതം, ചിത്രകല, ചരിത്രം, വേദാന്തം, വ്യാകരണം, തർക്കശാസ്ത്രം, മർമ്മശാസ്ത്രം, ഗ്രന്ഥരചന, വൈദ്യം, മന്ത്രം, ജ്യോതിഷം, ഗുസ്തി, കഥകളി, വാദ്യകല എന്നിങ്ങനെ നാനാ രംഗങ്ങളിലും സ്വാമികൾക്ക് സൂഷ്മമായ ഉപസ്തിതി അഗാധ അറിവ് ഉണ്ടായിരുന്നു. പക്ഷേ തനിക്ക് ഒന്നും അറയില്ലെന്നാ ഹരഹര ജപിച്ച് നടക്കുന്നവനാണെന്നുള്ള ഭാവം ആയിരുന്നു.

ടാഗൂർ പാടി "വിനയം നിനക്കു കിരീടമായിരിക്കട്ടെ".

സ്വാമിവിവേകാനന്ദൻ ചട്ടമ്പിസ്വാമികളോട് ചിന്മുദ്രയെപ്പറ്റി അറിഞ്ഞാൽ കൊള്ളാമെന്നു താത്പര്യം പ്രകടിപ്പിച്ചു. സ്വാമി ചിന്മുദ്രപിടിച്ച് കാണിച്ചുകൊടുത്തപ്പോൾ ഇതെനിക്കുമറിയാം ഇത് അത്മജ്ഞാനത്തിന് എങ്ങിനെ ഉതകും എന്നാണ് അറിയേണ്ടത് എന്നായി സ്വാമിജി.

അങ്ങനെ പിടിക്കുമ്പോൾ ഒരു ഞരമ്പിന് സ്പന്ദനമുണ്ടായി പ്രത്യേക ശക്തി ഉദ്ഗമിച്ച് ശിരസ്സിൽ തട്ടുമെന്ന് ബൃഹദാരണ്യകോപനിഷത്തിലെ അപ്രകാശിതമായ ഭാഗം ഉദ്ധരിച്ച് വിവേകാനന്ദസ്വാമികളുടെ സന്ദേഹം പരിഹരിച്ചു സന്തുഷ്ടനായ വിവേകാനന്ദൻ ബംഗാളിൽ നിന്നുള്ള യാത്രക്കിടയിൽ താൻ പലരോടും ഈ സംശയും ചോദിച്ചെന്നും ആർക്കും പരിഹരിക്കാൻ കഴിഞ്ഞില്ലെന്നും അഭിപ്രായപ്പെട്ടു. മാത്രമല്ല Here I met a remarkable man എന്ന് അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതുകയും ചെയ്തു. എറണാകുളത്ത് ചിന്മയാനന്ദസ്വാമിയുടെ അച്ഛന്റെ ബോട്ട് ജെട്ടിക്കടുത്തുള്ള വീട്ടിൽ വച്ചാണ് സംഭവിച്ചത് എന്ന വിവരം ശ്രീബാല ഗംഗാധരമേനോൻ എന്നോട് നേരിൽ പറഞ്ഞിട്ടാണെങ്കിലും പലതും വിസ്താര ഭയം കൊണ്ട് സംഭവബഹുലമായ കഥകൾ ഇതിൽ കുറിക്കുന്നില്ല എന്നു മാത്രം.

കഥകളിയിലും അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു. നളചരിതം കഥയിൽ കണ്ട പിഴവുകൾ തിരുത്തി16 തവണ അത് അഭിനയിച്ച് കാണികളെ വിസ്മയിപ്പിച്ച സംഭവം രേഖപ്പെടുത്തിയിട്ടുള്ളതാണ്.

സ്വാമിയുടെ ആരാധകനായ ഒരു സാഹിത്യകാരൻ താൻ എഴുതിയ കൃതി അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ചു. സ്വാമികൾ പ്രത്യേകിച്ച് അഭിപ്രായം ഒന്നു പറയാതിരുന്നതിനാൽ കൃതി മികച്ചതല്ലെന്ന് കരുതിയ ഗ്രന്ഥകാരൻ കൈയെഴുത്തുപ്രതി നശിപ്പിച്ചു. കുറച്ചു നാൾ കഴിഞ്ഞ് ഗ്രന്ഥകർത്താവിനെ കണ്ട് ഗ്രന്ഥം നന്നായിട്ടുണ്ട് എന്നു പറഞ്ഞു. ഗ്രന്ഥകാരന്റെ പരിഭ്രമം കണ്ട് കാര്യം മനസിലാക്കിയ സ്വാമി ഒരക്ഷരം വിട്ടുപോകാതെ എഴുതി എടുക്കുവാൻ വേണ്ടി പറഞ്ഞുകൊടുത്തു.

നൻകീരൻ എന്ന തമിഴ്കവിയുടെ കവിതകൾ അറിയാമോ എന്നു ചോദിച്ച മാത്രയിൽ ചില ശ്ലോകങ്ങൾ സ്വാമി ചൊല്ലി അവ കൊടുംതമിഴ് ആയിരുന്നു. ആ മഹാകവിയുടെ എല്ലാ കാവ്യങ്ങളും കഴിഞ്ഞ 40 വർഷമായി വായിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ മുഴുവനും മനഃപാഠം ആണെന്ന് സ്വാമി മറുപടി പറഞ്ഞു.

തിരുവാതിരക്കളിയുടെ ഉത്ഭവം ഗോകർണ ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ് എന്നും മൂന്നു നാലു ദിവസം അനുസ്യൂതം പാടികേൾപ്പിക്കാനുള്ള തിരുവാതിരപ്പാട്ടുകൾ തനിക്ക് കാണാപാഠം ആണെന്നും സ്വാമികൾ പറഞ്ഞിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷയിലെ അദ്ദേഹത്തിന്റെ `അറിവിനെക്കുറിച്ച് പുത്തേഴത്ത് നാരായണമേനോൻ ടെനിസന്റെ ഒരു കവിത വായിച്ച് അർത്ഥം വിവരണം നടത്തിയതുകേട്ട് താൻ വായിച്ച ഭാഗം ക്രമം തെറ്റാതെ പറഞ്ഞ കാര്യം ശിഷ്യനായ ചെമ്പിൽ എം.പി. പണിക്കരോട് പറഞ്ഞിട്ടുണ്ട്. "ഗുരുത്വം" വിവരണം ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ നാനാഭാവാർത്ഥ സാന്ദ്രമായ സമാനപദം ഇംഗ്ലീഷിൽ ഇല്ലെന്ന് സ്വാമി അറിഞ്ഞിരിക്കുന്നു.

കൂടാതെ വീണ, തമ്പുരു, ഉടുക്ക്, ചെണ്ട, മൃദംഗം, ഗഞ്ചിറ, നന്തുണി എന്നിങ്ങനെ ഉള്ള സംഗീതോപകരണങ്ങളും പ്രയോഗിക്കാൻ പ്രത്യേക പാടവം ആയിരുന്നു അദ്ദേഹത്തിന് എന്നതും സ്മരിക്കപ്പെടുന്നുണ്ട്.

ചിത്രകലയിലെ പ്രാവീണ്യം വിദ്യാർത്ഥികളുമായി മത്സരിച്ച് പ്രാക്കുളത്ത് വച്ച് പുളിയുള്ള പച്ചമാങ്ങ തിന്നുന്ന സായിപ്പിന്റെ മുഖത്ത് പ്രത്യക്ഷമാകുന്ന വിവിധ ഭാവങ്ങൾ ആവിഷ്കരിച്ച് അവരെ അമ്പരിപ്പിച്ച കഥയും ചിത്രമെഴുത്ത് കെ.എം. വർഗീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവ-മുസ്ലീം മത സിദ്ധാന്തങ്ങൾ സ്വാമി ആഴത്തിൽ തന്നെ മനസിലാക്കി അദ്ദേഹം ഖുർആൻ ഓതുന്നത് മൗലവിമാർ അത്ഭുതത്തോടെ കേട്ടുനിൽക്കുമായിരുന്നു.

സ്വാമികളുടെ ജീവചരിത്രം എഴുതണമെന്ന ആവശ്യപ്പെട്ട ഭക്തനോട് പരബ്രഹ്മത്തിന്റെ ജീവചരിത്രം എങ്ങിനെ എഴുതണമെന്ന് ശിഷ്യനായ നീലകണ്ഠ തീർത്ഥപാദർ ചോദിച്ചത്.

ചട്ടമ്പിസ്വാമി ദൈവം ആണെന്ന് ഒ.എൻ. കൃഷ്ണക്കുറുപ്പ് കണ്ടെത്തി. സ്വാമിക്ക് അറിയാത്ത വിഷയം ഉണ്ടോ എന്ന് ശ്രീനാരായണ ഗുരു സഹോദരൻ അയ്യപ്പനോട് ചോദിച്ചതായി പി.കെ. ബാലകൃഷ്ണൻ എഴുതിയ ഗുരുവിന്റെ ജീവചരിത്രത്തിൽ വായിക്കാം.

സ്വാമിക്ക് അറിയാൻ പാടില്ലാത്തതായി ഒന്നുമില്ലല്ലെ. അവിടുന്ന് എല്ലാം അറിഞ്ഞിരുന്നല്ലോ എന്ന് ഗുരുസ്വാമി പലതവണ പറഞ്ഞതായി ഗുരുവിന്റെ പ്രണത ശിഷ്യൻകൂടി ആയ ബോധേശ്വരന്റെ അനുഭവസാക്ഷ്യം.

ചട്ടമ്പിസ്വാമികളുടെ പ്രചണ്ഡപ്രതിഭയെക്കുറിച്ചും സ്മൃതി നൈരന്തര്യത്തെക്കുറിച്ചും ഉപന്യസിക്കാൻ യോഗശാസ്ത്രത്തിനേ കഴിയൂ.

*(തുടരും.)*

# തിരുവാതിര

**എം. രാജലക്ഷ്മി -9995158259**

വൃശ്ചികമാസത്തിലെ ശക്തിയായ കാറ്റിന് ശേഷം കടുത്ത വേനലിന്റെ കൊടും ചൂട് ആരംഭിക്കുന്നതിന് മുമ്പായി ധനുമകര മാസങ്ങളിൽ മഞ്ഞു പെയ്യുന്നു. കൊടുവേലി പൂത്തമണവുമായി എത്തുന്ന ആതിരാ തിരുവാതിര മഞ്ഞു തുള്ളികളെ കൊണ്ട് പ്രകൃതി കുളിരണിയുമ്പോൾ മലയാളി മങ്കമാർ തിരുവാതിര ആഘോഷിക്കുന്നു. നമ്മൾ വിശേഷപ്പെട്ട ദിവസങ്ങൾ എന്ന് പറയുന്നത് തന്നെ ഓണം, വിഷു, തിരുവാതിര എന്നീ ദിവസങ്ങൾക്കാണല്ലോ? ഇതെല്ലാം ലോകമെമ്പാടും ഉള്ള മലയാളികൾ ആഘോഷപൂർവ്വം കൊണ്ടാടുന്നു. വർഷത്തെ മൂന്നായി വിഭജിച്ചാൽ ഇവ മൂന്നു തുല്ല്യ അകലത്തിൽ വരുന്നു. ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് നോക്കുമ്പോൾ ഓണത്തിനും വിഷുവിനും സാമ്യമുണ്ട്. അതുകൊണ്ട് തന്നെയായിരിക്കാം നമ്മൾ ഓണം വിഷു എന്ന് പറയുന്നത്.

പൗരാണിക കാലം മുതലെ ഭാരതീയർ ആചരിച്ച് പോരുന്ന വ്രതാനുഷ്ഠാനങ്ങൾ ആത്മീയവും ഭൗതികവും ആയ ഉന്നതിക്ക് സഹായിക്കുകയും പുണ്യം, ആരോഗ്യം, ശ്രേയസ്സ് എന്നിവ ലഭിക്കുകയും ചെയ്യുന്നു. ക്ഷേത്ര ദർശനം കൊണ്ട് മനഃശുദ്ധിയും ആഹാരം, നിദ്ര, ഇന്ദ്രീയ നിയന്ത്രണം എന്നിവ കൊണ്ട് രോഗശമനവും ലഭിക്കുന്നു. കാമക്രോധ മദമാത്സര്യങ്ങൾ വെടിഞ്ഞ് ദയ, ദാക്ഷിണ്യം, സത്യം ക്ഷമ, വിനയം എന്നിവയാൽ സത്ഗുണവാന്മാരും ബുദ്ധിശാലികളും ആയിത്തീരുന്നു. വർഷം, അയനം, ഋതു, മാസം, പക്ഷം, തിഥി, വാരം, നക്ഷത്രം ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് വ്രതാനുഷ്ഠാനങ്ങൾ കൊണ്ടാടുന്നത്. ഇതിൽ പെട്ട തിരുവാതിര സംഘകാലം മുതലെ നമ്മൾ അചരിച്ച് പോരുന്നു. എന്നാൽ മറ്റു വ്രതങ്ങളെ അപേക്ഷിച്ച് തിരുവാതിര സ്ത്രീകൾക്ക് മാത്രമായി മാറ്റി വച്ചിരിക്കുന്നു.

ധനുമാസത്തിലെ തിരുവാതിര ഭഗവാൻ പരമേശ്വരന്റെ തിരുനാളായി ശിവാലയങ്ങളിൽ വിശേഷാൽ പൂജകളോടെ നടത്തുന്നു.

ഭഗവാൻ തന്റെ തിരുനാളല്ലോ ഭഗവതിക്ക്
തിരുനൊയമ്പ്
ഉണ്ണരുത് ഉറങ്ങരുത് കുളിക്കണം പോൽ,
തുടിക്കണം പോൽ, പാടണം പോൽ,
ആടണം പോൽ

എന്നിങ്ങനെ വനിതകൾ പാടികളിക്കുന്നു. അഷ്ടമംഗല്ല്യവുംപൂക്കുല ചൂടിയ നിറപറയും ഗണപതിക്ക് മലർ അവിൽ ശർക്കര മുന്തിരി കൽക്കണ്ടം പഴം എന്നിവ വച്ച് അവക്ക് ചുറ്റും വട്ടമിട്ട് പാട്ടുപാടി ചുവട് വച്ച് കളിക്കുന്നു. ആദ്യം ഗണപതി, പിന്നെ സരസ്വതി, കൃഷ്ണൻ, ദേവി മുതലായ ദേവൻമാരുടെയും ദേവിയുടെയും ഗീതങ്ങൾ പാടി മങ്കമാർ തിരുവാതിര കളിക്കുന്നു. കൂവ കുറുക്കിയത്, ദശപുഷ്പം, പുഴുക്ക്, എട്ടങ്ങാടി എന്നിവ വിളക്കിന് മുമ്പിൽ വച്ച് പൂജിച്ച് നിവേദിക്കുന്നു. മുറുക്കാനുള്ള വെററിലയും, പാക്കും അതോടൊപ്പം വയ്ക്കുന്നു. കരിക്കും ഇതോടൊപ്പം നിവേദിക്കുന്നു. അന്നേ ദിവസം മുഖ്യഭക്ഷണമായ അരിഭക്ഷണം ഉപേക്ഷിച്ച് ഗോതമ്പ്, തെന, യവം മുതലായ ഭക്ഷണം കഴിക്കുന്നു. കാച്ചിൽ, ചേമ്പ്, ചേന, ചെറുകിഴങ്ങ്, കൂർക്ക,



മധുരകിഴങ്ങ് എന്നിവ ചുട്ടെടുത്ത് അരിഞ്ഞ് അതിൽ വേവിച്ച പയർ, കൊട്ടത്തേങ്ങ, കരിമ്പ്, കദളിപ്പഴം, എള്ള്, ശർക്കര, നെയ്യ് എന്നിവ ചേർത്തിളക്കി എടുക്കുന്നതാണ് എട്ടങ്ങാടി. പുഴുക്ക് ഏറെ പ്രസിദ്ധമായ വിഭവമാണ്.

കാമദേവൻ ശിവന്റെ തൃക്കണ്ണാൽ ഭസ്മമായി. പാർവ്വതി ദേവിയുടെ അപേക്ഷയനുസരിച്ച് കാമദേവനെ തിരിച്ച് കിട്ടിയ ദിവസം ധനുമാസത്തിൽ തിരുവാതിരയായി കൊണ്ടാടുന്നു എന്നും ഒരു ഐതിഹ്യമുണ്ട്.

## വേറൊരു ഐതിഹ്യം

അനന്തശയ്യയിൽ പള്ളി കൊള്ളുന്ന വിഷ്ണുവിന്റെ അടുത്ത് ബ്രഹ്മാവ് വന്നു. ഉറക്കം നടിച്ച് കിടക്കുന്ന വിഷ്ണുവിനോട് ലോകത്തിന്റെ പിതാമഹനായ താൻ വിഷ്ണുവിന്റെ രക്ഷകനാണ്. തന്നെ ആദരിക്കാത്തതിന് പ്രായശ്ചിത്തം ചെയ്യണമെന്നായി. തന്റെ നാഭിയിൽ നിന്നാണ് ബ്രഹ്മാവ് ഉത്ഭവിച്ചതെന്ന് വിഷ്ണുവും. രണ്ടുപേരും ഇതേചൊല്ലി തർക്കവും ആയി, യുദ്ധമായി. ദേവന്മാർ ഇത് കണ്ട് ഉൽകണ്ഠാകുലരായി. ഇത് അവസാനിപ്പിക്കാൻ കൈലാസപതിയെ ശരണം പ്രാപിച്ചു. ശിവൻ ഭൂതഗണങ്ങളോടു കൂടി യുദ്ധഭൂമിയിൽ വന്ന് വീക്ഷിച്ചു രണ്ടുപേരുടെയും അസ്ത്രജ്വാലയാൽ ലോക നാശമുണ്ടാകുമെന്ന മനസ്സിലാക്കി. ശംഭു ഒരു വലിയ അഗ്നിസ്തംഭമായി നില കൊണ്ടു ഇരു കൂട്ടരുടേയും അസ്ത്രങ്ങൾ താഴെ നിലംപതിച്ച് കിടക്കുന്നതു കണ്ട് അത്ഭുതപ്പെട്ട് ഈ സ്തംഭത്തിന്റെ ആദിയും അന്തവും കണ്ടുപിടിക്കാൻ തീരുമാനിച്ചു. ബ്രഹ്മാവ് അരയന്നത്തിന്റെ രൂപത്തിൽ മുകളിലേക്കും വിഷ്ണു പന്നിയുടെ രൂപത്തിൽ താഴേക്കും യാത്ര ആരംഭിച്ചു. തന്റെ പ്രയത്നം നിഷ്ഫലമായപ്പോൾ വിഷ്ണു തിരിച്ച് വന്നു. ശിവൻ ശിരസ്സ് ഇളക്കിയപ്പോൾ കൈതപ്പൂ താഴേക്ക് വീണു. കൈതപ്പൂവിനെ കണ്ടപ്പോൾ ബ്രഹ്മാവ് നീ എവിടെ നിന്ന് വരുന്നു എന്ന് ചോദിച്ചതിന് മറുപടിയായി താൻ ശിവന്റെ ശിരസ്സിൽ നിന്നും വരുന്നു എന്ന് മറുപടി പറഞ്ഞു. താൻ ആദിസ്തംഭത്തിന്റെ മുകളിൽ നിന്ന് വളരെ കാലമായി താഴോട്ട് വന്നു കൊണ്ടിരിക്കുകയാണ്. ബ്രഹ്മാവിന്റെ ശ്രമം വെടിയുകയാണ് നല്ലത് എന്നും പറഞ്ഞു. ബ്രഹ്മാവ് താൻ ഊർദ്ധഭാഗം കണ്ടു എന്ന് സാക്ഷി പറയുവാൻ കൈതപ്പൂവിനോട് നിർബന്ധിച്ചതനുസരിച്ച് അത് സത്യമാണെന്ന് കരുതി കൈതപൂ സാക്ഷി പറഞ്ഞു. എന്നാൽ വിഷ്ണു ബ്രഹ്മാവിനെ പ്രണമിച്ച് പൂജിച്ച്, തനിക്ക് ഈ അഗ്നിസ്തംഭത്തിന്റെ അന്തം കണ്ടെത്താൻ സാധിച്ചില്ല എന്ന് പറഞ്ഞു. ആ സമയം സത്യം പറഞ്ഞ വിഷ്ണുവിന് തന്നോടൊപ്പം സമാനത കൊടുത്ത് പ്രതിഷ്ഠയും ഉത്സവവും പൂജയും ഉണ്ടാകുമെന്ന് അനുഗ്രഹിച്ചു കള്ളം പറഞ്ഞ കൈതപ്പൂവിനെ ആരും നിന്നെ പൂജാ പുഷ്പമായി എടുക്കാതെ പോകട്ടെ എന്ന് ശപിച്ചു. ബ്രഹ്മാവ പൂജാർഹനാകാതെ പോകട്ടെ എന്നും ശപിച്ചു. എന്നാൽ ബ്രഹ്മാവിന്റെ ക്ഷമാപണത്താലും വിഷ്ണുവിന്റെ അഭ്യർത്ഥനയാലും ബ്രഹ്മാവ് പൂജാർഹനല്ലെങ്കിലും ഗൃഹയജ്ഞങ്ങളിൽ ഗുരുവിന്റെ സ്ഥാനം ലഭിക്കുമെന്ന് അനുഗ്രഹിച്ചു. ധനുമാസത്തിലെ തിരുവാതിര ദിവസമാണ് ശിവൻ അഗ്നിസ്തംഭരൂപത്തിൽ അവതീർണ്ണനായത് എന്ന മറ്റൊരു ഐതിഹ്യം കൂടിയുണ്ട്. ആ ദിവസം ശിവലിംഗമോ വിഗ്രഹമോ ദർശിക്കുന്നവർ മഹാദേവന് സുബ്രഹ്മണ്യനെക്കാൾ പ്രിയപ്പെട്ടവരാണ് എന്ന് പറയപ്പെടുന്നു. ആ സ്തംഭം പൂജയ്ക്കും ദർശനത്തിനും വേണ്ടി ചെറുതായി ഭവിച്ചു. ആ സ്ഥലം അരുണാചലം എന്ന പേരിൽ പ്രശസ്തമായി.

അങ്ങിനെ മഹാദേവന്റെ പിറന്നാളായി പാർവ്വതി ദേവിയോടൊപ്പം നമ്മളും നൊയമ്പ് നോറ്റ് ധനുമാസത്തിലെ തിരുവാതിര ആഘോഷിക്കുന്നു.

## പുഴുക്ക്

കാച്ചിൽ, കൂർക്ക, ചേന, നനകിഴങ്ങ്, ചെറുകിഴങ്ങ്, ചേമ്പ്, നേന്ത്രക്കായ എന്നിവ നുറുക്കിയത് 750 ഗ്രാം കടല കുതിർത്ത് വേവിച്ചത് 100 ഗ്രാം, നാളികേരം 1, ജീരകം ഒരു നുള്ള്, വറ്റൽ മുളക് 12 എണ്ണം, മഞ്ഞപ്പൊടി പാകത്തിന് വെളിച്ചെണ്ണ കുറച്ച്, കറിവേപ്പില, ഉപ്പ് പാകത്തിന്. വെന്ത കടലയിലേക്ക് ഒന്നാമത്തെ ചേരുവകളായും ഉപ്പും മഞ്ഞൾപൊടിയും ഇട്ടു വേവിക്കുക. നാളികേരവും ജീരകവും വറ്റൽ മുളകും തരുതരുപ്പായി അരച്ച് വെന്ത കൂട്ടിലേക്ക് ഇട്ട് ഇളക്ക് കറിവേപ്പിലയും വെളിച്ചണ്ണയും ചേർക്കുക.

എട്ടങ്ങാടി. 1. കാച്ചിൽ, കൂർക്ക, ചേന, നനകി

ഴങ്ങ്, ചെറുകിഴങ്ങ്, മധുരകിഴങ്ങ്, ചേമ്പ്, നേന്ത്രക്കായ എന്നിവ കനലിൽ ചുട്ടത് 750 ഗ്രാം, 2. ശർക്കര 600 ഗ്രാം, 3. വൻപയർ വേവിച്ചത് 100 ഗ്രാം, 4. എള്ള് വറുത്തത് 20 ഗ്രാം, 5. കരിക്ക് കുറച്ച്, 6.നാളികേരം കീറിയത് കുറച്ച്, 7. നെയ്യ് 4 സ്പൂൺ.

കിഴങ്ങുകൾ കനലിൽ ചുട്ടെടുക്കുക. ശർക്കര ഉരുക്കി കമ്പി പാകമാകുമ്പോൾ ചുട്ടകിഴങ്ങുകളും 3-7 വരെയുള്ള ചേരുവകകളും ചെറുതീയിലിട്ട് വരട്ടി എടുക്കുക.

### കൂവ കുറുക്ക്

1. കൂവപ്പൊടി 200 ഗ്രാം, 2. ശർക്കര 200 ഗ്രാം, 3. ചെറുപയർ വറുത്ത് വിളർന്നു വേവിച്ചത് 50 ഗ്രാം, 4. നാളികേരം ചുരണ്ടിയത് 100 ഗ്രാം, 5. നെയ്യ് 3 സ്പൂൺ.

വേവിച്ച ചെറുപയറിലേക്ക് ശർക്കര അരിച്ചെടുത്തത് ഇട്ട് നന്നായി തിളച്ച് കഴിയുമ്പോൾ കൂവപ്പൊടി ദോശമാവിന്റെ പരുവത്തിൽ കലക്കി ഈ കൂട്ടിലേക്ക് ഒഴിച്ച് ചെറുതീയിൽ ഇളക്കുക. വറ്റി വരുമ്പോൾ നാളികേരവും നെയ്യും ചേർത്ത് ഇളക്കുക.

### ദശപുഷ്പം.

1. കറുക, 2. മുക്കൂറ്റി, 3. മുയൽചെവി, 4. നിലപ്പന, 5. പൂവാംകുറുന്നില, 6. കൃഷ്ണക്രാന്തി, 7. വള്ളി ഉഴിഞ്ഞ, 8. തിരുതാളി, 9. ചെറൂള, 10. കയ്യോന്നി.

*****


ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ



**എറണാകുളം കരയോഗാം ഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ**

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**


## ERNAKULAM KARAYOGAM

KARAYOGAM OFFICE AND OTHER INSTITUTIONS PHONE NUMBERS

| NAME | PHONE NUMBER |
|---|---|
| OFFICE | 0484-2361160, 9447171160 |
| MANAGER | Mob : + 91 8281588833 Extn.113 |
| SUPERVISOR | Mob: 9387306581 - Extn.128 |
| MANGALYAM MATRIMONY | Land No : 0484 -2361160, 0484 - 2369589 - Extn.115 Mob : 9447171160 |
| AYUSHYAM MEDICALS | Land no : 0484-2361160, Extn : 127, 9447171160 Mob: 9446488833 |
| AYUSHYAM POLYCLINIC & MEDICAL CENTER | Land No : 0484 - 2366160 Extn : 126, Mob: 9447171160, |
| PRASANTHI HOSTEL & HOME FOR AGED, PALARIVATTOM | Land No : 0484 - 2345061 Mob : 9188081355, Extn. 130 |
| KAILASAM GUEST HOUSE | 04842361160 Extn. 200 |
| NALLA KOOTTAN KADA | 9778410765 |
| RADHEYAM GUEST HOUSE GURUVAYOOR | Land No : 0487-2504700 Mob: 8547871161, 9446365116 |
| AMBULANCE MOBILE BODY FREEZER | Mob : 9387306579- Extn. 129 |
| CLINIC ON WHEELS | Mob : 9188640743 |
| CHAITHRAM | Land No : 0484-2361161 |

# ചൈനയുടെ ശാസ്ത്രസംഭാവന

സി. രാമചന്ദ്രൻ – 9995820684

മറ്റു പ്രാചീന നദീതട സംസ്കാരങ്ങളോടു കിടപിടിക്കുന്ന ഒന്ന് ചൈനയിലും പുഷ്കലമായിരുന്നു. 'അയ്യായിരം വർഷങ്ങൾക്കുമുമ്പ്' എന്ന അവകാശവാദം ചൈനയിലേയും യാഥാസ്ഥിതികർ ഉയർത്താറുണ്ട്. എങ്കിലും 3500 വർഷങ്ങളുടെയെങ്കിലും പഴക്കമവകാശപ്പെടാവുന്ന തെളിവുകൾ അവർക്കുമുണ്ട്. ചരിത്രബോധത്തോടെയും ശാസ്ത്രബോധത്തോടെയും യാഥാർത്ഥ്യങ്ങളെ സമീപിക്കുക എന്ന നയമാണ് നമുക്ക് സ്വീകരിക്കാനുള്ളത്.

പരിഷ്കൃതമായ ഒരു കാർഷിക സംസ്കൃതി, ചൈനയിൽ നിലനിന്നിരുന്നു. ചക്രങ്ങളുള്ള തേരുകളും അതു വലിക്കുവാൻ, മെരുക്കിയെടുക്കപ്പെട്ട മൃഗസമ്പത്തും, സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ അവർക്കുണ്ടായിരുന്നു. കളിമൺ ഭരണികളും വെങ്കലചഷകങ്ങളും മാർബിൾ ഫലകങ്ങളും അവരുടെ സർഗ്ഗസൃഷ്ടികളുടെ വേദികളായിരുന്നു. വികസിതമായ ഒരു ലിപിവ്യവസ്ഥയും അറുപത് എന്ന സംഖ്യയെ അടിസ്ഥാനമാക്കിയ ഒരു ഗണിതവ്യവസ്ഥയും അവർക്കുണ്ടായിരുന്നു. ക്രിസ്തുവിനും ആയിരം വർഷങ്ങൾക്കുമുമ്പു നിലനിന്നിരുന്ന ചൗ രാജവംശത്തിന്റെ അതിർത്തികൾ വിശാലമായി വികസിച്ച് അവസാനം അതിർത്തിയില്ലാതായി എന്നാണ് തമാശ. പക്ഷേ വളർന്നുവളർന്ന് പിളർന്ന് പിളർന്ന് അത് പരസ്പരം പടവെട്ടുന്ന ചെറിയരാജ്യങ്ങളായി മാറി.

പിന്നീട് ചിൻ എന്ന ഒരു രാജ്യം പ്രബലമായി രൂപപ്പെട്ടു. അതിന്റെ ചക്രവർത്തിയായി വന്ന ചിൻഷിഹ്വാങ്ടി, അന്നുവരെയുള്ള ചരിത്രഗ്രന്ഥങ്ങൾ കത്തിച്ചുചാമ്പലാക്കി. ചരിത്രകാരന്മാരെയും തമസ്കരിച്ചു. തനിക്കുശേഷം മാത്രമാണ് ചരിത്രം തുടങ്ങുന്നത് എന്നദ്ദേഹം പ്രഖ്യാപിച്ചു. ഇതൊക്കെയാണെങ്കിലും ഷിഹ്വാങ്ടി മികച്ച ഭരണാധികാരിയായിരുന്നു. അദ്ദേഹമാണ് ചൈനയിലെ അളവുതൂക്കങ്ങളെയും നാണയ വ്യവസ്ഥയേയും ചിട്ടപ്പെടുത്തി ഏകീകരിച്ചത്. പുതിയ എഴുത്തുരീതിയും ആവിഷ്കരിച്ചു നടപ്പിലാക്കി. ഭരണസംവിധാനം ക്രമീകരിക്കുകയും ഭരണവ്യവസ്ഥയ്ക്ക് രൂപം നൽകുകയും ചെയ്തു. ചുരുക്കത്തിൽ ചൈനയുടെ ഭരണശില്പി എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു.

നിലനിന്നിരുന്ന നിരവധി മതിലുകളെ സംയോജിപ്പിച്ച് വൻമതിലിനു പദ്ധതിയിട്ടു തുടക്കം കുറിച്ചു. 2400 കി. മീറ്റർ നീളമുള്ള ഇത് കോട്ടകൊത്തളങ്ങളാൽ സമൃദ്ധമാണ്. ലോകാത്ഭുതമായി ഇന്നും ഇത് മനുഷ്യരാശിയെ ആകർഷിക്കുന്നു.

പരലോകത്തിലും തന്റെ പ്രാധാന്യവും പ്രാമാണ്യവും ഉറപ്പിക്കുന്നതിനായി, അദ്ദേഹം തന്റെ മരണശേഷം കല്ലറയിൽ തന്നോടൊപ്പം അടക്കുവാൻ കളിമണ്ണുകൊണ്ടുള്ള ഒരു സൈനിക വ്യൂഹത്തെ സൃഷ്ടിച്ചു. ഇന്ന് അത് വൻമതിൽ പോലെതന്നെ സന്ദർശക സഞ്ചാരികളുടെ ആകർഷണവിഷയമാണ്. തന്റെ രാജവംശം പതിനായിരം തലമുറകൾ നിലനിൽക്കുമെന്ന് അദ്ദേഹം പ്രവചിച്ചു. എന്നാൽ അദ്ദേഹത്തിനുശേഷം അത് പതിനഞ്ചു വർഷമേ നിലനിന്നുള്ളൂ. എങ്കിലും ചൈന എന്ന ദേശീയ സങ്കല്പം തുടർന്നും നിലനിന്നു.

ചൗ വംശത്തെ തുടർന്ന് ഷാൻ രാജവംശം നിലവിൽ വന്നു. അത് നാനൂറുവർഷം നിലനിൽക്കുകയും ചൈനയുടെ ശാസ്ത്രസാങ്കേതിക രംഗങ്ങൾക്ക് വമ്പിച്ച നേട്ടമുണ്ടാകുവാൻ നേതൃത്വം നൽകുകയും ചെയ്തു. ശാസ്ത്രസാങ്കേതിക പ്രവർത്തനങ്ങളുടെ നാൾവഴി എഴുതുക എന്നത് വൈജ്ഞാനികരുടെ മേലുള്ള

ഭരണപരമായ ഒരു ബാധ്യതയാക്കി മാറ്റി. ചൈനയിലെ വാനശാസ്ത്രജ്ഞന്മാർക്ക് അത്തരമൊരു ശീലം മുന്നേതന്നെ ഉണ്ടായിരുന്നു. ക്രിസ്തുവിന് 1500 വർഷം മുമ്പു മുതലുള്ള ആകാശ നിരീക്ഷണഫലങ്ങൾ അവർ രേഖപ്പെടുത്തിയ പ്രമാണങ്ങൾ ഇന്നുള്ള ജ്യോതിശാസ്ത്രജ്ഞരുടെ പോലും കോശസൂചകമാണ്. ഗ്രഹണം, ധൂമകേതുക്കളുടെ വരവ്, സൂപ്പർനോവ സ്ഫോടനം തുടങ്ങിയ വിവരങ്ങൾ അവർ പട്ടികയായി സൂക്ഷിച്ചിരുന്നു. ഹാലീസ് കോമറ്റ് അവർ ക്രിസ്തുവിന് അഞ്ഞൂറുവർഷം മുമ്പുതന്നെ കണ്ടിരുന്നു. അത് ആവർത്തിച്ചുകണ്ടെങ്കിലും കണ്ടതുതന്നെയാണ് വീണ്ടും കാണുന്നതെന്ന് തിരിച്ചറിഞ്ഞില്ല. അതുകൊണ്ടു മാത്രം എഡ്മണ്ട് ഹാലിയുടെ പ്രാധാന്യം ഒട്ടും കുറഞ്ഞില്ല. സൂര്യകളങ്കങ്ങൾ അവർ രണ്ടായിരം വർഷങ്ങൾക്കുമുമ്പുതന്നെ കണ്ടിരുന്നു. യൂറോപ്പ് അത് കണ്ടത് ഗലീലിയോയുടെ കാലത്താണ്. ക്രിസ്തുവിനു നാനൂറുവർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഷീഷെൻ എന്ന വാനശാസ്ത്രജ്ഞൻ നക്ഷത്രചാർട്ടുണ്ടാക്കുകയും ഗ്രഹണങ്ങൾ പ്രവചിക്കാനുള്ള സൂത്രപ്രമാണം കണ്ടെത്തുകയും ചെയ്തു.

ഭൂമിയുടെ അച്ചുതണ്ടിന് ആട്ടമുള്ളതായും ചൈനക്കാർ നിരീക്ഷിച്ചിരുന്നു. ചൈനയുടെ വടക്കുഭാഗത്തുനിന്ന് ആകാശനിരീക്ഷണം നടത്തുമ്പോൾ ധ്രുവനക്ഷത്രം വ്യക്തമായി കാണാൻ കഴിയും. എല്ലാ നക്ഷത്രങ്ങളും ധ്രുവനക്ഷത്രത്തെ ആധാരമാക്കി വട്ടം ചുറ്റുന്നത് അവർ അത്ഭുതത്തോടെ നോക്കിക്കണ്ടു. അതുകൊണ്ട് ധ്രുവനക്ഷത്രത്തെ ആധാരമാക്കിയാണ് അവർ നക്ഷത്രപടമുണ്ടാക്കിയത്; മറ്റുള്ളവർക്ക് ക്രാന്തിവൃത്തമാണ് ആധാരം നമുക്കുമതെ.

ഭൂമിയെ കമിഴ്ത്തിവച്ച കിണ്ണമായും ചുറ്റും വെള്ളമായും ആകാശത്തെ അതു മൂടുന്ന ഭീമാകാരമായ ഒരു വട്ടകയായും അവർ സങ്കല്പിച്ചു. ഭൂമിക്കു ചുറ്റും പ്രപഞ്ചം തിരിയുകയാണെന്നും സ്വാഭാവികമായി ചിന്തിച്ചു. ഏറ്റവും ആരോഗ്യകരമായ സംഗതി അവർക്ക് ഫലഭാഗ ജ്യോതിഷത്തിൽ വിശ്വാസമില്ലായിരുന്നു എന്നതാണ്. കണക്കുകൂട്ടലുകൾക്ക് ബീജഗണിതത്തെ തന്നെയാണ് കൂടുതൽ ആശ്രയിച്ചത്. പത്തിന്റെ ഗുണിതങ്ങളായിട്ടായിരുന്നു സംഖ്യകളുടെ സ്ഥാനമൂല്യം. അത് ഭാരതത്തിൽ നിന്നു ലഭിച്ചതാണെന്നു കരുതാം. 'പൈ'യുടെ മൂല്യവും ഏതാണ്ട് കൃത്യമായി അവർ കണക്കാക്കിയിരുന്നു.

അന്നത്തെ നിലയ്ക്കുള്ള ചികിത്സാ ശാസ്ത്രവും ശരീരശാസ്ത്രവും ചൈനയിൽ വികസിച്ചിരുന്നു. ഭാരതത്തിലെ ത്രിദോഷവും ഗ്രീക്കുകാരുടെ ചതുർദോഷവും പോലെ അവിടെ ഒരു പഞ്ചദോഷ സിദ്ധാന്തം നിലനിന്നിരുന്നു. മറ്റെവിടെയും എന്നപോലെ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിലായിരുന്നു പ്രായോഗിക ചികിത്സ. ക്രിസ്തുവിന് അഞ്ഞൂറുവർഷങ്ങൾക്കു മുമ്പു മുതൽ തന്നെ അക്യൂപംക്ചർ നിലനിന്നിരുന്നു. ഔഷധനിർമ്മാണത്തിന് സസ്യങ്ങൾ എന്നപോലെ, ഒപ്പം ധാതുക്കളും ഉപയോഗിച്ചിരുന്നു. രോഗചികിത്സ സാമൂഹ്യപരവും ഭരണപരവുമായ ഒരു പ്രക്രിയയായിരുന്നു. സമൂഹത്തിന്റെ ആരോഗ്യകാര്യത്തിൽ ഭരണകൂടം ഫലപ്രദമായി ഇടപെട്ടിരുന്നു. പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിന് ക്വാറന്റൻ സംവിധാനം നാലാം നൂറ്റാണ്ടു മുതൽ തന്നെ അവിടെ നിലവിലുണ്ടായിരുന്നു. പതിനാലാം നൂറ്റാണ്ടിലാണ് യൂറോപിൽ പ്ലേഗിനെതിരെ അത് പ്രയോഗിക്കപ്പെട്ടത്. ഏഴാം നൂറ്റാണ്ടിൽ ഗവൺമെന്റിന്റെ വൈദ്യവിദ്യാലയം സ്ഥാപിച്ചു.

സ്വർണ്ണമുണ്ടാക്കുവാനുള്ള രാസവിദ്യയെപ്പറ്റി ലോകത്തിന്റെ ഇതരഭാഗങ്ങളിലേയ്ക്കു പ്രചരിച്ചത് ചൈനയിൽ നിന്നാണ്. ആൽക്കമി എന്ന പദത്തിന്റെ വേരുകൾ ചൈനീസ് ഭാഷയിലാണ്. സ്വർണ്ണചഷകത്തിൽ ദീർഘായുസ്സു ലഭിക്കുന്ന ഔഷധം നൽകാമെന്നും ലൈംഗികശേഷി വർദ്ധിപ്പിക്കുമെന്നും പ്രലോഭിപ്പിച്ച് ലീഷാവോചിൻ എന്ന വൈദ്യൻ ഹാൻവു ചക്രവർത്തിയിൽ നിന്നും ധനം അടിച്ചുമാറ്റി. തുടർന്നുവന്ന താങ്ങ്വംശത്തിലെ ഏഴു ചക്രവർത്തിമാർ ഇത്തരം ഔഷധങ്ങൾ കഴിച്ച് അകാലചരമമടഞ്ഞു. ദീർഘായുസ്സോ സ്വർണ്ണമോ ഉണ്ടായില്ലെങ്കിൽപ്പോലും അത്തരം രാസപരീക്ഷണങ്ങളിലൂടെ ചായങ്ങളും, ലേപനങ്ങളും, ഗ്ലാസും, സിമന്റും, ഓടും, പിച്ചളയും മറ്റും വികസിപ്പിക്കാൻ കഴിഞ്ഞു.

***

# ജീവന്റെ പരമാനന്ദ സത്യം

ഡോ. കെ. ഹരിഹരൻ – 9847313322

ബ്രഹ്മം മനുഷ്യനിൽ മൂന്നു ശരീരമായി അധിവസിക്കുന്നു. യോഗ ശാസ്ത്രം, അദ്വൈതവേദാന്തം, തന്ത്രശാസ്ത്രം മുതലായ അനുശാസനങ്ങളുടെ ശ്രേണിയിൽ ഭാരതീയ തത്വചിന്തയിലും ഹിന്ദുമത സിദ്ധാന്തങ്ങളിലും വളരെ പ്രധാനപ്പെട്ടതാണ് ശരീരത്രയങ്ങൾ. വേദാന്ത സിദ്ധാന്തമനുസരിച്ച് മനുഷ്യരിൽ സ്ഥൂല (ഭൗതിക) ശരീരം. സൂക്ഷ്മ (നിഗൂഢ), ശരീരം, കാരണ (ആകസ്മിക) ശരീരം എന്നിങ്ങനെ സുപ്രധാനമായി മൂന്ന് ശരീരങ്ങളുണ്ട്. ബാഹ്യലോകവുമായി ബന്ധപ്പെട്ടതും ബാഹ്യേന്ദ്രിയങ്ങൾക്ക് വിഷയമായിട്ടുള്ളവയുമെല്ലാം സ്ഥൂലശരീരത്തോട് ബന്ധപ്പെട്ടവയാണ്. സ്ഥൂല ശരീരത്തിന് നാമം, രൂപം, ഗുണം എന്നിവയുണ്ടായിരിക്കും. എന്നാൽ അത് സ്ഥിരമായിരിക്കുകയില്ല. സ്ഥൂല ശരീരത്തിനുള്ളിൽ ഒരു സൂക്ഷ്മശരീരമുണ്ട്. നേത്രങ്ങളാൽ അവയെ ദർശിക്കാൻ സാധിക്കുകയില്ല. സ്ഥൂല ശരീരത്തിൽ സുഖദുഃഖങ്ങൾ അനുഭവിക്കാൻ കഴിയുന്നത് സൂക്ഷ്മ ശരീരം ഉള്ളതുകൊണ്ടാണ്. സൂക്ഷ്മ ശരീരത്തിന്റെ പ്രവർത്തനം നിലച്ചാൽ സ്ഥൂല ശരീരം കൊണ്ട് ഒരു പ്രയോജനവുമുണ്ടാകില്ല. മനുഷ്യശരീരത്തിൽ മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ എന്നീ ഷഡാധാരങ്ങളുണ്ട്. മൂലാധാരത്തിൽ നിന്നും കുണ്ഡലിനി ശക്തി ഉയർന്ന് ആധാരചക്രങ്ങളെയെല്ലാം കടന്ന് സഹസ്രാരപത്മത്തിൽ എത്തുമ്പോൾ ജീവൻ ശിവശക്തിത്വം (ബ്രഹ്മം) പ്രാപിച്ച് നിത്യസുഖസുഷുപ്തിയിൽ എത്തുന്നു. ആ സമയം സ്ഥൂലസൂക്ഷ്മ ശരീരഭേദം നമുക്കുണ്ടാവുന്നില്ല, അത് ജീവനിൽ ലയിക്കുന്നു. നമ്മൾ ഉറക്കം ഉണർന്ന് വരുമ്പോൾ ശരീരഭേദങ്ങൾ വീണ്ടും ഉയർന്ന് വരുന്നു. ഈ അവസ്ഥക്ക് കാരണമായ ശരീരത്തെയാണ് കാരണ ശരീരം എന്ന് പറയുന്നത്.

ഈ ശരീരത്രയങ്ങൾക്ക് പുറമെ അന്നമയ കോശം, പ്രാണമയകോശം, വിജ്ഞാനമയ കോശം, മനോമയകോശം, ആനന്ദമയകോശം എന്നീ പഞ്ചകോശങ്ങളും ശരീരത്തിലുണ്ട്.

ജീവന്റ ആസ്ഥിത്വത്തിനെ ആവരണം ചെയ്തിരിക്കുന്ന അഞ്ചു പാളികളെയാണ് പഞ്ചകോശമെന്ന് പറയുന്നത്. ഇതിൽ ആയൂർവേദത്തിന്റേയും താന്ത്രിക് മെഡിറ്റേഷന്റേയും മൗലിക തത്വങ്ങൾ അടങ്ങിയിരിക്കുന്നു. യോഗികളുടെ കാഴ്ചപ്പാടിൽ മനുഷ്യജീവിതം ശരീരത്തിലെ ഓരോ ഭാഗങ്ങളുമായും ബന്ധിതമാണ്. അതേസമയം ഓരോ അവയവങ്ങളും സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ജീവന്റെ പരമാനന്ദ സത്യത്തെ പഞ്ചകോശങ്ങളെന്ന് ഉപനിഷത്തിൽ അറിയപ്പെടുന്നു. ഈ കോശങ്ങൾ തമ്മിലുള്ള പ്രവർത്തനങ്ങളെ അറിയപ്പെടാത്ത ശക്തിയായ മായ (സത്യം) യായി കരുതാം. അന്നമയകോശം ഭൗതികതലത്തിലെ ആവരണമാണ്. പ്രാണമയകോശം പ്രാണരക്ഷക്കുള്ള ശക്തിയുടെ ആവരണവുമാണ്. മനോമയകോശം മനശക്തി സംബന്ധിച്ച് വലയവും, വിജ്ഞാനമയകോശം മനസ്സിന്റെ ഉപരിതലത്തിലായും പ്രവർത്തിക്കുന്നു. മനസ്സ് അറിവിന്റെ പാനപാത്രമാണ്. അഞ്ചാമത്തെ ആനന്ദമയ കോശം മറ്റു നാലുകോശങ്ങളാൽ ആവരണം ചെയ്തിരിക്കുന്നു. ഇതിനുള്ളിൽ ആത്മമെന്ന് സങ്കല്പിക്കുന്ന പരമാനന്ദം കുടികൊള്ളുന്നു. അനുഭവജ്ഞാനാതീതമായ മായ എന്ന സത്യമാണ് ഈ കോശത്തിൽ കുടികൊള്ളുന്നത്. ഈ കോശത്തെ സ്വർഗ്ഗീയാനുഭൂതിയായ നിർവൃതിയെന്ന് വിളിക്കാം.

**1. അന്നമയകോശം അഥവ ഭൗതിക കവചം**

അന്നമയ കവചം ഭൗതിക ശരീരത്തിന്റെ അനുഭവങ്ങളാണ്. ആത്മന്റെ (ജീവന്റെ) ഏറ്റ




വും പുറമെയുള്ള സ്ഥൂലമായ മുഖാവരണം ഇതാണ്. അന്നമെന്നുപറഞ്ഞാൽ ആഹാരം, അതിൽ മായയും ഒളിച്ചിരിക്കുന്നു. അന്നമയ കോശമെന്നത് നമ്മുടെ ഭൗതികശരീരമുൾക്കൊള്ളുന്ന ഭക്ഷണത്തിന്റെ സമതലമാണ്. ഭൗതിക കോശത്തിന്റെ അഞ്ച് സ്ഥൂലമൂലകങ്ങൾ ത്വക്ക്, രക്തം, മാംസം, അസ്തി, മജ്ജ, നാഡികൾ എന്നിവയാണ്. ഭൗതിക കവചത്തിന് ആഹാര കവചമെന്നും പറയും, കാരണം അത് ആഹാരത്തിനെ ആശ്രയിച്ചാണ് നിലനില്ക്കുന്നതും, ആഹാരം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതും. പ്രാണന്റെ നിലനില്പ്പു പൂർണ്ണമായും ഈ മായയെ ആശ്രയിച്ചിരിക്കുന്നു. വെള്ളം, വായു, ഭക്ഷണം എന്നിവകൾ പ്രാണന് ഉത്തേജനമേകി നിലനിർത്തുന്നു. വാളിനെ വാളുറ കേടില്ലാതെ സംരക്ഷിക്കുന്നതുപോലെ പ്രാണനെ കാത്തുസൂക്ഷിക്കുന്നത് അന്നമയ കോശമാണ്. ഭക്ഷണമില്ലാതെ ഒരുവന് ഏതാനും ദിവസം കഴിഞ്ഞു കൂടേണ്ടിവന്നാൽ ഏതു നിമിഷവും അയാളുടെ പ്രാണനറ്റുപോകും.

**2. പ്രാണമയകോശം അഥവ ഊർജ്ജകവചം**

ഭൗതിക ശരീരവും ജീവന്റെ ഉപാധികളായ മറ്റു കോശങ്ങളും മനസ്സും തമ്മിൽ ബന്ധിപ്പിക്കുന്നത് പ്രാണമയ കോശമാണ്. മനുഷ്യനിലെ ഊർജ്ജകവചത്തിന്റെ ഭൗതിക തലത്തിലെ പ്രകടനം ശ്വാസോച്ഛ്വാസമായിട്ടാണ് നടക്കുന്നത്. ജീവന്റെ ശക്തിയായ പ്രാണൻ മനുഷ്യാവയവങ്ങളിൽ എല്ലാം പ്രവർത്തിക്കുന്നു. ഭൗതികശരീരം കൂടാതെ അന്നമയയുടെ ശക്തിയിൽ ആത്മം ആ കവചത്തിനുള്ളിൽ ഉറങ്ങുന്നു. മനുഷ്യശരീരത്തിലെ ഓരോ ചലനങ്ങളും പ്രാണനുമൊത്ത് പ്രവർത്തിച്ച് സ്വയംവിവേകമതികളാകുന്നു. രക്തമാംസത്തോടെയുള്ള മനുഷ്യനിൽ ആത്മമെന്ന മായാശക്തിയും നിറയപ്പെടുന്നു. പ്രാണമയകോശം പ്രാണവായുവിനോടും നാഡികളിലെ രക്തയോട്ടത്തോടും ബന്ധിതമാണ്.

പ്രാണവായു അഞ്ച് വിധമെന്ന് ഉപനിഷത്ത് പറയുന്നു. പ്രാണ, അപാന, സാമന, ഉദന, വ്യാന എന്നിങ്ങനെയാണവ വിശേഷിക്കപ്പെടുന്നത്. ഇവകൾ ഓരോന്നും വിവിധ അവയവങ്ങളുടെ പ്രവർത്തനത്തെ സ്വാധീകരിക്കുന്നു. പ്രാണഹൃദയത്തേയും ശ്വാസകോശത്തേയും ബന്ധിപ്പിച്ച് പ്രവർത്തിക്കുന്നു. ആമാശയങ്ങൾ, കിഡ്നി, അടിവയർ ജനനേന്ദ്രിയം എന്നിവയുടെ പ്രവർത്തനങ്ങളെ അപാന സഹായിക്കുന്നു. സാമ്ന ഹൃദയം പാൻക്രിയാസ്, കരൾ എന്നിവകളുടെ പ്രവർത്തനത്തിന് സഹായകമാകുന്നു. തലച്ചോറിനേയും, തല, കഴുത്ത് എന്നിവയേയും ഇന്ദ്രീയാനുഭൂതികളേയും ബന്ധിച്ച് പ്രവർത്തിക്കുന്നത് ഉദനയാണ്. മനുഷ്യശരീരത്തിന് മൊത്തമായ ശക്തി സംഭരിച്ചു വെയ്ക്കുന്നത് വ്യാനയാണ്. ശരീരത്തിന്റെ ശക്തിയേയും നീക്കങ്ങളേയും നിയന്ത്രിക്കുകയും ചെയ്യുന്നത് വ്യാനയാണ്.

**3. മനോമയകോശം**

മനസ്സിനെ ആവരണം ചെയ്തിരിക്കുന്ന ഈ പാളികളിൽ കാര്യകാരണങ്ങളെ ചിന്തിക്കുവാനും നീതീകരിക്കുവാനും അഞ്ചുമണ്ഡലങ്ങളിലേയും ഇന്ദ്രീയങ്ങൾ യോജിച്ചു പ്രവർത്തിക്കുവാനും ഇടയാക്കുന്നു. ഉപബോധമനസ്സിന്റെ പ്രവർത്തനങ്ങളും ഇതിൽ ക്രോഡീകരിക്കപ്പെടുന്നു. ഈ കോശത്തോടൊപ്പം അന്നമയയും പ്രാണമയയും യോജിച്ചു പ്രവർത്തിക്കുന്നു. ഉള്ളിലുള്ള ലോകവും ബാഹ്യലോകവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഉപാധികൂടിയാണ് മനസ്സെന്നു പറയുന്ന ഈ മായികകോശം. ബാഹ്യമായ ലോകങ്ങളെ ഇന്ദ്രിയങ്ങളിൽ കൂടി ആവാഹിച്ച് അഹം ബോധത്തെ സൃഷ്ടിക്കുന്നു. ഭൗതിക ശരീരത്തിനുള്ളിൽ അന്തർജ്ഞാനത്തെ നിറയ്ക്കുന്നതും പരിപോഷിപ്പിക്കുന്നതും ഈ കോശമാണ്. ആന്തരികമായ ധാരണാശക്തിയുടെ അഞ്ച് ഉപകരണങ്ങൾ ഈ കവചത്തിനുള്ളിൽ സ്ഥിതിചെയ്യുന്നു. മനസ്സ്, അഹങ്കാരം, ബുദ്ധി, ചിത്തം, വിവേകം എന്നിവയാണവ. വിവേക കവചത്തിലൂടെയാണ് സനാതനമായ അറിവുകൾ ബുദ്ധിയിലേക്ക് പകരുന്നത്.

**4. വിജ്ഞാനമയകോശം**

വിജ്ഞാനവും വിവേകവും തമ്മിൽ ബന്ധിപ്പിക്കുന്നത് ഈ കോശത്തിനുള്ളിലാണ്. ചിലപ്പോൾ ഉപബോധമനസ്സുമായും പ്രവർത്തിക്കുന്നു. അഗാധമായ ചിന്തകൾ ഉദിക്കുന്ന സമയത്തും മനസ്സിനെ സമതുലനാവസ്ഥയിൽ നിലനിറുത്തുന്നത് വിവേകമെന്ന ഈ കോശമാണ്. ഇത് ഒരു വ്യക്തിയും പ്രപഞ്ചവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ്. ഇതിന്റെ സഹായത്തോടെ ബോധമനസ്സിലേക്ക് അറിവുകളെ പ്രവഹിപ്പിക്കുന്നു. ഈ കോശം പ്രവർത്തിക്കുന്ന സമയത്താണ് ഒരുവനിൽ അന്തർജ്ഞാനവും ഉണ്ടാകുന്നത്. ബാഹ്യപ്രപഞ്ചത്തിൽ നിന്നും ഉണ്ടാകുന്ന വാസ്തവികതയെ തിരിച്ചറിയുന്നതും ഇവിടെയാണ്. പുസ്തകങ്ങളിലൂടെയല്ലാതെ ഉണ്ടാകുന്ന വിവേകവും വിജ്ഞാനവും നമ്മുടെ ഹൃദയത്തിൽ നിന്നുള്ള പരമസത്യവും തിരിച്ചറിയപ്പെടുന്നതും വിജ്ഞാനമായ കോശത്തിലൂടെയാണ്.

**5. ആനന്ദമയകോശം**

പരമാത്മാവിലേക്കുള്ള ആത്മത്തിന്റെ, അതീതമായ പ്രാണന്റെ ഉറവിടവും ഇവിടെയാണ്. ഉപബോധമനസ്സിനെ സൂക്ഷിക്കുന്നതും ഈ കോശത്തിൽ തന്നെയാണ്. എല്ലാ യോഗാഭ്യാസങ്ങളും ഭൗതികശരീരത്തിൽ അന്നമയ കോശങ്ങളെ ഉണർത്തുന്നു. പ്രാണമയകോശങ്ങൾ കൂടുതൽ ശക്തിയാർജ്ജിക്കുന്നു. തൽഫലമായി മനോമയകോശങ്ങളും ഉണർന്നു പ്രവർത്തിക്കും. മനസ്സും ശരീരവും ശക്തിയും ഉപബോധമനസ്സും യോഗയിൽ ഒന്നായി പ്രവർത്തിക്കുന്നതുമൂലം ആത്മജ്ഞാനവും ഉള്ളിൽ നിറഞ്ഞുകൊണ്ടിരിക്കുന്നു.

**മൂലനാഡികൾ**

നമ്മുടെ ശരീരത്തിലെ ഊർജ്ജവാഹിനികളാണ് നാഡികൾ. ഈഢയും പിംഗളയും സുഷുമ്നയുമാണ് മൂല നാഡികൾ. നട്ടെല്ലിന്റെ രണ്ടറ്റങ്ങളിലായി രണ്ടു ദ്വാരങ്ങളുണ്ട്. എല്ലാ നാഡികളും കടന്നുപോകുന്നത് ഈ നാളങ്ങളിൽ കൂടിയാണ്. പ്രാണമയകോശത്തിൽ ഏതാണ്ട് 72000 നാഡികളുണ്ട്. ഈ നാഡികളെല്ലാം ഉത്ഭവിക്കുന്നത് മേൽപ്പറഞ്ഞ മൂന്ന് നാഡികളിൽ നിന്നുമാണ്. ഇടതുവശത്ത് ഈഢ, വലതുവശത്തായി പിംഗള, നടുവിലുള്ളത് സുഷുമ്ന നാഡി എന്നു പറയുമ്പോൾ കേവലം ഞരമ്പ് എന്ന് അർത്ഥമാക്കരുത്. ശരീരത്തിൽ പ്രാണന് സഞ്ചരിക്കുവാനുള്ള വഴികളാണ് നാഡികൾ. നമ്മുടെ ശരീരം കീറിമുറിച്ച് നോക്കിയാൽ കാണാവുന്നതല്ല ഈ നാഡികൾ. എന്നാൽ സൂക്ഷ്മമായി നിരീക്ഷിച്ചാൽ ബോധപൂർവ്വം ശ്രദ്ധിച്ചാൽ, പ്രാണസഞ്ചാരം എന്നത് ഒരു ഭ്രമണവുമില്ലാതെ എങ്ങനെയോ നടക്കുന്നതല്ല എന്ന് നമുക്ക് മനസ്സിലാകും. പ്രാണൻ സൂക്ഷ്മനയിൽ പ്രവേശിക്കുമ്പോഴാണ് ജീവൻ യഥാർത്ഥത്തിൽ പ്രകടമാകുന്നത്, ജീവിതം ആരംഭിക്കുന്നത്.

ഈഢ, പിംഗള എന്നീ രണ്ടു നാഢീകളിലൂടെ സാധാരണ ഒരേ സമയം ശ്വാസം ഒരുപോലെ സഞ്ചരിക്കുകയില്ല. മൂക്കിലെ ശ്വാസം കൈവെച്ച് പരിശോധിച്ചാൽ നമുക്കിത് അറിയാൻ കഴിയും. ഈഢ തണുപ്പാണ് ആയതിനാൽ അതിനെ ചന്ദ്രൻ എന്നും പിംഗള ചൂട് ആയതിനാൽ അതിനെ സൂര്യനെന്നും വിശേഷിപ്പിക്കുന്നു. സൂഷ്മന അഗ്നിയും ഹംസ രൂപവുമാകുന്നു. ഹംസത്തിന്റെ ചിറകുകൾ ഈഢയും പിംഗളയുമാണെന്നാണ് സങ്കല്പം. പ്രകൃതിയിലെ ദ്വന്ദഭാവങ്ങളാണ് ഈഢയും പിംഗളയും. ഇവയെ ശിവനും ശക്തിയുമായി കരുതുന്നു. ഒന്ന് നമ്മളിൽ അന്തർലീനമായിട്ടുള്ള യുക്തിബോധമാണ്, മറ്റേത് സ്വാഭാവികമായിട്ടുള്ള ഉൾക്കാഴ്ചയുമാണ്. ഏത് നാഡിയിൽ കൂടിയാണോ കൂടുതലായി ശ്വാസം സഞ്ചരിക്കുന്നത് ആ നാഡിയുടെ സ്വഭാവം ശരീരത്തിൽ ഉണ്ടായിരിക്കും. യോഗികൾ തണുപ്പുള്ള സ്ഥലങ്ങളിൽ (ഹിമാലയം പോലുള്ള) ശരീരം ചൂടാക്കാൻ സൂര്യനാഡിയിൽ കൂടി പ്രാണനെ കയറ്റുകയും മണിപൂരകചക്രത്തിൽ സംയമനം നടത്തുകയും ചെയ്യുന്നതിലൂടെ ശരീരം ചൂടാകും. തിരിച്ചു പ്രവർത്തിച്ചാൽ ചൂടുള്ളപ്പോൾ ശരീരത്തെ തണുപ്പിക്കുവാനും കഴിയും.

ചന്ദ്രനാഡി പ്രവർത്തിക്കേണ്ട സമയം സൂര്യനാഡി പ്രവർത്തിച്ചാലും സൂര്യനാഡിപ്രവർത്തിക്കേണ്ട സമയം ചന്ദ്രനാഡി പ്രവർത്തിച്ചാലും ആ സമയത്ത് മംഗളകരമായ ഒന്നും ചെയ്യരുത്. ചന്ദ്രസ്വരം ഉദിക്കുന്ന സമയം വ്യക്തിക്ക് സമാധാനത്തിൽ കാര്യങ്ങൾ ചിന്തിക്കുവാനും ശരിയായ തീരുമാനങ്ങൾ എടുക്കുവാനും സാധിക്കും. സൂര്യസ്വരം നമ്മുടെ അലസത മാറ്റി ഊർജ്ജസ്വലമാക്കുന്നു. ശാരീരിക അദ്ധ്വാനമുള്ള കർമ്മങ്ങൾക്ക് അവ ഗുണം ചെയ്യും. എന്നാൽ കർമ്മങ്ങൾക്ക് ആയുസ്സ് കുറവാകും.

സുഷുമ്ന സ്വരം ആത്മീയമായ വിഷയങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ, മനസ്സ് നിശ്ചലമാകും. സ്വരം ആദ്യം സഞ്ചരിക്കുന്നത് വായുവിലൂടെയും രണ്ടാമത് അഗ്നിയിലൂടെയും മൂന്നാമത് ഭൂമിയിലൂടെയും നാലാമതായി ജലത്തിലൂടെയുമാണ്.

ഈഢ നാഡിപ്രവർത്തിക്കുമ്പോൾ ശാന്തിയും സമാധാനവുമായ ജോലികൾ ചെയ്യുക, ദാനധർമ്മങ്ങൾ ചെയ്യുക, ദീർഘയാത്രചെയ്യുക, വിത്ത് നടുക, വെള്ളം കുടിക്കുക, പാടുക, ഗൃഹോപകരണങ്ങൾ വാങ്ങുക, സൽപ്രവർത്തികൾ ചെയ്യുക, മിത്ര സംഗമം, സന്ധിസംഭാഷണം മുതലായവയല്ലാം നടത്താം. വലതു നാഡി പ്രവർത്തിക്കുമ്പോൾ ശാരീരികാദ്ധ്വാനം, കഠിനപ്രവർത്തികൾ, വ്യായാമം മുതലായ സാഹസികമായ എല്ലാം ചെയ്യാം. ഫലപ്രവചനത്തിന് സ്വരശാസ്ത്രം ഉപയോഗിക്കേണ്ട രീതി ജ്യോതിഷഗ്രന്ഥമായ പ്രശ്നമാർഗ്ഗത്തിൽ വ്യക്തമാക്കുന്നുണ്ട്. ജ്യോത്സ്യന്മാർ സ്വരോദയം അറിയുന്നത് ഗുണം ചെയ്യും.

സുഷുമ്നയിൽ പ്രാണൻ സഞ്ചരിക്കുമ്പോൾ നല്ലതും ചീത്തയും ആയ പ്രവർത്തികൾ ഒന്നും ചെയ്യരുത്. ധ്യാനയോഗ പൂജാകർമ്മാദികൾ ചെയ്യാം. സാധാരണക്കാർക്ക് രണ്ടു മണിക്കൂറിൽ കൂടുതൽ സുഷ്മനയിൽ പ്രാണൻ സഞ്ചരിച്ചാൽ ആരോഗ്യപ്രശ്നമുണ്ടാകും. ഏത് മൂക്കിലൂടെയാണ് ശ്വാസം സഞ്ചരിക്കുന്നത് എന്ന് കൈ വെച്ച് പരിശോധിക്കാം. പല രീതിയിൽ കൂടി സ്വരം മാറ്റാൻ കഴിയും. ചന്ദ്രസ്വരം സഞ്ചരിക്കാൻ വലതു വശം ചരിഞ്ഞു കിടക്കുക. സൂര്യസ്വരം സഞ്ചരിക്കുന്നതിന് ഇടതുവശം ചരിഞ്ഞു കിടക്കുക. അല്ലെങ്കിൽ ഏത് സ്വരമാണോ വേണ്ടത് ആ ഭാഗത്തിന് എതിർ ഭാഗത്തെ മൂക്ക് അടച്ചു വെച്ച് പത്തു പന്ത്രണ്ട മിനിറ്റ് ശ്വസിക്കുക.

ഉള്ളിലുള്ള-ഈഢ-പിംഗള ശക്തികളെ ശരിയായി സമന്വയിപ്പിച്ച് കൊണ്ടുപോകാൻ സാധിച്ചാൽ നമ്മുടെ എല്ലാപ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാകും. ജീവിതത്തിന്റെ വിവിധ വശങ്ങളെ കൂടുതൽ സമർത്ഥമായി കൈകാര്യം ചെയ്യാനും സാധിക്കും. മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന സുഷ്മന എപ്പോഴും നിദ്രാവസ്ഥയിലാണ്. എന്നാൽ ഒരു ശരീരത്തിൽ ഏറ്റവും പ്രധാനപ്പെട്ട നാഡി സുഷുമ്ന തന്നെയാണ്. പ്രാണൻ സുഷ്മനയിൽ എത്തുമ്പോൾ മാത്രമാണ് ശരിയായ അർത്ഥത്തിൽ ജീവൻ പ്രകടനമാകുന്നത്. അടിസ്ഥാനപരമായി നോക്കുമ്പോൾ സുഷ്മന ഗുണരഹിതമാണ്. അത് ഒരു ശൂന്യസ്ഥലം പോലെയാണ്. സുഷ്മനയിലേക്ക് പ്രാണൻ പ്രവേശിച്ചുകഴിഞ്ഞാൽ വൈരാഗ്യം പ്രാപിച്ചിരിക്കുന്നു എന്നാണ് പറയുക. രാഗം എന്നാൽ നിറം എന്നാണർത്ഥം അപ്പോൾ വൈരാഗ്യമെന്നാൽ നിറമില്ലാത്തത് എന്നായി. അതോടെ നാം തികച്ചും സ്വച്ഛവും സുതാര്യവുമായ നിലയിലായി എന്ന് മനസ്സിലാക്കാം.

സുതാര്യമായ വസ്തുവിൽ ഏതു നിറവും പ്രതിഫലിപ്പിക്കാനാവും വൈരാഗിയും ഏതിനോടും ചേരും എന്നാൽ മറെറാന്നിനും അതിനോടു ചേരാനാവുകയില്ല. ഈയൊരവസ്ഥയിലേക്ക് മനസ്സെത്തിക്കഴിയുമ്പോഴേ ജീവിതത്തിന്റെ എല്ലാ മതങ്ങളേയും സ്പർശിക്കാൻ നമുക്ക് ധൈര്യം ഉണ്ടാവുകയുള്ളൂ. നമ്മുടെ സാഹചര്യങ്ങളിൽ ഏതെങ്കിലും അപാകത സംഭവിച്ചാൽ ഉടനെ നമ്മളിൽ അതിനനുസരിച്ചുള്ള പ്രതികരണമുണ്ടാകും. നമ്മുടെ സമനില സ്വാഭാവികമായും തെറ്റും. കാരണം, അതാണ് ഈഢ-പിംഗളകളുടെ പ്രകൃതം ബാഹ്യമായതിനെയെല്ലാം അവ ചേർക്കുന്നു, പ്രതികരിക്കുന്നു. എന്നാൽ സുഷുമ്നയിൽ പ്രാണൻ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ പുറമെ എന്തു തന്നെ സംഭവിച്ചാലും മനസ്സിന്റെ സമനിലക്ക് മാറ്റം വരികയില്ല. അവനവന്റെ ഉള്ളിൽ തന്നെ ശാന്തവും സ്വസ്ഥവുമായൊരിടം, അതിന്റെ ധൈര്യം കെടുത്താൻ ഒന്നിനുമാകില്ല. പുറമെ എന്തു സംഭവിച്ചാലും അകമെ അക്ഷോഭ്യനായിരിക്കും. ഈ തരത്തിലുള്ള സ്ഥിരചിത്തത കൈവരിക്കാനായാൽ മാത്രമെ ശുദ്ധ ബോധാവസ്ഥയിലേക്ക് നമുക്ക് ചുവടുവെയ്ക്കാനാകൂ.

ഓരോ മനുഷ്യന്റേയും സൂക്ഷ്മശരീരത്തിൽ ഉറങ്ങി കിടക്കുന്ന ശക്തിയാണ് 'കുണ്ഡലിനി' എന്ന പേരിൽ അറിയപ്പെടുന്നത്. മൂലാധാര-സ്വാധിഷ്ഠാന-മണിപൂരക-അനാഹത-വിശുദ്ധി-ആജ്ഞ എന്നീ ആറ് ചക്രങ്ങളോടുകൂടി സ്ഥൂല ശരീരത്തിൽ നട്ടെല്ലിലെ സുഷുമ്നാ നാഡിയിലെ ഓരോ ആധാരകേന്ദ്രങ്ങളിലും അതിനപ്പുറവുമായി സൂക്ഷ്മ ശരീരത്തിൽ ചൈതന്യ രൂപത്തിൽ കുടികൊള്ളുന്ന ശക്തിയായും കുണ്ഡലിനിയെ വിശേഷിപ്പിക്കാറുണ്ട്. മനു

*(ശേഷം പേജ് 36)*

# വളഞ്ഞമ്പലം ദേവി ക്ഷേത്ര ഉത്സവം 2022



**ഒന്നാം ദിവസം 2022 ജനുവരി 17, തിങ്കളാഴ്ച**
വൈകുന്നേരം 7.30ന് : **തൃക്കൊടിയേറ്റ്**
8.30ന് കിഷാത്ത് ഓർക്കെസ്ട്ര തൃപ്പൂണിത്തുറ അവതരിപ്പിക്കുന്ന **സർവ്വവാദ്യസമന്വയം**

**രണ്ടാം ദിവസം 2022 ജനുവരി 18, ചൊവ്വാഴ്ച**
വൈകുന്നേരം 7.30ന് : കളരിപ്പയറ്റ് (ഇ.വി.എൻ.കളരി നെട്ടൂർ
8.30ന് ചലച്ചിത്രഗാനഭക്തിഗാനസുധ

**മൂന്നാം ദിവസം 2022 ജനുവരി 19, ബുധനാഴ്ച**
വൈകുന്നേരം 8.30ന് : സ്വരരാഗസുധ ഡോ. ജയശങ്കർ പള്ളിപ്പുറം

**നാലാം ദിവസം 2022 ജനുവരി 20, വ്യാഴാഴ്ച**
വൈകുന്നേരം 8.30ന് : നൃത്യക്ഷേത്ര അവതരിപ്പിക്കുന്ന നൃർത്യാർച്ചന

**അഞ്ചാം ദിവസം 2022 ജനുവരി 21, വെള്ളിയാഴ്ച**
വൈകുന്നേരം 7.30ന് : ഇൻസ്ട്രുമെന്റൽ ഫ്യൂഷൻ മ്യൂസിക് പ്രശസ്ത വയലിനിസ്റ്റ് ശ്രീ. ആറ്റുകാൽ ബാലസുബ്രഹ്മണ്യം

**ആറാം ദിവസം 2022 ജനുവരി 22, ശനിയാഴ്ച**
വൈകുന്നേരം 8.30ന് : തായമ്പക
ശ്രീ കല്പാത്തി ബാലകൃഷ്ണൻ
10.30ന് ചെറിയവിളക്ക്

**ഏഴാം ദിവസം 2022 ജനുവരി 23, ഞായറാഴ്ച**
വൈകുന്നേരം 4.00 ന് : പകൽപ്പൂരം
വൈകുന്നേരം 6.30ന് കഥകളി
9.00ന് ഗാനമേള, 11.30ന് വലിയവിളക്ക്

**എട്ടാം ദിവസം 2022 ജനുവരി 24, തിങ്കളാഴ്ച**
വൈകുന്നേരം 7.15ന് ശേഷം കൊടിയിറക്കം
7.30ന് ഓട്ടൻതുള്ളൽ
9.00ന് നാട്ടുകലകളുടെ പെരുങ്കളിയാട്ടം

## അഭിനന്ദനങ്ങൾ




എൽ.കെ.ജി. വിദ്യാർത്ഥിയായ അദ്വൈത് അരുൺ സ്പെയ്സിനെ സംബന്ധിച്ചുള്ള 124 ചോദ്യങ്ങളുടെ ശരിയായ ഉത്തരം 4 മിനിട്ട് 41 സെക്കന്റ് കൊണ്ട് നല്കി ഇന്ത്യാബുക്ക് ഓഫ് റിക്കാർഡ് നേടുകയുണ്ടായി. ഇത്ര ചെറുപ്രായത്തിൽ തന്നെ അഭിമാനാർഹമായ ഈ നേട്ടം കൈവരിച്ച അദ്വൈതിന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. ഈ കൊച്ചുമിടുക്കന് മേലിലും ഇതു പോലെയുള്ള നേട്ടങ്ങൾ കൈവരിക്കാൻ ജഗദീശ്വരന്റെ അനുഗ്രഹമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അദ്വൈത് ശ്രീ അരുൺകുമാറിന്റെയും ഡോ. ദേവിശ്രീയുടെയും മകനും നമ്മുടെ കരയോഗാംഗമായ ശ്രീ എം.വി. ഉണ്ണികൃഷ്ണകാർണവരുടെ ( L/3105) പേരക്കുട്ടിയുമാണ്.

ഓം നമഃ ശിവായ



# എറണാകുളം ശിവക്ഷേത്ര ഉത്സവം 2022

**02.02.2022 ബുധനാഴ്ച (1197 മകരം 19) മുതൽ**
**12.02.2022 ശനിയാഴ്ച (1197മകരം 29) വരെ**

**ഒന്നാം ദിവസം 05.02.2022 ശനിയാഴ്ച (1197 മകരം 22)**

വൈകുന്നേരം 7.00 ന് : **കൊടിയേറ്റം,** കൂട്ടവെടി
രാത്രി 8.00 ന് : തായമ്പക
അവതരണം : ശ്രീ. കടവൂർ അഖിൽ & പാർട്ടി ക്ഷേത്രത്തിനു പുറത്ത്
രാത്രി 8.00 ന് : കർണ്ണാട്ടിക് സംഗീതകച്ചേരി
വായ്പ്പാട്ട് : പ്രശസ്ത സംഗീതജ്ഞൻ ശ്രീ. ചെങ്കോട്ട ഹരിഹര സുബ്രഹ്മണ്യൻ
വയലിൻ : ശ്രീ. ആറ്റുകാൽ സുബ്രഹ്മണ്യൻ
മൃദംഗം : ശ്രീ. കെ. എസ്. മണി,
ഘടം : തൃപ്പൂണിത്തുറ രാധാകൃഷ്ണൻ

**രണ്ടാം ദിവസം 06.02.2022 ഞായറാഴ്ച (1197 മകരം 23)**

രാവിലെ : ശിവേലി
വൈകുന്നേരം : കാഴ്ചശീവേലി , മേളം.
വൈകുന്നരം 8.30 മുതൽ തായമ്പക
അവതരണം : ശ്രീ. ചെറുതാഴം വിഷ്ണുരാജ്
വൈകുന്നരം 6.00 മുതൽ : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം ഉദ്ഘാടനം

**മൂന്നാം ദിവസം 07.02.2022 തിങ്കളാഴ്ച (1197 മകരം 24)**

രാവിലെ : ശീവേലി
വൈകുന്നേരം : കാഴ്ചശീവേലി, മേളം
പ്രമാണം : പെരുവനം സതീശൻ മാരാർ
രാത്രി 6.30 മുതൽ: മേജർസെറ്റ് കഥകളി
അവതരണം : എറണാകുളം കരയോഗം കഥകളിക്ലബ്ബ്
വൈകുന്നരം 6.00 മുതൽ : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം
ഡി. എച്ച് ഗ്രൗണ്ട് സ്റ്റേജ് 2
വൈകുന്നരം 6.00 മുതൽ : കുച്ചിപ്പുടി
അവതരണം : രാഖി ഹരിദാസ് ബാംഗ്ലൂർ & പാർട്ടി

**നാലാം ദിവസം 08.02.2022 ചൊവ്വാഴ്ച (1197 മകരം 25)**

രാവിലെ : ശീവേലി
വൈകുന്നേരം : കാഴ്ചശീവേലി, മേളം
പ്രമാണം : പെരുവനം പ്രകാശൻ മാരാർ
വൈകുന്നേരം 8.00 ന് : തായമ്പക
അവതരണം : ശ്രീ. നീലേശ്വരം സതീഷ് മാരാർ & പാർട്ടി
വൈകുന്നേരം 6.00 മുതൽ : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം
ഡി. എച്ച് ഗ്രൗണ്ട് സ്റ്റേജ് 2
വൈകുന്നേരം 6.00 ന് : ഭരതനാട്യം & മോഹിനിയാട്ടം
അവതരണം : നാട്യഭാരതി ഡാൻസ് സ്കൂൾ വൈറ്റില

**അഞ്ചാം ദിവസം 09.02.2022 ബുധനാഴ്ച (1197 മകരം 26)**

രാവിലെ : ശീവേലി
വൈകുന്നേരം : : കാഴ്ചശീവേലി,
മേളം : പ്രമാണം പത്മശ്രീ. പെരുവനം കുട്ടൻ മാരാർ
രാത്രി 8.00 ന് ഡബിൾ തായമ്പക : ശ്രീ മട്ടന്നൂർ ശ്രീരാജ് & ശ്രീ. ചിറയ്ക്കൽ നിധീഷ്

ഡി. എച്ച് ഗ്രൗണ്ട് : വൈകുന്നേരം 6.00 മുതൽ : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം

**ആറാം ദിവസം 10.02.2022 വ്യാഴാഴ്ച (1197 മകരം 27)**

**ചെറിയ വിളക്ക്**

രാവിലെ 7.30 ന് : ശീവേലി, മേളം.
പ്രമാണം : തിരുവല്ല രാധാകൃഷ്ണൻ
10.00 മുതൽ : ഉത്സവബലി ദർശനം, കൂട്ടവെടി
രാത്രി 8.30 ന് : തായമ്പക
അവതരണം : ശ്രീ. കല്ലൂർ ജയൻ & പാർട്ടി
വൈകുന്നേരം 6.30 ന് സംഗീത കച്ചേരി
അവതരണം : പ്രശസ്ത സംഗീതജ്ഞൻ കലൈമണി ശ്രീ. സിക്കിൽ ഗുരുചരൺ
ക്ഷേത്രമതിൽക്കകത്ത്
രാത്രി 11.00 ന് : ചെറിയ വിളക്ക്

**ഏഴാം ദിവസം 11.02.2022 വെള്ളിയാഴ്ച (1197 മകരം 28)**

**വലിയ വിളക്ക്**

രാവിലെ 8.00 ന് : ശീവേലി, മേളം
പ്രമാണം : ശ്രീ. ചേരാനെല്ലൂർ ശങ്കരൻകുട്ടി മാരാർ
വൈകുന്നേരം 3.00 ന് : **പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം**
7.00 ന് : കൂട്ടവെടിവഴിപാട്
ഡി. എച്ച് ഗ്രൗണ്ട് : വൈകുന്നേരം 6.00 ന് : പകൽപ്പൂരം അണിനിരക്കൽ
തങ്കകുടത്തിൽ കാണിക്കയിടൽ തുടർന്ന് വർണ്ണാഭമായ കുടമാറ്റം
**ഗംഭീര പാണ്ടിമേളം** : പെരുവനം കുട്ടൻ മാരാർ
8.30 ന് : **കരിമരുന്നു പ്രയോഗം**
പകൽപ്പൂരത്തിന് ശേഷം മെഗാ ഷോ
രാത്രി 11.00 മുതൽ : **വലിയ വിളക്ക്, പള്ളിവേട്ട**

**എട്ടാം ദിവസം 12.02.2022 ശനിയാഴ്ച (1197 മകരം 29)**

**ആറാട്ട്**

രാവിലെ 7.00 ന് : പള്ളിയുണർത്തൽ
9.00 മുതൽ : ശീവേലി, മേളം
പ്രമാണം : ശ്രീ. പെരുവനം ശങ്കരനാരായണൻ
വൈകുന്നേരം 7.00 ന് : കൂട്ടവെടി
വൈകുന്നേരം 7.30 ന് : കൊടിയിറക്കൽ

**ആറാട്ട് പുറപ്പാട്**

രാത്രി 9.30 ന് : ആറാട്ടെഴുന്നള്ളിപ്പ്
മേജർസെറ്റ് പഞ്ചവാദ്യം : കോങ്ങാട് മധുവും സംഘവും
വെളുപ്പിന് 2.00 മുതൽ : **ഗംഭീര പാണ്ടിമേളം**
3.00 മുതൽ ഡി. എച്ച് ഗ്രൗണ്ടിൽ : ആറാട്ട് എതിരേൽപ്പ്
വെള്ളിക്കുടത്തിൽ കാണിക്കയിടൽ പ്രധാനം
തുടർന്ന് **വെടിക്കെട്ട്**
കൊടിക്കൽ പറ, 25 കലശം

ശുഭം

*(പേജ് 33ന്റ തുടർച്ച)*

ഷ്യന് സുഖാവസ്ഥ കൈവരാൻ ഷഡാധാരച ക്രങ്ങളെക്കുറിച്ച് അറിയേണ്ടതുണ്ട്. ഒരു നൂലിൽ കോർത്തമുത്തുമണികൾ പോലെ കൃശമായ സുഷ്മന നാഡിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ആറ് ശക്തികേന്ദ്രങ്ങളെയാണ് ഷഡാധാരങ്ങൾ എന്നു പറയുന്നത്. ഇവ കൂടാതെ ശിരസ്സിൽ 'സഹസ്രാരപത്മം' ആയിരം ഇതളുകളുള്ള ഒരു താമര ഉണ്ട് എന്നു വിശ്വസിച്ചാൽ, ആ താമര വിടർന്നു നിൽക്കുന്നതായി അനുഭവപ്പെടും. കുണ്ഡലിനി ശക്തി ശിരസ്സിൽ എത്തിയാൽ സാധാരണക്കാരനായിരുന്ന ഒരാൾ യോഗി ആയി മാറും.

ആത്മചൈതന്യം, ശരീരം, ആരോഗ്യം എന്നിവ തമ്മിലുള്ള സന്തുലിതാവസ്ഥയിലെത്തുന്ന പ്രക്രിയയാണ് ചക്രവിന്യാസങ്ങൾ. ശരീരത്തിലുടനീളം യോജിച്ച ഊർജ്ജപ്രവാഹമുണ്ടെന്ന് ഇത് ഉറപ്പാക്കുന്നു. ചക്ര എന്ന വാക്കിന്റെ അർത്ഥം സംസ്കൃതത്തിൽ ചക്രം എന്നാണ്. ധ്യാന രീതികൾ അനുസരിച്ച, ചക്രങ്ങൾ എപ്പോഴെങ്കിലും സമന്വയത്തിലല്ലെങ്കിൽ നമ്മുടെ ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. ഒരോ ചക്രങ്ങളും ഒരു പ്രത്യേക ശരീര ഭാഗവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏഴു പ്രധാനചക്രങ്ങളിൽ ഓരോന്നിനും സവിശേഷമായ പ്രാധാന്യമുണ്ട്. അവ നമ്മുടെ സുഷ്മന നാഡിയുടെ അവസാനത്തിൽ നിന്ന് ആരംഭിച്ച് ശിരസ്സിന്റെ ഏറ്റവും അറ്റം വരെ പോകുന്നു. ചക്രങ്ങൾ കണ്ടെത്തുന്നതും വിശകലനം ചെയ്യുന്നതും പഴയ വൈകാരികവും ശാരീരികവുമായ മുറിവുകൾ ഭേദമാക്കാൻ സഹായിക്കും. നമ്മുടെ ശരീരത്തിലെ ഏഴു ചക്രങ്ങളും അവയുടെ പ്രവർത്തനങ്ങളും ഏതൊക്കെയെന്ന് നമുക്ക് നോക്കാം.

**1. മൂലാധാര ചക്ര അഥവ റൂട്ട് ചക്രം**

ശരീരത്തിലെ ആദ്യ ചക്രമാണ് റൂട്ട് ചക്രം. മൂലാധാരചക്രം നട്ടെല്ലിന്റെ അടിയിൽ ഗുദത്തിനും ലിംഗ-യോനിക്കും മദ്ധ്യത്തിലായി സുഷുമ്നനാഡിയിൽ സ്ഥിതിചെയ്യുന്നു. നമ്മളുടെ മനസ്സിനേയും ശരീരത്തേയും ആത്മാവിനേയും ഭൂമിയുമായി ബന്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ധർമ്മം. ഈ ചക്രം സ്വഭാവത്തിൽ സ്ത്രീലിംഗമാണ്. ഗണപതിയെ മൂലാധാരചക്രത്തിന്റെ അധിപതിയായി കരുതുന്നു. മൂലാധാര ചക്രം നാല് ഇതളുകളോടുകൂടിയ താമരയാണ്. പ്രതലം അല്ലെങ്കിൽ ഭൂമിയാണ് മൂലകം. ഇതിന് ചുവപ്പ്, ഓറഞ്ച് നിറങ്ങളാണ്. അതിജീവിതത്തിനും അടിസ്ഥാന ശാരീരികപ്രവർത്തനങ്ങൾക്കും അടിസ്ഥാനപരമായ മനുഷ്യശേഷിക്കും, ആസ്തിത്വത്തിനും ആവശ്യമാണ് ഈ ചക്രം 'മലം' അഥവ 'മൂൽ' എന്ന സ്ഥിരത നൽകുന്ന റൂട്ട് അഥവ ഫൗണ്ടേഷൻ ആണ് ഈ ചക്രം.

മസ്കുലർ സിസ്റ്റം, അസ്ഥികൂടം, നട്ടെല്ല്, ടിഷ്യൂ, അഡ്രീനൽ ഗ്രന്ഥികൾ, ചർമ്മം, ലൈംഗിക അവയവങ്ങൾ, രക്ത ഗുണം, ചൂട്, പ്രത്യുൽപാതനം എന്നിവയെ ഇവ നിയന്ത്രിക്കുന്നു. ഹൈപ്പർ ആക്ടീവ് മൂലാധാരചക്രം ഉറക്കമില്ലായ്മയിലേക്ക് നമ്മെ നയിക്കുന്നു. ഇത് നിഷ്ക്രിയമാണെങ്കിൽ മയക്കം, അപ്രായോഗികം, നെഗറ്റീവ് അല്ലെങ്കിൽ ആത്മഹത്യാ പ്രവണതകൾ, ജീവിതത്തിലെ മോശം പ്രകടനം എന്നിവയിലേക്ക് നാം നയിക്കപ്പെടുന്നു. ശാരീരിക തലത്തിൽ ഈ ചക്രം ലൈംഗികതയെ നിയന്ത്രിക്കുന്നു. മാനസ്സികമായും, വൈകാരികമായും നമ്മെ ഇവ നിയന്ത്രിക്കുന്നു. ആത്മീയമായി അവ നമുക്ക് സുരക്ഷിതത്വബോധം നൽകുന്നു.

**2. സ്വാതിഷ്ഠാനചക്രം അഥവ സെക്സ് ചക്ര**

പൊക്കിളിന് തൊട്ടുതാഴെ, ലിംഗ-യോനി സ്ഥാനത്തിനു പുറകിൽ, നാഭിക്ക് മൂന്ന് ഇഞ്ച് താഴെയായി ഈ ചക്രം സ്ഥിതിചെയ്യുന്നു. ഈ ചക്രം ലസീക ഗ്രന്ഥിയുമായി ബന്ധപ്പെട്ടിരിക്കുന്നു, മാത്രമല്ല വികാരങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വവും ഇതിനാണ്. മനുഷ്യരിലെ ലൈംഗിക മോഹങ്ങളുമായി സമ്പർക്കം പു ലർത്താനും ഇത് സഹായകമാകുന്നു. ആറ് ദളങ്ങളോടുകൂടിയ ചന്ദ്രക്കലയുൾക്കൊള്ളുന്ന ഒരു വെള്ള താമരയാണ് ഈ പുണ്യ ചക്രത്തിന്റെ പ്രതീകം. ഇതിന്റെ നിറം ഓറഞ്ച് ആണ്. 'വാം' എന്ന മന്ത്രമാണ് ഇതിന്റെ പ്രതീകം. അതിന്റെ മൂലകം വെള്ളവും. ദേവത ബ്രഹ്മാവുമാണ്. ലൈംഗികപ്രവർത്തനങ്ങൾ, പുനരുൽപാദനം, പൊതുവെയുള്ള സന്തോഷം എന്നിവയെ ഈ ചക്രം നിയന്ത്രിക്കുന്നു. വൈകാരികമായ സന്തോഷവും നൽകുന്നു. സംസ്കൃത വാക്കായ 'സ്വാ' എന്നത് സ്വന്തം ജീവിതമാണ്. 'ആദിഷ്ഠാന' എന്നത് പാർപ്പിടം എന്ന അർത്ഥത്തിലാണ്. ലൈംഗിക ഹോർമോണുകൾ

ഉൽപ്പാദിപ്പിക്കുന്നതും അണ്ഡാശയത്തെ നിയന്ത്രിക്കുന്നതും ഈ ചക്രമാണ്. ഹാനികരമായ സ്വാധിഷ്ഠാന ചക്രം മൂത്രത്തിലും, പ്രോസ്റ്റേറ്റ്ഗ്രന്ഥികളുടെ പ്രശ്നങ്ങൾക്കും, ഗർഭനിരോധനം, ഉറക്കം എന്നിവയിലേക്കും നയിക്കും.

**3. മണിപൂരക ചക്രം അഥവ സോളാർ പ്ലെക്സ് ചക്ര**

മൂന്നാമത്തെ ചക്രമായ മണിപൂരകചക്രം നാഭിക്കു മുകളിലായി സ്ഥിതിചെയ്യുന്നത്. ഈ ചക്രം വാരിയെല്ലുകൾക്കിടയിൽ പൊള്ളയായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന നാവികസോളാർ പ്ലെക്സസ് ആണ്. ഇത് താഴോട്ടു പോയിന്റു ചെയ്ത് തൃകോണാകൃതിയിലാണ് ചിത്രീകരിക്കപ്പെടുന്നത്. അതിന്റെ മന്ത്രം രാം എന്നാണ്. അതിന്റെ മൂലഘടകം അഗ്നിയും, ദേവത വിഷ്ണുവുമാണ്. ഇതിന്റെ നിറം മഞ്ഞയും പച്ചയും ചേർന്നതാണ്. ഇത് ആത്മവിശ്വാസം ആത്മനിയന്ത്രണം, ജ്ഞാനം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ചക്രം അന്തപ്രേരിതമായ വികാരങ്ങൾക്ക് കാരണമാകുന്നു. അതായത് മനുഷ്യർക്ക് അനുയോജ്യമല്ലാത്ത കാര്യങ്ങളെക്കുറിച്ച് മുൻകൂട്ടി അറിവ് നൽകുന്നു. ദഹനത്തിനും താഴ്ന്ന വികാരങ്ങൾക്കും ഇത് ഉത്തരവാദിയാണ്. അഡ്രിനൽ, പാൻക്രിയാസ്, ഡൈജസ്റ്റീവ് സിസ്റ്റം എന്നിവയുമായി ഇവ ബന്ധപ്പെട്ടിരിക്കുന്നു. ഈ ചക്രത്തിന്റെ അസന്തുലിതാവസ്ഥ നെഗറ്റീവ് വികാരങ്ങളെ അക്രമവും അത്യാഗ്രഹവും വിദ്വേഷവും പകവീട്ടലും ഉണർത്തുന്നു. മണിപൂരകത്തിൽ പത്ത് ഇതളുകളുള്ള താമരയാണ് വിടരുന്നത്.

**4. ഹൃദയ ചക്രം അഥവ അനാഹതചക്രം**

അനാഹത ചക്രം നെഞ്ചിന്റെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഈ ചക്രം വൈകാരിക രോഗശാന്തിക്കും മാനസികാരോഗ്യത്തിനും കാരണമാകുന്നു. ഇത് സ്നേഹത്തോടും അനുകമ്പയോടും ബന്ധപ്പെട്ടിരിക്കുന്നു. രണ്ടു ത്രികോണങ്ങളുടെ യോജിച്ച രൂപത്തെയാണ് ഇത് പ്രതിനിധീകരിക്കുന്നത്. ഈ ചക്രം ഹൃദയത്തെ ഊർജ്ജസ്വലമാക്കുകയും ശ്വാസകോശങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. ശക്തമായ ഹൃദയചക്രത്തിൽ കൂടി ശരീരത്തിന് നല്ല ആരോഗ്യം ജീവിതത്തിൽ സമാധാനം സന്തോഷം, സഹാനുഭൂതി, ക്ഷമ എന്നിവ വർദ്ധിപ്പിക്കും. ശാരീരിക തലത്തിൽ അത് സർക്കുലേഷൻ നിയന്ത്രിക്കുന്നു. പ്രാണായാമം അല്ലെങ്കിൽ ശ്വസന വ്യായാമങ്ങൾ ചക്രത്തെ ശുദ്ധീകരിക്കുന്നു. അനാഹതചക്രത്തിന്റെ നിറം പച്ചയും ദേവത രുദ്രനുമാണ്.

**5. വിശുദ്ധിചക്രം**

വിശുദ്ധി എന്നു വിളിക്കുന്ന തൊണ്ടയിലെ ചക്രം ഹൃദയത്തിനു മുകളിലായി സ്ഥിതി ചെയ്യുന്നു. പദപ്രയോഗങ്ങൾക്ക് ശബ്ദം നൽകുന്നതും സർഗ്ഗാത്മകത പുലർത്തുന്നതുമായി ഈ ചക്രം ബന്ധപ്പെട്ടിരിക്കുന്നു. സത്യം പ്രകടിപ്പിക്കാനും അഭിപ്രായം മറ്റുള്ളവരുമായി പങ്കിടുവാനും ഇത് കാരണമാകുന്നു. ഇതിനെ പതിനാറു ദളങ്ങളുള്ള താമരയായി ചിത്രീകരിക്കുന്നു. ഈ ചക്രത്തിന്റെ മൂലകം ആകാശവും നിറം നീലയുമാണ്. അഞ്ചുതലങ്ങളും നാല് ആയുധങ്ങളുമുള്ള സദാശിവ ശക്തിയാണ് ഇതിന്റെ ദേവത. ആശയവിനിമയത്തിലൂടെയും വളർച്ചയുടേയും ഉത്തരവാദിത്തം ഈ ചക്രത്തിനാണ്. ഇത് തൈറോയിഡ് ഗ്രന്ഥികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ശരീരിക തലത്തിൽ അത് ആശയവിനിമയവും പദപ്രയോഗവും നിയന്ത്രിക്കുന്നു, മാനസ്സികമായി അത് ചിന്തകളെ ബാധിക്കുന്നു. ഈ ചക്രം ശുദ്ധീകരണ കേന്ദ്രമാണ്. അത് എല്ലാ എതിർവശങ്ങളേയും യോജിപ്പിക്കും. ഇത് തൊണ്ട, ശബ്ദം, ശ്വാസനാളം, തൈറോയ്ഡ് എന്നിവയെ നിയന്ത്രിക്കുന്നു.

**6. ആജ്ഞാചക്രം അഥവ നേത്രചക്രം**


ആറാമത്തെ ചക്രം നേത്രചക്രമാണ്, അത് ജ്ഞാനത്തിന് അതീതമാണ് എന്ന് അർത്ഥമാക്കുന്നു. ഇതിനെ ആജ്ഞാചക്രമെന്നും വിളിക്കുന്നു. ഇത് പുരികങ്ങൾക്കിടയിൽ നട്ടെല്ല് അവസാനിക്കുന്ന ഭാഗത്ത് സ്ഥിതിചെയ്യുന്നു. ഇത് രണ്ടു ദളങ്ങളുള്ള വലിയചക്രമാണ്. മഞ്ഞ നിറം, ആഴത്തിലുള്ള നീല, വയലറ്റ് അല്ലെങ്കിൽ ഇൻഡിഗോ എന്നിങ്ങനെയുള്ള നിറങ്ങളോടു കൂടിയതാണ്. അതിന്റെ മന്ത്രം 'ഓം' എന്നാണ്. ഇത് ഉയർന്ന തലത്തിലുള്ള വിജ്ഞാന സമ്പാദനത്തിന് കാരണഭൂതമാകുന്നു. അതിന്റെ മൂലഘടകം മനസ്സാണ്. ദേവത സദാശിവനാണ്. ബൗദ്ധിക വികസനം ജ്ഞാനം, ദർശനം, ഏകാഗ്രത, ധ്യാനം മുതലായവയ്ക്ക് ഉത്തരവാദിത്വമുണ്ട് ഈ ചക്രത്തിന്. അത് പീനിയൽ ഗ്രന്ഥിയും കണ്ണുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് കാഴ്ചശക്തിയും അവബോധജന്യവും സമഗ്രമാക്കുന്നു. നമ്മെക്കുറിച്ചും ഭൗതിക ലോകത്തിനപ്പുറവുമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഈ ചക്രം ഉത്തരവാദിയാണ്.

### 7. കിരീടചക്രം അഥവ സഹസ്രാരചക്രം

അവസാനമായി, നിറുകയിൽ തലയുടെ കിരീടത്തിൽ സ്ഥിതിചെയ്യുന്ന ആയിരം ദളങ്ങളോടുകൂടിയ ദിവ്യചക്രമാണ് സഹസ്രാരചക്രം. ഇതിന് ശുദ്ധമായ ബോധത്തിന്റെ അവസ്ഥയാണ്. 964 പുറത്തെ ദളങ്ങൾക്ക് വയലറ്റ് നിറവും അകത്തെ 12 ദളങ്ങൾക്ക് സ്വർണ്ണനിറവുമാണ്. ഇത് കോസ്മിക് ഊർജ്ജത്തിന്റെ ഉറവിടമാണ്. ഭൗതികസ്വഭാവത്തിൽ നിന്നും ആത്മീയതയിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കാൻ കിരീട ചക്രക്ക് സാധിക്കും. 'ഓം' എന്ന മന്ത്രമുള്ള കിരീട ചക്രത്തിന്റെ മൂലഘടകം ആത്മാവ് അഥവ മനോഭാവമാണ്. ശിവനാണ് കിരീടചക്രയുടെ ദേവത. ഈ ചക്രം മനുഷ്യരിൽ ഉൾക്കാഴ്ച, പ്രചോദനം, ആത്മീയാനുഭൂതി, ആത്മീയ സുഖം എന്നിവ ഉൽപ്പാദിപ്പിക്കുന്നു. സ്വയം മറന്ന് സ്വാതന്ത്ര്യത്തിന്റെ ആനന്ദം പകരുന്ന ചക്രമാണിത്. ശിവൻ ശിരസ്സിൽ സർപ്പത്തെ ധരിച്ചുകൊണ്ട് നൃത്തം ചെയ്യുന്നത് കുണ്ഡലിനി ശക്തി ശിരസ്സിലുള്ള സഹസ്രാരചക്രത്തെ ഉണർത്തിയ അവസ്ഥയാണ് പ്രതിഫലിപ്പിക്കുന്നത്.

ഞരമ്പുവഴി ശിരസ്സിൽ എത്തുന്ന എല്ലാ ചലനങ്ങളും അവിടെനിന്നും, ജ്ഞാനേന്ദ്രിയങ്ങൾക്കും കർമ്മേന്ദ്രിയങ്ങൾക്കും നിർദ്ദേശങ്ങൾ നൽകുന്നു. പക്ഷെ കുണ്ഡലിനി ശക്തി ഉയർന്നവർക്ക് മനസ്സ്, ഞരമ്പ് ഇവകളുടെ കൂട്ടുകെട്ടൊന്നും കൂടാതെ അവ തമ്മിലുള്ള ബന്ധവും വിട്ടിരിക്കും. ഈ വേളയിൽ ഞരമ്പുകളുടെ ആവശ്യമില്ലാതെ തന്നെ ചലനങ്ങളെ മനസ്സിലേയ്ക്ക് അയയ്ക്കാതെ വിഷയങ്ങളെ കുണ്ഡലിനി വഴി സഹസ്രപത്മത്തിലേയ്ക്ക എത്തിക്കുന്നു. നമ്മുടെ തലയുടെ മുകളിൽ സ്ഥിതിചെയ്യുന്ന സഹസ്രാരചക്രം നിർവ്വാണമെന്ന ബുദ്ധമത സങ്കല്പവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് മനുഷ്യർക്ക് എത്തിപ്പിടിക്കുവാൻ സാദ്ധ്യമല്ല. ഈ ചക്രത്തെ സന്തുലിതമാക്കാൻ ശ്രമിക്കുന്നത് നമ്മളെക്കുറിച്ച് ഉൾക്കാഴ്ച നേടാനും മറ്റുചക്രങ്ങളെ സന്തുലിതമാക്കാനും സഹായിക്കും.

സഹസ്രാര പത്മത്തിൽ ശിവനെ അഥവ ദിവ്യബോധത്തെ, ഞാനാരാണെന്ന യഥാർത്ഥസത്യത്തെ ദർശിക്കാൻ കഴിയും. ഇതിനെയാണ് ഇൻറ്റ്യൂഷൻ (Intution), നിർവ്വാണം അഥവമോക്ഷം എന്നൊക്കെ നാം വിളിക്കുന്നത് ഏറെ പ്രസിദ്ധമായ ലളിതാ സഹസ്രനാമത്തിന്റെ പല വരികളും കുണ്ഡലിനിയെ കുറിക്കുന്നതാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ പരസ്പരം മനസ്സാലും ആത്മാവിനാലും സംസാരിക്കുന്ന മുഹൂർത്തത്തിന് സാക്ഷിയാകുന്ന ക്ഷേത്രങ്ങളാണ് ധർമ്മശാസ്താവിന്റെ ആറ് വിശിഷ്ടക്ഷേത്രങ്ങളും ദർശനഫലവും.യോഗ വിദ്യയിലെ മൂലാധാര ചക്രപ്രകാരം ഉള്ളധർമ്മ




ശാസ്ത്രാക്ഷേത്രം തമിഴ്നാട്ടിലെ പാപനാശം എന്ന സ്ഥലത്താണ്, സൂരിമൂത്തിയൻ എന്നറിയപ്പെടുന്നു. സ്വാധിഷ്ഠാനം എന്ന വിശിഷ്ടം ചക്രം സ്ഥിതിചെയ്യുന്നത് കേരളത്തിലെ അച്ചൻകോവിൽ ക്ഷേത്രത്തിലാണ്. മൂന്നാമത്തെ ചക്രമായ മണിപൂരകം സ്ഥിതിചെയ്യുന്നത് ആര്യൻകാവ് ശാസ്താക്ഷേത്രത്തിൽ ആണ്. കേരള തമിഴ്നാട് അതിർത്തിയിൽ ആര്യൻ കാവിലെ അയ്യനെ ദർശിച്ചാൽ മണിപൂരചക്രത്തിലെ മാലിന്യങ്ങൾ നീക്കാം. കുളത്തൂപ്പുഴയിലെ ബാലകനായാണ് അനാഹതചക്രത്തിന്റെ സ്ഥിതി. ക്ഷേത്രത്തിനു മുന്നിലെ പുഴ ജീവിതത്തിന്റെ അവിരാമമായ തുടർച്ചയെ കാണിക്കുന്നു. യോഗവിദ്യയിലെ വിശുദ്ധി എന്ന ചക്രമാണ് എരുമേലിയിൽ. ധർമ്മശാസ്താവിന്റെ അവതാരോദ്ദേശ്യം മഹിഷീവധമാണ്. എരുമേലിയാണ് മഹിഷീവധം നടന്ന സ്ഥലം. ആജ്ഞാചക്രമാണ് ശബരിമലയിൽ സ്ഥിതി ചെയ്യുന്നത്. സ്വന്തം ആജ്ഞാചക്രത്തിലേക്ക് സ്വാംശീകരിക്കാൻ ശബരിമല അയ്യപ്പസ്വാമിദർശനം സഹായിക്കും. അയ്യന്റെ ആദ്യദർശനം ലഭിക്കുന്ന വ്യക്തിയുടെ മുഖത്ത് തെളിയുന്ന അനിർവചനീയമായ ഭാവം, നിർവൃതി നിറഞ്ഞ ആ മുഖം, താൻ സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം. അതാണ് കാലങ്ങളായി ശബരിമലയിലേക്ക് ഈ ദുർഘടം പിടിച്ച വഴികളിലൂടെ ഭക്തരെ എത്തിക്കുന്നത്. സൃഷ്ടാവും സൃഷ്ടിയും ഒന്നാകുന്ന മുഹൂർത്തമാണ് ശബരിമല അയ്യപ്പദർശനം.

ശുഭം.

****

# PROSTATE GLAND (പ്രോസ്റ്റേറ്റ് ഗ്രന്ഥി)

ഡോ. ദേവീദാസൻ വെള്ളോടി - 9747480903

പുരുഷന്മാരിൽ കാണുന്ന കുറേയേറെ ചെറുഗ്രന്ഥികളുടെ സമുച്ചയമാണ് പ്രോസ്റ്റേറ്റ്. മൂത്രസഞ്ചിക്കു തൊട്ടുതാഴെ മൂത്രനാളിയെ പൊതിഞ്ഞ് ഒരു പാളിക്കുള്ളിലായാണ് പ്രോസ്റ്റേറ്റിന്റെ സ്ഥാനം. ലൈംഗികപ്രവൃത്തികളിലും മൂത്രപ്രവൃത്തികളിലും പ്രോസ്റ്റേറ്റ് സങ്കീർണ്ണമായ പങ്കു വഹിക്കുന്നു. മധ്യവയസ്സു പിന്നിടുമ്പോഴാണ് മൂത്രമൊഴിക്കുന്നതിലെ ബുദ്ധിമുട്ടുകളുമായി പ്രോസ്റ്റേറ്റ് ഗ്രന്ഥി പ്രശ്നമുണ്ടാക്കാൻ തുടങ്ങാറ്. പാറാവുകാരൻ എന്നർത്ഥം വരുന്ന പ്രോസ്റ്റാറ്റസ് എന്ന ഗ്രീക് പദത്തിൽ നിന്നാണ് പ്രോസ്റ്റേറ്റ് എന്ന പേരുണ്ടായത്.

## പ്രോസ്റ്റേറ്റിന്റെ പ്രവർത്തനം

ശുക്ളോൽപ്പാദനവും സ്ഖലന നിയന്ത്രണവുമാണ് പ്രോസ്റ്റേറ്റിന്റെ പ്രധാന ധർമ്മങ്ങൾ. ശുക്ളത്തിന്റെ 30 ശതമാനവും പ്രോസ്റ്റേറ്റിലാണ് ഉണ്ടാകുന്നത്. മൂത്രനാളിയും ശുക്ലനാളിയും കൂടുച്ചേരുന്നത് പ്രോസ്റ്റേറ്റിനുള്ളിലാണ്. ശുക്ലവും മൂത്രവും കൂടിക്കലരാതെ അവ രണ്ടിന്റെയും ഗതി നിയന്ത്രിക്കുന്നത് പ്രോസ്റ്റേറ്റ് ആണ്. മൂത്രത്തിന്റെ ആസിഡ് സ്വഭാവം ബീജങ്ങളുടെ ശേഷി കുറയ്ക്കുകയോ അവയെ നശിപ്പിക്കുകയോ ചെയ്യും. ഇതൊഴിവാക്കാൻ ബീജങ്ങൾ മൂത്രനാളിയിലൂടെ കടന്നുപോകുന്നതിനു മുമ്പു തന്നെ അവയെ സംരക്ഷിക്കാൻ പ്രോസ്റ്റേറ്റ് ഒരു ക്ഷാരസ്രവം നിർമ്മിക്കുന്നു. ബീജങ്ങൾക്ക് പോഷകം നൽകുന്നതോടൊപ്പം അണുബാധ ചെറുക്കാനും സ്രവങ്ങൾക്കാകും.

## പ്രോസ്റ്റേറ്റിനടക്കാവുന്ന പ്രയാസങ്ങളും രോഗങ്ങളും

പ്രോസ്റ്റേറ്റ് വീക്കം ENLAREMENT OF PROSTATE) അണുബാധ (PROSTITIS) പ്രോസ്റ്റേറ്റ് ക്യാൻസർ എന്നിവയാണ് പ്രോസ്റ്റേറ്റിനെ ബാധിക്കുന്ന മൂന്നു പ്രധാന രോഗങ്ങൾ

## പ്രശ്നങ്ങളില്ലാത്ത പ്രോസ്റ്റേറ്റ് വീക്കം (ബിനൈൻ പ്രോസ്റ്റേറ്റ് ഹൈപ്പർ പ്ലാസിയ)

പ്രോസ്റ്റേറ്റ് കോശങ്ങൾ പെരുകി വീർത്ത് വലുതാകുന്നതാണ് നിർദ്ദോഷമായ വീക്കത്തിനിടയാക്കുന്നത്. ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾമൂലം ഇപ്പോൾ നാൽപ്പതുകളിലും പ്രോസ്റ്റേറ്റ് വീക്കം കണ്ടുവരുന്നു. മൂത്രമൊഴിക്കുന്നതിലെ ബുദ്ധിമുട്ടായാണ് ലക്ഷണങ്ങൾ പ്രകടമാവുക. ചിലരിൽ ലക്ഷണങ്ങൾ പ്രകടമല്ല.

പ്രായാധിക്യം ആൻഡ്രോജൻ, ഈസ്ട്രജൻ തുടങ്ങിയ ഹോർമോണുകളുടെ വ്യതിയാനങ്ങൾ വളർച്ചാസഹായഘടകങ്ങൾ, ജനിതകഘടകങ്ങൾ ഇവയൊക്കെ നിർദ്ദോഷമായ പ്രോസ്റ്റേറ്റ് വീക്കത്തിന് വഴിയൊരുക്കാറുണ്ട്.

## പ്രോസ്റ്റേറ്റിൽ വീക്കം പ്രശ്നമാകുന്നതെങ്ങനെ?

പ്രോസ്റ്റേറ്റിൽ പ്രധാനമായും മൂന്നുതരം കോശങ്ങളാണുള്ളത്. സ്രവങ്ങളുണ്ടാക്കുന്ന കോശങ്ങൾ. മൃദുപേശികളിലെ കോശങ്ങൾ, നാരുകലകൾ. ഇവ മൂന്നും പെരുകുന്നവയാണ്. വിവിധ കാരണങ്ങളാൽ പ്രോസ്റ്റേറ്റിനുള്ളിലെ കോശങ്ങൾ പെരുകുന്നതാണ് വീക്കമുണ്ടാക്കുന്നത്. കോശങ്ങൾ വളർന്നുപെരുകിയാലും പുറന്തോടിന് കട്ടിയുള്ളതിനാൽ പ്രോസ്റ്റേറ്റ് പുറത്തേക്കു തള്ളി വലുപ്പം കൂടണമെന്നില്ല. പെരുകുന്ന കോശങ്ങൾ അതിനുള്ളിൽതന്നെ തിങ്ങിഞെരുങ്ങും. പ്രോസ്റ്റേറ്റിനുള്ളിലൂടെ കടന്നുപോകുന്ന മൂത്രനാളിയെ ഞെരുക്കുന്നതിനും ഇതിടയാക്കും. പ്രോസ്റ്റേറ്റിന് വലുപ്പം കൂടിയില്ലെങ്കിലും മൂത്രതടസ്സം ഉണ്ടാകുന്നതിന്റെ കാരണമിതാണ്.

വീക്കംമൂലം മൂത്രതടസ്സം ഉണ്ടാകുമ്പോൾ മൂത്രസഞ്ചിക്ക് മൂത്രം തള്ളിക്കളയാൻ കൂടുതൽ അധ്വാനം വേണ്ടിവരും. ആദ്യഘട്ടങ്ങളിൽ ഈ തടസ്സം തരണം ചെയ്യാൻ മൂത്രസഞ്ചിയുടെ പേശികൾക്ക് കഴിയുമെങ്കിലും കാലക്രമേണ

ഈ പേശികൾക്ക് ബലക്ഷയം സംഭവിക്കും. കുറേക്കാലം കഠിനാധ്വാനം ചെയ്ത ഈ പേശികൾ പിന്നീട് ആവശ്യമില്ലാത്ത സമയങ്ങളിലും സങ്കോചിക്കുകയും രോഗിക്ക് എപ്പോഴും മൂത്രം പോകണമെന്ന തോന്നൽ ഉളവാക്കുകയും ചെയ്യും.

കൂടാതെ മൂത്രാശയത്തിന്റെ അടിഭാഗത്ത് ചരിവു വരുത്തുന്നതിനാൽ മൂത്രം പൂർണമായും ഒഴിഞ്ഞുപോകാതെ വരിക, മൂത്രം കെട്ടിക്കിടന്ന് അണുബാധയ്ക്കിടയാക്കുക, മൂത്രസഞ്ചിയിൽ കല്ലുണ്ടാവുക തുടങ്ങിയവയ്ക്കുള്ള സാധ്യതകളും ഉണ്ട്. അപൂർവമായി മൂത്രാശയത്തിൽ കെട്ടിക്കിടക്കുന്ന മൂത്രം വൃക്കയിൽ സമ്മർദ്ദം ചെലുത്തി വൃക്ക തകരാറിനിടയാക്കാറുണ്ട്.

### സാധാരണ കാണുന്ന ലക്ഷണങ്ങൾ

1. ഇടയ്ക്കിടെ മൂത്രം ഒഴിക്കാനുള്ള തോന്നൽ
2. മൂത്രം ഒഴിക്കുമ്പോൾ ഇടയ്ക്കിടെ നിന്നു പോവുക
3. മൂത്രത്തിന്റെ ഒഴുക്കിന്റെ വേഗം സാവധാനത്തിലാവുക
4. മൂത്രം പോവുന്നതിന് സമ്മർദ്ദം ചെലുത്തേണ്ടതായി വരിക.
5. മൂത്രം മുഴുവനായും പോയി എന്ന തോന്നൽ ഉണ്ടാകാതിരിക്കുക
6. മൂത്രം ഒഴിച്ചശേഷവും മൂത്രം തുള്ളി, തുള്ളിയായി പുറത്തേക്കു പോവുക
7. മൂത്രമൊഴിക്കാൻ താമസം
8. മൂത്രപ്രവാഹം നേരിയതാവുക.

### മൂത്രശേഖരണവുമായി ബന്ധപ്പെട്ട ലക്ഷണങ്ങൾ

- അടിക്കടി മൂത്രമൊഴിക്കുക
- മൂത്രം പിടിച്ചുവയ്ക്കാൻ പറ്റാതെ അത്യാവശ്യമായി മൂത്രമൊഴിക്കണമെന്ന തോന്നൽ
- മൂത്രം അറിയാതെ പോകൽ
- രാത്രിയിലുള്ള അമിതമായ മൂത്രംപോക്ക്
- വേദനയോടുകൂടിയ മൂത്രംപോക്ക്.

### ഗുരുതര പ്രശ്നങ്ങൾ

പൂർണമായുള്ള മൂത്രതടസ്സം

തുടർച്ചയായുള്ള കടുത്ത തടസ്സംമൂലം കാലക്രമേണ മൂത്രം പോകാതിരിക്കും. പെട്ടന്നൊരു ദിവസം തീരെ മൂത്രം പോകാത്ത അവസ്ഥ വരാം. മൂത്രസഞ്ചിയുടെ മൂത്രമൊഴിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഉള്ളിൽ രോഗമുണ്ടാവുകയും അത് അറിയാതിരിക്കുകയും ചെയ്തവരിൽ പെട്ടെന്ന് മൂത്രതടസ്സം ഉണ്ടാകാം. യാത്രയിലും മറ്റും ഏറെനേരം മൂത്രം പിടിച്ചുവയ്ക്കുക. മദ്യപാനം, ചിലയിനം മരുന്നുകൾ, അധ്വാനമില്ലാത്തവർ, തുടർച്ചയായി ഇരുന്ന് ജോലിചെയ്യുന്നവർ തുടങ്ങിയവരിലും രോഗം പെട്ടെന്ന് രൂക്ഷമാകാം.


### പ്രോസ്റ്റെറ്റിസ് പ്രോസ്റ്റേറ്റ് ഗ്രന്ഥിക്ക് അണുബാധ ഉണ്ടാകുക.

നിർദ്ദോഷമായ പ്രോസ്റ്റേറ്റ് വീക്കത്തെക്കാൾ ഗൗരവമേറിയ ഒരു രോഗാവസ്ഥയാണിത്. പ്രോസ്റ്റേറ്റിന് അണുബാധയും അതിന്റെ ഫലമായുണ്ടാകുന്ന വീക്കവുമാണ് പ്രോസ്റ്റേറ്റിസ്. പല കാരണങ്ങൾകൊണ്ടും പ്രോസ്റ്റേറ്റിൽ അണുബാധ ഉണ്ടാകാം. മൂത്രസഞ്ചിയിൽ നിന്ന് മൂത്രം പൂർണമായും ഒഴിഞ്ഞു പോകാതിരിക്കുന്നത് അണുബാധയ്ക്കിടയാക്കും. ചെറുപ്പക്കാരിലും പ്രോസ്റ്റേറ്റിസ് ഉണ്ടാകാറുണ്ട്.

പ്രോസ്റ്റേറ്റിൽ അണുബാധയില്ലാതെ വീർപ്പു മാത്രമായും വരാം. അടിവയറ്റിലോ വൃഷണങ്ങളിലോ അടിക്കടി ഉണ്ടാകുന്ന വേദനയാണ് ഇതിന്റെ പ്രധാന ലക്ഷണം. കൂടാതെ സൂക്ഷ്മപരിശോധനയിലൂടെ മാത്രം ഗ്രന്ഥിയുടെ നീർവീക്കം കണ്ടെത്താനാകുന്ന ഒരു തരം പ്രോസ്റ്റേറ്റിസും ഉണ്ട്. പ്രത്യേകിച്ച് രോഗലക്ഷണങ്ങളൊന്നും പ്രകടമല്ല.

### പ്രധാന ലക്ഷണങ്ങൾ

അടിവയറ്റിൽ വേദന, അടിക്കടി പുകച്ചിലോടുകൂടി മൂത്രം പോകുക എന്നീ ലക്ഷണങ്ങളാണ് പ്രോസ്റ്റേറ്റിസ് ഉള്ളവരിൽ പ്രധാനമായും കാണുക. ഇതോടൊപ്പം പനി, വിറയൽ, ഛർദ്ദി ഇവയും കാണാറുണ്ട്.



### സങ്കീർണതകൾ

ചികിത്സ ശരിയായില്ലെങ്കിൽ ഗ്രന്ഥിയിൽ പഴുപ്പ് കെട്ടിനിന്ന് പരുവിന് സമാനമാകുകയോ മൂത്രം ഒട്ടും പോകാതെ വരികയും ചെയ്യും. പഴുപ്പ് വളരെ പെട്ടെന്നുതന്നെ മറ്റ് അവയവങ്ങളിലെത്തി രോഗി ഗുരുതരാവസ്ഥയിൽ എത്തുമെന്നതിനാൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണം.

### പ്രോസ്റ്റേറ്റ് ക്യാൻസർ (PROSTATE CANCER)

പുരുഷന്മാരിൽ വ്യാപകമായി കാണുന്ന കാൻസറുകളിൽ ഒന്നാണ് പ്രോസ്റ്റേറ്റ് ക്യാൻസർ. 65 വയസ്സിനുമുകളിൽ പ്രായമുള്ളവരിലാണ് പ്രോസ്റ്റേറ്റ് ക്യാൻസർ കൂടുതലായി കണ്ടിരുന്നതെങ്കിലും ഇപ്പോൾ 50-60 വയസ്സുള്ളവരിലും കണ്ടുവരുന്നു. പാരമ്പര്യം, ഹോർമോൺ വ്യതിയാനം, കൊഴുപ്പടങ്ങിയ ഭക്ഷണങ്ങളുടെ സ്ഥിരോപയോഗം, ജനിതകഘടകങ്ങളിലെ മാറ്റം, വ്യായാമക്കുറവ് ഇവ പ്രോസ്റ്റേറ്റ് ക്യാൻസറിന് വഴിയൊരുക്കുന്ന പ്രധാന ഘടകങ്ങളാണ്.

### ലക്ഷണങ്ങൾ

മിക്കവരിലും പ്രോസ്റ്റേറ്റ് ക്യാൻസറിന്റെ ആരംഭ ദശയിൽ ലക്ഷണങ്ങളൊന്നും കാണാറില്ല. അടിക്കടിയുള്ള മൂത്രം പോക്ക്, അമിതമായി മൂത്രമൊഴിക്കാൻ തോന്നുക, രക്തം കലർന്ന മൂത്രവിസർജ്ജനം തുടങ്ങിയ ലക്ഷണങ്ങൾ ശ്രദ്ധയോടെ കാണണം. ഗ്രന്ഥിവീക്കത്തിന്റെയും പ്രോസ്റ്റേറ്റ് ക്യാൻസറിന്റെയും ലക്ഷണങ്ങൾ പലതും ഒന്നുതന്നെയായതിനാൽ രോഗനിർണയം പലപ്പോഴും വൈകാറുണ്ട്. പ്രാരംഭദശയിൽതന്നെ കണ്ടെത്തി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിലൂടെ പ്രോസ്റ്റേറ്റ് ക്യാൻസർ മൂലമുള്ള മരണനിരക്ക് ഗണ്യമായി കുറയ്ക്കാനായിട്ടുണ്ട്.

### രോഗത്തെ തിരിച്ചറിയൽ

രക്ത പരിശോധനയിൽ (PSA) ടെസ്റ്റിൽ പോസറ്റീവ് ആണെങ്കിൽ ഡോക്ടറെ കാണാൻ മടിക്കരുത്. നേരത്തെ പറഞ്ഞ ലക്ഷണങ്ങൾ കാണുമ്പോൾ അൾട്രാ സൗണ്ട് ടെസ്റ്റ് നടത്തുകയും വേണ്ടിവന്നാൽ ഡോക്ടറെ കാണുകയും വേണം.

### പ്രോസ്റ്റേറ്റ് പ്രശ്നങ്ങൾ പരിഹാരങ്ങൾ, ചികിത്സ

പ്രോസ്റ്റേറ്റിനുണ്ടാകുന്ന പ്രയാസങ്ങൾ ആദ്യമേ കണ്ടു പിടിച്ചാൽ ആയുർവേദ മരുന്നുകളിലൂടെ കുറെയൊക്കെ മാറ്റിയെടുക്കാൻ പററും. പ്രോസ്റ്റേറ്റ് വീക്കം തുടക്കത്തിൽ ചികിൽസിച്ചാൽ പരിപൂർണമായി മാറുകയും ക്യാൻസർ വരാതിരിക്കുകയും ചെയ്യും.

ഔഷധങ്ങൾക്കൊപ്പം ഉത്തരവസ്തി, തൈലവസ്തി, കഷായവസ്തി, ധാന്യാമ്ലധാര, തൈലധാര, ക്ഷീരധാര, പിചു തുടങ്ങിയ വിശേഷ ചികിത്സകളും അവസ്ഥകൾക്കനുസരിച്ച് നൽകാറുണ്ട്. കറ്റാർവാഴ, മുരിങ്ങവേരിൻ തൊലി, തഴുതാമ, ശതാവരിക്കിഴങ്ങ്, അമുക്കുരം, കൈയ്യോന്നി, ഞെരിഞ്ഞിൽ, നെല്ലിക്ക, താർതാവൽ ഇവ പ്രോസ്റ്റേറ്റ് രോഗങ്ങളുടെ വിവിധ ഘട്ടങ്ങളിൽ ഉപയോഗിക്കാറുണ്ട്.

### പ്രോസ്റ്റേറ്റ് കാൻസർ

സാധാരണ 60 വയസ്സിനുശേഷം പുരുഷന്മാരിൽ ഏററവും കൂടുതലായി കണ്ടുവരുന്ന കാൻസറുകളിലൊന്നാണ് പ്രോസ്റ്റേറ്റ് കാൻസർ. വളരെ സാവധാനത്തിൽ വളരുന്ന സ്വഭാവമുള്ള ഈ കാൻസർ ചുരുക്കം ചില സന്ദർഭങ്ങളിൽ വളരെ പെട്ടെന്നു വളരുകയും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കു വ്യാപിച്ച് മാരകമായി തീരുകയും ചെയ്യുന്നു. എന്നാൽ, പ്രോസ്റ്റേററ് കാൻസർ ബാധിച്ച രോഗിയെ ഉടൻ ചികിത്സയ്ക്കു വിധേയനാക്കാൻ സാധിച്ചാൽ രോഗി സുഖം പ്രാപിക്കും. പ്രോസ്റ്റേറ്റ് കാൻസർ ഗുരുതരമായ രോഗമാണെങ്കിലും മികച്ച സംവിധാനങ്ങളുടെ സഹായത്താൽ ഒരു വിദഗ്ദ്ധ ഡോക്ടറിനു ചികിത്സിച്ചു നിയന്ത്രണ വിധേയമാക്കാവുന്നതാണ്.

### ഭക്ഷണക്രമം

പൊതുവെ കൊഴുപ്പുകുറഞ്ഞ ഭക്ഷണങ്ങളാണ് പ്രോസ്റ്റേറ്റ് രോഗങ്ങൾ ഒഴിവാക്കാൻ ഉചിതം. തവിടു നീക്കാത്ത ധ്യാനങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പ്രത്യേകിച്ച് നാരടങ്ങിയവ ശീലമാക്കണം. കുമ്പളങ്ങ, വെള്ളരിക്ക, മത്തങ്ങ, മഞ്ഞൾ, തക്കാളി, ക്യാരറ്റ്, ബീറ്ററൂട്ട്, ചേന, കാച്ചിൽ, വാഴപ്പിണ്ടി, തണ്ണിമത്തൻ, അകം ചുവന്ന പേരയ്ക്ക ഇവ പ്രോസ്റ്റേറ്റ് പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായകമാണ്. ചെറുമത്സ്യങ്ങളും ഉപയോഗിക്കാം.

### ഒഴിവാക്കേണ്ട ഭക്ഷണം

എന്നാൽ കൊഴുപ്പടങ്ങിയ ബേക്കറി വിഭവങ്ങൾ, കൃത്രിമനിറം ചേർത്തവ, കാപ്പി, കൊള, ചുവന്ന മാംസം ഇവ ഒഴിവാക്കണം.

*(ശേഷം പേജ് 44)*

# ചാനൽ ചർച്ചകൾ ചായ്‌വ് ചർച്ചകൾ

ഡോ. പത്മനാഭൻ - ഫോൺ - 9072015115

ജനാധിപത്യത്തെ പരിപോഷിപ്പിക്കുവാൻ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക് ഏറെ പ്രാധാന്യമേറിയതാണെന്നുള്ള വസ്തുത ലോകമെങ്ങും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണല്ലോ. ജനാധിപത്യത്തെ make or break ചെയ്യാനുള്ള സ്വാധീനം വാർത്താമാധ്യമങ്ങൾക്കുണ്ടെന്നുള്ള വസ്തുത പലപ്പോഴും വിസ്മരിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നതിന്റെ പരിണിതഫലമാണ് നമ്മുടെ രാജ്യത്തിന് അർഹിക്കുന്ന ബഹുമതിയും സ്ഥാനവും ലോകരാജ്യങ്ങൾക്കിടയിൽ ലഭിക്കാതെ പോകുന്നത്.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വാർത്താചാനലുകൾ പ്രവർത്തിക്കുന്നുണ്ടല്ലോ. കേരളത്തിലെ വാർത്താ ചാനലുകളുടെ മാധ്യമധർമ്മം ഒന്നു വിശലകനം ചെയ്തു നോക്കാം.

ഫെഡറലിസം എന്ന ലേബലിൽ negativtiy മാത്രം തിരഞ്ഞെടുത്ത് വാർത്തകളും സംവാദങ്ങളും ചർച്ചകളും അവതരിപ്പിച്ച് രാഷ്ട്രീയം പ്രചരിപ്പിക്കാനും അത്തരം നീക്കങ്ങൾകൊണ്ട് ലാഭമുണ്ടാക്കാനും വാർത്താചാനലുകൾ ശ്രമിക്കുന്നുണ്ടെങ്കിൽ അത് രാജ്യപുരോഗതിയേയും രാഷ്ട്രനിർമ്മാണത്തേയും പിറകോട്ടടിക്കുമെന്നുള്ളത് ഏതൊരു പൗരനും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഒന്നാണ്. വാർത്താമാധ്യമങ്ങൾ അവതരിപ്പിക്കുന്ന പരിപാടികളെപ്പറ്റി പരാതിയുണ്ടെങ്കിൽ അതറിയിക്കാൻ ഒരു statutory body ഉണ്ടെന്ന് വാർത്താ ചാനലുകൾ ടെലിവിഷൻ സ്ക്രീനുകളിൽ nbanewdelhi.com എന്ന് flyer ആയി കാണിക്കുന്നുണ്ടെങ്കിലും പ്രേക്ഷകന് അതുവഴി പ്രയോജനം ലഭിക്കുന്നില്ല. ഈ ലേഖകൻ ഒരു ശ്രമം നടത്തി, ഭാഗികമായ നടപടി ഉണ്ടായി എന്നതിന്റെ തെളിവായി ഒരു അവതാരകയെ കുറച്ചുനാൾ മാറ്റി നിർത്തി.

രാഷ്ട്രീയപാർട്ടികളുടെ ശിങ്കിടികളായി വാർത്താ മാധ്യമങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ രാജ്യത്തെ നല്ല രീതിയിൽ ഭരിച്ചാലും വിപരീതപബ്ലിസിറ്റി നൽകി രാജ്യ പുരോഗതിയെ പിറകോട്ടടിക്കാനും മാധ്യമങ്ങൾക്ക് കഴിയുമെന്നതിന്റെ ഉദാഹരണങ്ങൾ ധാരാളം. കോവിഡ് പ്രതിരോധം ഇന്ത്യയെ പുകഴ്ത്തി ഐ.എം.എഫ് (ഇന്റർനാഷണൽ മോണിട്ടറി ഫണ്ട്) ഏഴാം ദിവസവും ജെല്ലിക്കെട്ട്, സൂചികകളുടെ നേട്ടം 51% കടന്ന്, ചൈനയുടെ വളർച്ചകുത്തനെ ഇടിഞ്ഞു; ഉൽപാദന പ്രതിസന്ധി രൂക്ഷം, ഇന്ത്യ ഇക്കൊല്ലം 9.5% വളരും; ഐ.എം.എഫ്; ചൈന 8%വും, യുഎസ് 6% വളരും. ഈ വാർത്തകൾക്കുള്ള പ്രാധാന്യം സൌകര്യപൂർവ്വം ചാനലുകൾ മറന്നു, ഒരു ചാനൽചർച്ചയും ഈ വാർത്തകളെപ്പറ്റി ഉണ്ടായില്ല. കേരളത്തിലെ വാർത്താമാധ്യമചാനലുകളിലെ ചാനൽ ചർച്ചകളെപ്പറ്റി ഒന്നു വിശകലനം ചെയ്തുനോക്കാം. ചാനൽചർച്ചകളുടെ ആത്യന്തികമായ ധർമ്മം പ്രേക്ഷകരെ ഒരു neutral സ്ഥാനത്തു നിർത്തി ഒരു സമകാലീന വിഷയം വിശകലനം ചെയ്തു ഒരു നിഷ്പക്ഷ സ്ഥാനത്തു നിന്ന് ഒരു അഭിപ്രായരൂപീകരണം ജനങ്ങളിലെത്തിക്കുകയെന്നതാണല്ലോ. ഉദാഹരണത്തിന് പൗരത്വനിയമഭേദഗതി, കർഷക സമരത്തിന്റെ മുഖ്യകാരണമായ കാർഷികനിയമഭേദഗതിയും പുതിയ കാർഷികനിയമങ്ങളും, എന്നിങ്ങനെ എത്രയോ വിഷയങ്ങൾ ചാനൽ ചർച്ചകളിൽ ദിവസേന നാം കണ്ടുകൊണ്ടിരിക്കുന്നു. പലപ്പോഴും അവതരിപ്പിക്കുന്ന വിഷയത്തെപ്പറ്റി നല്ല അറിവില്ലാത്തവർ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായി ചർച്ചകളിൽ പങ്കെടുത്ത് ശുദ്ധനുണകൾ ഒട്ടും സങ്കോചമില്ലാതെ വിളിച്ചു പറയുമ്പോൾ ചർച്ചയുടെ മഹിമ തനിയെ മങ്ങിപ്പോകുന്നു. ചർച്ചചെയ്യുന്ന വിഷയത്തെപ്പറ്റി നല്ല വിവരമുള്ളവർ കൃത്യതയോടെ അവതരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ Anchor അഥവാ അവതാരകൻ (മോഡറേറ്റർ, ചർച്ചനയിക്കുന്ന ആൾ) സ്വന്തം രാഷ്ട്രീയതാൽപ്പര്യങ്ങൾ കൂട്ടിച്ചേർത്ത് ചർച്ചയെ വഴിതിരിച്ചുവിട്ട് for or against ആക്കി മാറ്റിയെടുക്കാൻ ശ്രമിക്കുന്നത്. നാം നിത്യേന കണ്ടുകൊണ്ടിരിക്കുന്നതാണ്

ല്ലോ. ഇത്തരം നീക്കങ്ങൾ ചാനൽ ചർച്ചയുടെ നിഷ്പക്ഷതയെ അപകടത്തിലാക്കി ഏകപക്ഷീയമായ തലത്തിലേക്ക് കൊണ്ടു ചെന്നെത്തിക്കുന്നത് ചർച്ചയുടെ മഹിമയെ ഇല്ലാതാക്കി രാഷ്ട്രീയ താത്പര്യങ്ങൾ നേടിയെടുക്കുന്ന കുറുക്കുവഴിയായി തരംതാണുപോകുന്ന സ്ഥിതിവിശേഷമുണ്ടാക്കും. ഇത്തരം പ്രവണതകളെപ്പറ്റി സത്യസന്ധമായ വിശകലനം നടത്തിയാൽ താഴെപറയുന്ന നൂതന ആശയങ്ങളും അവതരണരീതികളും നടപ്പിലാക്കേണ്ടിവരും.

അവതരിപ്പിക്കുന്ന വിഷയത്തിൽ നല്ല പാണ്ഡിത്യം ഉള്ളവരെ മാത്രം പ്രതിനിധികളായി പങ്കെടുപ്പിക്കുക. നിഷ്പക്ഷതയും അവതരിപ്പിക്കുന്ന രീതിയും അഭിനന്ദനാർഹമായിരിക്കണം. അത്തരം വ്യക്തികളെ രാഷ്ട്രീയ പാർട്ടികൾ ചർച്ചകളിൽ നിന്ന് ബഹിഷ്കരണം പ്രഖ്യാപിച്ച് മാറ്റി നിർത്താൻ ശ്രമിക്കുന്നത് ചാനലുകൾ അനുവദിക്കാൻ പാടില്ല. ചാനലുകളുടെ സാമ്പത്തികം പ്രേക്ഷകർ നൽകുന്ന വരിസംഖ്യയിൽ നിന്നുള്ളതാണല്ലോ. പ്രേക്ഷകരാണ് വാർത്താചാനലുകളുടെ സാമ്പത്തിക ശ്രോതസ്സ് എന്ന വസ്തുത ആർക്കും നിഷേധിക്കാനാകില്ലല്ലോ. അവതാരകൻ അഥവാ അവതാരിക സ്വന്തം അഭിപ്രായം അടിച്ചേൽപ്പിക്കാൻ ചർച്ചയിൽ ശ്രമിക്കരുത്. അത്തരം പ്രവണതകൾക്കെതിരെ പ്രതിഷേധമുയർത്തിയാൽ NBA (National Broadcasting Authority) നടപടിയെടുക്കണം. നടപടി എടുക്കണമെങ്കിൽ രാഷ്ട്രീയപാർട്ടികളുടെ അനുമതിവേണമെന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നതെങ്കിൽ നമ്മുടെ വാർത്താവിനിമയ രംഗം നിഷ്പക്ഷമായ നിലയിലെത്തിച്ചേരാൻ ഇനിയും എത്ര കാലം കാത്തിരിക്കേണ്ടിവരും. ഈ ഒരു ഗതികേടിന്റെ മൂലകാരണം സ്വകാര്യ ചാനലുകൾ ഒരു പക്ഷെ രാഷ്ട്രീയ പാർട്ടികളുടെ വക്താക്കളായി മാറുന്നുവെന്ന സത്യം നിലനിൽക്കുന്നതുകൊണ്ടായിരിക്കാം.

ലോകോത്തരകാർഷിക നിയമങ്ങൾ സർക്കാർകൊണ്ടുവരികയും അതിനെതിരെ രാഷ്ട്രീയ മുതലെടുപ്പുകൾക്കു വേണ്ടി വിപരീത പ്രചാരണം നടത്തി കാർഷികമേഖലയെ കലുഷിതമേഖലയാക്കി കർഷകർ മാറ്റിയപ്പോൾ ഈ വിഷയത്തിൽ അന്താരാഷ്ട്രതലത്തിൽ അറിവും ഉന്നത സ്ഥാനമാനങ്ങളലങ്കരിക്കുന്നതുമായ വ്യക്തികളെ പങ്കെടുപ്പിച്ച് ചാനലുകൾ ചർച്ച നടത്തിയിരുന്നുവെങ്കിൽ ഈ നിയമനിർമ്മാണങ്ങളുടെ യഥാർത്ഥപോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പൊതുജനങ്ങൾക്കു പ്രയോജനപ്പെടുന്ന രീതിയിൽ തെറ്റിദ്ധാരണകൾ മാറ്റിയെടുക്കേണ്ട മാധ്യമ ധർമ്മം എവിടെയും കണ്ടില്ല. ഈ വിഷയത്തിൽ ഈ ലേഖകൻ ചൂണ്ടിക്കാട്ടിയ സത്യങ്ങൾ ഇന്നു ബി.ബി.സി. വാർത്താചാനൽ വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സഹിതം അവതരിപ്പിച്ചിരിക്കുകയാണ്. കാർഷിക നിയമത്തിന്റെ ന്യൂനതയായി ഇത്രയും നാൾ ചൂണ്ടിക്കാണിച്ചിരുന്ന താങ്ങുവില അഥവാ Minimum Support Price (MSP) നിയമമാക്കണമെന്ന വ്യവസ്ഥ വിപരീത ഫലമാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് ബി.ബി.സി. യിൽ വിദേശവിദഗ്ദ്ധരും ഇന്ത്യൻ വിദഗ്ദ്ധരും അഭിപ്രായപ്പെട്ടിരിക്കുന്നു. Mandi-കൾ ലോക്കൽ ബ്രോക്കർമാരാണ്. അവർ നിശ്ചയിക്കുന്ന വില അവർക്കു ഗുണം കിട്ടുന്ന രീതിയിൽ മാത്രമേ ഭവിക്കുകയുള്ളൂ. ഈ രീതീ മാറ്റി കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങിച്ചു സംഭരിക്കുന്ന ലോകത്തെവിടെയുമുള്ള കമ്പനികളെയോ കച്ചവട സംഘങ്ങളെയോ സ്വന്തം Cell Phone - ൽ ബന്ധപ്പെട്ട് കച്ചവടമുറപ്പിക്കാം. Google Pay വഴിയോ മറ്റേതെങ്കിലും മാർഗത്തിലോ കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ പൈസ എത്തും, ഉൽപ്പന്നങ്ങൾ സംഭരിക്കാൻ കമ്പനികളുടെ വാഹനങ്ങൾ എത്തിക്കൊള്ളും. ഈ രീതിയിൽ കർഷകന് ഇഷ്ടമുള്ള കമ്പനിക്ക് ഉൽപ്പന്നങ്ങൾ വിറ്റു ലാഭം ഉണ്ടാക്കാൻ അവസരമൊരുക്കുന്ന നൂതന നിയമങ്ങളെ corporate കൾക്ക് കാർഷിക രംഗം അടിയറ വയ്പിച്ചുവെന്ന പ്രചാരണം സത്യത്തിനു നിരക്കാത്തതെന്ന് ബി.ബി.സി. ഇന്റർവ്യൂ ചെയ്ത വിദഗ്ധർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. നമ്മുടെ വാർത്താചാനലുകൾ ഈ വിഷയം ചർച്ച നടത്തിയപ്പോൾ ഈ നിയമങ്ങളെ എതിർക്കുന്ന വിദഗ്ദ്ധരെയാണ് ചാനലുകൾ ഉപയോഗപ്പെടുത്തിയത്. പൊതുജനാഭിപ്രായം അറിയണമെങ്കിൽ ചാനൽ ചർച്ചയുടെ പകുതി സമയം പൊതുജനങ്ങൾക്ക് ഫോൺ ചെയ്ത് നേരിട്ട് പാനൽ വിദഗ്ദ്ധരോട് അവരുടെ അഭിപ്രായം പറയാൻ അവസരം കൊടുത്താൽ ചാനൽ ചർച്ചകൾ കൂടുതൽ ജനാധിപത്യപരവും സത്യസന്ധതപുലർത്തുന്നതുമായിത്തീരും. ചാനൽചർച്ചകളിലെ വിദഗ്ധ അതിഥികൾ ബഹുഭൂരിപക്ഷവും അവർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയപാർട്ടിയുടെ തീവ്രപ്രതിനിധികളായിട്ടാണ് ചർച്ചയിൽ പങ്കെ

ടുക്കുന്നത്. പ്രതിപക്ഷബഹുമാനമോ പ്രേക്ഷകബഹുമാനമോ കാണിക്കാതെ അങ്ങേയറ്റം arrogance (അഹങ്കാരം) തീക്ഷ്ണമായി പ്രകടിപ്പിച്ച് സ്വയം പ്രതിനിധീകരിക്കുന്ന രാഷ്ട്രീയപാർട്ടിക്കുവേണ്ടി അട്ടഹസിക്കുന്നതു കാണുമ്പോൾ ചാനൽ ചർച്ചയുടെ തനിനിറം പ്രേക്ഷകർ തിരിച്ചറിയുന്നു. ചില അവതാരകർ (Anchors) അവരുടെ രാഷ്ട്രീയ ചായ്‌വ് വെട്ടിത്തുറന്നു കാണിക്കുന്നത് അപലപനീയം തന്നെ. അവതാരകർ നിഷ്പക്ഷമായി ചാനൽ ചർച്ച മുന്നോട്ടു കൊണ്ടുപോകണമെന്നിരിക്കെ, ചിലർ അതു പാലിക്കാതെ വരുമ്പോൾ ചർച്ചകളുടെ ലക്ഷ്യം തനി കക്ഷിരാഷ്ട്രീയകുറുക്കുവഴിയായി വ്യാഖ്യാനിക്കപ്പെടുന്നുണ്ടാകും. അവതാരകർക്ക് അവരുടെ വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കാനുള്ള ഒരു വേദിയായി ചാനൽ ചർച്ചകളെ ദുരുപയോഗപപെടുത്തുന്നുണ്ടെങ്കിൽ അത് മാധ്യമധർമ്മമല്ലാതായിപ്പോകുന്നു. മലയാള വാർത്താചാനലുകളിലെ ചർച്ചകളിൽ പങ്കെടുക്കുന്ന ചില വിദഗ്ദ്ധർ ബഹുമാനം അർഹിക്കുന്നവരാണ്. കേരളരാഷ്ട്രീയ ചരിത്രത്തിലോ അതെല്ലെങ്കിൽ പൊതുവിഞ്ജാന വിവരങ്ങളിലോ അഗാധപാണ്ഡിത്യം ഉള്ള ചുരുക്കം ചില വ്യക്തികൾ ചാനൽചർച്ചകളിൽ പങ്കെടുത്താൽ അതു boycott ചെയ്യുന്ന രാഷ്ട്രീയപാർട്ടികൾ സ്വയം കുറ്റക്കാരും അഴിമതിക്കാരുമാണെന്ന് പൊതുജനസമക്ഷം വിളിച്ചറിയിക്കുകയാണെന്നു വേണം അനുമാനിക്കാൻ- ഒരു ചർച്ചയിൽ ആവശ്യമില്ലാത്ത ഭരണഘടനയിലെ നിയമവകുപ്പുകൾ ഉദ്ധരിക്കുന്ന ചില നിയമജ്ഞർ സർക്കാർ നടപ്പാക്കുന്ന നിയമപരമായ ഉത്തരവുകളെ പലപ്പോഴും പരിഹസിക്കുകയാണോയെന്നു തോന്നിപ്പോകും. അതേ സമയം വളരെ സീനിയറായ നിയമജ്ഞർ ചർച്ചകളിൽ പങ്കെടുക്കുമ്പോൾ ഇത്തരം അപക്വത കാണിക്കാറില്ലയെന്നുള്ളതു ഒരു വസ്തുതയാണ്.

ദൈനംദിനവാർത്തകൾ സത്യസന്ധമായും നിക്ഷപക്ഷമായും ജനങ്ങളിൽ എത്തിക്കാനാണല്ലോ വാർത്താചനലുകൾ പ്രവർത്തിക്കുന്നത്. ചാനൽചർച്ചകൾ പുരോഗമിക്കുമ്പോൾ പ്രേക്ഷകർക്ക് Phone in ചെയ്ത് അവരുടെ അഭിപ്രായം പറയാനും അതുപോലെ തെറ്റുപറയുന്ന അവതാരകരോ പാനലിസ്റ്റുകളോ ഉണ്ടെങ്കിൽ അവരെ തിരുത്താനും പ്രേക്ഷകർക്ക് അവസരവും അവകാശവുമുണ്ട്.

****

*(പേജ് 41 ന്റെ തുടർച്ച)*

## വെള്ളം കുടിക്കൽ

ഇടവിട്ടുള്ള മൂത്രമൊഴിക്കൽ ഭയന്ന് വെള്ളം കുടിക്കുന്നത് പ്രോസ്റ്റേറ്റ് രോഗി കുറയ്ക്കരുത്. ദിവസവും രണ്ടു ലിററർ വെള്ളമെങ്കിലും കുടിക്കേണ്ടതാണ്.

ദീർഘദൂര യാത്രചെയ്യുമ്പോൾ ഇടയ്ക്കിടെ മൂത്രമൊഴിക്കാനുള്ള സാഹചര്യം കിട്ടുമെന്ന് ഉറപ്പാക്കണം. ട്രെയിൻ യാത്രയായിരിക്കും അഭികാമ്യം. കരിക്കിൻവെള്ളത്തിൽ ഏലത്തരി പൊടിച്ചു ചേർത്ത് കുടിക്കുന്നത് പ്രോസ്റ്റേറ്റ് പ്രശ്നങ്ങൾക്ക് നല്ല ഫലം തരും.

ദിവസവും രണ്ടു തക്കാളി പച്ചയായോ പാകപ്പെടുത്തിയോ കഴിക്കുന്നത് പ്രോസ്റ്റേറ്റ് പ്രശ്നങ്ങൾ വരാതെ തടയാം. ചേന, കാച്ചിൽ ഇവ ഭക്ഷണത്തിൽപ്പെടുത്തുന്നതും പ്രോസ്റ്റേറ്റ് പ്രശ്നങ്ങൾ വരാതിരിക്കാൻ സഹായിക്കും.

## വ്യായാമം

പ്രോസ്റ്റേറ്റ് പ്രശ്നങ്ങൾക്ക് മികച്ച പ്രതിരോധമാണ് വേണ്ടത്. നടത്തം ഉൾപ്പെടെയുള്ള മിതമായ വ്യായമമാണ് ശീലമാക്കേണ്ടത്. മൂത്രാശയപേശികളെ ബലപ്പെടുത്താൻ കപാല ഭാതി നിത്യവും ശീലമാക്കണം. ധനുരാസനം, യോഗമുദ്ര, ശലഭാസനം ഇവയും വ്യായാമത്തിൽ ഉൾപ്പെടുത്തണം.

ആധുനിക കാലഘട്ടത്തിൽ റേഡിയേഷൻ, കീമോ തെറാപ്പി, ശസ്ത്രക്രിയ തുടങ്ങിയ ചികിത്സാരീതികൾ കാൻസർ രോഗ നിവാരണത്തിനു നൽകുന്നതാണ്. പ്രോസ്റ്റേറ്റ് കാൻസർ ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കില്ലെന്ന തെറ്റായ ധാരണയാണ് പല രോഗികളിലും നിലനിൽക്കുന്നത്.

തുടക്കത്തിലേ ആയുർവേദ ചികിത്സകൾ ചെയ്താൽ കുറെ ഒക്കെ പ്രോസ്റ്റേറ്റിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

****

# ചുട്ടുപഴുക്കുന്ന ഭൂമി, മാറുന്ന കാലാവസ്ഥ: അതിജീവിക്കുമോ മനുഷ്യൻ?

എൻ. രാജശേഖരൻ നായർ - ഫോൺ - 9895550719

മഹാമാരികൾ, വെള്ളപ്പൊക്കം, വരൾച്ച, കുടിവെള്ള ക്ഷാമം, ചുഴലികൊടുങ്കാറ്റുകൾ, ഉഷ്ണക്കാറ്റ്, വൈറസ്സ് രോഗങ്ങൾ, പട്ടിണി മരണങ്ങൾ, മേഘവിസ്പോടനം, നിലക്കാത്ത അഭയാർത്ഥി പ്രവാഹം എന്നീ ദുരന്തങ്ങൾ അതി തീവ്രതയോടെ ഒന്നിന് പിറകെ ഒന്നായി എത്തുകയാണ് വരും നാളുകളിൽ. ഈ ഭയാനക പ്രത്യാഘാതങ്ങൾ ഭൂമിയിൽ സൃഷ്ടിക്കാൻ പോകുന്നതാകട്ടെ സമസ്തജീവജാലങ്ങളുടെയും സർവ്വനാശവും.

ഭൂമിയുടെ ഉപരിതലത്തിന്റെ ശരാശരി താപനില 15 ഡിഗ്രി സെൽഷ്യസാണ്. പക്ഷേ, സമീപകാലത്ത് താപനിലയിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഈ വർദ്ധനവിന്റെ ഉത്തരവാദി മനുഷ്യന്റെ ആർത്തി പിടിച്ച പ്രവർത്തനങ്ങളാണ്. ഭൂമിയിലെത്തുന്ന ചൂടിന്റെ പ്രതിഫലനം ഭൂമിയിലെത്താതെ ഹരിതഗ്രഹ വാതകങ്ങൾ തടയുമ്പോഴാണ് ഭൂമിയിലെ താപനില ഉയരുന്നത്. ഈ പ്രതിഭാസം ഭൂമിയുടെ ഉപരിതലത്തിലെ ചൂട് വർദ്ധിപ്പിക്കാനിടയാക്കുന്നു. ഹരിതഗ്രഹവാതകങ്ങളിൽ പ്രധാനമായും കാർബൺഡൈഓക്സൈഡ്, മീഥൈൻ, നൈട്രസ് ഓക്സൈഡ് എന്നിവയാണ്.

വിഷയത്തിലേക്ക് കടക്കും മുമ്പായി നമുക്ക് അല്പം പിന്തിരിഞ്ഞ് നോക്കേണ്ടതുണ്ട്. ഈ മഹാപ്രപഞ്ചത്തിൽ ജീവന് അനുകൂലചുറ്റുപാടുകളുള്ള ഒരേ ഒരു ഗ്രഹം ഭൂമി മാത്രമാണ്. ഭൂമിക്ക് 4600 മില്യൻ വർഷങ്ങളുടെ പഴക്കമുണ്ട്. പ്രാരംഭത്തിൽ ചുട്ട് പഴുത്തിരുന്ന ഭൂമി കോടിക്കണക്കിന് വർഷങ്ങൾ കൊണ്ട് എത്രയോ മാറ്റങ്ങൾക്ക് വിധേയമായിട്ടാണ് ഈ നിലയിൽ എത്തിച്ചേർന്നത്. ഭൂമിയുടെ അന്തർഭാഗമാകട്ടെ ഇപ്പോഴും നിതാന്തമായി ഇളകി മറിഞ്ഞുകൊണ്ടേയിരിക്കുന്നു. ഭൂമിയുടെ 29% മാത്രമേ കരയുള്ളൂ. ബാക്കി മുഴുവൻ തന്നെ സമുദ്രങ്ങളാണ്. ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമായ ജലം, ഓക്സിജൻ, എന്നിവ ഭൂമിയിൽ മാത്രമാണുള്ളത്. വൻ കരകളെ 150 മീറ്റർ കനത്തിൽ മൂടാൻ കഴിയുന്നത്ര ഉപ്പ് സമുദ്രങ്ങളിലുണ്ട്. സൂര്യന്റെ പ്രകാശവും, ചൂടും ഉള്ളതിനാലാണ് നമ്മുടെ ജീവൻ നിലനിൽക്കുന്നത്.

ഭൂമി സൂര്യനുമായി കുറച്ച്കൂടി അടുത്തായിരുന്നെങ്കിൽ ചൂടിന്റെ ആധിക്യത്താൽ ജീവൻ നിലനിൽക്കുമായിരുന്നില്ല. അതുപോലെ സൂര്യൻ ഭൂമിയിൽ നിന്ന് കുറച്ച്കൂടി അകലത്തായിരുന്നെങ്കിൽ ജീവിതം അസാദ്ധ്യമാകുമായിരുന്നു. സൂര്യനും, ഭൂമിയും തമ്മിലുള്ള അകലം എത്ര കൃത്യമായാണ് സ്ഥിതി ചെയ്യുന്നതെന്ന് ഒരു നിമിഷം ചിന്തിച്ചു നോക്കൂ. ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ എന്തൊക്കെ കാര്യങ്ങളാണ് പ്രകൃതി ഒരുക്കി തന്നിരിക്കുന്നതെന്നു ആലോചിക്കേണ്ട വിഷയം തന്നെയാണ്.

എന്നാലോ, ഇപ്പോൾ പോലും മറ്റ് ജീവികളെ അപേക്ഷിച്ചു ഒട്ടേറെ പരിമിതികളുണ്ട് മനുഷ്യന്. കുതിരയെ പോലെ ഓടാൻ മനുഷ്യന് കഴിയില്ല. പട്ടിയുടെ ഘ്രാണശക്തി മനുഷ്യന് ഇല്ല. വവ്വാലിന്റെ ശ്രവണശക്തിയുടെ അടുത്തെത്താൻ പോലും മനുഷ്യന് ആവില്ല. ദൃശ്യപ്രകാശം മാത്രമേ കാണാൻ മനുഷ്യന് കഴിയുന്നുള്ളൂ. എന്നാൽ മുകളിൽ പറഞ്ഞ പരിമിതികളെ അതിജീവിക്കാൻ മനുഷ്യൻ ആധുനിക ഉപകരണങ്ങൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്.

പ്രകൃതിയിന്മേലുള്ള മനുഷ്യന്റെ ആക്രമിച്ചുള്ള കടന്നുകയറ്റം ആരംഭിച്ചത് വ്യവസായ വിപ്ലവത്തോടെയാണ്. കാടുകളെല്ലാം വെട്ടിതെളിച്ച് അന്തരീക്ഷമാകെ മലിനപ്പെടുത്തിക്കൊണ്ട് മനുഷ്യൻ നടത്തിയ പ്രവർത്തികൾ പ്രാരംഭഘട്ടത്തിൽ ഭക്ഷണത്തിനും, പാർപ്പിടത്തിനും വേണ്ടിയായിരുന്നെങ്കിൽ പിന്നെ പിന്നെ പ്രകൃതിയെ ആകമാനം മലിനപ്പെടുത്തികൊണ്ടുള്ള ഭ്രാന്ത് പിടിച്ച ജൈത്രയാത്രയായിരുന്നു. ഫോസിൽ ഇന്ധനങ്ങളുടെ വഴി വിട്ട ഉപയോഗം, ആവശ്യത്തിൽ കൂടുതലായുള്ള ഉപഭോഗവസ്

തുക്കളുടെ ഉൽപ്പാദനം, അതിൽ നിന്നുള്ള ലാഭത്തിന്മേലുള്ള അത്യാർത്തിയും മനുഷ്യനെ തികച്ചും അന്ധനാക്കി തീർക്കുകയാണ് ചെയ്തത്. പ്രകൃതിക്കു സഹിക്കാൻ കഴിയാവുന്നതിൽ കൂടുതലുള്ള അന്തീരക്ഷമലിനീകരണം സംഭവിക്കാൻ തുടങ്ങിയത് അങ്ങനെയാണ്.

### ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും

കഴിഞ്ഞ കുറെ വർഷങ്ങളായി അന്തരീക്ഷത്തിൽ ചൂട് കൂടികൂടി വരികയാണ്. ലോകവ്യാപനമയി ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ലോകവ്യാപകമായി കണ്ടുവരുന്ന ഈ പ്രതിഭാസത്തെയാണ് ആഗോളതാപനം എന്ന് പറയുന്നത്.

ഊർജ്ജത്തിന്റെ മറ്റൊരു രൂപമാണ് താപം. ഹരിതഗൃഹവാതകങ്ങളായ കാർബൺഡൈഓക്സൈഡ് മീഥേൻ, നീരാവി നൈട്രജൻ ഓക്സൈഡുകൾ എന്നിവ അന്തരീക്ഷതാപം നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. ഈ വാതകങ്ങൾ ഇല്ലാതിരുന്നാൽ അന്തരീക്ഷ ഊഷ്മാവ് 33 ഡിഗ്രി സെൽഷ്യസ് ആയി തീരുന്നതാണ്. എന്നാൽ അസാധാരണ രീതിയിലുള്ള ഈ വാതകങ്ങളുടെ വർദ്ധനവ് അന്തരീക്ഷോഷ്മാവ് അമിതമായി വർദ്ധിക്കാനിടവരുത്തുന്നു. ഇതാണ് ആഗോളതാപം വർദ്ധനവ് എന്നറിയപ്പെടുന്നത്.

കൽക്കരി, പ്രകൃതിവാതകം, ഡീസൽ, പെട്രോൾ എന്നിവ കത്തിക്കുമ്പോൾ, മീഥേൻ, മറ്റ് ഹൈഡ്രോകാർബണുകൾ, കാർബൺ ഡൈഓക്സൈഡ് (Co2) എന്നിവയായി മാറുകയാണ് ചെയ്യുന്നത്. ഇതിന്റെ ഫലമായിട്ടാണ് താപഊർജ്ജം ഉണ്ടാകുന്നത്. ഊർജ്ജം ഉപയോഗിക്കുന്ന എല്ലാ പ്രവർത്തികളും കാർബൺനെ മോചിപ്പിക്കുന്നവയാണ്. പെട്രോളും, പെട്രോളിയം ഉൽപ്പന്നങ്ങളും, കൽക്കരി, പ്രകൃതിവാതകങ്ങൾ എന്നിവയെല്ലാം കാർബണനിനെ മോചിപ്പിക്കുന്നവ തന്നെ. ഭൂമിയിൽ പതിക്കുന്ന തരംഗദൈർഘ്യം കുറഞ്ഞ പ്രകാശതരംഗത്തെ പകുതിയും ഭൂമി ആഗിരണം ചെയ്യുന്നു. ബാക്കിയുള്ള പ്രകാശതരംഗങ്ങളെ തിരികെ അന്തരീക്ഷത്തിലേക്ക് തന്നെ വിടുന്നു. (re-radiate). ഇങ്ങനെ അന്തരീക്ഷത്തിലേക്ക് വിടുന്ന പ്രകാശ തരംഗങ്ങൾക്ക് തരംഗ ദൈർഘ്യം കൂടുതലാണ്. തരംഗ ദൈർഘ്യം കൂടിയ ഊർജ്ജത്തെ അതിശക്തിയായി തന്നെ ആഗിരണം ചെയ്യുന്നതിന് Co2ന് കഴിയുന്നതിനാൽ മേൽപ്പറഞ്ഞ ഊർജ്ജതരംഗം കാർബൺഡൈഓക്സൈഡിന്റെ വലയിൽ പെട്ട് താപോർജ്ജമായി (Heat Energy) രൂപാന്തരപ്പെടുന്നു. ഇതുകൊണ്ടാണ് താപവർദ്ധനവിന് കാരണമാകുന്നത്.

നേരിയ അളവിൽ മാത്രമേ ഉള്ളൂവെങ്കിലും മറ്റൊരു ഹരിത ഗൃഹവാതകമായ മീഥേൻ Co2ന്റ 25 മടങ്ങ്, താപത്തെ ആഗിരണം ചെയ്യാനുള്ള കഴിവുണ്ട്. സസ്യങ്ങളെ വളർത്തുന്ന സ്ഫടികഭിത്തികളോട് കൂടിയ ഹരിത ഗൃഹങ്ങളിൽ അനുഭവപ്പെടുന്ന ചൂടിന് സമമായതിനാലാണ് ഈ വാതകങ്ങളെ ഹരിതഗൃഹവാതകങ്ങൾ എന്ന് പറയുന്നത്. ഹരിതഗൃഹങ്ങളിൽ സൂര്യപ്രകാശം കടക്കുമെങ്കിലും തരംഗദൈർഘ്യം കൂടിയതിനാൽ അവക്ക് പുറത്തേക്ക് കടക്കാൻ കഴിയുന്നില്ല. വ്യവസായ ശാലയിൽ നിന്നും ബഹിർഗമിക്കുന്ന നൈട്രസ് ഓക്സൈഡ് ഒരു ഹരിത ഗൃഹവാതകം തന്നെ. രാസവളങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുന്ന മണ്ണിൽ നിന്നും പുറത്തേക്ക് വരുന്നതും നൈട്രസ് ഓക്സൈഡ് ആണ്. Co2 നെക്കാൾ ആയിരം മടങ്ങ് ശക്തിയോടെ താപതരംഗങ്ങളെ വലിച്ചെടുക്കുന്ന മറ്റൊരു ഹരിത ഗൃഹവാതകമാണ് ക്ലോറോ ഫ്ളൂറോ കാർബണുകൾ (CFC) .

സഞ്ചാരത്തിനും, ഗവേഷണത്തിനും മറ്റും ഉപയോഗിക്കുന്ന വാഹനങ്ങൾ, തണുപ്പ് അകറ്റുന്നതിനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ചൂടിൽ നിന്നും രക്ഷ നേടുന്നതിനുള്ള എയർ കണ്ടീഷണർ, നമ്മുടെ നിത്യജീവിതത്തിന് ഉപയോഗിക്കുന്ന വൈദ്യതോപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഊർജ്ജം വൻതോതിൽ ഉപയോഗിക്കുന്നവയാണ്. കാർബൺ പുറത്തേക്ക് വിടുന്ന വ്യവസായങ്ങളാണ് ഉരുക്കും, സിമിന്റും ഉൽപാദിപ്പിക്കുന്ന വ്യവസായങ്ങൾ.

ഇതിനൊക്കെ പുറമേ വീടുകളുടെ നിർമ്മാണത്തിനും കാർഷികാവശ്യങ്ങൾക്കുമായി വെട്ടി നശിപ്പിക്കുന്ന വനങ്ങൾ, അപ്രകാരം നശിപ്പിക്കപ്പെടുന്ന അസംഖ്യം മരങ്ങൾ, പുൽമേടുകൾ എന്നിവ കാർബണെ പുറത്തേക്കു വിടുന്ന മാർഗ്ഗങ്ങൾ തന്നെ. കൂടാതെ കാർഷികാവശ്യങ്ങൾക്ക് ഉപകരിക്കുന്ന രാസവളങ്ങളും കാർബണെ പരോക്ഷമായി മോചിപ്പിക്കുന്ന വസ്തുക്കൾ തന്നെ.

കപ്പലുകളാകട്ടെ, മനുഷ്യൻ പുറത്തേക്ക്

വിടുന്ന $CO_2$ ന്റെ 3% വരും മോട്ടോർ കാറുകൾ പുറത്തേക്ക് വിടുന്ന മൊത്തം മാലിന്യങ്ങളുടെ പകുതിയോളം തന്നെ കപ്പലുകളും പുറത്തേക്ക് വിടുന്നു.

കൂടാതെ കാട്ടുതീ, ചതുപ്പ് നിലങ്ങൾ, ജീർണ്ണിച്ചു കൊണ്ടിരിക്കുന്ന ജൈവപാഴ്വസ്തുക്കൾ, ഇവയെല്ലാമാണ് കാർബണിന്റെ ഉറവിടങ്ങൾ. അതുപോലെ പ്രകൃതിദത്ത മലിനീകരണ ഉറവിടമാണ് അഗ്നിപർവ്വതം വ്യവസായ വിപ്ലവത്തെ തുടർന്ന് $CO_2$ ഉൽപ്പാദനം 30% ൽ കൂടുതൽ ഉയരുകയാണ് ചെയ്തത്.

ക്രൂഡ്ഓയിലും, കൽക്കരിയും കത്തിക്കുമ്പോൾ സൾഫർഡൈഓക്സൈഡ് ($SO_2$) ഉണ്ടാകുന്നു. 1860ൽ ഇപ്രകാരം പുറത്തേക്ക് വിട്ട സൽഫർഡൈഓക്സൈഡ് ഒരു കോടി ടൺ ആയിരുന്നു. എന്നാൽ 1980 ആയപ്പോഴേക്ക് ഒന്നരകോടി ടൺ ആയി ഇത് വർദ്ധിക്കുകയാണുണ്ടായത്. വ്യവസായ വളർച്ചയുണ്ടായ രാജ്യങ്ങളുടെ സംഭാവനയാണിത്.

**ഫോസിൽ ഇന്ധനങ്ങൾ**

ഫോസിൽ ഇന്ധനങ്ങളുടെ പ്രവർത്തനം എങ്ങനെയെന്ന് നോക്കാം. കാർബണും ഹൈഡ്രജനും അടങ്ങിയതാണ് ഇന്ധനം. ഇവ കത്തിക്കുമ്പോൾ ഇന്ധനത്തിൽ അടങ്ങിയ കാർബണും, ഹൈഡ്രജനും. ഓക്സിഡേഷന് വിധേയമാകുകയും ഹൈഡ്രജൻ ജലമായും കാർബൺ കാർബൺമോണോക്സൈഡുമായി മാറുന്നു. കാർബൺമോണോക്സൈഡ് അന്തരീക്ഷത്തിലെ ഓക്സിജനുമായി ചേർന്ന് കാർബൺഡൈഓക്സൈഡ് ($CO_2$) ഉണ്ടാകും. അന്തരീക്ഷത്തിൽ $CO_2$ ന്റെ അളവ് കൂടുന്നതു മനസ്സിലായിരിക്കുമല്ലോ? അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡ് കൂടുതലുണ്ടാകുമ്പോൾ ഭൂമിയിലെ താപനില ക്രമാതീതമായി ഉയരുന്നു.

കാർബൺന്റെ ഇപ്രകാരമുള്ള പുറംതള്ളൽ കുറക്കണമെങ്കിൽ ഉൽപ്പാദന വിനിയോഗത്തിൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വരും. ഈ പോംവഴി പ്രായോഗികമല്ലാത്തതിനാൽ വിൻഡ് എനർജി, സൗരോർജ്യം തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സിനെ ആശ്രയിക്കുക എന്നതാണ് പോംവഴി.

മറ്റൊരു വഴിക്കുള്ള ശാസ്ത്രജ്ഞരുടെ ശ്രമം മുകളിൽ കാണിച്ച വാതകങ്ങളെ അന്തരീക്ഷത്തിൽ കലരാൻ അനുവദിക്കാതെ ഭൂമിക്കടിയിൽ തന്നെ നിറുത്തുക എന്നതാണ്. എന്നാൽ ഇത്തരമൊരു പരീക്ഷണം ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

അന്തരീക്ഷത്തിൽ ഇതിനകം ലയിച്ച് ചേർന്നതും ഇപ്പോഴും ലയിച്ചു കൊണ്ടിരിക്കുന്നതുമായ $CO_2$ ന്റെ അളവ് കുറക്കാൻ ധാരാളമായി മരങ്ങൾ, മുളകൾ, ഹരിത സസ്യങ്ങൾ, വനങ്ങൾ എന്നിവ വച്ച് പിടിപ്പിക്കുക എന്നതാണ് പോംവഴി. മരങ്ങൾക്കും, ഹരിത സസ്യങ്ങൾക്കുമെല്ലാം കാർബൺഡൈഓക്സൈഡ് അത്യാവശ്യമാണ് താനും. വർഷം തോറും $CO_2$ ന്റെ അളവ് 02 ശതമാനം വർദ്ധിച്ച് കൊണ്ടേയിരിക്കുകയാണ്.

$CO_2$ കൂടാതെ ക്ലോറോഫ്ലൂറോ കാർബണുകളിലെ രാസവസ്തുക്കൾ സ്ട്രാറ്റോസ്പിയറിലെ ഓസോൺ പാളിക്ക് ഭീഷണിയാണ്.

$CO_2$ നെക്കാൾ പതിന്മടങ്ങ് ശക്തിയൊടെയാണ് ക്ലോറോഫ്ളൂറോ കാർബണുകൾ (CFC) ഓസോൺ പാളിക്ക് ബലക്ഷയമുണ്ടാക്കുന്നത്. സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് കിരണങ്ങളിൽ നിന്ന് ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷിക്കുന്നത് ഓസോൺ പാളികളാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. സൂര്യനിൽ നിന്നെത്തുന്ന സൂര്യകിരണങ്ങളിലെ മൂന്നിൽ ഒന്നു ഭാഗം ഊർജ്ജവും സമുദ്രജലം ആവാഹിച്ച് സമുദ്രത്തിനടിയിലേക്ക് മാറ്റുന്നു. അങ്ങനെ വരുമ്പോൾ, അന്തരീക്ഷ താപനിലയും, കാലാവസ്ഥയും സമതുലനം ചെയ്യുന്നത് വഴി കാലാവസ്ഥാസന്തുലന ഉപാധിയും കൂടിയാണ് സമുദ്രങ്ങൾ എന്ന് കാണാം.

ഭൂമിയെ മുഴുവനായും ബാധിക്കുന്ന ഒന്നാണ് ഹരിതഗൃഹവാതകങ്ങളുടെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നു എന്നത്. അന്തരീക്ഷത്തിൽ വാതകരൂപത്തിൽ കാണപ്പെടുന്ന $CO_2$ നൈട്രസ് ഓക്സൈഡ്കൾ മീഥേൻ എന്നീ ഹരിതഗൃഹവാതകങ്ങൾ, സൂര്യനിൽ നിന്ന് താപോർജ്ജം ആഗിരണം ചെയ്യുകയാണ് ചെയ്യുന്നത്. അങ്ങനെയാകുമ്പോൾ, അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് എത്രമാത്രം കൂടുന്നുവോ അതിനനുസരിച്ച് ഭൂമയിലെ ചൂടും ക്രമാതീതമായി വർദ്ധിക്കുന്നു. 2100. വർഷത്തിൽ ഭൂമിയിലെ ചൂട് $3.5^{0}$ മുതൽ $4.5^{0}C$ വരെ വർദ്ധിച്ചേക്കാം. ഇതിൽ നിന്നെല്ലാം ഒരു കാര്യം പകൽ പോലെ വ്യക്തമാണ്.

ഭൂമിയുടെ താപവർദ്ധന ഇത്രമാത്രം ഉയർ

ത്തുന്നതിന് ഉത്തരവാദി മനുഷ്യൻ മാത്രമാണ്.

ശ്വസനത്തിലൂടെയും മറ്റും പുറത്തേക്ക് വിടുന്ന Co2 നെ സസ്യങ്ങൾ കാർബോ ഹൈഡ്രോളുകളും ഓക്സിജനുമാക്കി മാറ്റുന്നു. ഇങ്ങനെ പുറത്തേക്ക് വരുന്ന ഓക്സിജനെ മനുഷ്യനടക്കമുള്ള ജന്തുജാലങ്ങൾ സ്വീകരിക്കുന്നു ഇങ്ങനെയുള്ള പരസ്പരം ആശ്രയിക്കുന്ന പ്രവർത്തനത്തിലൂടെ അന്തരീക്ഷത്തിലെ വാതകങ്ങളുടെ അളവ് കാര്യമായ മാറ്റമില്ലാതെ നില നിന്നിരുന്നു.

എന്നാൽ മനുഷ്യന്റെ പ്രകൃതിയിലേക്കുള്ള കടന്നുകയറ്റം വർദ്ധിക്കാൻ തുടങ്ങിയതോടെ എല്ലാവിധ കണക്കുകൂട്ടലുകളും തെറ്റാൻ തുടങ്ങി. കാടുകളെല്ലാം വെട്ടി നശിപ്പിക്കുകയും, മലകൾ എല്ലാം ഇടിച്ചു നിരത്തുകയും തണ്ണീർ തടങ്ങളെല്ലാം നികത്തുകയും ചെയ്തതോടെ പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുകയാണ് ചെയ്തത്. ഗതാഗത രംഗത്തെ തള്ളികയറ്റം Co2 ന്റെ അന്തരീക്ഷത്തിലുള്ള പുറം തള്ളൽ എല്ലാ ധാരണകളേയും തകർക്കുകയും, ഭൗമാന്തരീക്ഷത്തിലെ താപനില ഉൽക്കണ്ഠാജനകാംവിധത്തിൽ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. കാർബൺ ഡൈ ഓക്സൈഡ് പോലുള്ള ഹരിതഗൃഹവാതകങ്ങൾ എല്ലാം തന്നെ അന്തരീക്ഷത്തിൽ തന്നെ വിലയം പ്രാപിക്കുകയാണ്.

**ഫലങ്ങൾ**

അന്തരീക്ഷതാപനില വർദ്ധിക്കുന്നതിന്റെ ഫലമായി കാലാവസ്ഥയിൽ വളരെ പ്രകടമായ മാറ്റങ്ങൾ അനുഭവപ്പെടാൻ തുടങ്ങിയിരിക്കുന്നു. മഴയുടെ ഏററകുറവ്, കാലം തെററിയുള്ള മഴയുടെ വരവ്, മഴ പെയ്തുകൊണ്ടിരുന്ന സമയത്ത് മഴ പെയ്യാതെയാകുക, ശുദ്ധജലക്ഷാമം, വെള്ളപൊക്കം, വെള്ളപ്പൊക്കംമൂലമുള്ള മലിനജലം, മലിനജലം മൂലം നിരവധി രോഗങ്ങളുടെ വരവ് എന്നിവയാണ് മാറ്റങ്ങൾ.

വേനൽകാലത്തെ ചൂടിന്റെ ആധിക്യത്താൽ താപതരംഗവും തന്മൂലം ശരീരത്തിൽ നിന്ന് ജലാംശം (dehydration)നഷ്ടപ്പെടുന്നതിന് കാരണമാകും. ശ്വസന സംബന്ധമായ രോഗങ്ങൾ, ശുദ്ധജലക്ഷാമം മൂലമുള്ള രോഗങ്ങൾ എന്നിവ ഉണ്ടാകും. ശുദ്ധജലക്ഷാമം മൂലമുള്ള രോഗങ്ങളായിരിക്കും 21-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ഭീഷണി. കാർബൺ ഡൈഓക്സൈഡ് അന്തരീക്ഷത്തിലെ ചൂട് ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. കൂടാതെ അപ്രകാരമുള്ള ചൂട് ദീർഘകാലം അന്തരീക്ഷം വിട്ടു പോകാതെ അന്തരീക്ഷത്തിൽ നിലനിൽക്കുന്നതിനാൽ Co2 ന്റെ അളവ് കുറക്കുന്നതിനാവശ്യമായ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരുന്നതാണ്.

സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് രശ്മികളെ ഭൂമിയിലേക്ക് പതിക്കാതെ തടയുന്നത് സ്ട്രാറ്റോസ്പിയറിലുള്ള ഓസോൺ പാളികളാണ്. ഓസോൺ പാളികളിൽ ദ്വാരങ്ങൾ സൃഷ്ടിച്ച് കേടുവരുത്തുന്നത് കാർബൺ ഡൈ ഓക്സൈഡും Co2 അതിനെക്കാൾ പതിന്മടങ്ങ് ശക്തിയുള്ള ക്ലോറോ ഫ്ളൂറോ കാർബണു (CFC)മാണ്.

ആഗോള താപനത്തിന്റെ മറ്റൊരു ഭയാനകമായ ഫലം പതിനായിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മുതൽ മഞ്ഞിൽ മൂടി കിടക്കുന്ന ചതുപ്പ് പ്രദേശങ്ങളിൽ നിന്ന് Co2 വും മീഥൈൻ വാതകവും പുറത്തേക്ക് വരാൻ തുടങ്ങി എന്നതാണ്. അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്നതിന്റെ ഫലമായി ചതുപ്പ് പ്രദേശങ്ങളെ മൂടികിടക്കുന്ന മഞ്ഞ് ഉരുകുകയും, പ്രതലവ്യാപ്തി വർദ്ധിക്കുകയും ചെയ്യുന്നു. ചതുപ്പുപ്രദേശങ്ങളാകെ ജൈവപദാർഥങ്ങൾ ചീഞ്ഞളിഞ്ഞ് ഉണ്ടായവയാണ് ചതുപ്പുപ്രദേശങ്ങൾ വടക്കൻ സൈബീരിയായിൽ ഇപ്രകാരം പുറത്തേക്ക് വരുന്ന മീഥൈൻ വാതകം ഏതാണ്ട് 3.8 മെട്രിക് ടൺ ആയിരിക്കുമെന്ന് കണക്കാക്കുന്നു. 500 ദശലക്ഷം മെട്രിക്ടൺ കാർബൺ വടക്കൻ സൈബീരിയായിലെ മഞ്ഞ് മൂടികിടക്കുന്ന സ്ഥലങ്ങളിൽ കിടപ്പുണ്ട്. ഇവ മുഴുവൻ കാർബൺ ഡൈ ഓക്സൈഡായി പുറത്തേക്ക് വന്നാലുള്ള ഭവിഷ്യത്ത് വളരെയധികം ഗുരുതരമായിരിക്കും.

പുറത്തേക്കു വരുന്ന കാർബൺ ഡൈഓക്സൈഡിന്റെ അളവ് കൂടുന്നതനുസരിച്ച് ഭൂമിയിലെ ചൂട് കൂടിക്കൊണ്ടിരിക്കും.

ആഗോളതാപനില ഉയരുന്നതിന്റെ മറ്റൊരു ഫലം മഞ്ഞ് മലകൾ ഉരുകുന്നതാണ്. ഉരുകി തീർന്ന് മഞ്ഞ് മലകൾ ഇല്ലാതാകുന്നതോടെ ഇവിടെ നിന്ന് ആരംഭിക്കുന്ന നദികൾ വറ്റി വരളുന്നു. തന്മൂലമുണ്ടാകുന്ന ജലദൗർലഭ്യം, ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ് എന്നിവയാൽ ജനങ്ങൾ കടുത്ത പ്രതിസന്ധിയിലാകും. ഇന്ത്യാ, നേപ്പാൾ, ബംഗ്ലാദേശ്, ചൈന, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളാണ് ഇത്തരം യാതനകൾക്ക് വിധിക്കപ്പെടുന്നത്.

ഹിമാലയത്തിൽ ഇപ്പോൾതന്നെ മഞ്ഞ് വീഴ്ച കുറവും, മഞ്ഞുരുകൽ കൂടുതലുമാണ്. ഹിമാലയ താഴ്‌വരയിലെ താമസക്കാരുടെ, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അരയ്ക്കൊപ്പം വരെ മഞ്ഞ്കൊണ്ട് മൂടുമായിരുന്നു. എന്നാൽ ഇപ്പോൾ ചൂട് കൊണ്ട് ഉറങ്ങാൻ പറ്റാത്ത അവസ്ഥയും. മഞ്ഞുരുകൾ കൂടുതലായി ഉണ്ടായാൽ രാപകലില്ലാതെ, മലമ്പ്രദേശമെന്നോ സമതലമെന്നോ, നഗരമെന്നോ നോട്ടമില്ലാതെയുള്ള സംഹാരതാണ്ഡവമാണ് ഉണ്ടാകുന്നത്. അറ്റ്ലാന്റിസിന്റെ സ്ഥിതിയും മുകളിൽ പറഞ്ഞത് തന്നെ.

ആഗോളതാപനം മൂലം മനുഷ്യർ അനുഭവിക്കുന്ന നരകയാതനകൾ നേരിട്ടറിയാൻ ആഫ്രിക്കയിലേക്ക് ഒന്ന് നോക്കിയാൽ മതി. ആഫ്രിക്കയിലെ സോമാലിയായിൽ ദാഹജലത്തിനും ഒരു നേരത്തെ ഭക്ഷണത്തിനും വേണ്ടി കൈനീട്ടി യാചിക്കുന്ന ഒരു ജനതയെ നമുക്ക് കാണാം. കൂട്ടത്തോടെ ചത്ത് വീഴുന്ന ആട്ടിൻ കൂട്ടങ്ങൾ ഒട്ടകങ്ങൾ കന്നുകാലികൾ, വരണ്ട കൃഷിഭൂമി. മനുഷ്യർ പാർക്കുന്നതാകട്ടെ കീറതുണികൾ കൊണ്ട് മൂടിയ കുടിലുകളിൽ. സോമാലിയയിലേ ആഭ്യന്തര കലാപം ഏതാണ്ടൊന്ന് അവസാനിച്ചപ്പോഴേക്കും, ആഗോളതാപനത്തിന്റെ കെടുതികളിലായി. വർഷങ്ങളായി മഴത്തുള്ളികൾ വീഴാത്ത രാജ്യം. രണ്ട് കോടിയിൽ പരം ജനങ്ങൾ. ആഹാരത്തിന് വേണ്ടി കൈനീട്ടി യാചിക്കുവാൻ പോലും കെൽപ്പില്ലാത്ത പട്ടിണി പാവങ്ങൾ!

ആഗോളതാപനത്തിന്റെ മറ്റൊരു ഞെട്ടിപ്പിക്കുന്ന ഫലം ജൈവ സമ്പത്തിന്റെ ഇല്ലായ്മ മൂലം ഉണ്ടാകുന്ന തിരിച്ചടികളാണ്. വരൾച്ച, പേമാരി എന്നിവകൊണ്ട് ഉണ്ടാകുന്ന കൃഷിനാശം, ആഹാരം പാചകം ചെയ്യാനുള്ള വിറകിന്റെ ക്ഷാമം, വളർത്തുമൃഗങ്ങളുടെ കൂട്ടത്തോടെയുള്ള മരണം, മത്സ്യസമ്പത്തിന്റെ നാശം, നഗ്നത മറയ്ക്കുന്നതിനുള്ള വസ്ത്രത്തിന്റെ അഭാവം ഇവയെല്ലാം വന്നുചേർന്നാലുള്ള അവസ്ഥ ഒന്ന് ചിന്തിച്ചു നോക്കുക. ഇക്കാര്യങ്ങൾ മുഴുവൻ ഒരു ലോഭവുമില്ലാതെ നമുക്ക് തന്നു കൊണ്ടിരുന്നത് പ്രകൃതിയാണെന്ന വിലയേറിയ സത്യം അത്യാഗ്രഹിയായ മനുഷ്യൻ മാത്രം മറന്നുപോയി. വീണ്ടും പുനർനിർമ്മിക്കാൻ പോലും കഴിയാതെ സകലതും മനുഷ്യന്റെ കൈയ്യിൽ നിന്നും കൈവിട്ടു പോകുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. ഒന്ന് ഓർത്തു നോക്കൂ. മണ്ണിനെ വിഘടിപ്പിച്ചു കൃഷിക്ക് ഉപയുക്തമാക്കുന്നത് ബാക്ടീരിയയാണ്, സസ്യങ്ങൾ, കാർഷിക വിളകൾ എന്നിവ - പുഷ്പിക്കുന്നതും, പരാഗണം നിർവ്വഹിക്കുന്നതും തേനീച്ചകളും, ഷഡ്പദങ്ങളുമാണ്. മരങ്ങൾ പുറംതള്ളുന്ന ഓക്സിജനാണ് നാമെല്ലാം ശ്വസിക്കുന്നത്. അങ്ങനെ എത്രഎത്ര പ്രത്യേക സംവിധാനങ്ങളാണ് പ്രകൃതി മനുഷ്യന് വേണ്ടിയും മറ്റ് ജീവജാലങ്ങൾക്കു വേണ്ടിയും ഈ ഭൂമിയിൽ ഒരുക്കി തന്നത് എന്നോർക്കണം. അങ്ങനെയുള്ള പ്രത്യേക സംവിധാനങ്ങൾ പ്രപഞ്ചത്തിലെ ഈ ഒരേ ഒരു ഭൂമിയിൽ മാത്രമേ കാണുന്നുള്ളു എന്ന നഗ്നസത്യം എന്തേ ഇനിയും നാം മനസ്സിലാക്കാത്തത്. ഇപ്രകാരമുള്ള നിരവധി സംവിധാനങ്ങൾ ഇല്ലായിരുന്നെങ്കിൽ, അല്ലെങ്കിൽ ഉണ്ടായിരുന്നവ തന്നെ നഷ്ടമായി പോകുമ്പോഴുള്ള അവസ്ഥ ചിന്തിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു.

കാർബൺ ഡൈഓക്സൈഡിന്റെ Co2 ക്രമാതീതമായ ബഹിർഗമനം കൊണ്ട് ഭൂമി ചുട്ടുപഴുത്ത ഒരു ഗ്രഹമായി തീരുകയാണ്. അതും മനുഷ്യന്റെ ഒരിക്കലും തീരാത്ത, അടക്കാനാവാത്ത ആർത്തികൊണ്ട് മാത്രം.

ഹരിതഗൃഹവാതകങ്ങളിൽ പ്രധാനപ്പെട്ട വാതകം കാർബൺഡൈഓക്സൈഡ് തന്നെയാണ് എന്ന് കണ്ടുകഴിഞ്ഞു.

ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നത് മൂലമാണ് കാർബൺഡൈഓക്സൈഡിന്റെ ബഹിർഗമനം ഏറ്റവും കൂടുതലായി ഉണ്ടാകുന്നത്. വ്യവസായ വിപ്ലവത്തിന്റെ വരവോടെയാണ് കാർബൺ ബഹിർഗമനം കൂടുതലായി ഉണ്ടായത്. വ്യവസായ വിപ്ലവത്തിന് മുമ്പ് അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 280 PPM (Parts Per Million) ആയിരുന്നത് പിന്നീട് 415 PPM ആയി ഉയരുകയാണുണ്ടായത്. കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 2100-ൽ 900 PPM ആയി ഉയരുന്നതാണ്. കാർബൺ ഡൈ ആഗിരണം ചെയ്തുകൊണ്ടിരുന്ന മരങ്ങളുടെയും, വനങ്ങളുടെയും നാശത്തോടെയാണ് ഹരിത ഗൃഹവാതകങ്ങളുടെ പ്രഭാവത്തിന്റെ ആക്കം കൂടി ഭയാനകമായ ഒരു ആഗോള ദുരന്തത്തിലേക്ക് വഴി തെളിച്ചത്.

***

# പൂർണ്ണമദഃ പൂർണ്ണമിദം

സി. നാരായണൻ -

'പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാദ് പൂർണ്ണമുദച്യതേ'

ഈശാവാസ്യം മുതലായ ഉപനിഷത്തുക്കൾ ഉൾക്കൊള്ളുന്ന കൃഷ്ണയജൂർവേദത്തിലെ ശാന്തിപാഠത്തിലെ ആദ്യവരികളാണ് ഇത്.

ഈ വരികളിലെ ആദ്യത്തെ രണ്ടു വാക്കുകളിൽ മാത്രം അദ്വൈത സിദ്ധാന്തം മുന്നോട്ടു വെക്കുന്ന ചിന്താ പദ്ധതി മുഴുവൻ സംക്ഷിപ്തമായിട്ടുണ്ടെന്നു പറയാം.

ഇതിന്റെ വാച്യാർത്ഥം 'അത് പൂർണ്ണമാണ്, ഇതും പൂർണ്ണമാണ്' എന്നാണ്. അതായത് 'അത്' എന്നും 'ഇത്' എന്നുമുള്ള രണ്ടു സത്തകൾ പൂർണ്ണത്വം എന്ന ഒരു പൊതുസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഒന്നു തന്നെയാണ്.

'അത്' എന്നത് തൽക്കാലം ഈ സ്ഥലത്തോ ഈ കാലത്തോ നിലവിലില്ലാത്ത ഒന്നിനെ കുറിച്ചാണ് പറയാറ്.

'ഇത്' എന്നത് ഇപ്പോൾ ഈ സ്ഥലത്ത് ഉള്ളതോ പരിഗണനയിലുള്ളതോ ആയതും.

നാം അർത്ഥവിചാരം ചെയ്യാൻ ഉദ്ദേശിക്കുന്ന മന്ത്രം പറയുന്നത് അവ രണ്ടും ഒന്നു തന്നെയാണെന്നാണ്.

'അത്', 'ഇത്' എന്ന രണ്ട് സർവ്വനാമങ്ങൾ കൊണ്ട് ഏതു രണ്ടു വസ്തുക്കളെയാണ് ഉദ്ദേശിക്കുന്നതെന്ന് വഴിയെ മനസ്സിലാക്കാം.

എന്താണ് ഒരു വസ്തുവിനെ കുറിച്ചുള്ള പഠനം കൊണ്ട് നാം ഉന്നമിടുന്നത്. ആ വസ്തുവിന്റെ ഉത്ഭവം എങ്ങനെയാണുണ്ടായത്. ഏതൊക്കെ ഘടകങ്ങളെ ആശ്രയിച്ചാണ് അത് നിലനിൽക്കുന്നത്. ഏതവസ്ഥയിൽ അത് നശിക്കും എന്നീ വസ്തുതകൾ അറിഞ്ഞാൽ ആ വസ്തുവിനെ കുറിച്ചു മുഴുവനും അറിഞ്ഞെന്ന് അവകാശപ്പെടാം.

ഒരു വസ്തുവിനെ കുറിച്ചുള്ള അറിവിനെ പ്രമ എന്നു പറയും. അറിയപ്പെടുന്ന വസ്തു പ്രമേയവും. അറിയാൻ വിനിയോഗിക്കുന്ന സാമഗ്രി അല്ലെങ്കിൽ ഉപായത്തിനു പ്രമാണം എന്നാണ് സാങ്കേതിക പദം. അറിയുന്നയാൾ സ്വാഭാവീകമായും പ്രമാതാ എന്നറിയപ്പെടുന്നു.

ഇനി നാം ഒരു വസ്തുവിനെ അറിയാൻ ഏതൊക്കെ പ്രമാണങ്ങളെയാണ് ഉപയോഗിക്കുന്നത് എന്നു നോക്കാം.

നാം ജനിക്കുന്നത് ചെവി, കണ്ണ്, ത്വക്ക്, മൂക്ക്, നാക്ക് എന്നീ അഞ്ച് ജ്ഞാനേന്ദ്രിയങ്ങളോടു കൂടിയാണ്. ഈ പഞ്ചേന്ദ്രിയങ്ങളുടെ സഹായത്താൽ നാം പ്രപഞ്ചത്തിലെ ശബ്ദം, രൂപം, സ്പർശം, ഗന്ധം രസം എന്നീ അഞ്ച് വിഷയങ്ങളെ അറിയുന്നു. ഈ ജ്ഞാനത്തിന് പ്രത്യക്ഷജ്ഞാനം എന്നു പറയുന്നു. ഈ പ്രമാണത്തിനു പ്രത്യക്ഷപ്രമാണമെന്നും. ഈ പ്രത്യക്ഷപ്രമാണം രണ്ടു തരത്തിലുണ്ട്. ഒന്ന് പഞ്ചേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ സഹായത്താൽ അറിയുന്നത്. പിന്നെ ഈ ഇന്ദ്രിയങ്ങളുടെ സഹായമില്ലാതെ അറിയുന്ന കോപം, സന്തോഷം മുതലായ മനോവികാരങ്ങൾ, വിശപ്പ്, ദാഹം എന്നീ ശരീരക്ലേശങ്ങൾ.

ഇവയിൽ ആദ്യത്തേതിനെ ഇന്ദ്രിയപ്രത്യക്ഷമെന്നും രണ്ടാമത്തേതിനെ സാക്ഷിപ്രത്യക്ഷമെന്നും പറയുന്നു.

ഇങ്ങനെ പ്രത്യക്ഷമല്ലാത്തവയെക്കുറിച്ചും നമുക്ക് ചിലതൊക്കെയറിയാൻ കഴിയാറുണ്ട്. ഉദാഹരണത്തിന്, ദൂരെ ഒരു ദിക്കിൽ നിന്ന് പുക തുടർച്ചയായി ഉയരുന്നതു കണ്ടാൽ അവിടെ അഗ്നിയുണ്ടെന്ന്, കണ്ണുകൊണ്ട് പ്രത്യക്ഷമായി കാണുന്നില്ലെങ്കിലും നാം ഊഹിച്ചറിയുന്നു. ഇതിന് 'അനുമാനം' എന്നു പറയുന്നു.

നാം ഇത്തരമൊരു അനുമാനത്തിലെത്തുക, ഒരൊറ്റ പടിയിലാണ്. എന്നാൽ പലപ്പോഴും നാം ഒരു തീരുമാനത്തിലെത്തുന്നത് ഒന്നിൽ കൂടുതൽ വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കും. മിക്കവാറും എല്ലാ രോഗനിർണ്ണയങ്ങളും ഈ രീതിയിലാണ് നടക്കുന്നത്. ഇങ്ങനെ രണ്ടു

വസ്തുതകളുടെ അടിസ്ഥാനത്തിൽ എത്തുന്ന അറിവിനെ അർത്ഥാപത്തി എന്നാണ് പറഞ്ഞു വരുന്നത്. അതായത് 'അന്യഥാ അനുപപത്തൗ' വേറെ ഒരു തരത്തിലും രണ്ടു വസ്തുതകൾക്ക് ഒന്നിച്ചു നിൽക്കാനാവത്തത്. ഇതിനു സർവസാധാരണമായി പറയുന്ന ഒരുദാഹരണമുണ്ട് ദേവദത്തൻ പകൽ സമയം ഒന്നും ഭക്ഷിക്കുന്നത് ആരും കണ്ടിട്ടില്ല. പക്ഷേ അദ്ദേഹത്തിന്റെ ഭാരം കുറയുന്നുമില്ല. അതുകൊണ്ട് 'ദേവദത്തൻ രാത്രി ഭക്ഷണം കഴിക്കുന്നു' എന്ന അറിവിലേക്ക് നാം എത്തുന്നു.

നേരിട്ടല്ലാതെ വേറെയും ഒരു രീതിയിൽ നമുക്ക് ഒന്നിനെ കുറിച്ച് അറിയാൻ സാധിക്കും ഇതിനു 'ഉപമാനം' എന്നു പറയും. ഒരാൾ കാട്ടുപോത്ത് എന്ന ഒരു ജീവിയെ കണ്ടിട്ടില്ലെന്നിരിക്കട്ടെ. അദ്ദേഹം കണ്ടിട്ടുള്ള സാധാരണ പോത്തിനോടുള്ള സാദൃശ്യം വിവരിച്ച് അതിനെക്കുറിച്ച് അദ്ദേഹത്തന്റെ മനസ്സിൽ ധാരണയുണ്ടാക്കാം ഇതിനു 'ഉപമാനം' എന്നു പറയുന്നു.

ഇപ്പറഞ്ഞതെല്ലാം ഒരു വസ്തുവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അറിവാണ്.

ഒരു വസ്തുവിന്റെ അസാന്നിദ്ധ്യത്തെ കുറിച്ചുള്ള അറിവും നമുക്ക് ഉപയോഗപ്രദമാകാറുണ്ട്. ബസ്സിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റിനെ കുറിച്ചുള്ള അറിവ് ഇരുന്നു സഞ്ചരിക്കാൻ തല്പരനായ ഒരുവനു ഉപയോഗപ്രദമാണ്. ഈ അറിവിനെ 'അനൂപലബ്ധി' എന്നു പറയും.

മനുഷ്യൻ തന്റെ ഭൗതികവും മാനസ്സികവുമായ എല്ലാതരം ആവശ്യങ്ങളേയും നേരിടുന്നത് ഈ അഞ്ച് പ്രമാണങ്ങൾ ഉപയോഗിച്ചു കിട്ടിയതും കിട്ടിക്കൊണ്ടിരിക്കുന്നതുമായ അറിവുകൊണ്ടാണ്. അവന്റെ ക്വാണ്ടം തിയറി അടങ്ങുന്ന ഭൗതികശാസ്ത്രവും, രസതന്ത്രവും സാമ്പത്തികശാസ്ത്രവും സർവോപരി രോഗങ്ങളുടെയും അവയുടെ ചികത്സകളെക്കുറിച്ചുള്ള എല്ലാത്തരം അറിവുകളും ഇപ്പറഞ്ഞ അഞ്ചു പ്രമാണങ്ങളിലൂടെ സമ്പാദിച്ചവയാണ്.

പക്ഷേ ലോകത്തിൽ അറിയാനുള്ള സംഗതികൾ വേറെയുമുണ്ട്. ഏതു കറ കളഞ്ഞ ഭൗതികവാദിക്കും ഭാഗ്യനിർഭാഗ്യങ്ങൾക്ക് നമ്മുടെ ജീവിതത്തിലുള്ള പങ്കിനെ നിഷേധിക്കാൻ കഴിയില്ല. വിശദീകരിക്കാനാവാത്ത, അനുകൂലവും പ്രതികൂലവുമായ പലതും നമ്മുടെ ജീവിതത്തിൽ നടക്കാറുണ്ട്. നാമതിനെ നമ്മുടെ നല്ല സമയം എന്നും ചീത്തസമയമെന്നൊക്കെ പറഞ്ഞു തള്ളിക്കളയും. എന്നാൽ നമ്മുടെ മതം അതിനെ വെറും ആകസ്മികമായ ഒരു ഘടകമായി കണക്കാക്കുന്നില്ല. അതിനെ നമ്മുടെ ചിന്തകർ അദൃഷ്ടം എന്നു പറയുന്നു. നാം ഭക്ഷണം കഴിച്ചാൽ നമുക്കു അനുഭവപ്പെട്ടുകൊണ്ടിരുന്ന വിശപ്പ് ശമിക്കുന്നു. അത് ഒരു ദൃഷ്ടഫലമാണ്. അതു പോലെ ശക്തനും പ്രാകൃതനുമായ ഒരാളെ നാം എന്തെങ്കിലും ദേഹോപദ്രവം ഏൽപ്പിച്ചാൽ അവനിൽ നിന്ന് തികച്ചും പ്രവചനീയമായ പ്രതികരണമുണ്ടാകുന്നു.

ആ ഫലവും ദൃഷ്ടമാണ്. എന്നാൽ ദൃഷ്ടമായ ഒരു കാരണവുമില്ലാതെ നമുക്ക് നല്ലതോ ചീത്തയോ ആയിട്ടുള്ളത് സംഭവിക്കുന്നത് അദൃഷ്ടമായ ഒരു ഘടകം കാരണമെന്നാണ് നമ്മുടെ മതം പറയുന്നത്. ചിലപ്പോൾ ഒരാൾ ഒരു കുറ്റ ചെയ്താൽ, അയാൾക്ക് വേണ്ട സ്ഥലത്ത് പിടിപാടുണ്ടെങ്കിൽ രാജ്യത്തെ നിയമം വിധിക്കുന്ന ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചെക്കും. എന്നാൽ നമ്മുടെ ശാസ്ത്രമനുസരിച്ച്, അയാൾക്ക് ഈശ്വരന്റെ നീതിയനുസരിച്ചുള്ള ശിക്ഷ അനുഭവിച്ചേ പറ്റൂ. അതുപോലെ ദീനനായ ഒരു സന്മാർഗ്ഗിക്ക് നാം ത്യാഗപൂർണമായ ഒരു സഹായം ചെയ്താൽ ദൃഷ്ടമായ ഒരു പ്രത്യുപകാരം അയാളിൽ നിന്ന് ലഭിച്ചില്ലെങ്കിൽ കർമ്മഫലദാതാവായ ഈശ്വരനിൽ നിന്ന് നമുക്ക് അനുകൂലമായ ഒരു ഫലം ലഭിക്കും. ഇപ്പറഞ്ഞ രണ്ടും പാപം പുണ്യം എന്ന അദൃഷ്ടങ്ങളാണ്. ഇതിനെ കുറിച്ചുള്ള അറിവും ലഭ്യമാണ്. പിന്നെ മനുഷ്യവർഗ്ഗം ദേശകാലഭേദമന്യേ സ്വർഗ്ഗം എന്ന അഭിലഷണീയമായ ഒരു ലോകത്തെക്കുറിച്ച് ബോധവാന്മാരാണ്. അതിനെ കുറിച്ചും പുണ്യപാപങ്ങളായ അദൃഷ്ടങ്ങളെ കുറിച്ചും അറിയാനുള്ള ഒരു പ്രമാണമുണ്ട്. അതാണ് വേദം. അത് പ്രത്യക്ഷം, അനുമാനം, എന്നീ അഞ്ച് പ്രമാണങ്ങളെപ്പോലെ സ്വതന്ത്രവും നിസ്ത്തർക്കവുമായ ഒന്നാണ്. ഒരു പ്രമാണം ന്യായപ്രകാരമുള്ള മറ്റൊരു പ്രമാണത്തിനെ അസാധൂകരിക്കില്ല. കണ്ണുകൊണ്ടുണ്ടാവുന്ന ഒരറിവിനെ ചെവി അസാധൂകരിക്കില്ലല്ലോ.

വേദത്തിനെ ശബ്ദപ്രമാണമെന്നും പറയും. മറ്റെല്ലാ പ്രമാണങ്ങളെയും പോലെ വേദപ്രമാണത്തിനും അതിന്റേതായ പ്രവർത്തന മേഖലയുണ്ട്. അത് അപൗരുഷേയമാണ്.

ഏതു പ്രമാണവും അംഗീകരിക്കപ്പെടാൻ, ഒരറിവു വെളിപ്പെടുത്തുന്നതും, ആ അറിവ് മറ്റൊരു പ്രമാണത്താലും വെളിപ്പെടാത്ത ഒന്നായിരിക്കുകയും വേണം. അതായത് അത് 'അനധിഗത' മായിരിക്കണം. വർണ്ണത്തെക്കുറിച്ചുള്ള അറിവ് തരാൻ കണ്ണിനു മാത്രമേ പ്രാപ്തിയുള്ളൂ. ശബ്ദം ചെവികൊണ്ടു മാത്രം നാം അറിയുന്നു. അതുപോലെ അപൗരുഷേയമായ വിഷയങ്ങൾ വേദത്തിനാൽ മാത്രം പ്രാപ്യമാകുന്നു. അതായത് അത് 'അനധിഗത'മാണ്. എന്നുവെച്ചാൽ ചെവിയേയും ത്വക്കിനേയും പോലെ തന്നെ അതൊഴിച്ചു മറ്റൊരു പ്രമാണത്തിനും അതിന്റെ വിഷയം അറിയാൻ കഴിയില്ല.

'പ്രത്യക്ഷേണാനുമിത്യാ വാ<br>
യത്തൂപായോ ന ബുദ്ധ്യതേ<br>
ഏനം വിദന്തി വേദേന<br>
തസ്മാത് വേദസ്യ വേദതാ'

(പ്രത്യക്ഷം, അനുമാനം മുതലായ പ്രമാണങ്ങളാൽ ലഭിക്കാത്ത അറിവു വേദങ്ങളിൽ നിന്നു മാത്രം ലഭിക്കുന്നു. അതാണ് വേദത്തിന്റെ ആധികാരികത.)

ഒരാൾ പാപം ഒഴിവാക്കാനും പുണ്യം പ്രാപിക്കാനും ഇച്ഛിക്കുന്നുവെങ്കിൽ അയാൾക്ക് വേദം മാത്രമാണ് പ്രമാണം. അതുപോലെ ആത്മജ്ഞാനവും വേദത്തിന്റെ വിഷയമാണ്.

വേദത്തിനു കർമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും രണ്ട് അംഗങ്ങളുണ്ട്. അവ പരാ അപരാ എന്ന രണ്ടു വിദ്യകളെ കുറിച്ചു പറയുന്നു. വേദത്തിന്റെ കർമ്മകാണ്ഡത്തിൽ ഓരോ ആശ്രമത്തിനും വർണ്ണത്തിനും നിർബന്ധമായി ചെയ്യേണ്ടതും, ഏതെങ്കിലും ആഗ്രഹപൂരികരണത്തിനായോ അല്ലെങ്കിൽ പ്രായശ്ചിത്തമായോ ചെയ്യേണ്ട കർമ്മങ്ങളെ കുറിച്ചു പ്രതിപാദനമാണ് വിഷയം. കൂടാതെ വിവിധ ഉപാസനകളെ പറ്റിയും പ്രതിപാദനങ്ങളുണ്ട്.

വേദത്തിന്റെ മറ്റേ കാണ്ഡത്തെ വേദാന്തം എന്നു പറയുന്നു. അതായത് വേദത്തിന്റെ താത്പര്യം. അതിനെ ഉപനിഷത്തുക്കൾ എന്നും വിളിക്കുന്നു.

ഉപനിഷത്തുകളുടെ പ്രതിപാദ്യവിഷയം ബ്രഹ്മമാണ്. അതായത് നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾക്ക് വിഷയീകരിക്കാനും അറിയാനും പറ്റാത്ത പ്രജ്ഞ എന്ന തത്ത്വം.

ഈ ലേഖനത്തിന്റെ തുടക്കത്തിൽ പ്രതിപാദിക്കപ്പെട്ട പൂർണ്ണം എന്ന പദം ഉപനിഷത്തിൽ നിന്നായതുകൊണ്ട് അതു വിവക്ഷിക്കുന്നത് ബ്രഹ്മമാവാനേ വഴിയുള്ളൂ. അല്ലാതെ ജഗത്തിലെ വസ്തുക്കൾ ഉപനിഷത്തിന്റെ വിഷയമല്ല.

പൂർണ്ണം എന്ന വാക്കിന്റെ താത്പര്യം എല്ലാം ഉൾക്കൊള്ളുന്നത് എന്നാണ്. നാം മുമ്പ് പറഞ്ഞ അഞ്ചു പ്രമാണങ്ങളെ കൊണ്ടും പൂർണ്ണത അറിയാൻ നമുക്ക് സാധിക്കില്ല. ഉദാഹരണത്തിനു ദൃശ്യത്തിന്റെ കാര്യമെടുക്കൂ. തികച്ചും ആരോഗ്യമുള്ള കണ്ണുകളാൽ പോലും ഇൻഫ്രാറെഡ്ഡിന്റേയും അൾട്രാവയലറ്റിന്റേയും പരിധിക്കുള്ളിലുള്ളതിനെ മാത്രമേ നമുക്കു കാണാൻ കഴിയുള്ളൂ. അതുപോലെത്തന്നെ എല്ലാ ജ്ഞാനേന്ദ്രിയങ്ങൾക്കും അവയുടേതായ പിരിധികളുണ്ട്. മാത്രമല്ല നാം സാധാരണയായി പൂർണ്ണം എന്നു പറയുന്നത് ആപേക്ഷികമായാണ്. ഒരു കടലിനെ നാം പൂർണ്ണമെന്നു വിളിച്ചേക്കാം. എന്നാൽ പകുതി നിറഞ്ഞ ഒരു കിണറിനെ പൂർണ്ണമെന്നു പറയില്ല. പക്ഷേ അതേ കിണറിൽ നിന്നെടുത്ത ഒരു ഗ്ലാസ്സ് വെള്ളം. കവിഞ്ഞൊഴുകുന്നതാണെങ്കിൽ പൂർണ്ണമാണ്. അദ്ധ്യാപകൻ ഒരു അർദ്ധവൃത്തം വരക്കാൻ നിർദ്ദേശിച്ചതനുസരിച്ചു ഒരു വിദ്യാർത്ഥി അർദ്ധവൃത്തം വരക്കുമ്പോൾ, വൃത്തം പകുതിയേയുള്ളുവെങ്കിലും അദ്ധ്യാപകൻ പൂർണ്ണ തൃപ്തനാണ്. അവന് പൂർണ്ണമാർക്കും കിട്ടുന്നു. എന്നാൽ അതേ നിർദ്ദേശമനുസരിച്ച് മറ്റൊരു വിദ്യാർത്ഥി പൂർണ്ണവൃത്തം വരച്ചാൽ അദ്ധ്യാപകൻ പൂർണ്ണതൃപ്തനല്ല. നമ്മുടെ പൂർണ്ണതയും അപൂർണ്ണതയും നമ്മുടെ മനസ്സിലാണ്. അതുകൊണ്ട് ഉപനിഷത്ത് പറയുന്ന പൂർണ്ണതയേ നമുക്ക് അംഗീകരിക്കാനാവൂ. പ്രമാതാവും പ്രമേയവും ഉൾക്കൊള്ളുന്നതാണ് പൂർണ്ണത. എന്നാൽ അതിനു സ്വയം അപൂർണ്ണമാണെന്നു തോന്നിപ്പിക്കാൻ കഴിയും.

'അവിഭക്തം ച ഭൂതേഷു<br>
വിഭക്തമിവ സ്ഥിതം' (ഭഗവത്ഗീത)

അങ്ങനെയൊന്ന് ബ്രഹ്മമാവാനേ നിവൃത്തിയുള്ളൂ. കാരണം നമ്മുടെ മനസ്സിനും ബുദ്ധിക്കും ഒന്നും പൂർണ്ണമായി ഉൾക്കൊള്ളാനുള്ള കഴിവില്ല.

അപ്പോൾ ഇവിടത്തെ പ്രതിപാദ്യ വിഷയം

പൂർണ്ണമായതും എന്നാൽ അപൂർണ്ണമാണെന്നു അവിദ്യക്ക് ദ്യോതിപ്പിക്കാനും പറ്റുന്ന സത്ത. ഇതിനെ കുറിച്ചു കൂടുതൽ ചിന്തിച്ചു നോക്കാം.

തൈത്തിരീയ ഉപനിഷത്ത് ബ്രഹ്മത്തിനെ

'സത്യം ജ്ഞാനം അനന്തം എന്നിങ്ങനെയാണ് പരിചയപ്പെടുത്തുന്നത്.

'സത്യം' എന്നു മാത്രം പറഞ്ഞാൽ പോരായ്കയില്ല. പക്ഷേ സത്യത്തെ 'കാരണം' എന്ന അർത്ഥത്തിലും ഉപയോഗിക്കുന്നതു കൊണ്ട് സത്യം എന്നു മാത്രം പറഞ്ഞാൽ അതോരു അചേതനമായ ഒന്നായി തെറ്റിദ്ധരിക്കപ്പെടാം. അതുകൊണ്ട് 'ജ്ഞാനം' എന്നു കൂടെ പറയുന്നു. ഉപനിഷത്തിലെ നിർവചനം തെറ്റിദ്ധാരണക്കുള്ള എല്ലാ പഴുതുകളും അടച്ചിട്ടുള്ളതായിരിക്കും. നമുക്കു ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന ജ്ഞാനം പരിമിതികളുള്ളതാണ്. പക്ഷേ ബ്രഹ്മം പരിമിതികളില്ലാത്തതാണ്. അതു കൊണ്ട് 'അനന്തം' എന്നു കൂടെ കൂട്ടിച്ചേർക്കുന്നു. സത്യവും നാം അറിയുന്നത് നിലനിൽക്കുന്നു എന്ന അർത്ഥത്തിലാണ് നാം അറിയുന്ന നിലനിൽപ്പ് ദേശകാലബന്ധമാണ്, അതുകൊണ്ട് അനന്തം സത്യം എന്നു പറയേണ്ടി വരുന്നു. അങ്ങനെ ബ്രഹ്മം.

'സത്യം ജ്ഞാനമനന്തം' എന്നാണ് ഉപനിഷത്തിന്റെ നിർവചനം. അനന്തവും പൂർണ്ണവും ഒന്നു തന്നെ.

നാം ഒരു വിഷയത്തെ അറിയുമ്പോൾ മുമ്പ് പറഞ്ഞ പ്രത്യക്ഷാദി അഞ്ചു പ്രമാണങ്ങളിൽ ഏതെങ്കിലും ഒന്നിനെ ആശ്രയിച്ചായിരിക്കുമല്ലോ. ആ ഏതെങ്കിലും പ്രമാണത്തെ പ്രവർത്തിപ്പിച്ചുള്ള ജ്ഞാനസമ്പാദനത്തിൽ പ്രമാണം, പ്രമേയം, പ്രമാതാ എന്നിങ്ങനെയുള്ള മൂന്നു ഘടകളള്ളുണ്ടാവും. അതായത് അറിയപ്പെടുന്ന വസ്തു എന്ന പ്രമേയവും അറിയുന്ന പ്രമാതാ എന്ന ഞാനും വ്യത്യസ്തങ്ങളായി നിൽക്കും. എന്നാൽ ഞാൻ എന്നെത്തന്നെ അറിയുമ്പോൾ പ്രമാതാ എന്ന ഘടകം ഉണ്ടാവില്ല. ആത്മജ്ഞാനത്തിൽ പ്രമാതാ വിഴുങ്ങപ്പെടും. പ്രമാതാവിനെ നിലനിർത്തികൊണ്ട് ഒരിക്കലും ബ്രഹ്മത്തെ അറിയാൻ സാധിക്കില്ല.

ഒരാൾ മയിലിനെ മുമ്പു കണ്ടിട്ടില്ലെന്നിരിക്കട്ടെ, അയാൾക്ക് അതിനെ കാണിച്ചു കൊടുത്താൽ അയാൾ 'ഓഹോ, ഇതാണല്ലേ മയിൽ' എന്ന് പ്രത്യക്ഷമായി അറിയുന്നു. അതു പോലെ ഉപമാനപ്രകാരവും സാധാരണ പോത്തിന്റെ ആകൃതിയിൽ സാമ്യപ്പെടുത്തുമ്പോൾ കാട്ടുപോത്തിനെ ഒരാൾ 'എനിക്കിപ്പോൾ കാട്ടുപോത്തിന്റെ അറിവു കിട്ടി' എന്നു പറയും എന്നാൽ അതു പോലെ ബ്രഹ്മത്തെ അറിയാൻ കഴിയില്ല.

അതായത് 'ഹോ ഇതാണ് ബ്രഹ്മം' എന്നറിയുന്ന ഒരു പ്രമാതാ ഉണ്ടാവില്ല. കാരണം ബ്രഹ്മത്തെ ഒരിക്കലും പ്രമാതാവിനു വിഷയീകരിക്കാൻ സാദ്ധ്യമല്ല. പ്രമാതാവിന്റെ സ്വരൂപമാണ് ബ്രഹ്മം. അത്, പത്തു ബാലന്മാർ യാത്രക്കുപോയി, വഴിയിൽ വെച്ച് എണ്ണി നോക്കുമ്പോൾ സ്വയം എണ്ണാൻ വിട്ടുപോയതിനാൽ ഒമ്പതു പേരെ മാത്രം കണ്ട് ദുഃഖിച്ച്, പിന്നീട് ആപ്തോപദേശത്താൽ പത്താമൻ 'ഓഹോ, ഞാൻ തന്നെയാണല്ലേ പത്താമൻ' എന്നറിയുന്ന പോലെയാണ്. പത്താമനായ താൻ അയാൾക്ക് അപരിചിതനായിരുന്നില്ല. എന്നാൽ താൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന പത്താമൻ, താൻതന്നെയാണ് എന്നറിയാൻ, ഒരാൾ പറഞ്ഞുകൊടുക്കേണ്ടിവന്നു. അതുപോലെ 'ഞാൻ തന്നെയാണ് ബ്രഹ്മം' എന്നറിയാൻ വേദപ്രമാണത്തിന്റെ ആവശ്യമുണ്ട്. 'ഞാൻ' എന്ന അറിവ് ഒരു പ്രമാണത്തിന്റേയും സഹായമില്ലാതെ ഏവരും അറിയുന്നു. എന്നാൽ ആ ഞാൻ തന്നെയാണ് ബ്രഹ്മം എന്നു വെളിപ്പെടാൻ വേദപ്രമാണം കൂടിയേ തീരൂ. വേദാന്തമൊഴിച്ചുള്ള എല്ലാ തത്ത്വശാസ്ത്രങ്ങളിലും ഈ പ്രമാതാവാണ് സ്വർഗ്ഗമെന്ന സമയബദ്ധമായ ലോകത്തെ അറിയുന്നതും അനുഭവിക്കുന്നതും.

അവന്റെ രക്ഷക്കായാണ് ഒരു പ്രവാചകൻ വരുന്നതും കണ്ണടച്ച് അദ്ദേഹത്തെ വിശ്വസിച്ചാൽ സ്വർഗ്ഗരാജ്യം കിട്ടുമെന്നും പറയുന്നത്. സമയബദ്ധമായ സ്വർഗ്ഗം എങ്ങനെയാണ് അനശ്വരമായി അനുഭവിക്കുക എന്നു ചോദിക്കരുത്. പ്രവാചകനെ ആരും ചോദ്യം ചെയ്യാറില്ല. വേദത്തിലെ കർമ്മകാണ്ഡവും പ്രമാതാവിന്റെ ഭാഗധേയങ്ങളുടെ പ്രതിപാദ്യമാണ്.

ഒരു ഘടത്തെ അറിയുമ്പോൾ ഘടം ബോധമായാണ് നാം അതിനെ അറിയുന്നത് പുഷ്

പത്തെ പുഷ്പബോധമായും ആ രണ്ടുബോധവും ബോധമായി നിലനിൽക്കുന്നത് ബ്രഹ്മം എന്ന ജ്ഞാനമാകുന്ന അധിഷ്ഠാനത്തിലാണ്. അതുപോലെ തന്റെ പ്രമാതാബോധവും ബ്രഹ്മമാണെന്നറിയലാണ് ബ്രഹ്മ സാക്ഷാത്ക്കാരം കേനോപനിഷത്തിലെ പ്രസിദ്ധമായ ഒരു മന്ത്രം ഇങ്ങനെയാണ്.

പ്രതിബോധവിദിതം മതം

അമൃതം ഹി വിന്ദതേ എന്ന്

പ്രതിബോധവിദിതം എന്നാൽ ബോധം ബോധം പ്രതി അതായത് ഓരോ ബോധത്തിലും ചൈതന്യമുണ്ട്. ആ ചൈതന്യമാണ് ബ്രഹ്മം ഞാൻ അല്ലെങ്കിൽ പ്രമാതാ എന്ന ബോധത്തിന്റെ സത്യം, ബ്രഹ്മം എന്ന ജ്ഞാനമാണ് എന്നറിയലാണ് ബ്രഹ്മജ്ഞാനം.

സ്വപ്നാവസ്ഥയെ നിരൂപിച്ചാൽ ഇതു കൂടുതൽ വ്യക്തമാവും. ഒരു സ്വപ്നത്തിൽ കാണുന്നയാളും കാണപ്പെടുന്ന വസ്തുക്കളും ഒക്കെ ഒരാൾ തന്നെയാണ്. അതിലെ പ്രമാതാവിനും പ്രമാതാവിന്റെ വിഷയമാകുന്ന വസ്തുവിനും തമ്മിൽ ഒരു വ്യത്യാസവുമില്ല. എല്ലാം ഒരേ ചൈതന്യമെന്നോ ജ്ഞാനമെന്നോ വിളിക്കാവുന്ന സത്യം തന്നെയാണ്. അത് ഉണരുമ്പോളേ നമുക്കു മനസ്സിലാവൂ. എന്നുവെച്ചാൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന സമയത്ത് പ്രമാതാവും പ്രമേയവും വേറെയാണെന്നു തോന്നും. പക്ഷേ രണ്ടും ഒരേ ചൈതന്യം തന്നെയാണെന്ന് ഉണരുമ്പോൾ നാമറിയുന്നു.

എന്നാൽ ജാഗ്രത്തിലെ പ്രമാതാവല്ല സ്പ്നത്തിലെ പ്രമാതാവിനെ കൽപ്പിച്ചത്. ജാഗ്രത്തിലെ പ്രമാതാവ് സ്വയം ഒരു പ്രകടീകരിക്കപ്പെട്ട അല്ലെങ്കിൽ കല്പിക്കപ്പെട്ട ഒരു സത്തയാണ്. ജാഗ്രത്തിലെ പ്രമാതാവിനും സ്വപ്നത്തിലെ പ്രമാതാവിനും ജ്ഞാനം എന്ന ഒരേ അധിഷ്ഠാനമാണ് ഉള്ളത്.

അങ്ങനെ ഞാൻ എന്ന ബോധം 'സത്യം ജ്ഞാനമനന്ത'മാണെന്നു തെളിഞ്ഞു. ഇതിനെത്തന്നെയാണ് പൂർണ്ണം എന്നു വിളിച്ചത്. എന്തുകൊണ്ടെന്നാൽ പ്രമാതാ, പ്രമേയം എന്നീ രണ്ടിനേയും അതുൾക്കൊള്ളുന്ന ഈ ഉൾക്കൊള്ളൽ കളിമണ്ണ് മൺകുടത്തിനെ ഉൾക്കൊള്ളുന്ന പോലെയാണ്.

കളിമണ്ണിൽ കുടമില്ല. എന്നാൽ കുടത്തിലാകമാനം കളിമണ്ണു വ്യാപിച്ചിരിക്കുന്നു. കളിമണ്ണുതന്നെയാണ് കുടം എന്ന രൂപത്തിൽ ഗോചരമായി തീർന്നിട്ടുള്ളത് മണ്ണ് പ്ലസ്. കുടമല്ല മൺകുടം. മണ്ണിനോടുകൂടെ ഒന്നും കൂട്ടിച്ചേരുന്നില്ല. ആ പ്ലസ്, ഒരു നോൺ പ്ലസാണ്. എന്നാൽ കുടം പ്രത്യക്ഷമാണു താനും. കളിമണ്ണെന്ന അവ്യാകൃതവും കുടമെന്ന വ്യാകൃതവസ്തുവും യഥാർത്ഥത്തിൽ ഒന്നു തന്ന സ്ഥൂലസൂക്ഷ്മാദി ശരീരങ്ങളോട് താദാത്മ്യം പ്രാപിച്ചു കൊണ്ട് ആ ഉപാധികളുടെ പരിമിതികൾ തന്നിൽ സങ്കല്പേന ആവേശിപ്പിച്ച് അപൂർണ്ണമെന്നു സ്വയം ഭ്രമിക്കുന്ന ജീവൻ സത്യത്തിൽ പൂർണ്ണം തന്നെ.

ഈശ്വരനെ വെളിവാക്കിത്തരുന്ന പ്രമാണവും വേദം തന്നെ. വേദം ഈശ്വരനെ മായോപാധിഗതനായ പൂർണ്ണ ചൈതന്യമെന്നു വിശേഷിപ്പിക്കുന്നു. ഈശ്വരനും പൂർണ്ണൻ തന്നെ.

ഈശ്വരൻ ജഗത്തിന്റെ ഉപാദാനവും നിമിത്തവുമായ കാരണമാണ്. ഈശ്വരൻ മായയായ ഉപാധി സ്വയം വരിച്ചിരിക്കുന്ന ബ്രഹ്മം തന്നെയായതുകൊണ്ട് പൂർണ്ണത്തിൽ നിന്ന് പൂർണ്ണമുണ്ടായി എന്ന പ്രസ്താവന ശരിയാണ്. സത്യത്തിലുള്ള ഉണ്ടാവലല്ല, സത്യത്തിൽ ഒന്നുമുണ്ടാവുന്നില്ല. ഉണ്ടായതു പോലെ തോന്നിക്കുന്നു എന്നു മനസ്സിലാക്കണമെന്നു മാത്രം അല്ലാതെ പൂർണ്ണതയിൽ നിന്ന് വേറെയൊരു ഒരു പൂർണ്ണതയുടെ ആവിർഭാവം അസാദ്ധ്യമാണെന്നു പറയേണ്ടതില്ലല്ലോ. അതുപോലെ പൂർണ്ണതയിൽ നിന്ന് പൂർണ്ണതയെ നീക്കുന്നത് മൺകുടത്തിൽ നിന്ന് കുടത്തെ നീക്കുന്നതു പോലെയാണ്. നീക്കിയാൽ മണ്ണിന് ഒന്നും സംഭവിക്കുന്നില്ല. (പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ) സുഷുപ്തിയിൽ എന്നും ജ്ഞാനത്തിൽ നിന്ന് പ്രമാതാ മാറിനിൽക്കുന്നുണ്ടല്ലോ. ചൈതന്യത്തിനെന്തെങ്കിലും സംഭവിക്കുന്നുണ്ടോ?

ഈശ്വരനും ജീവനും തമ്മിൽ കടലും തിരയുമെന്ന പോലെ ഉപാധികളുടെ വ്യത്യാസമേയുള്ളൂ. കടലിന്റേയും തിരയുടേയും സത്യം വെള്ളം തന്നെയാണെന്ന പോലെ, ഈശ്വരന്റേയും ജീവന്റേയും സത്യം. നിത്യ പൂർണ്ണമായ ബ്രഹ്മം തന്നെ. മിത്ഥ്യയായ ഉപാധികളെയാണ് അത് എന്നും ഇത് എന്നും വിശേഷിപ്പിച്ചത്.

***

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി - 9447077203

ദൃഗ്ദർശന ശക്ത്യോഃഏകാത്മതേവ
അസ്മിതാ
ദൃക്ശക്തിയും ദർശനശക്തിയും
ഒന്നെന്നതുപോലെ തോന്നുന്നതാണ്
അസ്മിതാ

യോഗ ദർശനത്തിന്റെ രണ്ടാം അധ്യായം ആരംഭിക്കുന്നത് ക്രിയാ യോഗത്തിലാണ്. അതിന്റെ ഫലം സമാധി ഭാവനയും ക്ലേശതനൂകരണവുമാണ്. ക്ലേശതനൂകരണത്തിനു ക്ലേശമെന്തെന്നറിയേണ്ടേ? അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നീ അഞ്ചെണ്ണമാണ് ക്ലേശമെന്ന് തുടർന്ന് പറയുന്നു. അവയോരോന്നും എന്ത് എന്നതാണ് അടുത്ത ചോദ്യം. അവിദ്യ എന്തെന്നാണ് കഴിഞ്ഞ സൂത്രത്തിൽ വിശദീകരിച്ചത്. ഇതിൽ അസ്മിത എന്ത് എന്നു വിവരിക്കുന്നു.

അസ്മി എന്ന സംസ്കൃതവാക്ക് ഒരു ക്രിയാപദമാണ്. അത് അഹം എന്ന കർത്താവിന്റെ കൂടെയേ വരൂ. അഹം അസ്മി (ഞാൻ ഉണ്ട്, ഞാൻ ആണ് എന്നൊക്കെ അർഥം) എന്ന് വരും. സ്വതന്ത്രത, യുവത, മാനവികത എന്നൊക്കെ പോലെയാണ് അസ്മിത എന്ന വാക്ക് ഉണ്ടായത്. ഈ അസ്മിത പതഞ്ജലി ഏതർഥത്തിൽ പ്രയോഗിച്ചു എന്നാണ് ഈ സൂത്രം വിശദീകരിക്കുന്നത്.

നമുക്ക് സുഖ-ദു:ഖ അനുഭവങ്ങൾ ഉണ്ടാവുന്നത് ഇന്ദ്രിയങ്ങളിലൂടെയാണ്. കണ്ണു കൊണ്ട് ഇഷ്ടപ്പെട്ട വസ്തു കാണുമ്പോൾ സുഖം കിട്ടുന്നു. ഇഷ്ടപ്പെടാത്തവ കാണുമ്പോൾ ദുഃഖം തോന്നുന്നു. മൂക്കിലൂടെ ഇഷ്ടമുള്ള മണം വരുമ്പോൾ സുഖവും ദുർഗന്ധം വരുമ്പോൾ ദുഖവും കിട്ടുന്നു. മറ്റു ഇന്ദ്രിയങ്ങളും ഇതുപോലെ തന്നെ.

എന്നാൽ ഇന്ദ്രിയങ്ങളാണോ സുഖം അനുഭവിക്കുന്നത് എന്നു ചോദിച്ചാൽ അല്ല എന്നാണുത്തരം. അത് വെറും ഉപകരണമാണ്. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്ന മനസ്സ്, അതിനെ നിയന്ത്രിക്കുന്ന ബുദ്ധി മുതലായവയാണ് അനുഭവിക്കുന്നത്. എന്നാൽ ഇവയ്ക്കും അനുഭവിക്കാൻ കഴിവില്ല. അവ ജഡവും അതായത് ജീവനില്ലാത്തതും അനുഭവിച്ചറിയാൻ കഴിവില്ലാത്തതുമാണ് എന്ന് ചിന്താശീലർക്കറിയാം.

ഒരു ജീവശക്തിയാണ് ഇത് അനുഭവിക്കുന്നത്. അതിനെയാണ് ദൃശക്തി, കാണുന്നവൻ എന്ന് സൂത്രത്തിൽ പറയുന്നത്. ശരീരം, ഇന്ദ്രിയം, മനസ്സ്, ബുദ്ധി മുതലായവയെല്ലാം ദർശനശക്തിയാണ്. കാണാൻ, അനുഭവിക്കാൻ സഹായിക്കുന്നവ മാത്രമാണ്.

സാങ്കേതിക അർഥത്തിൽ ഈ ചേതനയെ, ജീവചൈതന്യത്തെ, ദൃശ്ക്തിയെ ദ്രഷ്ടാവിനെ (കാണുന്നവൻ) പുരുഷൻ എന്നു പറയും. ഭോക്താവ് (അനുഭവിക്കുന്നവൻ) എന്നും പുരുഷന് പേരുണ്ട്. ബാക്കിയെല്ലാം ഭോഗ്യം (അനുഭവിക്കപ്പെടുന്നത്) എന്നും പറയും.

വാസ്തവത്തിൽ ദൃശക്തിയും ദർശനശക്തിയും അത്യന്തം ഭിന്നമാണ്. ഒന്നു ജീവനുള്ളതും മറ്റേത് ജീവനില്ലാത്തതുമാണ്. ഒന്ന് ഉപയോഗിക്കുന്നവനാണ്. മറ്റേത് ഉപകരണം മാത്രമാണ്. ഒന്ന് മാറ്റമില്ലാത്തതാണ്. ദർശനശക്തി പരിണാമിയാണ്. പുരുഷൻ ഉടമസ്ഥനും മറ്റുള്ളവ അവന്റെ സ്വത്തുമാണ്. ഇവ മോരും മുതിരയും പോലെ ചേരാത്തവയാണ്.

എന്നാൽ അവിദ്യ (തെറ്റായ ജ്ഞാനം) കാരണം ഇവ ഒന്നാണ്, ചേർന്നു നിൽക്കുന്നവയാണ് എന്ന പ്രതീതി ഉണ്ടാവുന്നു. ഇതാണ് അസ്മിത. ഇതിനെ ഹൃദയ ഗ്രന്ഥി (കെട്ട്) എന്ന് മുണ്ഡകോപനിഷത്ത് വിളിക്കുന്നു. ഇത് നമ്മെ ഈ ലോകത്തോട് കൂട്ടിക്കെട്ടിയിടുന്നു. അങ്ങിനെ സുഖദുഖാനുഭവങ്ങളുണ്ടാവുന്നു. അവിദ്യയാണ് ഇതിനു കാരണമെന്ന് ആദ്യമേ പറഞ്ഞിട്ടുണ്ട്.

ഭിദ്യതേ ഹൃദയ ഗ്രന്ഥി
ഛിദ്യന്തേ സർവ സംശയാ
ക്ഷീയന്തേ ചാസ്യ കർമാണി
തസ്മിൻ ദൃഷ്ടേ പരാവരേ (മു ഉ 2-2-8)

(പരവും (ചൈതന്യം) അവരവും (ജഡം) ഏതെന്ന് വിവേകപൂർണമായി തിരിച്ചറിയുന്നന്റെ ഹൃദയഗ്രന്ഥി പൊട്ടിച്ചിതറും. എല്ലാ സംശയങ്ങളും ദൂരീകരിക്കരിക്കപ്പെടും. അവന്റെ കർമ്മങ്ങളെല്ലാം ക്ഷീണതമാവു.)

'ദേഹാദിവൃതിരിക്ത അസൗ വൈചിത്ര്യാത്' എന്ന് സാംഖ്യദർശനവും പറയുന്നു. പുരുഷൻ ദേഹാദികളിൽ നിന്ന് വ്യത്യസ്തനാണ്. രണ്ടിന്റെയും സ്വഭാവം വിചിത്രമാണ്. മാത്രമല്ല ഷഷ്ഠിവിഭക്തി പ്രയോഗവും ഉണ്ട്. അതായത് ഇത് എന്റെ കയ്യാണ് (മമ ഹസ്ത:- ഷഷ്ഠി വിഭക്തി) എന്റെ മനസ്സാണ്, എന്റെ ബുദ്ധിയാണ് എന്ന പ്രയോഗം എന്റെ വാച്ചും ഞാനും ഒന്നാകുമോ? എന്റെ പശു ഞാനാകുമോ? ഇപ്രകാരമുള്ള ചിന്തയാണ് നമ്മെ ജ്ഞാനത്തിലേക്കുയർത്തുന്നത്.

ഇങ്ങിനെ പുരുഷനും ചിത്തവും ഒന്നല്ല, വേറെ വേറെയാണ് എന്ന ഭേദജ്ഞാനമാണ് വിവേക ഖ്യാതി. ഈ വിവേക ഖ്യാതി കിട്ടാൻ തന്നെയാണ് അഷ്ടാംഗയോഗവും അനുഷ്ഠിക്കുന്നത്.

'യോഗാംഗാനുഷ്ഠാനാത് അശുദ്ധിക്ഷയേ ജ്ഞാനദീപ്തി ആവിവേകഖ്യാതേ'


എന്ന് പതഞ്ജലി മുനി (യോ ദ.2.28) അഷ്ടാംഗയോഗത്തിനു മുന്നോടിയായി പറഞ്ഞു. വെക്കുന്നുണ്ട്.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
### 2021 ഡിസംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി - 18 | 1,00,000.00/- |
| 2 | ശ്രീ. പി.ആർ. രാമകൃഷ്ണൻ നായർ, തിരുവോണം, പ്ലോട്ട് നം. 101, നോർത്ത് ഗിരിനഗർ Extn. , ഗാന്ധിനഗർ, കൊച്ചി - 20 | 10,000/- |
| 3 | ശ്രീമതി. പാർവ്വതി മേനോൻ, തെക്കേ കുറുപ്പത്ത്, PRESTIGE EXOTICA APTS, CUNNINGHAM CRESCENT ROAD, BANGALORE | 10,000/- |
| 4 | ശ്രീ. പ്രതാപചന്ദ്രൻ നായർ. എസ്., PURVA VENEZIA, J-702, YELAHENKA NEW TOWN, BANGALORE-560064 | 5,000/- |
| 5 | ശ്രീ. കെ. രാമചന്ദ്രൻ, ശ്രേയസ്സ്, 57/3719, 105, കുമാരനാശാൻ നഗർ, കൊച്ചി | 5,000/- |
| 6 | ശ്രീ. പ്രഭാകരമേനോൻ & ശ്രീമതി. ശാന്ത മേനോൻ 7 ബി, അമൃത് റെഡ്ട്രീറ്റ്, വിവേക് നഗർ, കെ.പി. വള്ളോൻ റോഡ്, കടവന്ത്ര | 5,000/- |
| 7 | ശ്രീമതി. എ.ആർ. രാജശ്രീ, ആലെകാട്ട് ഹൗസ്, മൊണാസ്ട്രി റോഡ്, കൊച്ചി - 11 | 5,000/- |

## 2021 ഡിസംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ഡോ. വൈലോപ്പിള്ളി ബാലകൃഷ്ണമേനോൻ**
**L/1015**
വൈലോപ്പിള്ളി ഹൗസ്
കലൂർ, കൊച്ചി - 17



**രാധാ കേശവൻ**
**L/3983**
വനമാലി, അമ്പാടി റിട്രീറ്റ്,
ചിലവന്നൂർ, കടവന്ത്ര-20

# കാഞ്ചനമെന്നത് ഞാനറിയും

യു.എസ്. രവീന്ദ്രൻ–9496120978

ലോകത്തിലെ വിലകൂടിയ ലോഹങ്ങളിൽ ഒന്നാണ് സ്വർണ്ണം. സ്ത്രീപുരുഷഭേദമന്യെ എല്ലാവരേയും ആകർഷിക്കുന്നതാണ് ഈ മഞ്ഞലോഹം. സ്വർണ്ണത്തിന്റെ വിവിധ പര്യായങ്ങളാണ് കനകം, കാഞ്ചനം, ഹിരണ്യം എന്നിവ.

ശുദ്ധമായ സ്വർണ്ണം അതിലോലമായ തന്തുക്കൾ ആയി വലിച്ചു നീട്ടാവുന്നതാണ്. ഉദാഹരണത്തിന് 28ഗ്രാം സ്വർണ്ണം 80 കിലോമീറ്റർ നീളത്തിൽ വരെ വലിച്ചു നീട്ടാവുന്നതാണ്. നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ തന്നെ പ്രയാസമായ അതീവലോലമായ തന്തുക്കളാണ് ഇത്. ലോകത്തിലുള്ള സ്വർണ്ണം മുഴുവനും ഇങ്ങനെ ചെയ്യുകയാണെങ്കിൽ ഭൂമിയെ 11 ദശലക്ഷം പ്രാവശ്യം വരിഞ്ഞു ചുറ്റാനുള്ള നീളമുണ്ടാകും ഇതിന്.

നല്ല സ്വർണ്ണമാണോ എന്ന് പരിശോധിക്കാൻ ചിലർ കടിച്ചു നോക്കാറുണ്ടത്രേ എന്നാൽ മറ്റു ലോഹങ്ങളിൽ പല്ലടയാളം പതിയുന്ന പോലെ സ്വർണ്ണത്തിൽ പല്ലടയാളം പതിയുകയില്ല. കടിച്ചു നോക്കി സ്വർണ്ണത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുവാൻ സാധ്യമല്ല.

1912 മുതൽ ഒളിബിക് സ്വർണ്ണമെഡൽ ഉണ്ടാക്കുന്നത് സ്വർണ്ണം കൊണ്ടേയല്ല. അതിൽ 1.2 ശതമാനം മാത്രമേ സ്വർണ്ണമുള്ളൂ. ബാക്കി 98.8 ശതമാനവും വെള്ളിയാണ്. എന്നാൽ നോബൽ സമ്മാനത്തിന്റെ മെഡൽ 1980 വരെ 23 കാരറ്റ് സ്വർണ്ണമായിരുന്നു. (ശുദ്ധസ്വർണ്ണ 24 കാരറ്റാണ്). എന്നാൽ 1980നുശേഷം അത് 18 കാരറ്റ് സ്വർണ്ണം കൊണ്ടുണ്ടാക്കിയതാണ്. നോബൽ സമ്മാനത്തിന്റെ ഒരു സ്വർണ്ണ മെഡലിന്റെ മൂല്യം ഏകദേശം ആറുലക്ഷം രൂപയാണ്.

സ്വർണ്ണത്തിന്റെ സ്വതസിദ്ധനിറം മഞ്ഞയാണ്. എന്നാൽ വേറെ ലോഹങ്ങളും ചേർത്തുള്ള മിശ്രിതമുണ്ടാകുമ്പോൾ നിറം മാറുന്നു. എന്നാൽ നിറം വർദ്ധിക്കുന്നു. വെള്ള സ്വർണ്ണം (white gold) നിക്കലോ, പല്ലേഡിയമോ ചേർന്ന സ്വർണ്ണമാണ്. സ്വർണ്ണത്തിൽ ചെമ്പ് ചേരുമ്പോൾ കോഡ്നിമാകുന്നു. പച്ചനിറത്തിലുള്ള സ്വർണ്ണമുണ്ട്. അതു ശുദ്ധസ്വർണ്ണത്തിൽ സിങ്ക്, കാഡ്മിയം, വെള്ളി എന്നിവ ചേർത്തുണ്ടാക്കുന്നതാണ്. നാനോപാർട്ടിക്കിൾസ് ആയ സ്വർണ്ണത്തിന് ഘടനക്കനുസരിച്ച് ഒറഞ്ചുനിറവും നീലനിറവുമാണുള്ളത്. സ്വർണ്ണത്തിന്റെ കാരറ്റ് എത്രയാണോ, അതിനെ 24 കൊണ്ട് ഹരിച്ച് 100 കൊണ്ട് ഗുണിച്ചാൽ ഒരു മിശ്രലോഹത്തിലെ സ്വർണ്ണത്തിന്റെ തോത് അറിയുവാൻ സാധിക്കും. 22 കാരറ്റ് സ്വർണ്ണത്തിൽ 22/24 x 100= 92% സ്വർണ്ണമാണുള്ളത്.

പുരാതനകാലം മുതൽക്കേ സ്വർണ്ണം വൈദ്യരംഗത്ത് മരുന്നാവശ്യങ്ങൾക്കായി ഉപയോഗിക്കാറുണ്ട്. റോമാക്കാർ ദന്തനിര സമമാക്കാൻ സ്വർണ്ണംകൊണ്ടുള്ള ക്ലിപ്പുകൾ ഉപയോഗിച്ചിരുന്നു. സ്വർണ്ണമിശ്രിതമടങ്ങിയ മരുന്ന് കുത്തിവച്ച് സന്ധിവീക്കം, വാതസംബന്ധമായ അസ്ഥിവീക്കം, നീർക്കെട്ട് എന്നീ രോഗങ്ങൾക്ക് ചികിത്സിക്കുന്ന രീതി ഇന്നും നിലവിലുണ്ട്. നീർകെട്ടിനെ തടയാനുള്ള പ്രത്യേക ഗുണം സ്വർണ്ണത്തിനുണ്ടത്രേ. ചെറിയ കുഞ്ഞുങ്ങൾക്ക് വയമ്പ് കൊടുക്കുമ്പോൾ സ്വർണ്ണംകൂടി ഉരച്ച് കൊടുക്കാറുണ്ട്. അർബുദസംബന്ധമായ മുഴകൾ ചുരുങ്ങുവാൻ സ്വർണ്ണമിശ്രിതംകൊണ്ടുള്ള മരുന്നുകൾകൊണ്ടുള്ള ചികിത്സവിദഗ്ധർ ഉപയോഗിക്കാറുണ്ട്.

ബുള്ളിയൻ എന്ന പദം വ്യാപാരരംഗത്ത് സ്വർണ്ണത്തിനോട് ബന്ധപ്പെട്ട് ഉപയോഗിക്കുന്ന പദമാണ് ഇത് Boil എന്ന ഇംഗ്ലീഷ് പദത്തിൽ Latin പദമാണ് സ്വർണ്ണത്തിന്റെ അസംസ്കൃത രൂപം 2856 ഡിഗ്രി ചൂടാക്കി തിളപ്പിച്ച് അശുദ്ധവസ്തുക്കൾ നീക്കി ശുദ്ധ സ്വർണ്ണം ഉണ്ടാക്കുന്നതുകൊണ്ടാകാം സ്വർണ്ണവ്യാപാരത്തിന് bullion trade എന്ന് പറയുന്നത്.

അമേരിക്കൻ ട്രഷറിയിൽ ഇപ്പോൾ 147.3 ദശലക്ഷം ഔൺസ് സ്വർണ്ണമുണ്ട്. ഇതിന്റെ പകുതിയോളം ഫോർട്ട്നോക്സ് എന്ന സ്ഥലത്താണ് സൂക്ഷിച്ചിരിക്കുന്നത്. ഇതിന്റെ മൂല്യം ഏകദേശം 130 ബില്ല്യൻ ഡോളറാണ് അവിടത്തെ അതീവസുരക്ഷാ സംവിധാനങ്ങൾ ഭേദിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഇതുവരെ ഒരൊറ്റ അമേരിക്കൻ പ്രസിഡണ്ടു മാത്രമേ അവിടെ സന്ദർശിച്ചിട്ടുള്ളൂ. 1933ൽ അന്നത്തെ പ്രസിഡണ്ടായിരുന്ന ഫ്രാങ്ക്ളിൻ റൂസ് വെൽട്ട് മാത്രം.

2017വരെ ലോകത്ത് ഏറ്റവും കൂടുതൽ സ്വർണ്ണം ഉൽപ്പാദിപ്പിച്ചിരുന്നത് സൗത്ത് ആഫ്രിക്കയായിരുന്നു. എന്നാൽ 2017 മുതൽ ചൈന ആസ്ഥാനത്തിന് അർഹമായി. എന്നാൽ 7.7 ഔൺസ് ഭാരമുള്ള അത്യപൂർവ്വമായ സ്വർണ്ണ ക്രിസ്റ്റൽ ദശാബ്ദങ്ങൾക്ക് മുൻപ് വെനേസുവേലയിൽ കണ്ടെത്തിയിരുന്നു.

2015ൽ അരിസോണ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഗവേഷകർ ഒരു സുഖകരമല്ലാത്ത സത്യം കണ്ടെത്തി. ഓടകളിൽ ഒഴുകുന്ന മലിനജലത്തിന്റെ അടികൊഴുപ്പിൽ സ്വർണ്ണത്തിന്റെ അംശമുണ്ടെന്നും പത്തുലക്ഷം പേർ താമസിക്കുന്ന പട്ടണത്തിലെ പൊതുമലിനജലതോട് ശുദ്ധീകരിച്ച് 2 കോടിരൂപയോളം വിലവരുന്ന സ്വർണ്ണവും വെള്ളിയും വേർതിരിച്ചിടുക്കാമെന്നും കണ്ടുപിടിച്ചു.

ലോകത്തിലെസ്വർണ്ണഖനികളിലെ സ്വർണ്ണമെല്ലാം കൂടി ചേർന്ന് കുഴിച്ചെടുക്കാവുന്നതിന്റെ 80ശതമാനത്തോളം കുഴിച്ചെടുത്തു കഴിഞ്ഞു. 244000 ദശലക്ഷം ടണ്ണോളം വരും ഇത്. കടൽതട്ടിലും പല സമുദ്രങ്ങളിലുമായി 20 ദശലക്ഷം ടണ്ണോളം ഇനിയും സ്വർണ്ണനിക്ഷേപമുണ്ടത്രേ.

അതു കുഴിച്ചെടുക്കാൻ ഭാരിച്ച ചിലവു വരും. എന്നാൽ ഭാഗ്യം ശൂന്യാകാശത്തിലുണ്ട് 16 സൈക്കെ എന്ന ആസ്റ്ററോയിഡിൽ മാത്രം അനേക ദശലക്ഷം ടണ്ണുകളോളം സ്വർണ്ണനിക്ഷേപമുണ്ടത്രേ. ഇപ്പോൾ നമ്മൾ ശൂന്യാകാശത്തേക്ക് സ്വർണ്ണ കൊണ്ടുപോകുന്നു. അവിടെ നിന്നും സ്വർണ്ണം കിട്ടി തുടങ്ങിയിട്ടില്ല.

ശൂന്യാകാശയാത്രക്കാരുടെ സ്യൂട്ടുകളിൽ സ്വർണ്ണ പൂശിയിട്ടുണ്ടായിരിക്കും. ശൂന്യാകാശത്തെ ഹാനികരമായ ഇൻഫ്രാറെഡ് റേഡിയേഷൻ സ്യൂട്ടിനകത്തുകൂടെ കടന്ന് ശരീരത്തിൽ പ്രവേശിക്കാതെ പ്രതിഫലിപ്പിച്ചു തള്ളുന്നതിനാണ് സ്യൂട്ടിൽ സ്വർണ്ണം പൂശിയിരിക്കുന്നത്. റേഡിയേഷൻ മൂലം ഉപകരണങ്ങളും ചൂടാകുന്നതിനാൽ ശൂന്യാകാശത്തേക്ക് കൊണ്ടുപോകുന്ന ഉപകരണങ്ങളിലും സ്വർണ്ണം പൂശിയിട്ടുണ്ടാകും. അടുത്തകൊല്ലം വിക്ഷേപിക്കുന്ന ജെയിംസ് വെബ് ടെലസ്ക്കോപ്പിലും സ്വർണ്ണം പൂശൽ പ്രക്രിയനടത്തിയിട്ടുണ്ട്.

പൈറൈറ്റ് എന്ന ധാതുസ്വർണ്ണത്തേപ്പോലെ തന്നെയിരിക്കും. വിഡ്ഢികളുടെ സ്വർണ്ണം എന്നാണിതിനെ വിളിക്കുക. കൊല്ലവർഷം 1600ൽ ക്രിസ്റ്റഫർ ന്യൂഫോർട്ട് എന്ന നാവികൻ കപ്പൽ യാത്രക്കിടെ കിട്ടിയ ടൺ കണക്കിന് പൈറൈറ്റ് സ്വർണ്ണമാണെന്ന് തെറ്റിദ്ധരിച്ച് ലണ്ടനിൽകൊണ്ടുവന്നു. പിന്നീടാണ് മനസ്സിലായത് തനിക്ക് അമളിപറ്റിയെന്ന്. എന്നാൽ കടലിൽ സ്വർണ്ണ ശേഖരത്തിന്റെ അടുത്തു തന്നെയാണ് പൈറൈറ്റ ശേഖരവും കണ്ടുവരാറുള്ളത്. വിഢികളുടെ സ്വർണ്ണം വേണ്ട എന്ന് വിചാരിച്ച് കുഴിച്ച് നോക്കാത്തവർക്ക് ശരിക്കുള്ള സ്വർണ്ണം എങ്ങിനെ അറിയും. അവരാണ് ശരിക്കുമുള്ള വിഢികൾ.

സ്വർണ്ണം അമൂല്യവസ്തുവാണെങ്കിലും അതിനുവേണ്ടി മനസ്സമാധാനം നഷ്ടപ്പെടുത്തി ജീവിതം ദുരിതപൂർണ്ണമാക്കേണ്ടതില്ല. ഇതാ ഒരു കഥ. ഒരു ഐറിഷ്കൃഷിക്കാരനും അയാളുടെ ഭാര്യയും അവരുടെ കൃഷിത്തോട്ടത്തിലെ കാരറ്റ് വിളവെടുക്കുകയായിരുന്നു. അവസാനത്തെ കാരറ്റിനുവേണ്ടി നിലംകിളച്ചപ്പോൾ കാരറ്റിന്റെ അറ്റത്ത് ഒട്ടിപ്പിടിച്ചിരുന്ന ഒരു അട്ട പറഞ്ഞു. അങ്ങ് കാരറ്റ് തിരികെ നടൂ അങ്ങയുടെ എല്ലാ ആഗ്രഹങ്ങളും സാധിക്കും. അതാ മഴവില്ലിന്റെ അറ്റത്തുള്ള സ്വർണ്ണക്കുടം അങ്ങേയ്ക്കുള്ളതാണ്. കാരറ്റ് ഉപേക്ഷിച്ച് മഴവില്ലിന്റെ അറ്റത്തുള്ള സ്വർണ്ണക്കുടം തേടിക്കൊണ്ടിരിക്കുന്ന കൃഷിക്കാരൻ ഇപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

***

# മറുനാട്ടിൽ രണ്ടു വൃദ്ധരുടെ വികാരവായ്പ്

ഡോ. ജി. മാധവൻ നായർ-9446221156

മഞ്ഞു വീണു തുടങ്ങിയിരുന്നു. വീതി കുറഞ്ഞ നിരത്തിന്റെ ഓരത്തുകൂടി അവർ മെല്ലെ നടന്നു. ഒഴിവു ദിവസമായതിനാൽ ഒട്ടും തിരക്കുണ്ടായിരുന്നില്ല രണ്ടുപേരിൽ ഒരാൾക്ക് നല്ല പ്രായക്കൂടുതലുണ്ടായിരുന്നു. സ്വതവെ ദുർബ്ബലനായ അയാൾ നടപ്പുകൊണ്ട് കൂടുതൽ ക്ഷീണിതനായി. വയസ്സിൽ മൂപ്പു കൂടിയ ആൾ, അടുത്തു കണ്ട ഉദ്യാനത്തിലേക്ക് കടക്കുവാൻ മറ്റേയാളോട് അഭ്യർത്ഥിച്ചു.

തളർച്ച അല്പമൊന്നു മാറ്റുവാൻ രണ്ടുപേരും അതിനുള്ളിലേയ്ക്ക് പ്രവേശിച്ച്, അവിടെ ഇട്ടിരുന്ന ബഞ്ചിൽ ഉപവിഷ്ടരായി. നിറയെ വൃക്ഷലതാതികളാലും കുസുമവൃന്ദങ്ങളാലും ഒരുക്കപ്പെട്ട മനോഹരമായ ഒരു പൂന്തോട്ടമായിരുന്നു അത് ആ സമയത്ത് അവിടെ സന്ദർശകർ നന്നേ കുറവായിരുന്നു. നടപ്പാതകളുടെ വശങ്ങളിൽ കൃത്യമായി വെളുത്ത കല്ലുകൾ പാകിയ ഒരു ചെറുകാടിനെ ദ്യോതിപ്പിക്കുന്ന ആ പ്രദേശം വെളിച്ചമേകുന്ന വിളക്കുകളാൽ പ്രശോഭിതമായിരുന്നു.

ദേഹശക്തി കുറച്ചൊന്ന് സംഭരിച്ചു എന്നു ബോദ്ധ്യപ്പെട്ടപ്പോൾ, രണ്ടുപേരും അവിടെ നിന്നുമെഴുന്നേറ്റു. വീണ്ടും മുഖ്യപാതയിലൂടെ കെട്ടിടങ്ങൾ തിങ്ങി നില്ക്കുന്നവശത്തേക്ക് നടന്നു. മിക്ക വാണിജ്യ സ്ഥാപനങ്ങളും അടഞ്ഞു കിടക്കുകയാണ്. കുറച്ചങ്ങുപോയപ്പോൾ ദൂരെ ഒരു പ്രകാശധാര ദൃശ്യമായി. അടുത്തെത്തിയപ്പോൾ സ്ഥാപനത്തിന്റെ മുഖമുദ്ര കണ്ടു. മദ്യ വില്പനകേന്ദ്രവും അതിനോടനുബന്ധിച്ചുള്ള ഭോജനശാലയുമാണ്. സന്തോഷവാന്മാരായ രണ്ടുപേരും പരസ്പരം നോക്കി. മുതിർന്നയാൾ ഒരു നറുപുഞ്ചിരിയോടെ പറഞ്ഞു.

കൃഷ്ണാ നമുക്കൊന്നിവിടെ കയറിയിട്ടു പോയാലോ. എന്നാൽ അങ്ങനെയാകട്ടെ ഉള്ളിൽ നിന്നുയർന്ന ആഹ്ലാദം, പ്രായത്തിൽ കുറവായ സുഹൃത്ത് മറച്ചുവച്ചില്ല.

സ്ഥാപനത്തിലെ വില്പനക്കായിട്ടുള്ള ജനാലയ്ക്ക് മുൻപിൽ ഒട്ടും തിരക്കുണ്ടായിരുന്നില്ല, വിദേശത്തായതുകൊണ്ട് പ്രത്യേക വാണിജ്യാടയാളങ്ങളെ പറ്റി നിശ്ചയവുമില്ല. എന്നാലും തരം തിരിച്ചുള്ള ലഹരിക്ക് അനുസൃതമായി ഉല്പന്നത്തെ പറ്റി ബോദ്ധ്യമുള്ളതിനാൽ വയോവൃദ്ധനല്ലാത്തയാൾ ഓരോരുത്തർക്കുമായി ഒരു ക്യാൻ ബിയറിന് വേണ്ടി ആവശ്യപ്പെട്ടു. കൂട്ടത്തിൽ അപ്പോൾ തന്നെ വറുത്തെടുക്കുന്ന ഉരുളക്കിഴങ്ങിന്റെ നുറുക്കിയ ശേഖരത്തിനും പത്തു പൗണ്ടിന്റെ ഒരു നോട്ട് കിളിവാതിക്കൽ വച്ചതിന്റെ രശീതും ബാക്കിയും അപ്പോൾ തന്നെ ലഭിച്ചു. നേരത്തെ കണ്ടുവച്ച 7-ാം നമ്പർ മേശയുടെ വിവരം, ആ ചീട്ടിൽ കുറിച്ചിരുന്നു. രണ്ടുപേരും ഒന്നിച്ച് ആ മേശയുടെ മുന്നിലുണ്ടായിരുന്ന കസേരകളിൽ ഇരിപ്പുറപ്പിച്ചു. വില്പനക്കാരന്റെ നിർദ്ദേശമനുശരിച്ച്, അവിടുത്തെ വിതരണത്തിനു ചുമതലപ്പെട്ട ഒരു യുവാവ്, ബിയർ നിറച്ച ക്യാനുകളും, മൊരിച്ചെടുത്ത ആവി പാറുന്ന ഉരുളക്കിഴങ്ങിന്റെ കഷണങ്ങൾ ഒരു തട്ടത്തിലുമായി എത്തി.

അടുത്തു തന്നെ മേശപ്പുറത്ത് വച്ചിരുന്ന കുരുമുളക് പൊടിയും, അല്പം മധുരമുള്ള ഒരു കുഴമ്പ് ചെറിയ തട്ടത്തിലൊഴിച്ച് വറുത്ത കഷണങ്ങൾ അതിൽ മുക്കിയിട്ട് തിന്നുവാൻ തുടങ്ങി.

ബിയർ ക്യാൻ ഉയർത്തിക്കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഉത്സാഹം പറഞ്ഞ് സാവധാനം ചുണ്ടോടടുപ്പിച്ച് ഇറക്കുവാൻ തുടങ്ങി. അല്പം ഉള്ളിൽ ചെന്നു കഴിഞ്ഞപ്പോൾ, പെട്ടെന്നുണ്ടായ ഊർജ്ജലബ്ധിയിൽ രണ്ടുപേരും സംതൃപ്തരായി. തുടർന്നു നാട്ടിലെ കാര്യങ്ങൾ ചർച്ചാവിഷയമായി. ഇവിടെ ഈ രാജ്യത്തെ

സുഖവും, സമൃദ്ധവുമായ ജീവിതരീതി കണ്ട് അത്ഭുതപ്പെട്ടു.

ഇതിനിടയ്ക്ക് ധാരാളം പേർ ശാലയ്ക്കുള്ളിലേക്ക് വന്നുകൊണ്ടിരുന്നു. എന്നാലും യാതൊരു ഒച്ചപ്പാടൊ ഉയർന്ന സംസാരങ്ങളൊ ഉണ്ടായില്ല. വളരെ വലിപ്പമുള്ള ഒരു മന്ദിരമായതിനാൽ വരുന്നവർക്കെല്ലാം തന്നെ പല സ്ഥലങ്ങളിലായിട്ടിരുന്ന് ആസ്വദിക്കാം. വില്പന മേശയ്ക്ക് മുകളിലായി, വിസ്താരമുള്ള ഒരു വിലവിവര പട്ടിക പ്രദർശിപ്പിച്ചിരുന്നു. പതഞ്ഞുപൊങ്ങുന്ന ലഹരി അധികമില്ലാത്ത പാനീയം തൊട്ട്, ഏറ്റവും വീര്യമുള്ള ഉത്തേജകം വരെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനു സമീപത്തു തന്നെ മറ്റൊരു മേശയിൽ വറ സാധനങ്ങളുടേയും, മാംത്സ്യഭോജ്യങ്ങളുടേയും കൂടെ ഭക്ഷിക്കുന്നതിനു മുൻപു ചേർക്കേണ്ട പൊടികളും ദ്രവരൂപത്തിലുള്ള ചേരുവകളും പ്രത്യേകമായി വച്ചിരുന്നു.

ശാലയുടെ മധ്യഭാഗത്ത് ഏതാണ്ട് എല്ലാവർക്കും കാണത്തക്കരീതിയിൽ ഒരു വിദൂരദർശിനി വളരെ വലുപ്പത്തിലും ഉയരത്തിലും സന്ദർശകർക്കുവേണ്ടി പ്രദർശിപ്പിച്ചിരുന്നു. വിസ്താരമുള്ള യവനികകളിൽ ആ വിഡ്ഢിപ്പെട്ടിയുടെ മുൻഭാഗം മൂടാമായിരുന്നെങ്കിലും ആ സമയത്ത് കാണികൾക്കുവേണ്ടി അത് തുറന്നിട്ടിരുന്നു. ലോക പ്രശസ്തരായ രണ്ടു ക്രിക്കറ്റ് ടീമുകൾ തമ്മിലുള്ള ഒരു ഏകദിനമത്സരം നടക്കുകയാണ്. വ്യത്യസ്ഥ രാജ്യങ്ങളാണെങ്കിലും അവരുടെ കളിയുടെ ശൈലി ഏതാണ്ട് ഒരു പോലയാണ്. ഉത്തേജനം ഉള്ളിലേക്കാക്കുന്നതിനോടൊപ്പം ഉയർന്നു വരുന്ന കളിയുടെ ഘോഷത്തിൽ എല്ലാവരും ഉത്സാഹഭരിതരായി.

എത്ര വേഗത്തിലാണവർ പന്തെറിയുന്നത്. കൂട്ടത്തിൽ മുതിർന്നയാൾ മറ്റേയാളോടു ചോദിച്ചു ഇവരുടെ വീട്ടുമുറ്റമാണിത്. അപ്പോൾ കളി എങ്ങനെയാകണമെന്നവർക്ക് കൃത്യമായറിയാം. മറ്റേയാൾ പ്രതികരിച്ചു. ഇവിടുത്തെ കാണികൾ വളരെ ശ്രേഷ്ഠതപുലർത്തുന്നവരാണ് അവർ സ്വന്തം കളി സംഘം ഒന്നും നോക്കാതെ, മികവ് പുലർത്തുന്നവരെയാണ് പ്രോത്സാഹിപ്പിക്കുന്നത്. വൃദ്ധൻ ഈ കളിയിൽ വളരെ ആകൃഷ്ടനാണ്. ചെറുപ്പകാലത്ത് കളിച്ചിരുന്നു.

മാത്രമല്ല, നമ്മുടെ രാജ്യത്തെ കളിക്കാരെ പോലെയല്ല ഇവർക്ക് എന്നും കളിക്കളത്തിൽ മാന്യമായി പെരുമാറാനും അറിയാം.

മറ്റേയാൾ മൊഴിഞ്ഞു.

അരമണിക്കൂർ കഴിഞ്ഞപ്പോൾ ക്യാനുകൾ കാലിയായി. മുതിർന്നയാൾക്ക് ഒന്നുകൂടി ബിയർ ആകാമെന്നുള്ള ആർത്തി വന്നു. മറ്റേയാൾ വില്പനക്കാരന്റെ അടുത്തുചെന്ന് ഒരു ക്യാൻ ബിയർ കൂടി വേണ്ടതിനുള്ള വാക്ക് കൊടുത്ത് കാശ് അടച്ചു. അതിനെ തുടർന്ന് നിറച്ച പാനീയവുമായി വീണ്ടും കസേരയ്ക്കരികെ തിരിച്ചെത്തി. വർത്തമാനം കൊഴുക്കുന്നതിനിടയിൽ സാവധാനം മോന്തിക്കൊണ്ട് അവരാ പാത്രങ്ങൾ കാലിയാക്കി.

ഇതിനിടെ ഹാളിലെ ടി.വി. പ്രദർശിപ്പിച്ചിരുന്ന ക്രിക്കറ്റ്കളിയിൽ ഒരു സംഘത്തിന്റെ ഊഴം അവസാനിച്ചിരുന്നു. ഇനി മറ്റേക്കൂട്ടർ മൈതാനത്ത് എത്തണമെങ്കിൽ ഇടവേള കഴിയണം. അതിനു താമസ്സം വരുമെന്നുള്ളതിനാൽ ഇവിടെ നിന്ന് ഇറങ്ങാമെന്ന് തീരുമാനിച്ച് രണ്ടുപേരും ഇടറിയ കാൽവെപ്പോടെ മദ്യശാലയ്ക്ക് പുറത്തിറങ്ങി. മദ്ധ്യവയോധികൻ കൂടുതലായി ഉന്മത്തനായി കാണപ്പെട്ടു.

സമയം ഏഴൊക്കെ കഴിഞ്ഞെങ്കിലും സന്ധ്യയായിക്കാണുന്നില്ല. അതീരാജ്യത്തിന്റെ കാലാവസ്ഥയുടെ പ്രത്യേകതയാണ്. ബന്ധുജനങ്ങൾ പാർക്കുന്ന ഗൃഹത്തിലേക്ക് കുറച്ചു ദൂരമുണ്ട്. അവിടെ എത്തിച്ചേരണമെങ്കിൽ ചെറിയ ഒരു മൊട്ടക്കുന്നു കയറണം. രണ്ടാളും പ്രാഞ്ചി പ്രാഞ്ചി മുന്നോട്ടു അടികൾ വച്ചു.

പോകുന്ന വഴിയുടെ വലതുവശത്ത് മറ്റൊരു പൂന്തോട്ടം കാണാനിടയായി. കുറച്ചു സമയമവിടെ ചിലവഴിക്കാമെന്നുള്ള ധാരണയിൽ അവർ അങ്ങോട്ടു പ്രവേശിച്ചു. ഒരറ്റത്ത് അരുവിപോലെ ജലപ്രവാഹമുണ്ട്. ഏതോ, കുഞ്ഞുനദിയുടെ കൈവഴിയായിരിക്കാം. അതിലൂടെ കാട്ടുതാറാക്കൾ എന്നു തോന്നുന്ന ധാരാളം ജീവികൾ അങ്ങോട്ടും ഇങ്ങോട്ടും നീന്തി തുടിക്കുന്നുണ്ട്. കൂട്ടത്തിൽ ചെറിയ കുഞ്ഞുങ്ങൾ, തള്ളമാരുടെ ദേഹത്തോടൊട്ടി അങ്ങനെ നില്ക്കുന്നു. ആ പ്രദേശമാകെ അസംഖ്യം കിളികളുടെ കുജനത്താൽ ശബ്ദമുഖരിതമാണ്.

*(ശേഷം പേജ് 64)*

# പുരുഷാർത്ഥങ്ങൾ

**എം.ആർ.എസ്. മേനോൻ – 9037126220**

കഴിഞ്ഞ രണ്ടു ലക്കങ്ങളിലൂടെ പുരുഷാർത്ഥങ്ങളിൽ സുപ്രധാനമായ ധർമ്മത്തിന്റെ സൂക്ഷ്മ ഭാവങ്ങളെപ്പറ്റി മനസ്സിലാക്കി. അർത്ഥത്തെ (ധനം) നേടുന്നതിനും സുഖത്തെ (കാമം) അനുഭവിക്കുന്നതിനും നമ്മുടെ സംസ്കൃതി എതിരല്ല. പക്ഷേ അർത്ഥവും കാമവും ധർമ്മത്താൽ നേടിയവയായിരിക്കണം.

ധർമ്മാനുസൃതം ജീവിക്കുന്നവൻ മോക്ഷത്തിന് അർഹനായിത്തീരുന്നു. ധർമ്മാനുസൃതമായ സുഖം മോക്ഷത്തിന് തടസ്സമാകുന്നില്ല. കളവ്, വഞ്ചന, കൈക്കൂലി, മായം ചേർക്കൽ തുടങ്ങിയ വഴികളിലൂടെ ധനം ആർജ്ജിക്കുന്നത് അധാർമ്മിക മാർഗ്ഗങ്ങളാണ്. ഇത്തരം മാർഗ്ഗങ്ങളിലൂടെ ധനം നേടുന്നവർ വ്യക്തിപരമായി അധഃപതിക്കുകയും രാഷ്ട്രത്തിന് ദുഷ്കീർത്തി ഉണ്ടാക്കുകയുംചെയ്യുന്നു. അധർമ്മത്തിലൂടെ നേടുന്ന ധനം കൊണ്ടുള്ള സുഖം താൽക്കാലികം മാത്രം. ഉയർന്ന പദവിയും സാമ്പത്തിക നിലയും ഉണ്ടായിട്ടും തൃപ്തി വരാതെ അധർമ്മത്തിൽ കൂടെ ധനം സമ്പാദിക്കുന്നവർ നമുക്ക് ചുറ്റും ധാരാളം ഉണ്ട്. രാഷ്ട്രത്തിന്റെ സാമ്പത്തിക ഭദ്രതയെത്തന്നെ അവർ തകർക്കുന്നത് നാം കാണുന്നു. ധർമ്മാചരണം കൊണ്ടേ ശാശ്വതമായ സുഖം ലഭിക്കൂ എന്ന് ജീവിതം നമ്മേ പഠിപ്പിക്കുന്നു. രണ്ടായിരം വർഷം മുമ്പെഴുതിയ തിരുക്കുറൾ.

"അറത്താൽ വരുവതേ ഇമ്പമെന്ററിക"

എന്ന് പഠിപ്പിക്കുന്നു. അതായത് ധർമ്മത്താൽ നേടിയത് മാത്രമാണ് സുഖ സാധനമെന്നറിയുക എന്നർത്ഥം.

"പുരുഷാർത്ഥ പ്രദാ പൂർണ്ണാ ഭോഗിനി ഭുവനേശ്വരി" എന്ന് ലളിതാ സഹസ്രനാമം. ധർമ്മാനുഷ്ഠാനങ്ങളിൽ താൽപര്യമുള്ളവർക്ക് യോഗ്യതക്കനുസരിച്ച് പുരുഷാർത്ഥങ്ങളെ നൽകുന്നത് ഭുവനേശ്വരി തന്നെ എന്നർത്ഥം. ദ്രവ്യം അമ്മയുടെ സേവനത്തിന് വേണ്ടി ചെലവഴിക്കേണ്ടതാണ്. അത് കൈവശം വക്കുന്നവർ ഉടമകളല്ല രക്ഷാധികാരികൾ മാത്രമാണ്. ഇന്നത നമ്മുടെ കൈവശമാണെങ്കിൽ നാളെ അത് മറ്റൊരാളുടെ കൈവശം ആയിരിക്കും. ഉദ്ദേശശുദ്ധിയോടെ അവരുടെ രക്ഷാധികാരത്വത്തെ നിറവേറ്റുന്നതാണ് പ്രധാനം എന്നാണ് മഹർഷി അരവിന്ദൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. അർത്ഥത്തെ ഭഗവാന്റെ പ്രസാദമായി കരുതി അനാസക്തനായി ഉപയോഗിക്കാനാണ് ഈശാവാസ്യോപനിഷത്ത് പറയുന്നത്. പ്രാചീന ഭാരതത്തിൽ നില നിന്ന സാമ്പത്തിക വിഷയങ്ങളെ ക്രോഡീകരിച്ചതാണ് ചാണക്യന്റെ അർത്ഥശാസ്ത്രം. ഈ വിഷയത്തെപ്പറ്റി മനുസ്മൃതിയും പ്രതിപാദിച്ചിട്ടുണ്ട്. ഏതെല്ലാം വിധത്തിൽ ആർക്കെല്ലാം ധനം സമ്പാദിക്കാമെന്നും, ഓരോ മേഖലയിലും ധർമ്മാനുസൃതം എത്ര ധനം ആർജ്ജിക്കാമെന്നും എത്ര പലിശ ഓരോ കാര്യത്തിനും ഈടാക്കാമന്നും എത്ര നികുതിയും പിഴയും ഈടാക്കാമെന്നും പ്രാചീന ഭാരതത്തിൽ ശാസ്ത്രീയമായ വ്യവസ്ഥകളുണ്ടായിരുന്നു.

തുടരും......

ഇദം ശരീരം കൗന്തേയ
ക്ഷേത്രമിത്യഭിധീയതേ
ഏതദ്യോ വേത്തി ത പ്രാഹുഃ
ക്ഷേത്രജ്ഞ ഇതി തദ്വിദഃ

അല്ലയോ അർജ്ജുന, ഈ ശരീരത്തെയാണ് ക്ഷേത്രമെന്നു പറയുന്നത്. ഇതറിയുന്നവനെ തത്ത്വജ്ഞാനികൾ ക്ഷേത്രജ്ഞാനെന്നു പറയുന്നു.

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447332125

# മാസഫലം

**2022 ജനുവരി12 മുതൽ ഫെബ്രുവരി 12 വരെ**

**ജ്യോതിഷാചാര്യൻ: അച്ചുതൻ നായർ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക 1/4) ഈ കൂറുകാർക്ക്  ഗുരു ശുക്രന്മാർ അനുകൂലഭാവത്തിലും ശനി, കുജൻ പ്രതികൂലത്തിലും ആകയാൽ കർമ്മസിദ്ധിയും സുഖാനുഭാവങ്ങൾ, സ്ഥാനപ്രാപ്തി മുതലായ സദ്ഫലങ്ങളും ജനവിരോധം. അർത്ഥനാശം, ദുർവ്യാപാരം, മാനഭംഗം രോഗക്ലേശങ്ങൾ മുതലായ ദോഷഫലങ്ങളും കാണുന്നു. ദോഷശാന്തിക്കായി ശാസ്താവിനും, സുബ്രഹ്മണ്യസ്വാമിക്ഷേത്രങ്ങളിലും എണ്ണ, മാല, പായസം, പുഷ്പാഞ്ജലി പാൽ അഭിഷേകം ഇവ നടത്തുകയും ചെയ്യുക.

ഇടവക്കൂർ (കാർത്തിക 3/4, രോഹിണി, മകീര്യം 1/2) ശുക്രൻ  അനുകൂലഭാവത്തിലും ഇതരഗ്രഹങ്ങൾ പ്രതികൂല ഭാവത്തിലും ആകയാൽ സാമ്പത്തിക ഗുണങ്ങളും സന്താനക്ലേശം, കാര്യവിഘ്നം, പിതൃതുല്യർക്ക് ക്ലേശം, ദാരിദ്ര്യം ധർമ്മപ്രവൃത്തികൾക്ക് തടസ്സം, നയനരോഗം, ദാമ്പത്യകലഹം വയറ് വേദന, ജ്വരം മുതലായ ഉണ്ടായേക്കാം. ദോഷശാന്തിക്കായി ശിവനും, നവഗ്രഹക്ഷേത്രങ്ങളിലും നിവേദ്യസഹിതം വഴിപാട് നടത്തുക.

മിഥുനക്കൂർ (മകീര്യം 1/2, തിരുവാതിര, പുണർതം 3/4) ഗുരുബുധൻമാർ  അനുകൂലഭാവത്തിലും, സൂര്യനും, ശനിയും അനിഷ്ടസ്ഥിതിയും ആയതിനാൽ സൗഭാഗ്യസിദ്ധിയും സാമ്പത്തികഗുണങ്ങളും ഒപ്പം ഉണ്ടായേക്കാവുന്ന ദാമ്പത്യക്ലേശങ്ങളും, രോഗക്ലേശങ്ങൾ, രാജഭയം, കലഹം, ദുഖം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശാസ്താവിനും ശിവനും അർച്ചന, അഭിഷേകം, നിവേദ്യം മുതലായവ നടത്തി ദോഷശാന്തി വരുത്തുക.

കർക്കിടകക്കൂർ (പുണർതം 1/4, പൂയ്യം, ആയില്യം) രാഹു അന  കൂലത്തിലും ഇതരഗ്രഹങ്ങൾ പ്രതികൂലഭാവത്തിലും ആകയാൽ ഉണ്ടായേക്കാവുന്ന ഭാഗ്യാനുഭാവങ്ങളും ആപത്ത്, മരണക്ലേശം, അരിഷ്ടത, ധനനഷ്ടം, മാർഗ്ഗഭംഗം, ദാമ്പത്യസുഖഹാനി, വയർവേദന, രക്തസ്രാവം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശിവക്ഷേത്രദർശനവും നവഗ്രഹപൂജകളും നടത്തുക.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1/4 ) ഗുരുവും, ശനിയും  അനുകൂലഭാവത്തിലും കുജൻ അനിഷ്ടത്തിലും ആകയാൽ രോഗനാശം, ശത്രുനാശം സത്യാത്രകൾ, ദാമ്പത്യസുഖം, സുഖവർദ്ധന മുതലായ സദ്ഗുണങ്ങളും ജ്വരം, ഉചിതമല്ലാത്ത് ചിന്തകൾ, ബന്ധുക്കൾ കാരണം ദുഖം മുതലായ ദോഷങ്ങളുടെ ശാന്തിക്കായി സുബ്രഹ്മണ്യസ്വാമിയ്ക്കും, ഭദ്രകാളിയ്ക്കും, നിവേദ്യസഹിതം വഴിപാടുകൾ നടത്തി ദോഷശാന്തി വരുത്തുക.

കന്നിക്കൂർ (ഉത്രം 2/4, അത്തം, ചിത്തിര 1/2) ഈ കൂറുകാർ  ക്ക് സൂര്യ, ഗുരു, ബുധ,ശനി ഗ്രഹങ്ങൾ പ്രതികൂലത്തിലും ശുക്രൻ അനുകൂലഭാവത്തിലും ആകയാൽ സന്താനങ്ങൾക്ക് ഗുണാനുഭവങ്ങൾ, ജയം, സുവർണ്ണലാഭം മുതലായ സദ്ഗുണങ്ങളും സ്ഥാനഭ്രംശം, ചിത്തലോഭം, രോഗം ഭാര്യാപുത്രകലഹം, ശത്രുപീഢ, ദ്രവ്യനാശം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി വിഘ്നക്ഷേത്രത്തിൽ പാൽപ്പായസം, തുളസിമാല, അർച്ചന, ശാസ്താവിന് കരിക്ക് അഭിഷേകം മുതലായവ നടത്തി ദോഷശാന്തി വരുത്തുക.

തുലാക്കൂറ് (ചിത്തിര 1/2 , ചോതി, വിശാഖം 3/4) ഈ കൂ  റുകാർക്ക് ഗുരു ഇഷ്ടഭാവത്തിലും ഇതരഗ്രഹങ്ങൾ ഭൂരിതഭാഗവും പ്രതികൂലത്തിലും ആകയാൽ സജ്ജനസംസർഗ്ഗം, രാജാനുകൂല്യം, ഐശ്വര്യം മുതലായ സദ്ഗുണങ്ങളും ഭയം, വാഗ്ദോഷം, അർത്ഥനാശം, ബന്ധുനാശം, രോഗം, മരണക്ലേശങ്ങൾ മുതലായ ദോഷങ്ങളുടെ ശാന്തിക്കായി ശിവക്ഷേത്രത്തിൽ മൃത്യുഞ്ജായഹോമവും, നവഗ്രഹപൂജയും നടത്തി ദോഷശാന്തി വരുത്തുക.

വൃശ്ചികക്കൂർ (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഈ കൂറുകാർക്ക്  ശുക്രനും, സൂര്യനും ശനി അനുകൂലഭാവത്തിലും ഇതരഗ്രഹങ്ങൾ പ്രതികൂലത്തിലും ആകയാൽ ധനലാഭം, ഗൃഹലാഭം, സ്ഥാനപ്രാപ്തി, സന്തോഷം, അലങ്കാര സാധനങ്ങളുടെ ലാഭം മുതലായസദ്ഗുണങ്ങളും സ്വജനവിരഹം, രക്തരോഗം, ഉഷ്ണരോഗം, ഭയം, നാൽക്കാലിഭയം, ബന്ധുക്കൾ മൂലം ദുഖം മുതലായദോഷങ്ങളുടെ ശാന്തിയ്ക്കായി വിഘ്നുക്ഷേത്രത്തിലും ഭദ്രകാളി ക്ഷേത്രത്തിലും നിവേദ്യസഹിതം വഴിപാട് നടത്തി ദോഷശാന്തിവരുത്തുക.

ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1/4) ബുധ,ശുക്രന്മാർ  അനുകൂലത്തിലും ഇതരഗ്രഹങ്ങൾ പ്രതികൂലത്തിലും ആകയാൽ ഐശ്വര്യം, വിഷയസുഖാനുഭവങ്ങളും സ്ഥാനഭ്രംശം ഇഷ്ടജനങ്ങളുമായി വേർപാട് കാര്യതടസ്സം, രോഗക്ലേശങ്ങൾ, വഞ്ചനകൊണ്ട് അസ്വസ്ഥത ദ്രവ്യനഷ്ടം സ്വജനവിരഹം മുതലായദോഷങ്ങളുടെ ശാന്തിക്കായി ഹനുമാനും, വൈഷ്ണവക്ഷേത്രങ്ങളിലും നിവേദ്യസഹിതം വഴിപാട് നടത്തുക.

മകരക്കൂർ ഉത്രാടം 3/4 തിരുവോണം, അവിട്ടം 1/2) ഈ കൂ  റുകാർക്ക് ഗുരുശുക്രൻമാർ അനുകൂലത്തിലും ശനി സൂര്യന്മാർ പ്രതികൂലത്തിലും ആകയാൽ ധനലാഭം, കുടുംബസുഖം, ഭൂമിലാഭം മുതലായ സദ്ഗുണങ്ങളും കോപവർദ്ധന വിഭവനാശം, ദ്രവ്യനഷ്ടം, രോഗം, പുലകുളി മുതലായ ദോഷങ്ങൾക്ക് പരിഹാരമായി ശിവക്ഷേത്ര ദർശനവും നവഗ്രഹപൂജയും നടത്തുക.

കുംഭക്കൂർ (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4) ഈ നാളുകാർക്ക്  ശുക്രൻ അനുകൂലത്തിലും ഗുരു, ശനി, സൂര്യൻ പ്രതികൂലത്തിലും ആകയാൽ ദ്രവ്യലാഭം, ഭൂമിലാഭം മുതലായ സദ്ഗുണങ്ങളും അന്യദേശവാസം സാമ്പത്തിക നഷ്ടങ്ങൾ സന്താനക്ലേശം, ജ്വരരോഗം, ബന്ധുവിരോധം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി വിഷ്ണുവിനും ശാസ്താവിനും നിവേദ്യസഹിതം വഴിപാട് നടത്തുക.

മീനക്കൂർ (പൂരൂരുട്ടാതി 1/4, ഉത്രട്ടാതി, രേവതി) ഈ കൂറു  കാർക്ക് സൂര്യ, ശനി ഗ്രഹങ്ങൾ ഇഷ്ടസ്ഥാനത്തും, ഗുരു ശുക്രൻ, കുജൻ പ്രതികൂലത്തിലും ആകയാൽ രോഗനാശം സൗഖ്യം, പലപ്രകാരത്തിലും, ഉള്ള സമ്പത്തുക്കളുടെ ആഗമനം, വലിയ കീർത്തി, ശത്രുക്കളുമായി സന്ധിയാവുക മുതലായ സദ്ഗുണങ്ങളും ദുഖം, ചിലസമയങ്ങളിൽ ദ്രവ്യക്ഷാമം, കർമ്മവിഘ്നങ്ങൾ, കലഹം മുതലായ ദോഷങ്ങളുടെ ശാന്തിക്കായി വിഷ്ണുക്ഷേത്രത്തിൽ പാൽപ്പായസം, അർച്ചന, തുളസിമാല ഗണപതിഹോമം ഇവ നടത്തുകയും ചെയ്യുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 26/145cm, Pooyam, Papa jathakam, Fair, BA, LLB (Integrated), Advocate, Pref:Graduation/ Professionals, Govt/PSU/HighCourt/ Co:Govt/Teacher/Lecturer,B.Tech/ Doctors,Mob:9497740651


Email:nandini.b.95@gmail.com
Date of Birth:27-07-1995(10.45am)
Sishta Dasa:Sani:16-3-3




Contact Address:
MR.RADHAKRISHNAN P. A
THEKKEMANAYATH
KALAVAMKODAM P O
CHERTHALA
ALAPPUZHA - 688524

Nair Girl, 27/165cm, Aswathi ,Fair, B.Tech,MBA(PGDM),Project Manager,Pref: PG in Engineering/ Management and well employed transferable to Bangalore,Ph:0471-2935345, Mob:9446849189, 9447155345


Email:
Date of Birth:30-7-1994(4.28pm)
Sishta Dasa:Ketu:0-5-4




Contact Address:
MR.C.E.AJITHKUMAR
MADHAV
TC 17/1704
POOJAPPURA
TRIVANDRUM - 695012

Nair Girl,25/168cm,Thiruvathira, Fair,Chartered Accountant,Working in BIG 4, Pref: Chartered Accountant/ Doctor/Highly professionals , having Chowva Dosham,Mob: 8129776958, 00968-99317500(Muscat)


Email:babumnn@gmail.com
Date of Birth:27-03-1996(6.35pm)
Sishta Dasa:




Contact Address:
MR.BABU MENON
THEKKEDATH HOUSE
CHERANALLOORE P. O
COCHIN - 682034

Nair Girl,23/162cm,Chothi,Masters in Engineering (MEng) Computer Science, Software Engineer,MNC,UK, Pref:Well educated, tall,handsome,god-fearing, good job with decent salary, preferably from an aristocratic nair family, Mob: +971559213791


Email:vivimenonsasi@gmail.com
Date of Birth:28-8-1998(8.58am)
Sishta Dasa:Rahu:2-8-10




Contact Address:
MR.SASIKANT NAIR
BUSINESS BAY
DUBAI
UAE

Nair Girl,25/155cm, Vishakam,Fair, Pharm D,Jr. Associate Scientific Writer (Bangalore),Pref: PG/Equivalent, Mob:9746733311


Email:paskumar12@gmail.com
Date of Birth:05-01-1997(5.48am)
Sishta Dasa:guru:9-6-30




Contact Address:
MR.SURESH KUMAR P.A
PUTHENPURA HOUSE
ELEMPAKAPILLY P O
KOOVAPPADY
PERUMBAVOOR
ERNAKULAM - 683544

Nair Girl, 27/170cm, Bharani, Wheatish, M.Sc, Pref: Graduation/ BTech, Govt Employee/Private job, Mob:7034699216

Email:harshaharikuttan3@gmail.com
Date of Birth:24-9-1994(12.55am)
Sishta Dasa:Sukra:8-8-15




Contact Address:
MR.HARIKUTTAN G
JANAKI MANDIRAM
AROOKUTTY P O
CHERTHALA
ALAPPUZHA - 688535

# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl,25/168cm,Chithira, B.Com, MBA, ICICI Bank,Pref: Graduation, Govt Job/Private, Mob:9946055301

Email:sivakalaca@gmail.com
Date of Birth:25-6-1996(7.20pm)
Sishta Dasa:

| | | | |
|---|---|---|---|
| മ ശി | | കു ബു ശു | ര |
| | ഗ്രഹനില & അംശകം | | |
| | | | |
| ല മാ ഗു | | | ച സ |

Contact Address:
MR DAS
KUTTANKANDAZATH
KADAVANTHRA
COCHIN - 682020

*(പേജ് 60 തുടർച്ച)*

വൻവൃക്ഷങ്ങളാൽ നിബിഡമാണീസ്ഥലം ഈ രാജ്യത്തെ ജനങ്ങൾ അങ്ങേയറ്റം വൃക്ഷസ്നേഹികളാണ്. അനാവശ്യമായി ഒരു മരത്തെ പോലും ഉപേക്ഷിക്കപ്പെടുന്നില്ല. പ്രായമായവയെ, അവരുടെ വളർച്ചയും, സ്ഥിതിയും മനസ്സിലാക്കി ചികിത്സിയ്ക്കുവാൻ പ്രാപ്തരായ പ്രത്യേക വിദഗ്ധന്മാരുമുണ്ട്. അതിനാൽ മനപൂർവ്വം ഒരു വൃക്ഷനാശം സംഭവിയ്ക്കുവാൻ ആരും ഇടവരുത്തുകയില്ല.

നല്ല ഒരാൾക്കൂട്ടം പാർക്കിനകത്തുണ്ട്. കുട്ടികളും അവരുടെ രക്ഷിതാക്കളും നിശ്ശബ്ദത പാലിച്ചുകൊണ്ട് തന്നെ നടക്കുകയും പച്ചപ്പിന്റെ സൗന്ദര്യം ആസ്വദിയക്കുകയുമാണ്. ഒരിക്കലും ശബ്ദായാനമായ ഒരന്തരീക്ഷം മനുഷ്യരാൽ സംജാതമാകുന്നില്ല. പ്രകൃതി സൗന്ദര്യം മുഴുവൻ ഉൾക്കൊണ്ട്, ശിക്ഷണബോധത്തോടെയാണ് സന്ദർശകർ നടന്നു നീങ്ങുന്നത്. കാണേണ്ട ഒരു കാഴ്ച തന്നെയാണത്. കൃത്രിമമായി ഒരു കാടിന്റെ പ്രതീതി സൃഷ്ടിച്ചുകൊണ്ട് അന്തരീക്ഷത്തിനും പ്രകൃതിരമണീയതക്കും ഒട്ടും ഊനം തട്ടാതെ ഉത്ഭൂതമാകുന്ന നിമിഷങ്ങൾ സ്നേഹിതന്മാർ ഏറെ ആസ്വദിച്ചു.

ആളുകൾ കുറെശ്ശെ ഒഴിഞ്ഞുപോയതോടെ തിരികെ വീട്ടിലേക്കു പോകുവാൻ അവർ നിശ്ചയിച്ചു മഞ്ഞുവീഴ്ച കൂടിയതിനാൽ ഉള്ളിൽ ചൂടുണ്ടായിരുന്നെങ്കിലും ദേഹത്തിനു നല്ല തണുപ്പനുഭവപ്പെട്ടു. ഇട്ടിരുന്ന ജാക്കറ്റുകളിലെ മുകളിലത്തെ ബട്ടൺ കൂടി ചേർത്തിട്ട് മെല്ലെ നടന്ന് തോട്ടത്തിനു പുറത്തിറങ്ങി. അവിടെ നിന്ന് പൊതുവഴിയിലേക്ക് കടന്ന് അല്പദൂരം മുന്നോട്ടു പോയി, നിരത്ത് മുറിച്ച് അപ്പുറത്തെത്തി. സാവധാനം വിറയ്ക്കുന്ന കാൽവയ്പ്പോടെ കുന്നിൻ മുകളിലേയ്ക്ക് അണച്ചു കൊണ്ട് കയറി. ഇനി അങ്ങോട്ടുള്ള യാത്ര ദുഷ്കരമാണ് ധൃതികാട്ടാതെ, ഇരുവശത്തുമുള്ള കെട്ടിടങ്ങൾ പിന്നിട്ട് ഉയരത്തിലേയ്ക്ക് കിതപ്പോടെ അടികൾ വച്ചു. മേൽ തട്ടിലെ ഇടറോഡിലെത്തുന്നതിനിടെ സുഹൃത്തുക്കൾ രണ്ടു പ്രാവശ്യം വഴിയരികിലുള്ള ബഞ്ചിലിരുന്നു.

ഇനിയങ്ങോട്ടു നിരപ്പായ വീഥിയാണ്. നടക്കാൻ അത്രയ്ക്ക് ആയാസപ്പെടേണ്ട. വീടെത്തുവാൻ ഇനി കുറച്ചു ദൂരമെയുള്ളൂ. പള്ളിയും അതിനോട് ചേർന്നുള്ള ശ്മശാനവും കടന്നവർ ഗൃഹത്തിന്റെ മുൻപിലെത്തി. പ്രായമേറിയ ആൾ വാതിലിനടുത്തു വച്ചിട്ടുള്ള മണിയിൽ വിരലമർത്തി. കവാടം തുറന്ന് പുറത്തെത്തിയ മൂന്നുപേരക്കിടാങ്ങളും ഹർഷാരവത്തോടെ മുത്തച്ഛന്മാരെ സ്വീകരിച്ചു. വയസ്സന്മാരെ കെട്ടിപിടിച്ചുകൊണ്ടവർ ഉള്ളിലേക്ക് കടന്ന് വാതിലടച്ച് സ്വീകരണമുറിയിലേക്ക് ചെന്നു. അതിനിടെ ധരിച്ചിരുന്ന മേൽകോട്ടുകൾ അഴിച്ച് അതിടേണ്ട ഇടനാഴിയിലെ ചുവരിലെ കൊളുത്തിനുള്ളിൽ തൂക്കി. പാദരക്ഷകളും ഊരി, അതിനുള്ള പ്രത്യേക ഇടത്തിൽ വച്ചു.

കുട്ടികൾക്ക് അതിലൊരാൾ അച്ഛാച്ഛനും മറ്റേയാൾ അമ്മാച്ഛനുമാണ്. പേരക്കിടാങ്ങൾ, പോയി അവരുടെ അച്ഛനമ്മമാരെകൂട്ടി കൊണ്ടുവന്നു മുതിർന്ന പൗരന്മാർ അടുക്കളയിലായിരുന്ന അവരോട് കുശലം പറയുന്നതി


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 25/6ft, Ayilliam, White, MS(Engg), B.Tech (ECE), TD Bank, Canada Ontario, Pref: Software Professional/ Engineering, MSc Computer, D-Pharm etc, Mob:7012549672, +1(343)333-4524 (Canada)


Email:induk.shyam@gmail.com
Date of Birth:5-2-1996(8.20am)
Sishta Dasa:Budhan:4-1-1




Contact Address:
MR.V.S.SHYAM
AMRITHA KRIPA
KOTTUVALLY
KAITHARAM P. O
VIA N.PARAVOOR
ERNAKULAM 683519

Nair Boy, 31/166cm,Uthrittathi,Fair, MBBS,MS Orthopaedics Surgery,Junior Consultant,Medical Trust Hospital ,Kochi Pref: MBBS/PGdoing in Modern Medicine,Pref: 8078384629, 9744174629


Email: shyamramesh4@gmail.com
Date of Birth:23-4-1990(10.35am)
Sishta Dasa:Sani




Contact Address:
MR.RAMESH E A
SREEVALSAM HOUSE
S. VELLARAPPILLY P.O
SREEMOOLANAGARAM
ALUVA
ERNAKULAM - 683580

Nair Boy,28/ 177cm, Aayilyam,B.Tech-Electrical and Electronics Engineering ,Pvt Firm, Pref: Degree, TTC, B.Ed, Govt Job, Mob: 9446116759/ 8547916933


Email:vnnharikumar@gmail.com
Date of Birth:27-5-1993(12.27pm)
Sishta Dasa:Venus:8-5-27




Contact Address:
MR.HARIKUMAR
CHONATTU VETATHU
THEKKEKARA P O, PONNEZHA
MAVELIKARA - 7
ALAPPUZHA - 690107

Nair Boy, 35/155cm,Uthram, B.Com, Clerk,KPB Nidhi Ltd, Pref: Degree, Mob: 9746350688


Email:sreenathkochery011@gmail.com
Date of Birth:3-10-1986(11am)
Sishta Dasa:Ravi:0-6-7




Contact Address:
MR.M.K.SURENDRAN PILLAI
KOCHERYKIZHAKKEVEEDU
CHANDRASEKHARAPURAM ROAD
MUPPATHADOM P O
ERNAKULAM - 683110

Nair Boy, 26/165cm, Chithira 1/2 (Thulam), M.Tech in Health, Safety & Environmental Engineering (HSE), TATA Projects Ltd - Deputy Manager (HSE), Hyderabad,Mob:9446839396


Email:govindcsk7@gmail.com
Date of Birth:27-12-1994(12am)
Sishta Dasa:




Contact Address:
MR.GANESH P MENON
KURIKKINATTU HOUSE
JAWAHAR NAGAR ROAD
THIRUVANKULAM
ERNAKULAM - 682305

Nair Boy, 28/172cm,Uthradam, B.Sc, MSW, Operations Executive,Indigo Airlines, Pref: Degree,Ph:0484-2691020, Mob:9495420423

Email:arathykr2910@gmail.com
Date of Birth:22-10-1993(6.02am)
Sishta Dasa:Ravi:4-3-26




Contact Address:
MR.RAJAN K C
KAPPILLIL HOUSE
MANJAPRA P O
ANGAMALY (VIA)
ERNAKULAM - 683581

# MANGALYAM MATRIMONIAL
# വധുവിനെ ആവശ്യമുണ്ട്



Nair Boy, 28/164cm, Punartham, Fair,B.Tech, IT, Pref: B.Tech with IT preferable, non matching stars: Karthika, Bharani, Makaiyram, Uthradam, Avittom, Chathayam, Revathi,Ph:0484-2314111, Mob:7829514420

Email:npremalatha@gmail.com
Date of Birth:31-3-1993(4.58pm)
Sishta Dasa:Guru:15-0-24

| | | | |
|---|---|---|---|
| ര ശു | | ശി | മാ കു ച |
| മ ബു | ഗ്രഹനില & അംശകം | | |
| | | | ല |
| | സ | | ഗു |

Contact Address:
MR.J SUKUMARAN
2950/A, SRUTHI
NETHRAMANGALATH HOUSE
KADAVANTHRA
COCHIN - 682020

Nair/Kartha Boy, 28/175cm, Karthika 3/4 (Edavam), B.Tech in EC, PGDES, Senior Software Developer, Pref: Graduate /PG/ Professionals / IT/ Diploma etc, Mob:7012876964, 9388865945

Email:chandrahasan62@gmail.com
Date of Birth:7-9-1993(3.38pm)
Sishta Dasa:Ravi:4-5-15

| | | | | | |
|---|---|---|---|---|---|
| | | | ശി മാ | | |
| | | | ച ശി | | |
| ല | മ | ഗ്രഹനില & അംശകം | | ശു | കു ഗു |
| ച | ല | | | ര ബു | |
| ബു ശു | മാ | സ | | കു ഗു | |
| | | സ | രമ | | |

Contact Address:
MR.CHANDRAHASAN
SUDARSANAM
EDATHALA P.O
ALWAYE
ERNAKULAM - 683561

Nair Boy, 28/175cm, Anizham, Sudhajathakam, Fair, BBA, MBA-Finance & Marketing, Business Development Manager, Private firm, Pref: Degree, Mob:9400536915, 9497680003

Email:manoj.3ms@gmail.com
Date of Birth:13-3-1993(2.30pm)
Sishta Dasa:Sani:13-6-2

| | | | | | |
|---|---|---|---|---|---|
| | | ബു | | | |
| കു | ശു മാ | | ശി | കു | ര ഗു |
| ശു | ര ബു മ | ഗ്രഹനില & അംശകം | | ല | ല ശി |
| സ | | | | | |
| | | ച സ | | ഗു | ച |
| | | | മമാ | | |

Contact Address:
MR.MADHUSUDANAN G
SOUTH MARADY
MUVATTUPUZHA
ERNAKULAM - 686673

Nair Boy, 28/170cm, Thiruvathira, Wheatish,B.Tech,Software Engineer, Pref: Software Engineer or any IT field, working in /or Transferable to Bangalore,Mob: 9447947714

Email:nandan8557@yahoo.co.in
Date of Birth:15-8-1993(3.27am)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| ച | ല ര | ശു | ശി | ഗു | |
| കു | | | മാ ശി | ല ച ശു | |
| | മ | ഗ്രഹനില & അംശകം | | ര ബു | |
| മാ | | | | | |
| | | സ | | കു ഗു | |
| | | ബു സ മ | | | |

Contact Address:
MR.NANDAKUMAR N
SR91, NANDAVANAM
SOBHA ROAD
SAMSKARA JUNCTION
PALARIVATTOM
ERNAKULAM - 682025

*(പേജ് 64 തുടർച്ച)*

നിടയിൽ ഇനി അത്താഴം വൈകിക്കണ്ട എന്നു പറഞ്ഞു.

വൃദ്ധരിൽ മൂത്തയാൾ വിഭാര്യനായിരുന്നു. മറ്റേ ആളുടെ ഭാര്യ മകളോടൊപ്പം വന്ന് തീൻ മേശയ്ക്ക് മുകളിൽ പ്ലേറ്റുകൾ നിരത്തിവച്ചു. എല്ലാം തയ്യാറാക്കി വച്ചിട്ടുള്ള വലിയ മേശയ്ക്ക് ചുറ്റും ഏറെ സന്തോഷത്തോടെ കുട്ടികളും, വൃദ്ധരും, ആതിഥേയരായ മക്കളും ഇരിപ്പുറപ്പിച്ചു. ഓരോ ഭോജ്യങ്ങളുമെടുത്ത് കഴിക്കുവാൻ വിശന്നിരുന്ന എല്ലാവരും തിടുക്കം കാട്ടി. പ്രായത്തിൽ മുതിർന്നവരും ആഹാരം കഴിയ്ക്കുന്നതിൽ അങ്ങേയറ്റം നീതി പുലർത്തി.

ഭക്ഷണം കഴിഞ്ഞ്, കുട്ടികൾ പഠനമുറിയിലേയ്ക്കും, മകൾ അവളുടെ അമ്മയോടൊപ്പം കുശിനിയിലേയ്ക്കും മകൻ തന്റെ ജോലി തുടരുവാൻ മടിയിൽ വച്ച് പ്രവർത്തിപ്പിക്കുന്ന യന്ത്രവുമായി സ്വീകരണ മുറിയിലേയ്ക്കും യാത്രയായി. അതിഥികളായ വൃദ്ധരിൽ മുതിർന്നയാൾ മകന്റെ കിടപ്പുമുറിയിലേയ്ക്കും മറ്റേയാൾ പേരക്കിടാങ്ങളിൽ ഒരാൾ ഉപയോഗിക്കുന്ന കുടുസ്സുമുറിയിലേയ്ക്കും പ്രവേശിച്ചു. അവിടെയുള്ള കട്ടിലുകളിട്ടിരുന്ന കട്ടിയുള്ള പതുപതുത്ത കിടക്കകളിൽ അവർ കിടന്നു. ഉള്ളിൽ പഞ്ഞി നിറച്ച്, സാമാന്യം വലിപ്പമുള്ള തടിച്ച പുതപ്പെടുത്ത് തലവഴി മൂടി നിദ്രയിലേയ്ക്ക് നീങ്ങി.

***



## എറണാകുളം കരയോഗം 35-ാമത്

# ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

**2022 ഫെബ്രുവരി 20 ഞായറാഴ്ച മുതൽ 27 ഞായറാഴ്ച വരെ**



എറണാകുളം കരയോഗം 35-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 2022 ഫെബ്രുവരി 20 ഞായറാഴ്ച മുതൽ 27 ഞായറാഴ്ച വരെ ടി.ഡി. എം ഹാളിൽ നടത്തപ്പെടുന്നു. യജ്ഞാചാര്യൻ വേദവ്യാസ സംസ്കൃത അക്കാദമി കുലപതിയായ ശ്രീമൻ. മനോജ്ശാസ്ത്രി, കാഞ്ഞിരപ്പിള്ളി. കോട്ടയം - 686507. സഹ ആചാര്യന്മാർ-ദിലീപ് അമ്മാറത്ത്, ജിതേഷ് പാങ്കോട്.

*ഏവർക്കും സ്വാഗതം*

സർക്കാരിന്റെ നിയന്ത്രണങ്ങൾ അനുസരിച്ച് മാത്രമായിരിക്കും യജ്ഞം നടത്തുക.






Radheyam
Guest House

Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161, 9446365116

*Administrative Office:*
**ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com


**DATE OF PUBLICATION: 10-01-2022**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**
**M6-57945/2007**

**REGISTERED KL/EKM/514/2021-23**
**LICENSE NO. KL/CR/EKM/WPP-15/2021-23**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 14 | January 2022 | Issue No. 1

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി

**25.01.2022 ചൊവ്വാഴ്ച**
**ടി.ഡി.എം.ഹാൾ ഗംഗ, 6.30 p.m.**

**കഥ : അർജ്ജുന വിഷാദവൃത്തം**



**വേഷം**

| | | |
|---|---|---|
| ജയദ്രഥൻ | : | കലാ. കൃഷ്ണകുമാർ |
| ദുശ്ശള | : | കോട്ടയ്ക്കൽ രാജമോഹൻ |
| അർജ്ജുനൻ | : | കോട്ടയ്ക്കൽ ദേവദാസ് |
| ശ്രീകൃഷ്ണൻ | : | കോട്ടയ്ക്കൽ പ്രദീപ് |
| പാട്ട് | : | കോട്ടയ്ക്കൽ മധു<br>വേങ്ങേരി നാരായണൻ |
| ചെണ്ട | : | കോട്ടയ്ക്കൽ പ്രസാദ് |
| മദ്ദളം | : | കലാ. പ്രശാന്ത് |
| ചുട്ടി | : | കലാനിലയം വിഷ്ണു |
| അണിയറ | : | രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |

മഹാഭാരതത്തിലെ, യുദ്ധത്തിനു മുമ്പും പിമ്പുമുള്ള, ഭാവഗരിമയാർന്ന ചില നാടകീയ മുഹൂർത്തങ്ങൾ കോർത്തിണക്കി രചിച്ചിട്ടുള്ളതാണ് അർജ്ജുന വിഷാദ വൃത്തം . നൂറ്റവരുടെ ഏക സഹോദരിയായ ദുശ്ശളയാണ് കഥയിലെ കേന്ദ്രകഥാപാത്രം.

കാമ്യകവനത്തിൽ വച്ചു പാഞ്ചാലിയെ അപഹരിക്കുവാൻ ശ്രമിച്ച ജയദ്രഥൻ പാണ്ഡവരിൽ നിന്നേറ്റ പരാജയം നിമിത്തം ശിവനെ തപസ്സുചെയ്തു വരങ്ങൾ വാങ്ങി, ദുശ്ശളയുടെ സമീപത്തെത്തുന്നതോടെ കഥ ആരംഭിക്കുന്നു. ഭർത്താവിന്റെ ദുഷ്ചെയ്തികൾ കേട്ടറിഞ്ഞ ദുശ്ശള പരിഭവകലുഷയായിത്തീരുന്നു.

അടുത്ത രണ്ടു രംഗങ്ങൾ മഹാഭാരതയുദ്ധം പതിമൂന്നാം ദിവസം നടക്കുന്ന സംഭവങ്ങൾ ആണ്. അർജ്ജുനൻ സംശപ്തകരോടു യുദ്ധം ചെയ്യുവാൻ കുരുക്ഷേത്രത്തിന്റെ ദക്ഷിണഭാഗത്തേക്കു നീങ്ങിയ അവസരത്തിൽ, ദ്രോണാദികൾ പദ്മവ്യൂഹം ചമച്ചു.

ജയദ്രഥന്റെ മുഖ്യസഹായത്താൽ അഭിമന്യു ചതിച്ചു കൊല്ലപ്പെട്ട വാർത്ത അർജ്ജുനനെ തളർത്തുന്നു. ശ്രീകൃഷ്ണോപദേശത്താൽ മനോധൈര്യം വീണ്ടെടുത്ത അർജ്ജുനൻ അടുത്തദിവസം സൂര്യാസ്തമയത്തിനു മുമ്പു ജയദ്രഥനെ വധിക്കുമെന്നും അല്ലായ്കിൽ ആത്മാഹൂതി ചെയ്യുമെന്നും ശപഥം ചെയ്യുന്നു.

ശ്രീകൃഷ്ണൻ തന്റെ ചക്രായുധം കൊണ്ടു സൂര്യനെ മറയ്ക്കുന്നു. സൂര്യൻ അസ്തമിച്ചു എന്നു കരുതി വിജയോന്മാദം പൂണ്ടു വന്ന ജയദ്രഥനെ അർജ്ജുനൻ വധിക്കുന്നു. ശ്രീകൃഷ്ണനിർദ്ദേശപ്രകാരം ജയദ്രഥശിരസ്സ്, ജയദ്രഥപിതാവായ വൃദ്ധക്ഷത്രന്റെ കൈയ്യിൽ വീഴ്ത്തുന്നു. ജയദ്രഥന്റെ ജന്മസമയത്തു ഉണ്ടായ അശരീരി പോലെ, ജയദ്രഥപിതാവും ശിരസ്സു പൊട്ടിത്തെറിച്ചു മരിക്കുന്നു.

അടുത്ത രംഗം ഭാരത യുദ്ധാനാന്തരം നടക്കുന്ന സംഭവമാണ്. ബന്ധുക്കളെ വധിച്ചതോർത്തു ഖിന്നനായ യുധിഷ്ഠിരൻ പാപപരിഹാരാർത്ഥം വ്യാസനിർദ്ദേശമനുസരിച്ച് അശ്വമേധയാഗം നടത്തുന്നു. അശ്വരക്ഷക്കു അർജ്ജുനനാണ് നിയോഗിക്കപ്പെടുന്നത്. യാഗാശ്വം ദുശ്ശളയുടെ രാജ്യത്ത് എത്തുന്നു. രാജ്യം ഭരിച്ചിരുന്ന സുരഥൻ, തന്റെ അച്ഛനേയും നൂറ് അമ്മാവന്മാരേയും, വധിച്ച അർജ്ജുനൻ വരുന്നു എന്നു കേട്ടപാടെ വീണു മൃതിയടുന്നു.

സഹോദരിയോടു പലപാട് ക്ഷമയാചിച്ച്, സാന്ത്വനപ്പെടുത്തി. സുരഥപുത്രന്റെ രാജ്യാഭിഷേകം നടത്തി, ആ സഹോദരി സഹോദര ബന്ധം, ബാല്യകാലത്തേതെന്നപോലെ വീണ്ടും വിളക്കി ചേർക്കുന്നതോടെ 'അർജ്ജുനവിഷാദവൃത്ത'ത്തിനു ധനാശി ചൊല്ലുന്നു.

**എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം**

പുതുവർഷത്തിൽ പുതുമയോടുകൂടി

## സംഗീത വിരുന്ന്

2022 ജനുവരി 23 വൈകിട്ട് 5 മണിക്ക്

**ബീം ജനുവരി മാസ പരിപാടി**

## സോപാന സംഗീതം & മോഹിനിയാട്ടം

**അവതരണം**

**നീലംപേരൂർ സുരേഷ് കുമാർ & അനുപമാ മേനോൻ**

27-01-2022 വ്യാഴാഴ്ച് 6.15 pm
TDM ഹാൾ

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.